2020 മാർച്ച്
18
ബുധൻ
1195 മീനം 5

# മെട്രോ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ റായ്പുർ
www.metrovaartha.com
12 പേജ് ₹ 7.00
KOZHIKODE

**നമസ്തേ... കൈ പിടിക്കണ്ടാ..!** തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് എച്ച്എസ്എസിൽ കൊറോണയുടെ പശ്ചാത്തലത്തിൽ മാസ്ക് ധരിച്ച് പരീക്ഷയ്ക്കെത്തിയ വിദ്യാർഥിനികൾ പരസ്പരം സ്പർശിക്കാതെ അഭിവാദ്യം ചെയ്യുന്നു.
- കെ.ബി. ജയചന്ദ്രൻ

## കൊവിഡ്19: മുംബൈയിലും മരണം

- മരിച്ചത് ദുബായിൽ നിന്നെത്തിയ അറുപത്തിമൂന്നുകാരൻ
- രോഗബാധിതർ 137

ന്യൂഡൽഹി: രാജ്യത്ത് കൊവിഡ് 19 ബാധിതരുടെ എണ്ണം 137 ആയി ഉയർന്നതിനൊപ്പം മുംബൈയിൽ ചികിത്സയിലിരുന്ന അറുപത്തിമൂന്നുകാരൻ മരിച്ചു. ഇതോടെ, രാജ്യത്ത് കൊവിഡ് 19 മൂലം മരിച്ചവരുടെ എണ്ണം മൂന്നായി. കർണാടകയിലും ഡൽഹിയിലുമായാണ് മറ്റു രണ്ടു പേർ മരിച്ചത്.

അതിനിടെ, കേന്ദ്ര സർക്കാർ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ച യാത്രാവിലക്കിൽ മൂന്നു രാജ്യങ്ങളെക്കൂടി ഉൾപ്പെടുത്തി. അഫ്ഗാനിസ്ഥാൻ, ഫിലിപ്പീൻസ്, മലേഷ്യ എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള വിമാന സർവീസുകൾക്കാണ് 31 വരെ പുതുതായി വിലക്കേർപ്പെടുത്തിയത്. യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ, യുകെ, തുർക്കി എന്നിവിടങ്ങളിലേക്കുള്ള വിമാനങ്ങൾ കഴിഞ്ഞദിവസം നിർത്തിവച്ചിരുന്നു. താജ്മഹൽ ഉൾപ്പെടെ പുരാവസ്തു വകുപ്പിനു കീഴിലുള്ള മുഴുവൻ കേന്ദ്രങ്ങളിലും സന്ദർശക വിലക്ക് ഏർപ്പെടുത്തി. വരും ദിവസങ്ങളിൽ വീട്ടിലിരുന്നു ജോലി ചെയ്യാൻ തൊഴിലാളികളും ഓൺലൈനിൽ പരീക്ഷയെഴുതാൻ വിദ്യാർഥികളും സജ്ജരാകാൻ നിർദേശം.

ദുബായിൽ നിന്നെത്തി മുംബൈ കസ്തൂർബ ആശുപത്രിയിൽ ചികിത്സയിലായിരുന്ന രോഗിയാണ് ഇന്നലെ മരിച്ചത്. ഇദ്ദേഹത്തിന്റെ ഭാര്യയും ചികിത്സയിലാണ്. ഇദ്ദേഹത്തിനു മറ്റ് അസുഖങ്ങളുമുണ്ടായിരുന്നു. യാത്രാ വിവരങ്ങൾ ആശുപത്രി അധികൃതരെ തുടക്കത്തിൽ അറിയിച്ചിരുന്നില്ല.

ഇന്നലെ പുതുതായി 23 പേർക്കാണു രോഗം ബാധിച്ചത്. മഹാരാഷ്ട്രയിലാണ് ഏറ്റവും കൂടുതൽ കൊവിഡ് 19 ബാധിതർ- 39 പേർ. 15 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 137 പേർക്കാണു രോഗം ബാധിച്ചത്. എന്നാൽ, പാർലമെന്റിന്റെ ബജറ്റ് സമ്മേളനം വെട്ടിച്ചുരുക്കില്ലെന്നു പാർലമെന്ററികാര്യ മന്ത്രി പ്രഹ്ലാദ് ജോഷി പറഞ്ഞു. മുഴുവൻ ബിജെപി എംപിമാരും രോഗപ്രതിരോധ ബോധവത്കരണവുമായി മുന്നിട്ടിറങ്ങാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു.

*മുംബൈയിൽ വീട്ടിൽ നിരീക്ഷണത്തിലേക്ക് അയയ്ക്കുന്നവരുടെ കൈകളിൽ മായാത്ത മഷി കൊണ്ടുള്ള സ്റ്റാംപ് പതിപ്പിച്ചപ്പോൾ. നിരീക്ഷണം അവസാനിക്കുന്ന തീയതി അടക്കമാണ് മുദ്ര ചെയ്യുന്നത്.*

### ഫലം നെഗറ്റീവെങ്കിലും നിരീക്ഷണത്തിൽ തുടരും: വി. മുരളീധരൻ

തിരുവനന്തപുരം: ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസിലെ ഡോക്റ്റർക്ക് കൊവിഡ്19 വൈറസ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ശനിയാഴ്ച അവിടെ സന്ദർശനം നടത്തിയ താൻ സ്വയം നിരീക്ഷണത്തിലേക്കു പ്രവേശിക്കുകയായിരുന്നുവെന്ന് കേന്ദ്രമന്ത്രി വി. മുരളീധരൻ.

രോഗലക്ഷണങ്ങളില്ലായിരുന്നെങ്കിലും കൊവിഡ് 19 പരിശോധന നടത്തി. ലഭിച്ച ഫലം നെഗറ്റീവാണ്. ഔദ്യോഗിക പരിപാടികൾ തത്കാലം ഒഴിവാക്കി. ഡൽഹിയിലെ ഔദ്യോഗിക വസതിയിൽ നിരീക്ഷണത്തിൽ തുടരാനാണ് തീരുമാനം- അദ്ദേഹം പറഞ്ഞു.

ശനിയാഴ്ച താൻ സന്ദർശനം നടത്തിയതിനു തൊട്ടടുത്ത ദിവസമാണ് ശ്രീചിത്രയിലെ ഡോക്റ്റർക്ക് കൊവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചത്. ആശുപത്രി, ഗവേഷണ വിഭാഗങ്ങൾ തമ്മിൽ ബന്ധമില്ലെങ്കിലും അങ്ങേയറ്റം മുൻകരുതലും ജാഗ്രതയും അനിവാര്യമായതിനാൽ, ഡൽഹിയിൽ തിരിച്ചെത്തിയ ഉടൻ സ്വയം ക്വാറന്റൈനിൽ പ്രവേശിക്കാൻ തീരുമാനിക്കുകയായിരുന്നു- മുരളീധരൻ ചൂണ്ടിക്കാട്ടി.

സന്ദർശന സമയത്ത് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ബിജെപി തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് അഡ്വ. വി.വി. രാജേഷും വീട്ടിൽ നിരീക്ഷണത്തിലാണിപ്പോൾ.

### കേന്ദ്രമന്ത്രി സന്ദർശിച്ചത് അവധി ദിവസം

പേജ് 6,7

## മുന്നൂറോളം മലയാളികൾ ക്വലാലംപുരിൽ കുടുങ്ങി

ക്വലാലംപുർ: കൊറോണയുടെ പശ്ചാത്തലത്തിൽ മലേഷ്യയിൽ നിന്ന് കൊച്ചിയിലേക്കുള്ള വിമാനം റദ്ദാക്കിയതിനെത്തുടർന്ന് വിദ്യാർഥികളടക്കം മുന്നൂറോളം മലയാളികൾ ക്വലാലംപുർ വിമാനത്താവളത്തിൽ കുടുങ്ങി. ബോർഡിങ് പാസ് നൽകിയ ശേഷമാണു വിമാനം റദ്ദാക്കിയ വിവരം അറിയിച്ചതെന്നു യാത്രക്കാർ പരാതിപ്പെട്ടു. ഫിലിപ്പീൻസ്, കംബോഡിയ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നു നാട്ടിലേക്കു വരുന്നവരാണ് ഇവർ.

മലേഷ്യയടക്കം രാജ്യങ്ങളിൽ നിന്നുള്ള വിമാനങ്ങൾക്ക് ഇന്ത്യ വിലക്കേർപ്പെടുത്തുന്ന സാഹചര്യത്തിലാണ് മലയാളികൾ കൂട്ടത്തോടെ നാട്ടിലേക്കു മടങ്ങാനെത്തിയത്.

## ഉപതെരഞ്ഞെടുപ്പുകളും നീട്ടിയേക്കും

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കൊവിഡ് 19 വൈറസ് ബാധ പടരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ രണ്ടു നിയമസഭാ ഉപതെരഞ്ഞെടുപ്പുകൾ നീട്ടിയേക്കും. ഇക്കാര്യം സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത ശേഷം തീരുമാനിക്കുമെന്ന് ചീഫ് ഇലക്റ്ററൽ ഓഫീസർ ടിക്കാറാം മീണ മാധ്യമങ്ങളോട് പറഞ്ഞു.

കുട്ടനാട്ടിലും ചവറയിലുമാണ് ഉപതെരഞ്ഞെടുപ്പ് നടക്കേണ്ടത്. ആറുമാസത്തിനകം ഉപതെരഞ്ഞെടുപ്പ് നടക്കണമെന്നാണ് ചട്ടം. ജൂൺ 19നു മുമ്പ് കുട്ടനാട്ടിൽ ഉപതെരഞ്ഞെടുപ്പു നടന്നിരിക്കണം. ഏതു സമയത്തും വോട്ടെടുപ്പ് നടത്താൻ സജ്ജമാണെന്നു കേന്ദ്ര തെരഞ്ഞെടുപ്പു കമ്മിഷൻ അറിയിച്ചിരുന്നു. അതിനു പിന്നാലെയാണ് കൊവിഡ് പടർന്നുപിടിച്ചത്. ഈ സാഹചര്യത്തിൽ ഇലക്ഷൻ നടത്തണോ വേണ്ടയോ എന്ന കാര്യം തീരുമാനമെടുക്കേണ്ടത് കമ്മിഷനാണ്.

എന്നാൽ, സംസ്ഥാന സർക്കാരുകളുമായി ആലോചിച്ചുമാത്രമേ തീരുമാനമെടുക്കൂ. കൊറോണ പശ്ചാത്തലത്തിൽ വോട്ടെടുപ്പ് നടത്തുക പ്രായോഗികമല്ല. അസാധാരണ സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ഏപ്രിലിൽ ഉപതെരഞ്ഞെടുപ്പ് നടത്താമെന്നാണ് പ്രാഥമിക കണക്കുകൂട്ടലുണ്ടായിരുന്നത്. എന്നാൽ, ഇപ്പോഴത്തെ സാഹചര്യത്തിൽ അതു സാധ്യമല്ല. ഉപതെരഞ്ഞെടുപ്പ് നടത്തണമെങ്കിൽ നിയമസഭയ്ക്ക് ഒരു വർഷം കാലാവധി വേണമെന്നാണ് ചട്ടം. 2012 മെയ് വരെയാണ് സഭയുടെ കാലാവധി.

# സംസ്ഥാനത്ത് പുതിയ കേസുകളില്ല

## 18,011 പേർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: 152 ലോക രാജ്യങ്ങളിൽ കോവിഡ് 19 രോഗം പടർന്നുപിടിച്ച സാഹചര്യത്തിലും കേരളത്തിൽ 27 പേർക്കു രോഗം സ്ഥിരീകരിച്ച സാഹചര്യത്തിലും സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 18,011 പേർ നിരീക്ഷണത്തിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

ഇവരിൽ 17,743 പേർ വീടുകളിലും 268 പേർ ആശുപത്രികളിലും. ഇന്നലെ മാത്രം 65 പേരെ ആശുപത്രിയിലും 5,372 പേരെ വീടുകളിലും നിരീക്ഷണത്തിലാക്കി. 4,353 പേരെ നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കി.

രോഗലക്ഷണങ്ങൾ ഉള്ള 2,467 വ്യക്തികളുടെ സാംപിളുകൾ പരിശോധിച്ചതിൽ ലഭ്യമായ 1,807 പരിശോധനാ ഫലങ്ങൾ നെഗറ്റീവാണ്. ഇന്നലെ പുതിയ പോസിറ്റീവ് കേസൊന്നും സ്ഥിരീകരിച്ചിട്ടില്ല. കേരളത്തിൽ മൂന്നുപേർ ആദ്യഘട്ടത്തിൽ രോഗമുക്തി നേടിയിരുന്നു. നിലവിൽ 24 പേരാണ് വിവിധ ആശുപത്രികളിൽ ചികിത്സയിലുണ്ട്. എറണാകുളത്ത് ചികിത്സയിൽ കഴിയുന്ന മൂന്നുവയസുകാരന്റെ നില തൃപ്തികരമാണ്. ഒരു പരിശോധനാഫലം കൂടി വരുന്നതോടെ അന്തിമമായി സ്ഥിരീകരിക്കാനാകും- മുഖ്യമന്ത്രി അറിയിച്ചു.

ലോകത്ത് രോഗബാധ ഉദ്ദേശിക്കാത്ത തരത്തിൽ വ്യാപിക്കുന്നതിനാൽ എല്ലാവരും ജാഗ്രതയും വേണ്ട മുൻകരുതലുകളും സ്വീകരിക്കണം. പലയിടത്തും ജാഗ്രതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാവരും സർക്കാരിന്റെ പ്രതിരോധ നടപടികളുമായി സഹകരിക്കണം.

വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന സമയമാണ്. അക്കാര്യത്തിൽ നല്ല ജാഗ്രത പാലിക്കണം. പത്രം, പാൽ വിതരണക്കാർ പ്രോട്ടോക്കോൾ പാലിക്കണം. മാധ്യമപ്രവർത്തകരും സർക്കാരും സുരക്ഷാ കാര്യത്തിൽ ശ്രദ്ധിക്കണം. ഇവിടെ കഴിയുന്ന വിദേശികൾ രോഗമില്ലാത്തവരാണെങ്കിൽ തിരിച്ചുപോകാൻ മറ്റ് തടസങ്ങളുണ്ടാവില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.



### പ്രതിരോധ നടപടികൾ

- രോഗവ്യാപനം തടയാനും ഉപദേശങ്ങൾക്കുമായി ശാസ്ത്രജ്ഞരുടെയും ഡോക്റ്റർമാരുടെയും വിദഗ്ധ സമിതി രൂപീകരിക്കും
- ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും വിലയിരുത്താനും സെക്രട്ടറിതല സമിതി നിലവിൽ വന്നു
- വയോജനങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക് പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ സേവനം
- മെഡിക്കൽ വിദ്യാർഥികളുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കും
- പൊതുജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും വിവരങ്ങൾ കൈമാറാൻ ഇന്ററാക്റ്റീവ് വെബ് പോർട്ടൽ വരും
- ആവശ്യമെങ്കിൽ ആയുഷ് വകുപ്പിലെ ജീവനക്കാരുടെയും സ്വകാര്യ ആശുപത്രി ജീവനക്കാരുടെയും സേവനവും ലഭ്യമാക്കും
- സംസ്ഥാനത്ത് വൈറസ് ടെസ്റ്റിങ്ങിന് വ്യാപകമായ സംവിധാനം ഏർപ്പെടുത്തും
- വർക് ഫ്രം ഹോമിന് മുടക്കം വരാതിരിക്കാൻ പവർകട്ടും ലോഡ് ഷെഡ്ഡിങ്ങും ഉണ്ടാവില്ല

## മാഹിയിൽ ഒരു സ്ത്രീക്ക് കൊറോണ; റൂട്ട് മാപ്പ് തയാറാക്കുന്നു

എൻ. പ്രശാന്ത്

തലശേരി: കേന്ദ്രഭരണ പ്രദേശമായ മാഹിയിൽ 68 വയസുകാരിക്ക് കൊവിഡ്19 കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചു. കഴിഞ്ഞയാഴ്ച ഉംറ കഴിഞ്ഞ് സൗദിയിൽ നിന്നു കരിപ്പൂർ വിമാനത്താവളം വഴി മടങ്ങിയെത്തിയ ഇവർ രോഗബാധ സംശയിച്ച് ചികിത്സയിലായിരുന്നു. ചാലക്കര കുഞ്ഞിപ്പുര മുക്ക് സ്വദേശിയായ ഇവരുടെ ഇതുവരെയുള്ള റൂട്ട് മാപ്പ് തയാറാക്കി പ്രതിരോധ നടപടികൾ ആരംഭിച്ചതായി ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്റ്റർ ഡോ. എസ്. പ്രേംകുമാർ.

ഇവർ ഒട്ടേറെപ്പേരുമായി സമ്പർക്കത്തിലേർപ്പിട്ടുവെന്നാണു വിവരം. ഉംറയ്ക്ക് പോയി വന്ന ശേഷം ആദ്യം പരിശോധനക്കെത്തിയത് ചാലക്കര രാജീവ് ഗാന്ധി ആയുർവേദ മെഡിക്കൽ കോളെജിലായിരുന്നു. അവർ മാഹി ഗവ. ജനറൽ ആശുപതിയിലേക്ക് റഫർ ചെയ്തു. കൊറോണ ലക്ഷണങ്ങൾ കണ്ടതിനെത്തുടർന്ന് കോഴിക്കോട് ബീച്ച് ആശുപത്രിയിലേക്ക് റഫർ ചെയ്തെങ്കിലും ബന്ധുക്കളുടെ നിർബന്ധപ്രകാരം വീട്ടിലേക്കു മടങ്ങി. പിന്നീട് ഇവരെ മാഹി ആരോഗ്യ വകുപ്പ് അധികൃതർ രാത്രി പൊലീസ് സഹായത്തോടെ മാഹി ജനറൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡിലാക്കി. അതിനിടെയാണ് പോസിറ്റീവ് റിസൽറ്റ് വന്നത്.

ഇവർ അയൽപക്കത്തെ ചിലരോടും ചില ബന്ധുക്കളുമായും സമ്പർക്കം പുലർത്തിയിരുന്നു. ആയുർവേദ ആശുപത്രിയിൽ സദാ രോഗിയോടെന്ന പോലെയാണ് ഡോക്റ്ററും ജീവനക്കാരും പെരുമാറിയതെന്നും പറയുന്നു. പുതുച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ മാഹിയിൽ അറുപതോളം പേരാണ് നിരീക്ഷണത്തിലുള്ളത്.

മാഹി ജനറൽ ആശുപത്രിയിലെ ചില ജീവനക്കാരും നിരീക്ഷണത്തിലാണെന്നറിയുന്നു.

### സ്വർണം

| | |
|---|---|
| ഗ്രാം | - 3,700 |
| പവൻ | - 29,600 |

### മെട്രോ മാധ്യമം

മദ്യ വിൽപ്പന ശാലകളിലെ തിരക്കു കുറയ്ക്കാൻ പുതിയ സംവിധാനം കൊണ്ടുവരും: ടി.പി. രാമകൃഷ്ണൻ



വില കൂട്ടി നോക്കാം...!

www.facebook.com/metrovaarthaofficial

### ഗൊഗോയിയുടെ രാജ്യസഭാംഗത്വം

## തുറന്നെതിർത്ത് മദൻ ബി. ലോകുറും കുര്യൻ ജോസഫും

- ജുഡീഷ്യറിയുടെ വിശ്വാസ്യത തകർത്തെന്ന് പ്രതിപക്ഷം
- സത്യപ്രതിജ്ഞയ്ക്കു ശേഷം മറുപടിയെന്നു ഗൊഗോയ്

*രഞ്ജൻ ഗൊഗോയി*

ന്യൂഡൽഹി, ഗോഹട്ടി: മുൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയിയെ രാജ്യസഭയിലേക്കു നാമനിർദേശം ചെയ്തതിനെ ചൊല്ലി വിവാദം കൊഴുക്കുന്നു. കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരേ കോൺഗ്രസുൾപ്പെടെ പ്രതിപക്ഷത്തിനൊപ്പം സുപ്രീം കോടതി മുൻ ജഡ്ജിമാരായ മദൻ ബി. ലോകുറും കുര്യൻ ജോസഫും രംഗത്തെത്തി. ദീപക് മിശ്ര ചീഫ് ജസ്റ്റിസായിരിക്കെ അദ്ദേഹത്തിനെതിരേ പത്രസമ്മേളനം നടത്തിയ സംഘത്തിൽ ഗൊഗോയിക്ക് ഒപ്പമുണ്ടായിരുന്നവരാണ് ഇരുവരും. ജസ്റ്റിസ് ജെ. ചെലമേശ്വറായിരുന്നു നാലാമൻ. എന്നാൽ, ഇന്നു ഡൽഹിക്കു പോകുമെന്നും സത്യപ്രതിജ്ഞയ്ക്കു ശേഷം എല്ലാത്തിനും മറുപടി നൽകുമെന്നും ജസ്റ്റിസ് ഗൊഗോയ് ഗോഹട്ടിയിൽ മാധ്യമങ്ങളോടു പ്രതികരിച്ചു.

ജുഡീഷ്യറിയുടെ സ്വാതന്ത്ര്യവും വിശ്വാസ്യതയും ചോദ്യം ചെയ്യുന്നതാണു ഗൊഗോയിയുടെ സ്ഥാനലബ്ധിയെന്ന് ജസ്റ്റിസ് മദൻ ബി. ലോകുർ പറഞ്ഞു. അദ്ദേഹത്തിന് എന്തെങ്കിലും പദവി കിട്ടുമെന്ന് അഭ്യൂഹങ്ങളുണ്ടായിരുന്നു. ഇത്ര പെട്ടെന്ന് അതു സംഭവിക്കുമെന്നു കരുതിയില്ലെന്നും ലോകുർ. ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിൽ സാധാരണക്കാരനുള്ള വിശ്വാസം തകർക്കുന്നതാണ് നിയമനമെന്ന് ജസ്റ്റിസ് കുര്യൻ ജോസഫ് കുറ്റപ്പെടുത്തി.

രാഷ്ട്രനിർമാണത്തിന്റെ ചില ഘട്ടങ്ങളിൽ ജുഡീഷ്യറിയും പാർലമെന്റും കൈകോർത്തു പ്രവർത്തിക്കേണ്ടി വരുമെന്നു ഗൊഗോയ് പ്രതികരിച്ചു. പാർലമെന്റിൽ ജുഡീഷ്യറിയുടെ കാഴ്ചപ്പാടുകൾ അറിയിക്കാനുള്ള അവസരമായാണ് ഞാൻ രാജ്യസഭാംഗത്വത്തെ കാണുന്നത്. തിരിച്ച് പാർലമെന്റിന്റെ കാഴ്ചപ്പാടുകൾ ജുഡീഷ്യറി എങ്ങനെ കാണുന്നുവെന്നതും എന്നിലൂടെ സാധിക്കും. സത്യപ്രതിജ്ഞ ചെയ്തശേഷം എല്ലാം വിശദീകരിക്കാം- ഗൊഗോയ് പറഞ്ഞു.

ഭരണഘടനയുടെ അടിത്തറയ്ക്കു മേൽ ശക്തമായ പ്രഹരമാണ് കേന്ദ്രം നൽകിയതെന്നു കോൺഗ്രസ് ആരോപിച്ചു. ജഡ്ജിമാരെ സഭയിലേക്കു നാമനിർദേശം ചെയ്യുന്നതോടെ കോടതികളിൽ ജനങ്ങൾക്കുള്ള വിശ്വാസം തകരുമെന്ന് രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെഹ്‌ലോട്ട് പറഞ്ഞു. ഗൊഗോയ് പുറപ്പെടുവിച്ച വിധിന്യായങ്ങളുടെ നിഷ്പക്ഷതയിൽപ്പോലും സംശയമുണ്ടാകുമെന്നും അദ്ദേഹം. സർക്കാർ ഇത്തരം നടപടികൾക്കു തുനിയരുതായിരുന്നെന്ന് എൻസിപി വക്താവ് മഹേഷ് തപ്സെ. സിപിഎം, എഐഎംഐഎം തുടങ്ങിയ പാർട്ടികളും സർക്കാർ തീരുമാനത്തിനെതിരേ രംഗത്തെത്തി. ശബരിമല യുവതീ പ്രവേശനം, റഫാൽ വിമാന ഇടപാട് തുടങ്ങിയ കേസുകളിൽ വിധി പ്രഖ്യാപിച്ച സുപ്രീം കോടതി ബെഞ്ചുകളുടെ അധ്യക്ഷനായിരുന്നു ചീഫ് ജസ്റ്റിസ് ഗൊഗോയ്.

കഴിഞ്ഞദിവസമാണ് ഇദ്ദേഹത്തെ രാജ്യസഭയിലേക്കു രാഷ്ട്രപതി നാമനിർദേശം ചെയ്തത്. ചീഫ് ജസ്റ്റിസായിരിക്കെ ഗൊഗോയിക്കെതിരേ പീഡന ആരോപണവും ഉയർന്നിരുന്നു.

## മദ്യശാലകൾ അടയ്ക്കില്ല

തിരുവനന്തപുരം/കൊച്ചി: കൊവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മദ്യശാലകൾ അടയ്ക്കണമെന്ന് ആവശ്യം തള്ളി എക്സൈസ് മന്ത്രി ടി.പി. രാമകൃഷ്ണൻ. വൈറസിനെതിരേ ജാഗ്രത തുടരുമ്പോൾ തന്നെ കച്ചവട സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കണം എന്നാണ് സർക്കാരിന്റെ നിലപാടെന്നും ഒരു മദ്യശാലയും ഇതുവരെ അടച്ചിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

അതേസമയം മദ്യവിൽപനശാലകളിലെ തിരക്കു കുറയ്ക്കാൻ പുതിയ സംവിധാനം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ട്. വരി നിൽക്കുന്നത് ഒഴിവാക്കാൻ നൂറു ഷോപ്പുകളിൽ പുതിയ സംവിധാനം ഏർപ്പെടുത്തും. തിരക്കു കുറയ്ക്കാൻ കൂടുതൽ സെക്യൂരിറ്റി ജീവനക്കാരെ വിന്യസിക്കും- മന്ത്രി അറിയിച്ചു.

ഇതിനു പിന്നാലെ, മദ്യവിൽപ്പനശാലകളിലെ ജീവനക്കാർ ഉപഭോക്താക്കളെ മാസ്ക് ധരിക്കാനും ക്യൂവിൽ അകലം പാലിക്കാനും പ്രേരിപ്പിക്കണമെന്നു ബെവ്റിജസ് കോർപ്പറേഷൻ എംഡി ഡി. സ്പർജൻ കുമാർ സർക്കുലർ ഇറക്കി. ഒരു വിൽപ്പനശാലയിൽ ഒരു സമയം 25-30 ആളുകൾ കൂടുതൽ അനുവദിക്കരുത്, കഴിയാവുന്നത്ര കൗണ്ടറുകൾ തുറക്കണം. ജീവനക്കാർ മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കണം.

അതിനിടെ, സംസ്ഥാനത്തെ ബെവ്റിജസ് ഔട്ട്ലെറ്റുകൾ പൂട്ടണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ ലഹരി നിർമാർജന സമിതി എന്ന സംഘടന ഹർജി നൽകി. ഹർജി കോടതി ഇന്നു പരിഗണിക്കും.

## മധ്യപ്രദേശ്: ഇടപെട്ട് സുപ്രീം കോടതി

### ബിജെപിക്കു പിന്നാലെ കോൺഗ്രസും കോടതിയിൽ

ന്യൂഡൽഹി: മധ്യപ്രദേശ് നിയമസഭയിൽ ഉടൻ വിശ്വാസ വോട്ട് തേടണമെന്നാവശ്യപ്പെട്ട് ബിജെപി നേതാവ് ശിവരാജ് സിങ് ചൗഹാൻ നൽകിയ ഹർജിയിൽ ഇന്നു തന്നെ നിലപാടു വ്യക്തമാക്കാൻ കമൽ നാഥ് സർക്കാരിനോടു സുപ്രീം കോടതി. മുഖ്യമന്ത്രിക്കും സ്പീക്കർക്കും പ്രിൻസിപ്പൽ സെക്രട്ടറിക്കും കോടതി നോട്ടീസ് അയച്ചു. ജസ്റ്റിസുമാരായ ഡി.വൈ. ചന്ദ്രചൂഡ്, ഹേമന്ത് ഗുപ്ത എന്നിവരുടെ ബെഞ്ച് ഇന്നു രാവിലെ 10.30ന് ഹർജിയിൽ വാദം കേൾക്കും.

കൊറോണ ഭീതിയുടെ പശ്ചാത്തലത്തിൽ സ്പീക്കർ എൻ.പി. പ്രജാപതി സഭാസമ്മേളനം മാർച്ച് 26 വരെ മാറ്റിവച്ച സാഹചര്യത്തിലാണു മുൻ മുഖ്യമന്ത്രി കൂടിയായ ചൗഹാനും ഒമ്പത് ബിജെപി എംഎൽഎമാരും സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നത്. ഇന്നലെ വിശ്വാസ വോട്ട് തേടണമെന്ന ഗവർണറുടെ അന്ത്യശാസനം തള്ളിയ മുഖ്യമന്ത്രി വിശ്വാസ പ്രമേയത്തിന്റെ ആവശ്യമേയില്ലെന്ന നിലപാടിലാണ്. അതേസമയം, ഗവർണറുടെ നിർദേശം അടങ്ങിയ കത്ത് അദ്ദേഹം സ്പീക്കർക്കു കൈമാറിയിട്ടുമുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് കമൽ നാഥ് ഇന്നലെ ഗവർണർ ലാൽജി ടാൻഡനു മറ്റൊരു കത്തു നൽകി.

ഇതിനിടെ, ബംഗളൂരുവിൽ ബിജെപിയുടെ തടവിലിരിക്കുന്ന വിമത എംഎൽഎമാരെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് കോൺഗ്രസും സുപ്രീം കോടതിയിലെത്തിയിട്ടുണ്ട്. വിമത എംഎൽഎമാർ തടവിൽ കഴിയുമ്പോൾ വിശ്വാസ വോട്ടിനു പ്രസക്തിയില്ലെന്ന് അവർ ഹർജിയിൽ ബോധിപ്പിക്കുന്നു. വിമതരെ മോചിപ്പിക്കാൻ കേന്ദ്ര- കർണാടക സർക്കാരുകൾക്കു നിർദേശം നൽകണമെന്നാണ് ആവശ്യം.

## ബോധവത്കരണ വാഹന പ്രചരണം നടത്തി

തിരൂരങ്ങാടി:കൊറോണ വൈറസ് വ്യാപനത്തെ ചെറുക്കാൻ വേണ്ടുന്ന മുൻകരുതലുകളെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി തിരുരങ്ങാടി നഗരസഭയും തിരുരങ്ങാടി ലയൺസ് ക്ലബ്ബും സംയുക്തമായി കൊറോണ ബോധവൽക്കരണ വാഹന പ്രചരണം നടത്തി. ചെമ്മാട് ബസ് സ്റ്റാൻഡ് പരിസരത്ത് നടന്ന ചടങ്ങിൽ മുനിസിപ്പൽ ചെയർപേഴ്സൺ കെ.ടി റഹീദ, ലയൺസ് ക്ലബ് കോർഡിനേറ്റർ ജെയിംസ് വളപ്പില എന്നിവർ ചേർന്ന് പ്രചരണ വാഹനം ഫ്ളാഗ് ഓഫ് ചെയ്തു. തുമ്മുമ്പോൾ മുഖം അമർത്തിപ്പിടിക്കുന്നതിന് വേണ്ടി പൊതുജനങ്ങൾക്ക് തൂവാല വിതരണവും നടത്തി.

ചടങ്ങിൽ മുനിസിപ്പൽ വൈസ് ചെയർമാൻ അബ്ദുറഹിമാൻ കുട്ടി, ലയൺസ് ക്ലബ് ഭാരവാഹികളായ കെ.ടി ഷാജു, എ.കെ നിസാം, സിദ്ധീഖ് പനക്കൽ, അബ്ദുൽ അമർ, അബ്ദുറഹിമാൻ കുട്ടി എ, ആസിഫ് പത്തൂർ, ഡോ. സ്മിതാ അനി, ഖമറുന്നിസ എം, മുനിസിപ്പൽ സെക്രട്ടറി ഇ. നാസിം, മുനിസിപ്പൽ ഹെൽത്ത് ഇൻസ്പെക്ടർ ടി ചന്ദ്രൻ സംസാരിച്ചു.

കെഎസ്‌യു സംസ്ഥാന കമ്മിറ്റിയുടെ 'രക്തം നൽകാം ജീവന് കാവലാവാം ' ക്യാംപയിനിന്റെ ഭാഗമായി സംസ്ഥാന പ്രസിഡന്റ് കെ.എം അഭിജിത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് മെഡിക്കൽ കോളെജിൽ രക്തദാനം നടത്തുന്നു

## കെഎസ്‌യു പ്രവർത്തകർ രക്തദാനം നടത്തി

കോഴിക്കോട്: കോവിഡ് 19 പശ്ചാത്തലത്തിൽ ആശുപത്രികളിൽ രോഗികൾക്കാവിശ്യമായ രക്തം അപര്യാപ്തമായ സാഹചര്യത്തിൽ കെ.എസ്.യു സംസ്ഥാന കമ്മിറ്റി ആരംഭിച്ച 'രക്തം നൽകാം ജീവന് കാവലാവാം ' എന്ന ക്യാംപയിനിന്റെ ഭാഗമായി സംസ്ഥാന പ്രസിഡന്റ് കെ.എം അഭിജിത്തിന്റെ നേതൃത്വത്തിൽ കെ.എസ്.യു പ്രവർത്തകർ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ രക്തദാനം നടത്തി.കൊറോണ ഭീതി നിലനിൽക്കുന്നതിനാൽ പലരും ആശുപത്രികളിലെത്തി രക്തംദാനം ചെയ്യാൻ മടിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങൾക്കും, യുവജന സംഘടനാ പ്രവർത്തകർക്കുമൊപ്പം വിദ്യാർത്ഥികളെക്കൂടി പങ്കാളികളാക്കി വരും ദിവസങ്ങളിലും സംസ്ഥാനത്തുടനീളം രക്തദാനം നടത്തുകയാണ് ക്യാംപയിനിന്റെ ലക്ഷ്യമെന്ന് അഭിജിത്ത് പറഞ്ഞു. ജില്ലാ പ്രസിഡന്റ് വി.ടി നിഹാൽ, ഭാരവാഹികളായ വി.ടി സൂരജ്, പി.പി റമീസ്, ജിനീഷ്ലാൽ മുല്ലാശ്ശേരി, എം.പി രാഗിൻ, എ.കെ ജാനിബ് എന്നിവർ നേതൃത്വം നൽകി.

എസ്എഫ്ഐയുടെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ എല്ലാ സ്കൂളുകളിലും കോളെജുകളിലും ഹാൻഡ് വാഷ് വിതരണത്തിന്റെ ഭാഗമായി മാനാഞ്ചിറ മോഡൽ സ്കൂളിന് നൽകിയ ഹാൻഡ് വാഷ് ഉപയോഗിച്ച് കൈ കഴുകുന്ന വിദ്യാർഥികൾ

# കൊറോണ: മുൻകരുതലുകൾ ശക്തമാക്കി ജില്ലാഭരണകൂടം

കോഴിക്കോട്: കോഴിക്കോട് റെയിൽവേ സ്റ്റേഷൻ പ്രവേശന കവാടത്തിനരികിലെ നീണ്ട വരി കണ്ട് ടിക്കറ്റ് ബുക്കിങ് കൗണ്ടറാണെന്ന് തെറ്റിദ്ധരിക്കേണ്ട. കോവിഡ് ബാധ തടയുന്നതിന്റെ ഭാഗമായുള്ള ആരോഗ്യ പരിശോധനക്കുള്ളതാണ് വരി. ദൂരസ്ഥലങ്ങളിൽ നിന്ന് പൊതുഗതാഗത സംവിധാനം ഉപയോഗപ്പെടുത്തി ജില്ലയിലെത്തുന്നവരുടെ ആരോഗ്യ പരിശോധന റെയിൽവേ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി ടെർമിനൽ, മൊഫ്യൂസൽ ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ ഊർജിതമായിനടക്കുന്നുണ്ട്.

കൂടാതെ അഴിയൂർ, വടകര, താമരശേരി, രാമനാട്ടുകര ബോർഡർ, കൊയിലാണ്ടി, മുക്കം എന്നിവിടങ്ങളിലും ജില്ലയിൽ സമാന സേവനം ലഭ്യമാക്കിയിട്ടുണ്ട്. 13 അംഗങ്ങളുള്ള മൂന്ന് ടീമുകളാണ് റെയിൽവേ സ്റ്റേഷനിൽ പരിശോധന നടത്തുന്നത്. തെർമോ മീറ്റർ ഉപയോഗിച്ച് നടത്തുന്ന പരിശോധനയിൽ ശരീര താപനില 100 ഡിഗ്രിയിൽ കൂടുതലുള്ളവരെ ആരോഗ്യപ്രവർത്തകർ മുഖേന വിവിധ ആശുപത്രികളിലേക്ക് ചികിത്സക്കായി അയക്കും. ആയിരക്കണക്കിന് ആളുകളാണ് ജില്ലാഭരണകൂടവും ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നൽകുന്ന സേവനം ദിവസേന ഉപയോഗപ്പെടുത്തുന്നത്. വിദേശത്ത് നിന്ന് എത്തുന്നവരുടെ സഞ്ചാരപഥവും വിവരങ്ങളും ആരോഗ്യ പരിശോധനക്കൊപ്പം പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കിൽ ശേഖരിക്കും. മെഡിക്കൽ വിദ്യാർത്ഥികൾ, നഴ്സുമാർ, ആരോഗ്യപ്രവർത്തകർ, പൊലീസ്, വൊളന്റിയർമാർ എന്നിവരാണ് സേവന രംഗത്തുള്ളത്.

കൊറോണയുമായി ബന്ധപ്പെട്ട സംശയനിവാരണത്തിന് കലക്ട്രേറ്റ്, ജില്ലാ മെഡിക്കൽ ഓഫീസ് എന്നിവിടങ്ങളിൽ 24 മണിക്കൂർ ഹെൽപ് ലൈൻ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ആംബുലൻസ് സൗകര്യം ആവശ്യമാവുന്ന ഘട്ടങ്ങളിൽ അവ ലഭ്യമാക്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. വാർഡ്തല ജാഗ്രതാ കമ്മിറ്റി, പഞ്ചായത്ത് തല ജാഗ്രതാ കമ്മിറ്റി, ജില്ലാതല ജാഗ്രതാ കമ്മിറ്റി എന്നിവയുടെ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുകയാണ്. വാർഡ് അംഗം, ആരോഗ്യ, ആശ, കുടുംബശ്രീ, അങ്കണവാടി പ്രവർത്തകർ എന്നിവരടങ്ങുന്ന വാർഡ്തല കമ്മിറ്റി അതത് പ്രദേശങ്ങളിൽ ബോധവൽക്കരണവും മുൻകരുതൽ പ്രവർത്തനങ്ങളും നടത്തി വരുന്നു. ജില്ലയിലെ എല്ലാ ആശുപത്രികളിലും കോവിഡ്- 19 ഹെൽപ് ഡെസ്ക് ആരംഭിച്ചിട്ടുണ്ട്. വിദേശത്ത് നിന്നും തിരിച്ചെത്തിയവർക്കും ബന്ധുക്കൾക്കും നിരീക്ഷണത്തിൽ കഴിയുന്നവർക്കും പതിനഞ്ചോളം കൗൺസിലേഴ്സ് മുഖേന മാനസിക സമ്മർദ്ദം അനുഭവിക്കുന്നവർക്ക് കൗൺസിലിങ്ങും നൽകി വരുന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജയശ്രീ.വി അറിയിച്ചു.

## വിദേശത്തുനിന്നെത്തിയ ആൾക്കെതിരേ നടപടി

പേരാമ്പ്ര : വിദേശത്തു നിന്നെത്തി ആരോഗ്യ വകുപ്പിന്റെ ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാത്ത പേരാമ്പ്ര ചേനോളി സ്വദേശിക്ക് പൊലീസ് നോട്ടീസ് നൽകി. കഴിഞ്ഞ ദിവസം ഷാർജയിൽനിന്ന് നാട്ടിലെത്തിയ ഇയാൾ തൊഴിലുറപ്പ് പണി നടക്കുന്നിടത്തു പോവുകയും മറ്റ് ജനങ്ങളുമായും സമ്പർക്കം പുലർത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് നാട്ടുകാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗ്രാമ പഞ്ചായത്തംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ, പൊലീസ് എന്നിവരെ വിളിച്ച് പരാതി നൽകുകയായിരുന്നു.

പേരാമ്പ്ര പൊലീസ് ഇൻസ്പക്ടർ കെ.കെ. ബിജു, പേരാമ്പ്ര താലൂക്ക് ആശുപത്രി ഹെൽത്ത് ഇൻസ്പക്ടർ ഇ.എം. ശശീന്ദ്ര കുമാർ, പേരാമ്പ്ര ജനമൈത്രി പൊലീസ്, കൊറോണ പ്രതിരോധ പ്രവർത്തനത്തിനായ് രൂപീകരിച്ച പൊലീസ് സ്ക്വാഡ് അംഗങ്ങൾ എന്നിവർ ഇയാളുടെ വീടകളിലെത്തിയാണ് നടപടി സ്വീകരിച്ചത്. നിയമപ്രകാരമുള്ള മുൻ കരുതലുകൾ എടുക്കാത്തതിനും, ജനങ്ങളിൽ ഭീതി ഉണ്ടാക്കിയതിനും രോഗം ഉണ്ടെങ്കിൽ മറ്റുള്ളവരിലേക്ക് പകരാതിരിക്കാനുള്ള ആരോഗ്യ വകുപ്പ് നിർദേശങ്ങൾ പാലിക്കാത്തതിനുമാണ് നടപടി. ഐപിസി 269 പൊതുജനാരോഗ്യ സംരക്ഷണ നിയമപ്രകാരമാണ് കേസെടുത്തത്. അറസ്റ്റിന് തുല്യമായ നോട്ടീസ് നൽകുകയും 28 ദിവസം കർശന നിരീക്ഷണത്തിൽ കഴിയാൻ നിർദ്ദേശം നൽകുകയും ചെയ്തു.

കഴിഞ്ഞ ദിവസം പേരാമ്പ്രയിലും കൂത്താളിയിലും ജനങ്ങളുമായി സമ്പർക്കം പുലർത്തിയ നിരീക്ഷണത്തിലുള്ള ഓരോ പ്രവാസികൾക്ക് ഇത്തരത്തിൽ നോട്ടീസും ബോധവത്കരണവും നടത്തിയിരുന്നു.വിദേശങ്ങളിൽ നിന്ന് നാട്ടിലെത്തുന്നവർ ജാഗ്രത പാലിക്കണമെന്നും ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

### പ്രതിരോധ പ്രവർത്തനം ശക്തമാക്കി

കുറ്റ്യാടി: കാവിലുംപാറ പഞ്ചായത്തിൽ കോറോണ പ്രതിരോധ പ്രവർത്തനം ശക്തമാക്കി. ഇതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തും ആരോഗ്യ പ്രവർത്തകരും ആർ.ആർ.ടി ടീമിന്റെ നേതൃത്വത്തിൽ മൈക്ക് പ്രചരണം, ബോധവൽക്കരണ നോട്ടിസ് വിതരണവും നടത്തി.ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഹെൽത്ത് ഇൻസ്പെക്ടറുടെയും നേതൃത്വത്തിൽ കടകളിൽ നടന്ന പരിശോധനയിൽ ഭക്ഷ്യയോഗ്യമലാത്തവസ്തുക്കൾ പിടികൂടി പിഴ ചുമത്തി.

## മലപ്പുറത്തേ കോടതികളിലും കർശന നിയന്ത്രണം

മഞ്ചേരി : ജില്ലയിൽ കോവിഡ് 19 കൊറോണ സ്ഥിരീകരിച്ച സാഹചര്യത്തിൽ കോടതികളിലും കർശന നിയന്ത്രണങ്ങൾ പാലിക്കാൻ ഹൈക്കോടതി നിർദ്ദേശം നൽകി. ഇക്കഴിഞ്ഞ ദിവസം നടത്തിയ വീഡിയോ കോൺഫറൻസിംഗിലൂടെയാണ് കേരള ഹൈക്കോടതി കൊറോണ വ്യാപന നിയന്ത്രണത്തിനായി നിർദ്ദേശങ്ങൾ നൽകിയത്. കോടതികളിൽ ജനങ്ങൾ കൂടിനിൽക്കുന്നത് നിരോധിച്ചു. അത്യാവശ്യമുള്ള കേസുകൾ മാത്രം പരിഗണിച്ചാൽ മതിയെന്നാണ് ജുഡീഷ്യൽ ഓഫീസർമാർക്ക് ലഭിച്ച നിർദ്ദേശം. മാർച്ച് 31 വരെ എക്സ്പാർട്ടി വിധികൾ പാടില്ല. അത്യാവശ്യ ഘട്ടങ്ങളിൽ മതി സാക്ഷി വിസ്താരം. മീഡിയേഷനും അദാലത്തും പരമാവധി കുറക്കണം. മീഡിയേഷനും മറ്റുമായി വിദേശത്തു നിന്നെത്തുന്നവർ മതിയായ മെഡിക്കൽ രേഖകൾ ഹാജരാക്കണം. കേസ് മാറ്റിവെക്കുന്നതും മറ്റുമുള്ള വിവരങ്ങൾ ബാർ അസോസിയേഷൻ, ഗുമസ്തർ എന്നിവരെ അറിയിക്കുകയും തലേദിവസം മൂന്ന് മണിക്ക് മുമ്പായി ഇ കോർട്ട് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും വേണം. ക്രിമിനൽ കേസുകളിൽ സാക്ഷികൾക്ക് സമൻസ് നടത്തുന്നതും താൽക്കാലികമായി നിയന്ത്രണമേർത്തണം. കക്ഷികൾ ആവശ്യപ്പെടുന്ന പക്ഷം ലിസ്റ്റ് ചെയ്ത സിവിൽ കേസുകൾ മാറ്റിവെക്കാവുന്നതാണ്. എല്ലാവരും ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി മുഖാവരണം ധരിക്കണം. കൈ വൃത്തിയാക്കുന്നതിനുള്ള സാനിറ്റൈസർ വാങ്ങുകയും ഇത് സ്റ്റാഫ്, അഭിഭാഷകർ തുടങ്ങി പൊതുജനങ്ങൾക്ക് വരെ നൽകണം. ഇതിനായി ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയിൽ നിന്നോ ഓഫീസ് ചെലവുകൾ എന്ന നിലയിലോ ഫണ്ട് കണ്ടെത്താവുന്നതാണ്. റിമാന്റിൽ കഴിയുന്ന പ്രതികളെ ഓരോ സിറ്റിംഗിനും കോടതിയിൽ ഹാജരാക്കുന്ന പ്രവണത അവസാനിപ്പിച്ച് റിപ്പോർട്ട് മാത്രം ഹാജരാക്കിയാൽ മതിയെന്നും ഹൈക്കോടതി നിർദ്ദേശിച്ചു.

## കൊറോണ:നാദാപുരത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി

നാദാപുരം: ഗ്രാമപഞ്ചായത്ത് കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി. പഞ്ചായത്ത്തല റാപിഡ് റെസ്പോൺസിബിൾ ടീം രൂപീകരിക്കുകയും വാർഡ്തല ടീമുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു .കല്യാണം ,ഗൃഹപ്രവേശം എന്നിവ ഉള്ള വീടുകൾ സന്ദർശിച്ച് മാർഗനിർദ്ദേശങ്ങൾ നൽകുകയും ,ചടങ്ങ് മാത്രമായി നടത്താൻ നിർദ്ദേശം നൽകുകയും ചെയ്തു .ക്ഷേത്രോത്സവങ്ങൾ ഒഴിവാക്കാനും ,പള്ളികളിലെ പ്രാർത്ഥനകളിൽ ജനബാഹുല്യം ഒഴിവാക്കാനും നിർദ്ദേശം നൽകി .കൊറോണ ബാധിത പ്രദേശങ്ങളിൽ നിന്ന് വന്നവർ ഹോം ക്വാറന്റൈനിൽ തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .ഇത്തരം ആളുകളുമായി ബന്ധപ്പെടുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട് .പഞ്ചായത്തിൽ ഇത് വരെ 190 പേർ നിരീക്ഷണത്തിലുണ്ട് .വിദേശത്ത് നിന്ന് വന്നവർ ഒരു കാരണവശാലും ആശുപത്രിയിൽ റിപ്പോർട്ട് ചെയ്യാൻ നേരിട്ട് വരേണ്ടതില്ല .ഫോൺ മുഖേന അധികൃതരുമായി ബന്ധപ്പെടുകയും അവശ്യപ്പെട്ടാൽ മാത്രം നേരിട്ട് പോകുകയും ചെയ്താൽ മതി . ഹോം ക്വാറന്റൈനിൽ തുടരേണ്ടവർ പൊതു സ്ഥലങ്ങളിൽ ഇറങ്ങുന്നത് പ്രയാസം സൃഷ്ടിക്കുന്നുണ്ട് .ഇത്തരക്കാർക്കെതിരെ വരും ദിവസങ്ങളിൽ ദുരന്തനിവാരണ നിയമപ്രകാരം നടപടി സ്വീകരിക്കും .

സൂപ്പർ മാർക്കറ്റുകളിലെ ജനത്തിരക്ക് ഒഴിവാക്കാൻ ഓഫർ വിൽപ്പന നിരോധിച്ചിട്ടുണ്ട്.സൂപ്പർ മാർക്കറ്റുകൾ ,ബാങ്കുകൾ ,മറ്റ് വ്യാപാര സ്ഥാപനങ്ങൾ, ക്ലിനിക്കുകൾ ,ആശുപത്രികൾ ,പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്ക് കൈ കഴുകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി എടുത്തു . ആരോഗ്യജാഗ്രതയുടെ ഭാഗമായി ഇന്ന് പഞ്ചായത്തിലെ ഹോട്ടൽ ,കൂൾബാർ ,മൽസ്യ മാംസ വിൽപ്പന കേന്ദ്രങ്ങൾ മുതലായ സ്ഥാപനങ്ങളിൽ പരിശോധന നടത്തി .ഏകദേശം 30 ഓളം സ്ഥാപനങ്ങളിൽ പരിശോധന നടത്തി .കൊറോണ രോഗബാധയുടെ പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട ആരോഗ്യ ശുചിത്വ മാർഗനിർദ്ദേശങ്ങൾ നൽകി .ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിന് രണ്ട് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി .

പരിശോധനയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരായ കെ. സതീഷ് ബാബു, ടി.കെ. പ്രേമൻ ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ സി. പ്രസാദ് ,പി.കെ.പ്രീജിത്ത്, കെ.കെ. ,കുഞ്ഞുമുഹമ്മദ് ,ജപ എമിമ എന്നിവരും പങ്കെടുത്തു .വരും ദിവസങ്ങളിലും ആർ ആർ ടി പ്രവർത്തനവും പരിശോധനകളും ഊർജ്ജിതമായി തുടരുമെന്ന് സെക്രട്ടറി എൻ ശൈലേന്ദ്രൻ അറിയിച്ചു.

## മുതുകാട് വീട്ടിൽ നിന്നു മലമാനിറച്ചി പിടികൂടി

പേരാമ്പ്ര : പെരുവണ്ണാമൂഴി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിന് കീഴിലെ മുതുകാടിലെ വീട്ടിൽ നിന്നും വനംവകുപ്പ് അധികൃതർ മലമാനിറച്ചി പിടികൂടി. മുതുകാട് തയ്യിൽ ടി.ജി. ആൻഡ്രൂസിന്റെ വീട്ടിൽ നിന്നും പാകം ചെയ്തതും ഉണക്കി സൂക്ഷിച്ചതുമായ നിലയിലുള്ള മാനിറച്ചിയാണ് പിടികൂടിയത്. ഇയാളെ അറസ്റ്റ് ചെയ്തു. കേസിൽ കൂടുതൽ ആളുകളെ പിടികൂടാനുണ്ട്. ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ അഖിൽ നാരായണന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മാനിറച്ചി പിടികൂടിയത്. സംഘത്തിൽ പെരുവണ്ണാമൂഴി ഡെപ്യൂട്ടി റേയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ കെ. ഷാജീവ്, ഫോറസ്റ്റ് ഓഫീസർമാരായ എം.കെ. പത്മനാഭൻ, കെ.ടി. ലത്തീഫ്, ബീറ്റ് ഓഫീസർമാരായ റോയ് ജോൺസൺ, പി. ഷീന, ട്രൈബൽ വാച്ചർ പി. രവീന്ദ്രൻ എന്നിവരടങ്ങിയ സംഘമാണ് പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ ഈ മാസം 30 വരെ റിമാന്റ് ചെയ്തു. മൂന്ന് വർഷം മുതൽ 5 വർഷം വരെ തടവും 25,000 രൂപ പിഴയും ലഭിക്കാവുന്ന കുറ്റമാണ്.

## വീട്ടിൽ ചാരായ വാറ്റ്, പ്രതി ഓടി രക്ഷപ്പെട്ടു

നാദാപുരം: എക്സൈസ് സംഘം നടത്തിയ പരിശോധനയിൽ കാവിലുംപാറയിൽ വീട് കേന്ദ്രീകരിച്ച് നടത്തുകയായിരുന്ന ചാരായ വാറ്റ് പിടികൂടി പ്രതി ഓടി രക്ഷപ്പെട്ടു. കാവിലുംപാറ വില്ലേജിൽ മാഞ്ഞുകുന്നിൽ അധികാരത്തിൽ വീട്ടിൽ ജോൺസന്റെ വീട്ടിലാണ് വാറ്റി കൊണ്ടിരിക്കുന്ന നിലയിൽ ചാരായം പിടികൂടിയത്. 3.2 ലിറ്റർ ചാരായവും വാറ്റുപകരണങ്ങളും ഇവിടെ നിന്ന് കസ്റ്റഡിയിൽ എടുത്തു. എക്സൈസ് സംഘത്തെ കണ്ടതോടെ ജോൺസൺ ഓടി രക്ഷപ്പെട്ടതായും ഇയാൾക്ക് വേണ്ടി അന്വേഷണം ഊർജിതമാക്കിയതായി അധികൃതർ പറഞ്ഞു. പ്രിവന്റീവ് ഓഫിസർ സി.പി. ചന്ദ്രന്റെ നേതൃത്വത്തിൽ സിവിൽ എക്സൈസ് ഓഫീസർമാരായ പി.കെ. അനിരുദ്ധ് ,അനൂപ് മയങ്ങിയിൽ, എം. അരുൺ, വനിതാ സിവിൽ എക്സൈസ് ഓഫീസർ ബി. ബബിത എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

## കൊറോണ : ഡോക്റ്ററും ചികിത്സയും ആസ്റ്റർ @ ഹോമിലൂടെ വീട്ടിലേക്ക്

കോഴിക്കോട് : കൊറോണ ഭീതിമൂലം ആശുപത്രികൾ സന്ദർശിച്ച് ചികിത്സതേടാൻ മടിക്കുന്നവർക്ക് കോഴിക്കോട് ആസ്റ്റർ മിംസിന്റെ ആസ്റ്റർ @ ഹോം പദ്ധതി. ഐസിയു അടക്കം അനിവാര്യമായ ആശുപത്രി സൗകര്യങ്ങളുമായാണ് ആസ്റ്റർ @ഹോം പദ്ധതി സജ്ജീകരിച്ചിരിക്കുന്നത്. ആസ്റ്റർ മിംസ് ഹോസ്പിറ്റൽ ഹോൾ ടൈം ഡയറക്ടർ ഡോ. ഹംസ.പി.എം, പ്രമുഖ ന്യൂറോസർജൻ ഡോ. ജേക്കബ് ആലപ്പാട്ട് എന്നിവർ ചേർന്ന് പദ്ധതി ഉദ്ഘാടനം ചെയ്തു. വിദഗ്ദ്ധ ഡോക്ടർമാരും, നഴ്സുമാരും, പാരാമെഡിക്കൽ ജീവനക്കാരും ഉൾപ്പെടുന്ന സേവനത്തിന് പുറമേ ഫിസിയോ തെറാപ്പി സേവനങ്ങളും ഫിസിയാട്രിസ്റ്റിന്റെ സേവനങ്ങളും ലഭ്യമാണ്. രോഗപരിശോധനക്കാവശ്യമായ രക്ത സാമ്പിളുകൾ വീട്ടിലെത്തി ശേഖരിക്കാനും, ആവശ്യമായ മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുവാനും ആസ്റ്റർ@ ഹോം സേവനത്തിലൂടെ സാധിക്കുമെന്ന് ഡോ.ജേക്കബ് ആലപ്പാട്ട് പറഞ്ഞു. കൊറോണ ഉൾപ്പെടെയുള്ള പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്ന സമയങ്ങളിൽ, ഇത്തരം രോഗാവസ്ഥകൾ ഏറ്റവും ഗുരുതരമായി ബാധിക്കാനിടയുള്ള പ്രതിരോധ ശേഷി കുറഞ്ഞവർക്ക്ഏറ്റവും സുരക്ഷിതവും പ്രയോജനപ്രദവുമാണ് ആസ്റ്റർ @ ഹോം പദ്ധതി. കൂടുതൽ വിവരങ്ങൾക്ക് 8606234234.

കോഴിക്കോട് ആസ്റ്റർ മിംസിന്റെ ആസ്റ്റർ@ ഹോം പദ്ധതി ആസ്റ്റർ മിംസ് ഹോസ്പിറ്റൽ ഹോൾ ടൈം ഡയറക്ടർ ഡോ. ഹംസ.പി.എം ഡോ. ജേക്കബ് ആലപ്പാട്ട് ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.

### മാനഹാനി : അയൽവാസിക്ക് മുൻകൂർ ജാമ്യമില്ല

മഞ്ചേരി : മദ്രസ വിദ്യാർഥിനിക്ക് മാനഹാനി വരുത്തിയെന്ന കേസിൽ ഒളിവിൽ കഴിയുന്ന യുവാവിന്റെ മുൻകൂർ ജാമ്യാപേക്ഷ മഞ്ചേരി പോക്സോ സ്പെഷ്യൽ കോടതി തള്ളി. പോരൂർ പാലക്കോട് തൊണ്ടിയിൽ ബീരാൻകുട്ടി(46)യുടെ ജാമ്യാപേക്ഷയാണ് തള്ളിയത്. വണ്ടൂർ പൊലീസാണ് കേസന്വേഷിക്കുന്നത്.

### ബലാത്സംഗം ചെയ്ത യുവാവിന് ജാമ്യമില്ല

മഞ്ചേരി : പതിനാറുകാരിയെ തെങ്ങിൻ തോപ്പിൽവെച്ച് ബലാത്സംഗം ചെയ്തുവെന്ന കേസിൽ റിമാന്റിൽ കഴിയുന്ന യുവാവിന്റെ ജാമ്യാപേക്ഷ മഞ്ചേരി പോക്സോ സ്പെഷ്യൽ കോടതി തള്ളി. മണ്ണാർക്കാട് മണലടി പറമ്പിൽ പീടിക മുഹമ്മദ് റമീസ് (23)ന്റെ ജാമ്യാപേക്ഷയാണ് തള്ളിയത്. 2019 ജൂലൈയിലാണ് കേസിന്നാസ്പദമായ സംഭവം. 2020 ഫെബ്രുവരി 13നാണ് പ്രതി അറസ്റ്റിലായത്.

### നഷ്ടപ്പെട്ടു

എന്റെ പേരിലുള്ള KL 18 J 1563 നമ്പറിലുള്ള മാരുതി സുസൂക്കി സ്വിഫ്റ്റ് വിഡിഐ കാറിന്റെ ആർസി ബുക്ക് യാത്രാമദ്ധ്യേനഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിലോ അടുത്തുള്ള പോലീസ് സ്റ്റേഷനിലോ അറിയിക്കുക.
ബാബുരാജൻ
S/o രാമൻ
ഇടീക്കുന്നുമ്മൽ (ഹൗസ്)
വളയം (പിഒ)
PH-9744600089

### യാത്രാ - ചരക്ക് വണ്ടികളുടെ വേഗത വർധിപ്പിക്കാൻ മലബാറിലെ പഴഞ്ചൻ പാളങ്ങൾ മാറ്റിത്തുടങ്ങി

തലശേരി : തലശേരിക്കും കണ്ണൂരിനും ഇടയിൽ തലശേരി കൊടുവള്ളി ഭാഗത്താണിപ്പോൾ പാളം മാറ്റൽ പ്രവൃത്തി നടക്കുന്നത്. ഇതിനായി കുറച്ചു ദിവസം രാവിലെ മുതൽ വൈകിട്ട് വരെ കൊടുവള്ളി റെയിൽവെ ഗേറ്റ് ഭാഗികമായി അടച്ചിട്ടിരുന്നു. മണിക്കൂറിൽ നൂറോളം കിലോമീറ്റർ സ്പീഡിൽ മാത്രം വണ്ടികൾ ഓടിക്കാൻ കഴിയുന്ന സാധാരണ റെയിലുകളാണിപ്പോൾ ഈ ഭാഗത്തുള്ളത്.ഇത് പാടെ മാറ്റി മണിക്കൂറിൽ 135 കിലോമീറ്റർ വേഗത്തിൽ യാത്രാ - ചരക്ക് വണ്ടികൾ ഓടിക്കാൻ പര്യാപ്തമായ യു.ടി.എസ് റെയിലുകളാണ് സ്ഥാപിക്കുന്നത്. പഴയ പാളത്തിന് ഒരു മീറ്ററിന് 52 കിലോയാണ് ഭാരം. ഇപ്പോൾ സ്ഥാപിക്കുന്നതിന് ഒരു മീറ്ററിന് 60 കിലോ ഭാരമുണ്ട്. റെയിലിന്റെ ഭാരം കൂടുന്നതോടെ വണ്ടികളുടെ വേഗവും കൂട്ടാനാവുമെന്നാണ് എഞ്ചിനിയറിങ് വിഭാഗത്തിന്റെ കണ്ടെത്തൽ. ഇതിന് പുറമെ ഫ്ളാഷ് ബട്ട് വെൽഡിങ്ങും നടത്തുന്നുണ്ട്. ഇപ്പോൾ ഉപയോഗിച്ചു വരുന്ന ഒരു റെയിലിന്റെ നീളം 13 മീറ്ററാണ്. ഇത് കാരണം ഓരോ റെയിലിന്റെ ഇടയിലും വെൽഡ് ചെയ്യണം.എന്നാൽ ഫ്ളാഷ് ബട്ട് വെൽഡിംഗ് സിസ്റ്റത്തിൽ 130 മുതൽ 210 മീറ്റർ വരെയാണ് ഒരു റെയിലിന്റെ നീളം. മംഗളൂര് - ഷൊർണ്ണൂർ റെയിൽപാത ബി - റൂട്ടാക്കി മാറ്റാനുള്ള നടപടിയുടെ ഭാഗമായാണ് പുതിയ ഭാരമേറിയ പാളങ്ങളും വണ്ടികൾക്ക് വേഗവും കൂട്ടുന്നത്.നിലവിൽ ഡി-റൂട്ടാണിത്. പ്രവൃത്തി പൂർത്തികരിച്ച ട്രയൽ റൺ നടത്തി വിജയിച്ചാൽ ട്രേഡിഗ് സി- റൂട്ടായും പിന്നീട് ബി - റൂട്ടായും മാറും. ട്രാക്ക് നവീകരണത്തിന് 95 കോടി രൂപ ഇതിനകം റെയിൽവെ അനുവദിച്ചിട്ടുണ്ട്.

### വിദ്യാർഥിനിയെ ബലാത്സംഗം ചെയ്ത യുവാവിന് ജാമ്യമില്ല

മഞ്ചേരി : പതിമൂന്നുവയസ്സു പ്രായമുള്ള വിദ്യാർഥിനിയെ പലതവണ ബലാത്സംഗം ചെയ്തുവെന്ന കേസിൽ റിമാന്റിൽ കഴിയുന്ന പ്രതിയുടെ ജാമ്യാപേക്ഷ മഞ്ചേരി പോക്സോ സ്പെഷ്യൽ കോടതി തള്ളി. പൊന്നാനി പാലപ്പെട്ടി എഴയപറമ്പിൽ ഫൈസൽ (38)ന്റെ ജാമ്യാപേക്ഷയാണ് തള്ളിയത്. 2018 മുതൽ പ്രതിയുടെയും പിതാവിന്റെയും ഉടമസ്ഥതയിലുള്ള വീടുകളിൽ വെച്ച് പലതവണ പീഡനത്തിനിരയാക്കിയെന്നാണ് കേസ്.

KERALA BANK
## കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം
(ഒരു ഷെഡ്യൂൾഡ് ബാങ്ക്)
റിക്കവറി വിഭാഗം, പി.ബി.നമ്പർ 503, കല്ലായ് റോഡ്, പി.ഒ ചാലപ്പുറം, കോഴിക്കോട്, 673002.
ഫോൺ: 0495 2701521, 2705408, 2705437

(No.CB(5) 784/2019 of RCS dt.29.11.2019 പ്രകാരം KSCBയിൽ ലയിച്ച കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ വായ്പകളുമായി ബന്ധപ്പെട്ട നടപടികൾ)

### വസ്തു കൈവശപ്പെടുത്തൽ നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, (നമ്പർ 54/2002) പ്രകാരം വായ്പക്കാർക്ക്/ജാമ്യക്കാർക്ക് അവരുടെ വായ്പ നിഷ്ക്രിയ ആസ്തി ആയതിനെ തുടർന്ന് വായ്പാതുകയും പലിശയും മറ്റു ചെലവുകളും 60 ദിവസത്തിനകം അടവാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് അയച്ചിട്ടുള്ളതാകുന്നു. എന്നാൽ വായ്പക്കാർ/ജാമ്യക്കാർ പ്രസ്തുത സമയത്തിനകം തുക അടവാക്കുവാൻ വീഴ്ച്ച വരുത്തിയതിനെ തുടർന്ന് ടി ആക്ടിലെ സെക്ഷൻ 13 (4) റൂൾ 8 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് താഴെ പട്ടികയിൽ പറയുന്ന സ്ഥാവര ജംഗമ വസ്തുവഹകൾ ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായ ഞാൻ 12.03.2020 തിയ്യതിക്ക് കൈവശപ്പെടുത്തിയിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഈ വസ്തു വഹകളിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്നും, ഏതെങ്കിലും വിധത്തിലുള്ള ഇടപാടുകൾ നടത്തുന്നതായാൽ ആയത് ബാങ്കിന് ഈടാകുവാനുള്ള തുകക്കും പലിശക്കും മറ്റു ചെലവുകൾക്കും വിധേയമായിരിക്കുമെന്നുള്ള വിവരവും വായ്പക്കാരേയും/ജാമ്യക്കാരെയും പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ടി SARFAESI Act ന്റെ 13 (8) ാം വകുപ്പ് അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മുഴുവൻ ബാധ്യതയും തീർത്ത് പണയവസ്തു വായ്പക്കാർക്ക്/ജാമ്യക്കാർക്ക് വിടുതൽ ചെയ്ത് എടുക്കാവുന്നതാണ്.

| സർഫെസി നമ്പർ, വായ്പാ നമ്പർ, ശാഖ | ഡിമാന്റ് നോട്ടീസ് തീയ്യതി | വായ്പക്കാരുടെ പേരും മേൽവിലാസവും | സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ | നോട്ടീസ് പ്രകാരം തിരിച്ചടക്കേണ്ട തുക |
|---|---|---|---|---|
| SARFAESI 9420 CLD 20584 കൊയിലാണ്ടി | 25.09.2019 | ശ്രീ.സിറാജ്, S/o. കോയക്കുട്ടി, മേക്കൂരിക്കൽ വീട്, നടേരി പി.ഒ., കോഴിക്കോട് ജില്ല 673620 | [illegible] | 3,75,239/-രൂപ (29.02.2020 വരെ) |
| SARFAESI 9418 HLD 20110 കൊയിലാണ്ടി | 25.09.2019 | ശ്രീ.മധു, S/o. രാഘവൻ, കിഴക്കേ പാച്ചാലിൽ മീത്തൽ വീട്, നടേരി പി.ഒ., കോഴിക്കോട് ജില്ല 673620 | [illegible] | 3,71,313/-രൂപ (29.02.2020 വരെ) |
| SARFAESI 8285 CLD 20582 കൊയിലാണ്ടി | 16.07.2018 | 1) ശ്രീ.ദാമോദര മാരാർ, S/o. മാധവ മാരാർ 2) ശ്രീ.ധനേഷ്, S/o. ദാമോദര മാരാർ, കാന്തോളി ഹൗസ്, ചേലേമ്പി പി.ഒ., കൊയിലാണ്ടി, കോഴിക്കോട് ജില്ല - 673304 | [illegible] | 1,78,303/-രൂപ (29.02.2020 വരെ) |

കോഴിക്കോട്
18.03.2020

(ഒപ്) ഓതറൈസ്ഡ് ഓഫീസർ
കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 77 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

രോഗലക്ഷണം ഉള്ളവരെയും രോഗ ബാധിത മേഖലകളിൽ നിന്ന് എത്തുന്നവരെയും ഐസൊലേഷൻ വാർഡുകളിലേക്കും ഹോം ഐസൊലേഷനിലേക്കും മാറ്റുന്നതിനാണ് വിവിധ ജില്ലകളിൽ 108 ആംബുലൻസുകൾ വിന്യസിച്ചിരിക്കുന്നത്.

## നഞ്ചമ്മയുടെ പാട്ട്

പൃഥിരാജും ബിജുമേനോനും മുഖ്യ വേഷത്തിൽ എത്തിയ അയ്യപ്പനും കോശിയിലെ കലക്കാത്ത എന്ന ഗാനം ഏറ്റു പാടാത്തവർ കേരളക്കരയിൽ കുറവായിരിക്കും. ഇപ്പോഴിത ഒരു കോടിയിലധികം കാഴ്ചക്കാരെ സ്വന്തമാക്കി യൂട്യൂബിൽ ഗാനം സൂപ്പർ ഹിറ്റായിരിക്കുകയാണ്. ഫെബ്രുവരി ആദ്യവാരമായിരുന്നു പാട്ട് റിലീസ് ചെയ്തത്. ജേക്സ് ബിജോയ് സംഗീതം നിർവഹിച്ച ഗാനം ആലപിച്ചത് അട്ടപ്പാടി സ്വദേശി നഞ്ചമ്മയാണ്.വരികളെഴുതിയതും നഞ്ചമ്മ തന്നെയാണ്. ഗാനം റിലീസ് ചെയ്ത് മണിക്കൂറുകൾക്കകം തന്നെ സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. ഈ ഗാനത്തിലൂടെ നഞ്ചമ്മയേയും പ്രേക്ഷകർ ഇരുകൈയും നീട്ടി സ്വീകരിച്ചു. സച്ചി തിരക്കഥയെഴുതി സംവിധാനം നിർവഹിച്ച ചിത്രം ഗോൾഡ് കോയിൻ മോഷൻ പിക്ചേഴ്സ് ആണ് നിർമിച്ചത്.

## നിമിഷയുടെ ലുക്ക് മാറുന്നു

ടേക്ക് ഓഫിന് ശേഷം മഹേഷ് നാരായണന്റെ സംവിധാനത്തിൽ പുറത്തിറങ്ങാനായൊരുങ്ങുന്ന 'മാലിക്' എന്ന സിനിമയിലെ ഫഹദ് ഫാസിൽ അവതരിപ്പിക്കുന്ന അറുപതുകാരന്റെ ലുക്ക് പുറത്തുവന്നിരുന്നു. ഇപ്പോഴിതാ നിമിഷ സജയന്റെയും പ്രായമേറിയ ലുക്കാണ് അണിയറപ്രവർത്തകർ പുറത്ത് വിട്ടിരിക്കുന്നത്.മുടിയൊക്കെ നരച്ച് വട്ട കണ്ണട വെച്ച് ഒറ്റനോട്ടത്തിൽ നിമിഷയാണെന്ന് തിരിച്ചറിയാനാകാത്ത മേക്ക് ഓവറാണ് താരത്തിന്. തൊണ്ടിമുതലും ദൃക്സാക്ഷിയും എന്ന സിനിമയ്ക്ക് ശേഷം ഫഹദും നിമിഷയും ഒരുമിക്കുന്ന സിനിമയാണിത്.സുലൈമാൻ മാലിക് എന്ന കഥാപാത്രമായി ഫഹദ് എത്തുന്ന ചിത്രത്തിൽ റോസ്‌ലിൻ എന്ന കഥാപാത്രമായാണ് നിമിഷ എത്തുന്നത്. മമ്മൂട്ടിയും മോഹൻലാലും ചേർന്നായിരുന്നു മാലിക് സിനിമയുടെ ഫസ്റ്റ് ലുക്ക് മുൻപ് പുറത്തിറക്കിയിരുന്നത്. മാലികിനായി ഫഹദ് 20 കിലോ കുറച്ചത് മുൻപ് വാർത്തയായിരുന്നു. ആന്റോജോസഫ് നിർമിക്കുന്ന ചിത്രത്തിൽ കാർണിവൽ മൂവി നെറ്റ്‌വർക്കും പങ്കാളികളാണ്

## കരീനയെയാണ് ഇഷ്ടം

കരിഷ്മ കപൂറിന്റെ മക്കൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട നടി സഹോദരി കരീന കപൂർ ആണെന്ന് താരം. മകൾ സമൈറയും മകൻ കിയാനും കൂടുതലും കാണുന്നത് കരീനയുടെ സിനിമകളാണെന്നും കരിഷ്മ ഒരു അഭിമുഖത്തിനിടെ പറഞ്ഞിരുന്നു . മക്കളുടെ പ്രിയ നടി കരിഷ്മ തന്നെയാണോ എന്ന ചോദ്യത്തിനാണ് താരം മറുപടി നൽകിയത്.അങ്ങനെ തോന്നുന്നില്ല, കരീനയെയാണ് അവർക്കിഷ്ടം. അവളുടെ സിനിമകളാണ് കൂടുതൽ കാണാറുള്ളത്. എന്റെ സിനിമകൾ അധികം കാണാറില്ല. ഞാൻ അതിന് നിർബന്ധിക്കാറുമില്ല. എന്റെ കുറച്ച് സിനിമകൾ മാത്രമേ അവർ കണ്ടിട്ടുള്ളൂ എന്നാണ് കരിഷ്മ പറഞ്ഞത് .1991ൽ പുറത്തെത്തിയ പ്രേം കയ്ദി എന്ന ചിത്രത്തിലൂടെയാണ് കരിഷ്മ ബോളിവുഡിലേക്ക് എത്തുന്നത്. മെന്റൽഹുഡ് എന്ന വെബ് സീരിസിലൂടെ ഡിജിറ്റൽ രംഗത്തേക്കും ഇപ്പോൾ കരിഷ്മ അരങ്ങേറ്റം കുറിച്ചു

## നിർമ്മാതാവാണ് താരം

മലയാള സിനിമക്ക് വിജയ ഫോർമുല എന്നൊരു ആശയം അവതരിപ്പിച്ചത് ടി.ഇ.വാസുദേവൻ എന്ന നിർമ്മാതാവായിരുന്നു.1951-ലെ 'അമ്മ' എന്ന ചിത്രമായിരുന്നു ടി.ഇ. നിർമിച്ച ആദ്യചിത്രം. വിനോദചിത്രങ്ങൾക്ക് പ്രാമുഖ്യം നല്കിക്കൊണ്ട് മാത്രമേ മുന്നോട്ടു പോകാൻ കഴിയൂ എന്ന് ബോധ്യം വന്നപ്പോൾ, വി. ദേവൻ എന്ന പേരിൽ സ്വന്തമായി കഥകൾ ഉണ്ടാക്കി എന്ന് പറയുന്നതാവും ശരി. അടൂർ ഭാസിയെ അഭിനയിപ്പിക്കുക മാത്രമല്ല പാട്ടു പാടിക്കുകയും ചെയ്താണ് ടി.ഇ.പരീക്ഷണങ്ങൾ തുടങ്ങിയത്.സ്ഥാനാർഥി സാറാമ്മ എന്ന സിനിമയായിരുന്നു അത്. നസീർ ഭാസി കോമ്പിനേഷൻ ആരംഭിക്കുന്നത് ഈ ചിത്രം മുതലാണ്. നിർമ്മാതാവാണ് താരം എന്ന് തെളിയിച്ചയാളാണ് ടി.ഇ .വാസുദേവൻ

കോവിഡ് 19 വൈറസ് ബാധ പടരുന്നത് നിയന്ത്രിക്കാൻ കേരള ഗവൺമെന്റ് എടുത്ത മുൻകരുതലുകൾ രാജ്യത്താകെ മാതൃകയാകുകയാണെന്നു സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് .അശാസ്ത്രീയവുമായ രോഗപ്രതിരോധ മാർഗ്ഗങ്ങൾക്ക് പിന്നാലെ പോകാതെ, അന്ധവിശ്വാസങ്ങളും, കപട പ്രചരണങ്ങളും നടത്തുന്നവരെ ഒറ്റപ്പെടുത്താനും കഴിയണം. സോഷ്യൽ മീഡിയ ഉപയോഗിച്ചും അല്ലാതേയും ശരിയായ ബോധവത്ക്കരണം നടത്തുവാനും, ശാസ്ത്രീയമായ അവബോധമുണ്ടാക്കാനും മുൻകൈയെടുക്കണമെന്നും സംസ്ഥാന സെക്രട്ടറിയേറ്റ് അഭ്യർത്ഥിച്ചു..

- യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ മന്ത്രി ഇ.പി. ജയരാജൻ വിദ്യാർത്ഥിനികൾക്ക് സാനിറ്റൈസർ നൽകി.

# പരീക്ഷയ്ക്ക് മുമ്പ് കൈ കഴുകാം

തിരുവനന്തപുരം: കേരളത്തിൽ കൊറോണ വ്യാപനം (ബ്രേക്ക് ദി ചെയിൻ) തടയുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെയും നഗരസഭ ആരോഗ്യകാര്യ സമിതിയുടെയും നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇന്നലെ കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ പരീക്ഷ എഴുതാനെത്തിയ വിദ്യാർത്ഥിനികൾക്ക് സാനിറ്റൈസർ നൽകുകയും പരീക്ഷാ ഹാളുകൾ അണുവിമുക്തമാക്കുകയും ചെയ്തു. യുവജനക്ഷേമ ബോർഡിന്റെ യൂത്ത് ഫോഴ്സ് വിഭാഗം പരീക്ഷ നടക്കുന്ന ക്ലാസ് റൂമുകളിലെ ബെഞ്ചും, ഡെസ്കും ഫിനോയിൽ ഉപയോഗിച്ച് കഴുകി വൃത്തിയാക്കുകയും ചെയ്തു.

സ്കൂളിലെത്തിയ മന്ത്രി ഇ.പി. ജയരാജൻ വിദ്യാർത്ഥിനികൾക്ക് സാനിറ്റൈസർ നൽകി. യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി. ബിജു, നഗരസഭാ ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ബിനു ഐ.പി എന്നിവരുടെ നേതൃത്വത്തിൽ ബോർഡ് അംഗങ്ങളായ സുന്ദർ, അൻസാരി എന്നിവരും, ഉദ്യോഗസ്ഥരും സ്കൂൾ പി.ടി.എ ഭാരവാഹികൾ, പ്രിൻസിപ്പാൾ, അധ്യാപകർ, നഗരസഭ ഹെൽത്ത് വിഭാഗം ജഗതി സർക്കിളിലെ ജീവനക്കാർ, എച്ച്.ഐ. ജെ.എച്ച്.ഐമാർ എന്നിവരും പങ്കാളിയായി. കഴിഞ്ഞ ദിവസങ്ങളിൽ തിരുവനന്തപുരം മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ ശുചീകരണപ്രവർത്തനം നടന്നു.

തുടർന്നുള്ള ദിവസങ്ങളിൽ പരീക്ഷ നടക്കുന്ന തിരുവനന്തപുരം എസ്.എം.വി സ്കൂൾ, പട്ടം ഗവണ്മെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, നെടുമങ്ങാട്, നെയ്യാറ്റിൻകര ബസ്സ്റ്റാന്റുകൾ കേന്ദ്രീകരിച്ച് ശുചീകരണപ്രവർത്തനങ്ങൾ നടക്കും.

കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ബസ് സ്റ്റാന്റുകളും സ്കൂളുകളും, ഐസുലേറ്റ് ചെയ്ത വ്യക്തികൾക്കു വേണ്ടി അവശ്യഘട്ടത്തിൽ നൽകേണ്ട സഹായങ്ങൾ, രക്തദാനം തുടങ്ങിയവ ചെയ്യാൻ യുവജനക്ഷേമ ബോർഡിനു കീഴിലുള്ള കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളേയും യൂത്ത് കോഓർഡിനേറ്റർമാരേയും വരും ദിവസങ്ങളിൽ പങ്കാളികളാക്കും എന്ന് ബോർഡ് വൈസ് ചെയർമാൻ പി. ബിജു പറഞ്ഞു.

പുതുഅനുഭവം.....സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുന്നു-കെ.ബി.ജയചന്ദ്രൻ

പൊലീസിന്റെ ആവശ്യത്തിനായി സാനിറ്റൈസർ നിർമ്മിക്കാൻ ആംഡ് പോലീസ് ബറ്റാലിയന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശം നൽകി.

വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ വകുപ്പിൽ തന്നെ നിർമ്മിച്ച സാനിറ്റൈസർ പോലീസ് ആസ്ഥാനത്തും വിവിധ പോലീസ് ഓഫീസുകളിലും വിതരണം ചെയ്തു.

താമസസൗകര്യം ലഭിക്കാതെ വലയുന്ന വിദേശവിനോദ സഞ്ചാരികളുടെ സഹായത്തിനായി പോലീസ് മുന്നിട്ടിറങ്ങും. ഇങ്ങനെ ബുദ്ധിമുട്ടുന്നവരെ കണ്ടെത്തിയാലുടൻ വിനോദസഞ്ചാര വകുപ്പിനെ അറിയിക്കാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി. ഇങ്ങനെ കണ്ടെത്തുന്ന വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ലഭിച്ചെന്ന് ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.വിദേശവിനോദ സഞ്ചാരികൾക്ക് കഴിഞ്ഞ ദിവസം സംസ്ഥാനത്തിന്റെ പല ഭാഗത്തും താമസസൗകര്യം കിട്ടാതെ അലയേണ്ടിവന്നുവെന്ന് മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് നിർദ്ദേശം.

സംസ്ഥാനത്ത് കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സർക്കാർ അതിഥി മന്ദിരങ്ങളിലെ താമസസൗകര്യം ഗവർണർ, മന്ത്രിമാർ, എം.എൽ.എമാർ, എം.പി.മാർ, സംസ്ഥാന സർക്കാരിന്റെ അതിഥികൾ, ഔദ്യോഗികാവശ്യത്തിന് വരുന്ന സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്കു മാത്രമായി പരിമിതപ്പെടുത്തി. കേരള ഹൗസ് കന്യാകുമാരി, മുംബൈ കേരള ഹൗസ് ഉൾപ്പെടെയുള്ള സർക്കാർ അതിഥി മന്ദിരങ്ങളിൽ പൊതുജനങ്ങൾക്കുള്ള റൂം റിസർവേഷനിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.

## വിദേശികളോടുള്ള പെരുമാറ്റം നാടിന്റെ വില കളയുന്നത്: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് വിദേശ ടൂറിസ്റ്റുകളോടുള്ള പെരുമാറ്റം ആശാസ്യമല്ലാതാകുന്നുണ്ടെന്നും അവരോടുള്ള ക്രൂരമായ പെരുമാറ്റം നാടിന്റെ വില കളയുന്നതാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

കൊവിഡ് രോഗം ബാധിച്ചത് അവരുടെയാരുടെയും കുറ്റം കൊണ്ടല്ല. നമ്മൾ ഏറ്റവും നല്ല പ്രതിരോധ സംവിധാനമാണ് ഒരുക്കുന്നത്. രോഗപ്രതിരോധത്തിനായി ആരും നിയമം കൈയിലെടുക്കരുത്. വടക്കൻ കേരളത്തിൽ രണ്ടു വിദേശ വിനോദ സഞ്ചാരികൾക്ക് താമസവും ഭക്ഷണവും ലഭിച്ചില്ല. ഫ്രഞ്ച് പൗരനെ കൊവിഡ് സംശയിച്ച് ബസിൽ നിന്ന് ബലമായി ഇറക്കിവിട്ടു. ഒരു ഫ്രഞ്ച് യുവതിക്കും മൂന്ന് വയസുള്ള കുട്ടിക്കും ഭക്ഷണവും താമസവും കിട്ടാതെ പ്രയാസപ്പെട്ടു. ഇത് മധ്യകേരളത്തിലുണ്ടായതാണ്. ചെയ്യുന്നവർ ഇതൊരു നാണം കെട്ട പണിയാണെന്ന് ഓർക്കണം. റഷ്യയിൽ നിന്നുള്ള മൂന്നംഗ കുടുംബത്തിന് റെയിൽവെ സ്റ്റേഷനിൽ ടാക്സിയും മുറിയും ലഭിക്കുന്നില്ല. ഇവിടങ്ങളിലെല്ലാം പൊലീസ് ഇടപെട്ടാണ് ടൂറിസ്റ്റുകൾക്ക് സൗകര്യം കൊടുക്കുന്നത്.

കൊവിഡ് രോഗത്തോടു കൂടി ലോകം അവസാനിക്കില്ല. ഏറ്റവും ശക്തിപ്പെടുത്തേണ്ടത് ടൂറിസം മേഖലയെയാണ്. നാടിനെക്കുറിച്ച് വലിയ മോശം അഭിപ്രായം ഉണ്ടാക്കരുത്. മനുഷ്യത്വം ഇല്ലാതാക്കപ്പെടുന്ന ഒരനുഭവവും അനുവദിക്കാൻ പറ്റില്ല. ഇത്തരം തെറ്റായ പ്രവർത്തികൾക്കെതിരെ കടുത്ത നടപടിയുണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ടൂറിസം മേഖലയാണ് ഇപ്പോൾ ഏറ്റവുമധികം ബുദ്ധിമുട്ടുന്നത്. ഒരുപാടുപേർക്ക് തൊഴിലെടുക്കാനാവുന്നില്ല. യാത്രാരംഗത്ത് വന്ന പ്രശ്നങ്ങൾ സാമ്പത്തിക മേഖലയെ ബാധിക്കുന്നു. രോഗത്തെ പ്രതിരോധിക്കാൻ ജാഗ്രത പാലിക്കണം. ഒപ്പം സാമൂഹിക ജീവിതവും മുന്നോട്ട് പോകണം- മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ, ആരോഗ്യമന്ത്രി കെ.കെ. ശൈലജ, ചീഫ് സെക്രട്ടറി ടോം ജോസ് എന്നിവരും പങ്കെടുത്തു.

## കോവിഡിന്റെ കണ്ണികൾ പൊട്ടിച്ച് മാധ്യമങ്ങളും സിനിമാ താരങ്ങളും

തിരുവനന്തപുരം: ലോക വ്യാപകമായി കോവിഡ് 19 പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് വൈറസ് വ്യാപനത്തിന്റെ സാധ്യതയും വേഗതയും ഗണ്യമായി കുറക്കുന്നതിനായി ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് സാമൂഹ്യ സുരക്ഷ മിഷന്റെ സഹകരണത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ ആവേശത്തോടെ ഏറ്റെടുത്ത് സിനിമാ താരങ്ങളും മാധ്യമങ്ങളും ഉൾപ്പെടെ വിവിധ മേഖലകളിലുള്ളവർ.

മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പ്രകാരം മന്ത്രിമാരും ജനപ്രതിനിധികളും വിവിധ മേഖലകളിലുള്ളവരും ക്യാമ്പയിൻ ഏറ്റെടുക്കുകയായിരുന്നു. സിനിമ താരങ്ങളായ മമ്മൂട്ടി, മഞ്ജു വാര്യർ, ടോവിനോ തോമസ്, ജയറാം, സുരാജ് വെഞ്ഞാറമൂട്, കുഞ്ചാക്കോ ബോബൻ, അനുശ്രീ, ഐശ്വര്യ ലക്ഷ്മി, രഞ്ജി പണിക്കർ, വിനീത് ശ്രീനിവാസൻ, സംവിധായകൻ ബി. ഉണ്ണികൃഷ്ണൻ, മജീഷ്യൻ ഗോപിനാഥ് മുതുകാട് തുടങ്ങിയ നീണ്ട നിരയാണ് ബ്രേക്ക് ദ ചെയിൻ ക്യാമ്പയിന്റെ ഭാഗമായയത്. എല്ലാ മാധ്യമങ്ങളും ബ്രേക്ക് ദ ക്യാമ്പയിന്റെ ഭാഗമായി പ്രത്യേക ബോധവത്ക്കരണം നടത്തി വരുന്നു.

മാധ്യമ പ്രവർത്തകർ, കുടുംബശ്രീ, വിദ്യാർത്ഥി-യുവജന സംഘടനകൾ, എൻ.എസ്.എസ്., സർവീസ് സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ തുടങ്ങിയവരെല്ലാം ബ്രേക്ക് ദ ചെയിൻ ഏറ്റെടുത്തിട്ടുണ്ട്. ബ്രേക്ക് ദ ചെയിനിന്റെ ഭാഗമായി എല്ലാ പ്രധാന ഓഫീസുകളുടേയും കവാടത്തോട് ചേർന്ന് കിയോസ്കുകൾ സ്ഥാപിച്ച് വരികയാണ്. സെക്രട്ടറിയേറ്റിലും ഇത്തരം കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ ഇടയിലും വലിയ സ്വീകാര്യതയാണ് ഈ കിയോസ്കുകൾക്ക് ലഭിക്കുന്നത്.

# കനിവ് 108 ആംബുലൻസുകൾ 50 എണ്ണം

## സന്നദ്ധരായി 200 ആംബുലൻസ് ജീവനക്കാർ

തിരുവനന്തപുരം: കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 9 ജില്ലകളിലായി 50 കനിവ് 108 ആംബുലൻസുകൾ വിന്യസിച്ചിട്ടുണ്ടെന്ന് മന്ത്രി കെ.കെ. ശൈലജ ടീച്ചർ അറിയിച്ചു. ആദ്യഘട്ടത്തിൽ 2 ആംബുലൻസുകളിൽ നിന്നാണ് രണ്ടാംഘട്ടത്തിൽ ആവശ്യകതയനുസരിച്ച് 50 എണ്ണമാക്കി ഉയർത്തിയത്. ഇതുകൂടാതെ സർക്കാർ ആംബുലൻസുകളും സേവനമനുഷ്ഠിക്കുന്നുണ്ട്. ഐ.എം.എ.യും സഹായിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ആവശ്യകതയനുസരിച്ച് കനിവ് 108 ആംബുലൻസുകളുടെ എണ്ണം കൂട്ടുമെന്നും മന്ത്രി വ്യക്തമാക്കി.

രോഗലക്ഷണം ഉള്ളവരെയും രോഗ ബാധിത മേഖലകളിൽ നിന്ന് എത്തുന്നവരെയും ഐസൊലേഷൻ വാർഡുകളിലേക്കും ഹോം ഐസൊലേഷനിലേക്കും മാറ്റുന്നതിനാണ് വിവിധ ജില്ലകളിൽ 108 ആംബുലൻസുകൾ വിന്യസിച്ചിരിക്കുന്നത്. തിരുവനന്തപുരം 2, കൊല്ലം 3, എറണാകുളം 26, തൃശൂർ 3, പാലക്കാട് 4, മലപ്പുറം 4, കോഴിക്കോട് 3, കണ്ണൂർ 3, കാസർഗോഡ് 2 എന്നിങ്ങനെയാണ് ആംബുലൻസുകൾ വിന്യസിച്ചിരിക്കുന്നത്. തിരുവനന്തപുരം, നെടുമ്പാശേരി, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങളിലും 108 ആംബുലൻസുകൾ വിന്യസിച്ചിട്ടുണ്ട്.

ജില്ലാ കൊറോണ മോണിറ്ററിങ് സെല്ലിന്റെ മേൽനോട്ടത്തിലാണ് ഓരോ ജില്ലകളിലും ആംബുലൻസുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചിരിക്കുന്നത്. ഓരോ ട്രിപ്പിന് ശേഷവും ആംബുലൻസുകൾ അണുവിമുതമാക്കിയ ശേഷമാണ് വീണ്ടും ഉപയോഗിക്കുന്നത്. പൈലറ്റും എമർജൻസി മെഡിക്കൽ ടെക്നീഷനും ഉൾപ്പെടെ 200ഓളം ജീവനക്കാരാണ് ഷിഫ്റ്റടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നത്.

എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാണ് ആംബുലൻസുകൾ പ്രവർത്തിക്കുന്നത്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ജീവനക്കാർക്ക് മതിയായ പരിശീലനം നൽകിയിട്ടുണ്ട്.

സുരക്ഷ മുൻകരുതലുകളുടെ ഭാഗമായി ജീവനകാർക്ക് ധരിക്കാനുള്ള സുരക്ഷാ മാസ്ക്, കണ്ണട, കൈയുറകൾ, പുറം വസ്ത്രം ഉൾപ്പെടുന്ന പി.പി.ഇ. കിറ്റുകൾ ജില്ലാ മെഡിക്കൽ ഓഫീസുകളുടെ നേതൃത്വത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

24 മണിക്കൂറും സേവനം ലഭ്യമാകുന്ന തരത്തിലാണ് 108 ആംബുലൻസുകൾ കൊറോണ പ്രവർത്തനങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്നത്. തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കനിവ് 108 ആംബുലൻസ് കൺട്രോൾ റൂമിലെ ജീവനക്കാരും 24 മണിക്കൂറും ജാഗരൂകരാണ്. കൺട്രോൾ റൂമിലേക്ക് എത്തുന്ന വിളികളിൽ, വിളിക്കുന്നയാൾ നൽകുന്ന വിവരങ്ങളിൽ കോവിഡ് 19 രോഗ ലക്ഷണങ്ങൾ ഉള്ളതായി തോന്നുകയാണെങ്കിൽ വിവരം അതാത് ജില്ലകളിലെ ബന്ധപ്പെട്ട കൊറോണ സെല്ലിനെ അറിയിക്കുന്നു. തുടർന്ന് ഈ വിവരം കോവിഡ് 19 പ്രവർത്തനങ്ങൾക്കായി മാറ്റിയിട്ടിരിക്കുന്ന 108 ആംബുലൻസുകൾക്ക് അയച്ചു നൽകുകയും ആവശ്യമായ മുന്നൊരുക്കത്തോടെ ആംബുലൻസുകൾ എത്തുകയും ചെയ്യുന്നു.

ഇതുവരെ 500 ഓളം പേരെയാണ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 108 ആംബുലൻസുകളുടെ സഹായത്തോടെ ഐസൊലേഷനിലേക്ക് മാറ്റിയിട്ടുള്ളത്.

കനിവ് 108 ആംബുലൻസുകൾ തയ്യാറായി നിൽക്കുന്നു

# മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മീനം 5 റജബ് 22

2020 മാർച്ച് 18 ബുധൻ


## മൊറൊട്ടോറിയത്തിലൊതുങ്ങരുത് ബാങ്ക് വായ്പകളുടെ ഇളവുകൾ

മനുഷ്യ ജീവനെന്ന പോലെ ഓരോ മനുഷ്യന്റെയും ജീവിതത്തിനും കടുത്ത വെല്ലുവിളിയാണു കൊറോണ വൈറസ് മുഖേന വന്നുപെട്ടിരിക്കുന്നത്. ബഹുജന സമ്പർക്കവും തൊഴിലിടങ്ങളിലെ സാന്നിധ്യവും നിയന്ത്രിക്കപ്പെട്ടതു വഴി ജീവസന്ധാരണത്തിനുള്ള മാർഗങ്ങൾ മിക്കതും അടഞ്ഞിരിക്കുന്നു. സർക്കാർ ജീവനക്കാരുടെ ശമ്പളമൊഴികെ മറ്റു വരുമാന മാർഗങ്ങൾ മിക്കതും തടസപ്പെടുന്നു എന്നതാണ് ഓരോ ദിവസവും പുറത്തുവരുന്ന റിപ്പോർട്ടുകൾ. സ്വയം തൊഴിൽ മേഖലയിൽ ഏറ്റവും കൂടുതൽ പേർ ജോലി ചെയ്യുന്ന വ്യാപാരി വ്യവസായി സമൂഹമാണ് ഈ പ്രതിസന്ധി വളരെക്കൂടുതൽ നേരിടുന്നത്. ഒപ്പം കൃഷിക്കാരും ചെറുകിട ഇടത്തരം സംരംഭകരും സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും മാത്രമല്ല, അവരുടെയൊക്കെ സ്ഥാപനങ്ങൾ പോലും കടുത്ത വെല്ലുവിളിയിലാണ്.

വലിയ തോതിൽ ബാങ്ക് വായ്പകൾ തരപ്പെടുത്തി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കും വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കുമൊക്കെ ഇടക്കാലത്തേക്ക് ചെറിയ ആശ്വാസം നൽകുന്ന തീരുമാനത്തിലേക്കാണ് സംസ്ഥാനതല ബാങ്കേഴ്സ് സമിതി- എസ്എൽബിസി- നീങ്ങുന്നതെന്നാണു സൂചന. ഇന്നു ചേരുന്ന ബാങ്കേഴ്സ് സമിതി, സംസ്ഥാനത്തെ മുഴുവൻ ബാങ്ക് വായ്പകൾക്കും ഒരു വർഷത്തെ മൊറൊട്ടോറിയം പ്രഖ്യാപിക്കണമെന്നു സംസ്ഥാന സർക്കാർ ആവശ്യപ്പെടും.

കഴിഞ്ഞ രണ്ടു വർഷമായി കേരളത്തിലെ ബാങ്ക് വായ്പകളുടെ തിരിച്ചടവിന്റെ താളം തെറ്റി. 2018ലും 19ലുമുണ്ടായ മഹാപ്രളയങ്ങൾ അതിനു കാരണമായി. പ്രളയക്കെടുതികളിൽപ്പെട്ട് കടക്കെണിയിലായ നിരവധി കർഷകർ ആത്മഹത്യ ചെയ്തപ്പോഴാണ് ഇതിനു മുൻപ് ബാങ്കുകൾ മൊറൊട്ടോറിയത്തിനു സമ്മതിച്ചത്. സംസ്ഥാന സർക്കാരിന്റെ കടുത്ത സമ്മർദത്തെത്തുടർന്ന് പല തവണ നീട്ടിവച്ച മൊറൊട്ടോറിയം കഴിഞ്ഞ ഡിസംബർ 31നാണ് പിൻവലിച്ചത്. തുടർന്നുള്ള തിരിച്ചടവ് തുടങ്ങി കഷ്ടിച്ച് ഒരു മാസത്തിനിടയിൽ കൊറോണ വൈറസുകളെത്തി വീണ്ടും ജനജീവിതം ദുസ്സഹമാക്കി. ഈ സാഹചര്യത്തിലാണ് രണ്ടര മാസത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും സംസ്ഥാനത്തെ ബാങ്കുകൾക്കു മേൽ മൊറൊട്ടോറിയത്തിന്റെ സമ്മർദം.

മൊറൊട്ടോറിയം എന്നാൽ വായ്പ എഴുതിത്തള്ളുന്നതോ ഇളവ് അനുവദിക്കുന്നതോ അല്ല. തിരിച്ചടവിനു സാവകാശം അനുവദിക്കുക മാത്രമാണ്. മൊറൊട്ടോറിയം കാലത്തെ തിരിച്ചടവു മുതലും പലിശയും ചേർത്ത് സഞ്ചിത മൂലധനമായി കണക്കാക്കി, അതിനു പ്രതിമാസ അടവു തുക പുതുക്കി നിശ്ചയിക്കുന്ന സമ്പ്രദായമാണത്. ഇടക്കാലത്തേക്കു തിരിച്ചടവിൽ സാവകാശം കിട്ടുമെന്നല്ലാതെ, അതുണ്ടാക്കുന്ന കടബാധ്യതയുടെ ഭാരം ലഘൂകരിക്കുന്നില്ലെന്നു ചുരുക്കം.

അതുകൊണ്ടു തന്നെ മൊറൊട്ടോറിയമല്ല, വായ്പകൾ തിരിച്ചടയ്ക്കാനുള്ള സാമ്പത്തിക സാഹചര്യം സൃഷ്ടിക്കലാണു പ്രധാനം. കൊറോണ ഭീഷണി അനുദിനം പെരുകുന്ന സാഹചര്യത്തിൽ അതെങ്ങനെ എന്ന ചോദ്യം ബാക്കി. ദൈവത്തിന്റെ സ്വന്തം നാടിന്റെ റവന്യൂ വരുമാനത്തിന്റെ നല്ലൊരു പങ്ക് വരുന്നതു ടൂറിസം മേഖലയിൽ നിന്നാണ്. കൊറോണ ഭീഷണി ആദ്യം മുതൽ നേരിടുന്നതും ടൂറിസം മേഖലയിലാണ്. രണ്ടു മഹാപ്രളയത്തെത്തുടർന്ന് തകർന്നടിഞ്ഞുപോയ ടൂറിസം മേഖല ഇപ്പോഴാണ് തിരിച്ചുവരവിലേക്കു വന്നത്. കഴിഞ്ഞ പ്രളയത്തിനു ശേഷമുണ്ടായ വീണ്ടെടുക്കലിൽ മുൻവർഷത്തെക്കാൾ 24.14 ശതമാനം വളർച്ചയുണ്ടായി. കഴിഞ്ഞ സീസണിൽ 1.96 കോടി സഞ്ചാരികൾ കേരളത്തിലെത്തി. എറണാകുളം, തിരുവനന്തപുരം, തൃശൂർ, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളാണ് ഇതിൽ മുന്നിൽ. കഴിഞ്ഞ നവംബർ- ഡിസംബറിൽ തുടങ്ങിയ സീസൺ ഈ വർഷം ഏപ്രിൽ പകുതി വരെ നീളേണ്ടതായിരുന്നു. എന്നാൽ ഇന്ത്യയിലാദ്യമായി കേരളത്തിൽ കൊറോണ വൈറസിന്റെ സാന്നിധ്യം സ്ഥിരീകരിച്ച ജനുവരി മുപ്പതു മുതൽ ടൂറിസം മേഖലയിൽ വൻ ഇടിവാണു രേഖപ്പെടുത്തുന്നത്. എറണാകുളം ജില്ലയിൽ മാത്രം പ്രതിദിനം മൂന്നു കോടിയിൽപ്പരം രൂപയുടെ ഹോട്ടൽ ബുക്കിങ്ങുകൾ റദ്ദാക്കപ്പെടുന്നു. ബാങ്ക് വായ്പകളടക്കമുള്ള സാമ്പത്തിക ക്രമീകരണങ്ങൾ നടത്തിയ തങ്ങൾക്കു കോടിക്കണക്കിനു രൂപയുടെ നഷ്ടമാണു സംഭവിക്കുകയെന്നും അവർ ഭയക്കുന്നു. ഇപ്പോൾ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം തിരിച്ചുപിടിക്കാൻ കഴിയുന്നതല്ലെന്നാണ് ഇവരുടെ കണക്കുകൂട്ടൽ.

വിവാഹ സീസണാണിപ്പോൾ കേരളത്തിൽ. ഉത്സവാഘോഷങ്ങളുടെയും. വലിയ തോതിലുള്ള ആൾക്കൂട്ടങ്ങളെ ആകർഷിക്കുന്ന ഈ ആഘോഷങ്ങളെല്ലാം വലിയ മാർക്കറ്റിങ് സീസണായിരുന്നു. ഒരു വർഷത്തെ മാന്ദ്യം അതിജീവിക്കാനുള്ള സാധ്യതകളാണ് ഇവിടെ കിട്ടേണ്ടിയിരുന്നത്. ഇവയെ ചുറ്റിപ്പറ്റി ജീവിക്കുന്ന ലക്ഷക്കണക്കിന് ആളുകൾക്കു കൊറോണ ഭീഷണി വലിയ ദുരന്തമാണു വരുത്തിയത്. ഇവരിൽ മിക്കവരും വിവിധ ആവശ്യങ്ങൾക്കു ബാങ്ക് വായ്പ എടുത്തിട്ടുണ്ട്. അവർക്കും മൊറൊട്ടോറിയം താൽക്കാലികമായ ആശ്വാസം നൽകിയേക്കും. പക്ഷേ, ദീർഘിപ്പിക്കുന്ന വായ്പാ കാലാവധിയുടെ കൂട്ടുപലിശ ഉൾപ്പെടെ പിന്നീട് ഈടാക്കാനിറങ്ങുമ്പോഴുണ്ടാകുന്ന ദുരിതങ്ങളും ദുരന്തങ്ങളും പരിഗണിച്ച് പലിശ സബ്സിഡി അടക്കമുള്ള കൂടുതൽ ഇളവുകൾക്കു കൂടി ധനകാര്യ സ്ഥാപനങ്ങൾ തയാറാകണം. അതിനുകൂടി മുൻകൈ എടുക്കട്ടെ, സംസ്ഥാന സർക്കാർ.

## ഗുരുവരുൾ



### അറിയേണ്ട കാര്യങ്ങൾ

ഏറെക്കാലത്തെ യാത്രകൾക്കു ശേഷം ഗുരു ആശ്രമത്തിൽ തിരികെ എത്തിയതിന്റെ പിറ്റേന്നാണ് പ്രഭാഷണവും പ്രാർത്ഥനയും പുനരാരംഭിച്ചത്. അതുവരെ ശിഷ്യർ കണാതിരുന്ന തിരക്കാണ് അന്ന് പ്രാർത്ഥനയ്ക്ക് എത്തിയത്. അന്നുവരെ ഗുരു പറഞ്ഞത് അനുസരിച്ച് കാര്യങ്ങൾ ചെയ്തിരുന്ന ശിഷ്യന് വളരെ പ്രയാസമായി. ഗുരുവിനോട് അദേഹം തന്റെ സംശയം ചോദിച്ചു, ഞാൻ ചെയ്തതിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചതുകൊണ്ടായിരുന്നോ ആളുകൾ കുറഞ്ഞിരുന്നത്.

ഒരു ചിരിയോടെ ഗുരു മറുപടി നൽകി. അതാവില്ല, തെറ്റാണു ചെയ്തിരുന്നതെങ്കിൽ അവർ അതു വേഗം കണ്ടെത്തിയേനെ. ചെറിയ തെറ്റ് പ്രാർത്ഥനയ്ക്ക് എത്തുന്നവരുടെ മനസിലാണ്. അവർ പ്രാർത്ഥനയിൽ അല്ല ശ്രദ്ധിച്ചിരുന്നത്, അതു ചെയ്യുന്ന ആളിലാണ്. കൂടുതൽ മിടുക്കനായ പൂജാരി എത്തിയാൽ ദൈവത്തിനു കാര്യങ്ങൾ വേഗം മനസിലാവും എന്നാണ് അവരുടെ വിചാരം. അതുകൊണ്ട് അൽപ്പം പ്രായക്കൂടുതലുള്ള എന്നിലേക്ക് അവരുടെ വിശ്വാസം മാറി. അത്രതന്നെ, അതിനപ്പുറം ഒന്നുമില്ല.

ഇത് പ്രാർത്ഥനയ്ക്ക് എത്തുന്നവരോട് എത്രകാലം പറഞ്ഞാലും അവർ തിരിച്ചറിയില്ല, അതിനു ശ്രമിക്കാതെ എത്തുന്നയത്രയും ആളുകളെ നമ്മൾക്കു കഴിയും വിധം പ്രാർത്ഥനയിലേക്ക് അടുപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. അതിൽ കൂടുതൽ ഏകാഗ്രത ലഭിക്കുന്നവർ സത്യം തിരിച്ചറിയും.

# ഒട്ടും മമതയില്ല, അവിശ്വാസികളോട്

സി.പി. രാജശേഖരൻ

ഇന്ദ്രപ്രസ്ഥത്തിൽ തുടർച്ചയായി ആറു വർഷത്തെ ഭരണം പൂർത്തിയാക്കുകയാണു നരേന്ദ്ര മോദിയും ഭാരതീയ ജനതാ പാർട്ടിയും. വളരെ ആകസ്മികമായി കൊവിഡ് 19 കടന്നു വന്നിരുന്നില്ലെങ്കിൽ മോദി സർക്കാർ കടുത്ത സമ്മർദത്തിലാകേണ്ടതായിരുന്നു. പൗരത്വ നിയമഭേദഗതിയും പൗരത്വ രജിസ്ട്രിയും രാജ്യവ്യാപകമായി വലിയ കോലാഹലമാണ് സൃഷ്ടിച്ചത്. കശ്മീർ മുതൽ കന്യാകുമാരി വരെ അതിന്റെ അനുരണനങ്ങൾ അലയടിച്ചു. എന്നാൽ, ചെന്നൈയിൽ അനിശ്ചിതകാല റോഡ് ഉപരോധം തുടങ്ങിവച്ച മുസ്ലിം സംഘടനകളെല്ലാം കൊറോണ വൈറസുകളെ ഭയന്നു കഴിഞ്ഞ ദിവസം സമരം നിർത്തി മടങ്ങിയതോടെ സിഎഎ, എൻപിആർ പ്രക്ഷോഭങ്ങൾ ഇല്ലാതായി. മധ്യപ്രദേശിൽ നിന്നു കോൺഗ്രസ് നേതാവ് ജ്യോതിരാദിത്യ സിന്ധ്യ രാജിവച്ചു ബിജെപിയിലെത്തിയതും അവിടെ ബിജെപി സർക്കാരിനു സാധ്യത ഉയർന്നതും തളർച്ചയിലാണ്ടു പോയ ബിജെപിക്ക് വലിയ ഉണർവായി. വളരെ പെട്ടെന്ന് ഉരുണ്ടു കൂടിയ ഭരണ വിരുദ്ധവികാരം കെട്ടടങ്ങിയെന്നു മാത്രമല്ല, കൊവിഡിന്റെ പേരിൽ മറ്റെല്ലാ രാഷ്ട്രീയ ചർച്ചകൾക്കും പ്രസക്തി നഷ്ടപ്പെടുകയും ചെയ്തു.

എന്നാൽ, സിഎഎ, എൻപിആർ പ്രക്ഷോഭങ്ങളിലടക്കം കോൺഗ്രസിനു തുടക്കത്തിൽ ലഭിച്ച മേൽക്കൈ പിന്നീടില്ലാതെ പോയി. സമരം ഏറ്റെടുത്തു നയിക്കാനോ ഭരണവിരുദ്ധത പരമാവധി മുതലാക്കാനോ ശക്തമായ നേതൃത്വം ഇല്ലാതെ പോയതാണു കാരണം. ഈ സാഹചര്യം വളരെ മുൻപേ ചൂണ്ടിക്കാട്ടിയ ശശി തരൂർ, അമരീന്ദർ സിങ് തുടങ്ങിയ നേതാക്കൾ അവിശ്വാസികളുടെ പട്ടികയിലായി. അഭിപ്രായ സ്വാതന്ത്ര്യം അനുവദിക്കുന്ന പാർട്ടി ആയതിനാലാണ് ഇത്രയേറെ ഭിന്നതകൾ ഉയരുന്നതെന്നാണു നേതാക്കളുടെ സാന്ത്വനം. എന്നാൽ എല്ലാവരും സ്വന്തം കാര്യവും സ്വന്തക്കാരുടെ കാര്യവും മാത്രം നോക്കാൻ കലപില കൂട്ടുമ്പോൾ കോൺഗ്രസിന്റെ കാര്യം നോക്കാൻ ആരുമില്ലാത്ത അവസ്ഥ.

ഇന്ദിര ഗാന്ധിക്കു ശേഷം പാർട്ടിയിൽ സംഘടനാ പ്രവർത്തനം നടന്നിട്ടേയില്ലെന്ന് ഒരു മുതിർന്ന നേതാവ് പ്രതികരിച്ചു. "ഇതല്ല പാർട്ടി. ഇങ്ങനെയാകരുത് പാർട്ടി. പാർട്ടി കടുത്ത വെല്ലുവിളി നേരിടുമ്പോഴെല്ലാം അതിന്റെ അധ്യക്ഷൻ അടക്കമുള്ളവർ ഒളിച്ചുകളിക്കുകയായിരുന്നു. പാർലമെന്റിൽ ശക്തമായ സാന്നിധ്യമാകേണ്ട നേതാക്കൾ പോലും അഴകൊഴമ്പൻ സമീപനങ്ങൾ സ്വീകരിക്കുന്നു. ഇങ്ങനെ പോയാൽ ബിജെപിക്കു ബദലാകാൻ കോൺഗ്രസിനു കഴിയില്ല. മറിച്ചായാൽ ഒരു ഇടക്കാല തെരഞ്ഞെടുപ്പിലൂടെ പോലും കോൺഗ്രസിന് അധികാരത്തിൽ വരാൻ വലിയ സാധ്യതകളുണ്ട്. ഒരു തവണ കൂടി ബിജെപി വൻഭൂരിപക്ഷം നേടുകയും രാജ്യസഭയിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തിലെത്തുകയും ചെയ്താൽ ഭരണഘടന പോലും അട്ടിമറിക്കപ്പെടാൻ സാധ്യതയുണ്ട്. അതിനു തടയിടേണ്ട പ്രധാന പ്രതിപക്ഷമായ കോൺഗ്രസിന് ഒരു സംസ്ഥാനത്തും ശക്തമായ നേതൃത്വമില്ല. കേരളത്തിൽപ്പോലും ഒരുമിച്ചു നിൽക്കാൻ പാർട്ടിക്കു കഴിയുന്നില്ല"- ഒരു മുതിർന്ന നേതാവ് പറഞ്ഞു.

"പോഷക സംഘടനകളിൽ തെരഞ്ഞെടുപ്പ് നിർബന്ധമാകുന്ന സാഹചര്യങ്ങളുണ്ട്. എന്നാൽ കോൺഗ്രസിൽ തെരഞ്ഞെടുപ്പ് അസാധ്യമെന്നു തന്നെ പറയാം. അതു മാറണം. കഴിഞ്ഞ ആറു വർഷമായി പാർട്ടി പ്രതിപക്ഷത്താണ്. ഈ കാലത്തു പോലും സംഘടനാ പ്രവർത്തനം തീർത്തും ഇല്ലാതെപോയി. രാജ്യത്തെല്ലായിടത്തും കോൺഗ്രസുണ്ട്. മികച്ച പ്രവർത്തകരുമുണ്ട്. പക്ഷേ, അവരെ നയിക്കാൻ ശക്തമായ നേതൃത്വത്തിന്റെ അഭാവമാണ് ഈ പാർട്ടിയുടെ പോരായ്മ"- ട്രേഡ് യൂണിയൻ രംഗത്തെ മറ്റൊരു മുതിർന്ന നേതാവിന്റെ പ്രതികരണം.

രാജ്യത്തെ മുപ്പതു സംസ്ഥാനങ്ങളിൽ കഷ്ടിച്ച് അഞ്ചിടത്താണു കോൺഗ്രസ് അധികാരത്തിലുള്ളത്. മധ്യപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ്, ഛത്തിസ്ഗഡ് എന്നിവിടങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും. അതിൽത്തന്നെ മധ്യപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിലെ മന്ത്രിസഭകൾ എപ്പോൾ വേണമെങ്കിലും വീഴാവുന്ന അവസ്ഥയിൽ. ബിജെപിയിൽ നിന്നു പാർട്ടി പ്രവർത്തകർ വീണ്ടെടുത്ത ഈ സംസ്ഥാനങ്ങൾ പോലും നിലനിർത്താൻ കഴിയാത്ത നേതൃത്വത്തിനു കീഴിൽ 2024ലെ തെരഞ്ഞെടുപ്പ് എങ്ങനെ എന്നതാണ് പാർട്ടിയിലെ തന്നെ വലിയ വിഭാഗത്തിന്റെ ചോദ്യം.

ദേശീയതലത്തിൽ ബിജെപിക്ക് ഒരു ബദൽ എന്ന ആശയം വളരെ ശക്തമായി വരുന്ന സാഹചര്യമുണ്ട്. അതിന് ഏറ്റവും പറ്റിയ ദേശീയ കക്ഷി കോൺഗ്രസ് തന്നെയാണ്. പക്ഷേ, ഇപ്പോഴത്തെ ശൈലി തുടർന്നാൽ കോൺഗ്രസിന് അതിനു കഴിയില്ല. അപ്പോൾപ്പിന്നെ ബിജെപിക്കും കോൺഗ്രസിനും ബദൽ ആര് എന്നതാവും അടുത്ത ചോദ്യം. പ്രധാന പ്രാദേശിക കക്ഷികളായ തൃണമൂൽ കോൺഗ്രസ്, വൈഎസ്ആർ കോൺഗ്രസ്, എഐഎഡിഎംകെ, ഡിഎംകെ, ജനതാ ദൾ യു, എസ്പി, ബിഎസ്പി തുടങ്ങിയ കക്ഷികൾക്കു ചില സംസ്ഥാനങ്ങളിൽ മാത്രമേ മുൻതൂക്കമുള്ളൂ. ഒന്നുകിൽ ഇവയുടെ കോൺഫെഡറേഷൻ അല്ലെങ്കിൽ കോൺഗ്രസിൽ നിന്നു രൂപം കൊള്ളുന്ന പുതിയൊരു പാർട്ടി... ഇതിലേതെങ്കിലുമൊക്കെയാവും ഭാവിയിൽ ബിജെപിക്കു ബദൽ. എന്നാൽ, രാജ്യത്തെ മതേതര മുന്നേറ്റങ്ങൾക്കു നേതൃത്വം നൽകാനുള്ള എല്ലാ ഊർജവും പേറി ഉറങ്ങുന്ന സിംഹമായി കോൺഗ്രസ് ഉണ്ട്. അതിനെ ഒന്നുണർത്തിയെടുക്കാൻ ആരെങ്കിലും വേണം.

"പാർട്ടിയുടെ അധ്യക്ഷ പദവിയിലേക്ക് ഇനിയില്ലെന്നു തുറന്നു പറഞ്ഞ രാഹുൽ ഗാന്ധിയെ വെറുതേ വിടണം. രോഗശയ്യയിൽ കഴിയുന്ന സോണിയ ഗാന്ധി പാർട്ടിക്കു വേണ്ടി പരമാവധി പരിശ്രമിച്ചു. ഇനി അവരെ വിശ്രമിക്കാൻ അനുവദിക്കണം. ഗാന്ധി കുടുംബത്തിനു പുറത്തു നിന്നുള്ള ആരെങ്കിലും തെരഞ്ഞെടുപ്പിലൂടെ പാർട്ടി അധ്യക്ഷ സ്ഥാനത്ത് എത്തണം. പണ്ട് കോൺഗ്രസ് അധ്യക്ഷന്മാരെ ഓരോ വർഷവും തെരഞ്ഞെടുക്കുമായിരുന്നു. അത്രയുമില്ലെങ്കിലും കുറഞ്ഞതു മൂന്നു വർഷത്തിലൊരിക്കലെങ്കിലും സംഘടനാ തെരഞ്ഞെടുപ്പു നടത്തണം. ഉൾപ്പാർട്ടി ജനാധിപത്യവും അച്ചടക്കവും അഭിപ്രായ സ്വാതന്ത്ര്യവും ഏറെ അനുഭവിച്ചിരുന്ന പാർട്ടിയാണിത്. സാക്ഷാൽ മഹാത്മാ ഗാന്ധിയുടെ നോമിനിയെപ്പോലും പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ തോൽപ്പിച്ച പാരമ്പര്യമുണ്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്. ആ പാരമ്പര്യത്തിലേക്കു പാർട്ടി തിരിച്ചു വരണം.

ലോക്സഭയിലെ ഡിഎംകെയ്ക്കു ശേഷമുള്ള വലിയ പ്രതിപക്ഷകക്ഷികളായ തൃണമൂൽ കോൺഗ്രസ്, വൈഎസ്ആർ കോൺഗ്രസ്, എൻസിപി തുടങ്ങിയ കക്ഷികളൊക്കെ കോൺഗ്രസിൽ നിന്നു വഴിപിരിഞ്ഞു നിൽക്കുന്നവരാണ്. പക്ഷേ, അവരുടെയെല്ലാം ഉള്ളിൽ വീശുന്നത് ചർക്ക പതിഞ്ഞ പഴയ ത്രിവർണ പതാക തന്നെ. നമ്പർ 10 ജൻപഥിനോടുള്ള അപ്രിയം കൊണ്ടു മാത്രം പാർട്ടി വിട്ടു പോകേണ്ടി വന്നവർ.

സംസ്ഥാന പദവിയുള്ള കേന്ദ്ര ഭരണ പ്രദേശങ്ങളടക്കം 31 സംസ്ഥാനങ്ങളാണ് രാജ്യത്തുള്ളത്. അതിൽ 14 സംസ്ഥാനങ്ങളിലും ഭിന്ന കക്ഷികൾക്കാണു ഭരണം. അതിൽ അറുപതു ശതമാനത്തിൽ കൂടുതലും കോൺഗ്രസുമായി സഹകരിച്ചവർ. വൈഎസ്ആർ കോൺഗ്രസ്, ജനതാദൾ യു, ആംആദ്മി പാർട്ടി, ഝാർഖണ്ഡ് മുക്തി മോർച്ച, മീസോ നാഷണൽ ഫ്രണ്ട്, നാഷണൽ പീപ്പിൾസ് പാർട്ടി, എൻഡിപിപി, സിപിഎം, ബിജു ജനതാ ദൾ, എഐഎഡിഎംകെ, ടിആർഎസ്, തൃണമൂൽ കോൺഗ്രസ് തുടങ്ങിയ കക്ഷികളാണ് വിവിധ സംസ്ഥാനങ്ങളിൽ ഭരണത്തിനു നേതൃത്വം നൽകുന്നത്. അതിൽ സിപിഎം ഉൾപ്പെടെ മിക്കവാറും സംഘടനകളുമായി കോൺഗ്രസ് സഖ്യമുണ്ടാക്കിയിട്ടുണ്ട്. അത് ആവർത്തിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ പതിനൊന്നു സംസ്ഥാനങ്ങൾ ഭരിക്കുന്ന ബിജെപിയെക്കാൾ കൂടുതൽ സംസ്ഥാനങ്ങളിൽ കോൺഗ്രസ് അധികാരത്തിൽ ഉണ്ടാകുമായിരുന്നു. പാർട്ടി തളർന്നാലും തനിക്കു വളരണമെന്ന ചില സ്ഥാപിത താത്പര്യക്കാരുടെ ദുരയും ദുരാഗ്രഹവുമാണ് മധ്യപ്രദേശിലും രാജസ്ഥാനിലും പഞ്ചാബിലുമൊക്കെ കോൺഗ്രസിന്റെ വേരുണക്കുന്നത്. അവരെ നിലയ്ക്കു നിർത്താനുള്ള നയമില്ല പാർട്ടി നേതൃത്വത്തിന്. തന്ത്രങ്ങളും.

(അവസാനിച്ചു)

# അത് നിർഭാഗ്യകരം, വൈദ്യലോകത്തിന് അപമാനം

ഡോ. ബി. ഇക്ബാൽ

എല്ലാ രോഗങ്ങളും ചികിത്സിച്ചു ഭേദപ്പെടുത്താൻ കഴിയണമെന്നില്ല. എന്നാൽ ഡോക്റ്റർമാർ ഒന്നാമതായി ശ്രദ്ധിക്കേണ്ടത് ഒരു സാഹചര്യത്തിലും രോഗികൾക്ക് ഹാനികരമായ യാതൊന്നും ചെയ്യാൻ പാടില്ലെന്നാണെന്ന് (First Do no Harm: Primum Non Nocere) ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവ് ഹിപ്പോക്രാറ്റ്സ് വൈദ്യസമൂഹത്തെ ജാഗ്രതപ്പെടുത്തിയിട്ടുണ്ട്.

വൈദ്യശാസ്ത്രത്തിന്റെ ഈ അടിസ്ഥാന പ്രമാണങ്ങളെല്ലാം ലംഘിച്ചുകൊണ്ടും കൊറോണ ബാധ നിയന്ത്രിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ടും സ്പെയിനിൽ നിന്നെത്തിയ ഉന്നത ശ്രേണിയിലുള്ള ഒരു ഡോക്റ്റർ ഗുരുതരമായ രോഗികളെ ചികിത്സിക്കുന്ന കേരളത്തിലെ പ്രശസ്ത സ്ഥാപനമായ ശ്രീ ചിത്ര മെഡിക്കൽ സെന്ററിൽ തന്റെ സഹപ്രവർത്തകരുടെയും രോഗികളുടെയും ജീവൻ അപകടത്തിലാക്കികൊണ്ട് ഏതാനും ദിവസം പ്രവർത്തിച്ചുവെന്നത് അങ്ങേയറ്റം നിർഭാഗ്യകരമായി പോയി.

ആധുനികവും പൗരാണികവുമായ വൈദ്യശാസ്ത്ര ചരിത്രം പരിശോധിച്ചാൽ സ്വന്തം ജീവൻ ബലികഴിച്ച് രോഗവ്യാപനം തടയുന്നതിനും രോഗികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ഡോക്റ്റർമാർ നടത്തിയ നിരവധി ഇടപെടലുകൾ കാണാൻ കഴിയും. രോഗാണുക്കൾ കണ്ടെത്തുന്നതിനു മുൻപു തന്നെ പ്രസവമെടുക്കുന്ന ഡോക്റ്റർമാർ അണുനാശക ലായനിയിൽ കൈ കഴുകേണ്ടതാണെന്ന് വൈദ്യലോകത്തെ പഠിപ്പിക്കയും അതിന്റെ പേരിൽ പീഠനം അനുഭവിക്കുകയും ചെയ്ത ഭിഷഗ്വരനാണ് ഡോ. ഇഗ്നാസ് ഫിലിപ് സെമ്മൽ വീസ് (1818-63). എന്നാൽ സെമ്മൽ വീസിനെ ഭ്രാന്തനെന്ന് മുദ്രകുത്തി ചിത്തരോഗാശുപത്രിയിൽ അടക്കുകയാണുണ്ടായത്. അവിടെ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ച സെമ്മൽ വീസിനെ ക്രൂരമായി മർദ്ദിക്കയും തുടർന്ന് മുറിവുകളിൽ ഉണ്ടായ അണുബാധയെ തുടർന്ന് അദ്ദേഹം മരണമടയുകയും ചെയ്തു. പ്രസാവനന്തരമുണ്ടാവുന്ന അണുബാധയും തുടർന്നുണ്ടാകുന്ന മാതൃമരണങ്ങളും ഒഴിവാക്കപ്പെട്ടത് സെമ്മൽ വീസ് നിർദ്ദേശിച്ച വളരെ ലളിതമായ നിർദ്ദേശം പിൽക്കാലത്ത് നടപ്പിലാക്കപ്പെട്ടതോടെയാണ്.

കൊറോണ രോഗ വ്യാപനം തടയാനായി കൈകൾ വൃത്തിയായി കഴുകുമ്പോൾ സെമ്മൽ വീസിന്റെ രക്തസാക്ഷിത്വം നമ്മുടെ ഓർമയിലേക്കു കടന്നു വരേണ്ടതാണ്. ഓരോ കൈ കഴുകലുകളും അദ്ദേഹത്തിനു സമർപ്പിക്കുന്ന പ്രണാമമായി കരുതേണ്ടതാണ്.

റോണ കാലത്തും പൊതു താത്പര്യത്തിനായി സത്യം പറഞ്ഞ് പീഡനവും രക്തസാക്ഷിത്വവും കൈവരിക്കുക എന്ന വൈദ്യശാസ്ത്രത്തിന്റെ മഹത്തായ പാരമ്പര്യം വീണ്ടും ഉയർത്തെഴുന്നേറ്റിരിക്കയാണ്. ചൈനയിൽ അപൂർവ്വമായ ഒരു രോഗം വ്യാപിച്ച് തുടങ്ങിയിരിക്കുന്നുവെന്ന് ആദ്യമായി റിപ്പോർട്ട് ചെയതത് നേത്ര ഡോക്റ്ററായ ലിൻ വെൻലിയാങ്ങ് ആയിരുന്നു. ലിൻ വെൻ ലിയാങ്ങും, സെമ്മൽ വീസിനെ പോലെ പീഡിപ്പിക്കപ്പെട്ടു. വ്യാജ വാർത്ത പ്രചരിപ്പിക്കുന്നുവെന്ന പേരിൽ ഡോ. ലിനിനെതിരേ അധികൃതർ നടപടിയെടുക്കുകയും താൻ പറഞ്ഞതു തെറ്റാണെന്ന് അദ്ദേഹത്തിൽ നിന്നെഴുതി വാങ്ങുകയും ചെയ്തു. പിന്നീട് താൻ മുന്നറിയിപ്പു നൽകിയിട്ടും അധികൃതർ അവഗണിച്ച, കൊറോണ ഒരു രോഗിയിൽ നിന്നും ബാധിച്ച് 34ാമത്തെ വയസിൽ ലിൻ മരണമടഞ്ഞു.

രോഗികളുടെ താത്പര്യം സംരക്ഷിക്കാൻ ജീവൻ വരെ ബലികൊടുക്കാൻ തയ്യാറായ നിരവധി ഭിഷഗ്വരന്മാരുടെ ത്യാഗോജ്ജ്വലമായ സംഭാവനകൾ കൊണ്ട് സമ്പന്നമാണ് വൈദ്യശാസ്ത്ര ചരിത്രം. സെമ്മൽ വീസിന്റെയും ലിൻ വെൻലിയാങ്ങിന്റെയും കുടുംബത്തിൽ പെട്ടവരാണെന്നതിൽ അഭിമാനിക്കുന്നവരാണ് വൈദ്യസമൂഹത്തിലുള്ളവർ.

മഹത്തായ പാരമ്പര്യമുള്ള വൈദ്യലോകത്തിന് അപമാനം വരുത്തിക്കൊണ്ട് ശ്രീ ചിത്രയിലെ ഡോക്റ്ററിൽ നിന്നുണ്ടായ അപരിഹാര്യമായ പെരുമാറ്റ ദൂഷ്യത്തിൽ കലവറയില്ലാതെ കുറ്റബോധം പ്രകടിപ്പിച്ചുകൊണ്ട് ഡോക്റ്റർ എന്ന നിലയിൽ ഞാൻ കേരളത്തിലെ ജനങ്ങളോടു മാപ്പു ചോദിക്കുന്നു.

**വൈദ്യസേവനം നടത്തുന്നവർ അംഗീകൃത പെരുമാറ്റ ചട്ടങ്ങളും വൈദ്യശാസ്ത്ര നൈതികതയും ഏത് പ്രതികൂല സാഹചര്യങ്ങളിലും കർശനമായി പാലിക്കാൻ ബാധ്യതയുള്ളവരാണ്.**

# ലോക ധൂർത്ത് സഭ

വീണ്ടുവിചാരം

ജോസഫ് എം. പുതുശേരി

ലോക കേരള സഭയിൽ പങ്കെടുത്തവർക്ക് സർക്കാർ വിളമ്പിയത് 1,900 രൂപയുടെ ഉച്ചയൂണ്. പ്രാതലിനായി ഓരോരുത്തർക്കും 550 രൂപ വീതവും പലഹാരങ്ങൾക്കും ചായയ്ക്കുമായി 250 രൂപയുമാണ് ചെലവ്.

ആകെ 351 അംഗങ്ങളുള്ള സഭയിൽ പ്രതിപക്ഷം വിട്ടുനിന്നതോടെ 69 പേർ കുറയും. ബാക്കി 282 പേരാണെങ്കിലും ഉച്ചയൂണ് 700 പേരും അത്താഴവിരുന്നു 600 പേരും കഴിച്ചെന്നാണു ഭക്ഷണം വിതരണം ചെയ്ത കോവളം റാവിസ് ഹോട്ടലിൽ നിന്നുള്ള ബിൽ വ്യക്തമാക്കുന്നത്.

രണ്ടാം ലോക കേരള സഭയിൽ പങ്കെടുത്തവരുടെ താമസത്തിനും ഭക്ഷണത്തിനുമായി ചെലവിട്ടതു 83 ലക്ഷം രൂപ. യഥാർഥ ബിൽ ഇതിലും ഉയർന്നതായിരുന്നു. കുറവു വരുത്തിയാണു ഈ തുകയിൽ എത്തിച്ചതു പോലും!

ഇതു കാണുമ്പോൾ ഇതിനെ 'ഭൂലോക ധൂർത്തു സഭ' എന്നു വിശേഷിപ്പിച്ചവരെ കുറ്റപ്പെടുത്താനാവുമോ?

ലോക കേരള സഭ ഒരു തട്ടിപ്പാണെന്നും ഇഷ്ടക്കാരെ തിരുകുന്ന, ജാഡ കാട്ടാനുള്ള ഒരു സംവിധാനമാണെന്നുമൊക്കെയുള്ള വിമർശനം നേരത്തെ തന്നെ ഉയർന്നു കേട്ടതാണ്. ഇതോടെ ലോക കേരള സഭയെ ആഡംബരത്തിന്റെയും ധൂർത്തിന്റെയും പര്യായമാക്കി മാറ്റിയിരിക്കുന്നു.

ഇതു കണ്ടും കേട്ടും ആളുകൾ മൂക്കത്തു വിരൽവച്ചു നിൽക്കുമ്പോഴാണ് ഈ വിവാദം പ്രവാസികളോടുള്ള അവഹേളനമാണെന്ന നോർക്ക റൂട്ട്സ് വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് ചെയർമാനുമായ എം.എ. യുസഫലിയുടെ പ്രസ്താവന വരുന്നത്. ഇരുകൈയ്യുമുയർത്തി തലയിൽ വയ്ക്കുകയല്ലാതെ എന്തു ചെയ്യും!

"ഞങ്ങളാരും ഇവിടെ പട്ടിണി കിടക്കുന്നവരല്ല. ഭക്ഷണം കഴിക്കാത്തവരുമല്ല" അദ്ദേഹത്തിന്റെ വിശദീകരണം ഇങ്ങനെ പോവുന്നു. ഇത് അദ്ദേഹം എടുത്തുപറയേണ്ടതുണ്ടോ? ലോകം അറിയുന്ന ബിസിനസ് മാഗ്നെറ്റ്. അതുകൊണ്ടുതന്നെ വലിയ തൊഴിൽ ദായകൻ. പല ഗൾഫ് രാജ്യങ്ങളുടെയും ഭരണാധികാരികളുടെയും ആത്മസുഹൃത്ത്, നമ്മുടെ അംബാസഡർ, മലയാളിയുടെ അഭിമാനം. അങ്ങു ഞങ്ങൾ പട്ടിണി കിടക്കുന്നവരല്ല എന്നു പറയുന്നതിൽ തന്നെ ഒരംഭംഗി. ഈ വാക്കുകൾ കൊണ്ട് ഇത്രയും വലിയ ഒരു ധൂർത്തു മറയ്ക്കാനാവുമോ?

എന്നുമാത്രമല്ല പ്രവാസികൾ ആരും പട്ടിണികിടക്കുന്നില്ല എന്നങ്ങ് ഉറപ്പിച്ചു പറയാനാവുമോ? ഇവിടെ ഈ സമ്മേളനം പൊടിപൊടിക്കുമ്പോൾ പല രാജ്യങ്ങളിലും ചൂഷണത്തിനു വിധേയരായും അനിശ്ചിതത്വത്തിലും പട്ടിണിയിലുംപെട്ട് തിരിച്ചുവരാൻ വഴിയില്ലാതെ അലയുന്ന മലയാളികളെ വിസ്മരിക്കാനാവുമോ? ഈ സമ്മേളനം നടക്കുമ്പോൾ മസ്കറ്റിലെ ഇന്ത്യൻ എംബസിയിൽ അഭയം തേടിയ 96 വനിതാ ഗാർഹിക തൊഴിലാളികളുടെ കാര്യം വിസ്മരിച്ചുപോയോ? കുവൈറ്റിൽ അടിമപ്പണി ചെയ്യേണ്ടി വന്ന ഗാർഹിക തൊഴിലാളികളുടെ കാര്യം ഈ ധാരാളിത്തവുമായി എങ്ങനെ ഒത്തുപോകും?

ഔദ്യോഗിക കണക്കുപ്രകാരം 2019 ജനുവരി മുതൽ ഒക്റ്റോബർ വരെ മാത്രം ഗൾഫിലെ വിവിധ ഇന്ത്യൻ എംബസികളിൽ 15,000 തൊഴിൽ പരാതികളാണു കെട്ടിക്കിടക്കുന്നത്. തൊഴിൽ പരാതി എന്നു പറഞ്ഞാൽ അനിശ്ചിതത്വവും ദുരിതവും പട്ടിണിയുമല്ലാതെ മറ്റെന്താണ്? പ്രവാസികളുടെ ഉന്നമനത്തിനു വേണ്ടിയുള്ള ചർച്ചകളാണ് അവിടെ നടന്നത് എന്നാണു വിശദീകരണം. അതങ്ങനെയങ്ങു നാക്കുതൊടാതെ വിഴുങ്ങാൻ നമുക്കാവുമോ? ഇക്കാര്യങ്ങൾ എന്തെങ്കിലും ഈ ലോക കേരള സഭയിൽ പരാമർശിക്കുകയെങ്കിലുമുണ്ടായോ? പിന്നെ എന്തു പ്രവാസി ക്ഷേമം?

ഏകദേശം 25 ലക്ഷം മലയാളികൾ ഗൾഫിൽ ഉണ്ടെന്നാണു കണക്ക്. അതിൽ 24 ലക്ഷവും 30,000 രൂപയ്ക്കു താഴെ മാത്രം കൂലികിട്ടുന്ന ജോലി സ്ഥിരതയും സുരക്ഷാ സംവിധാനങ്ങളുമില്ലാത്ത സാധാരണ തൊഴിലാളികളാണ്. ഇവരുടെ ഏതെങ്കിലുമൊരു പ്രതിനിധി ഈ സഭയിൽ അംഗമായിട്ടുണ്ടോ? 99 ശതമാനത്തെയും ഒഴിവാക്കി ഇഷ്ടക്കാരുടെ സ്ഥിരം നാടകവേദി പോലെ സമ്മേളനം ചേരുമ്പോൾ ഇതെങ്ങനെ ലോക കേരള സഭയാവും?

ഒന്നാം ലോക കേരള സഭയ്ക്കു ശേഷമാണു കേരളത്തിൽ സംരംഭങ്ങൾ തുടങ്ങാനെത്തിയ രണ്ടു പ്രവാസികൾ തൂങ്ങി മരിച്ചത്. പുനലൂരിൽ വർക്ക് ഷോപ്പ് തുടങ്ങാൻ വന്ന സുഗതനും കണ്ണൂരിൽ കൺവൻഷൻ സെന്റർ തുടങ്ങാൻ വന്ന പാറയിൽ സാജനും. അവരെ ആത്മഹത്യയിലേക്കു നയിച്ച കാരണങ്ങളും എല്ലാവർക്കും ബോധ്യമുള്ളതാണ്. ഒരു വശത്തു ചുവന്ന പരവതാനി വിരിച്ചിട്ട് മറുവശത്തു കൊലക്കയർ ഒരുക്കുന്ന കാപട്യം ഈ സഭാ സമ്മേളനത്തിൽ എവിടെയെങ്കിലും ചർച്ചയായോ? ഭർത്താവ് നഷ്ടപ്പെട്ടു അനാഥയായ സാജന്റെ സഹധർമ്മിണിയെ പൊലീസ് റിപ്പോർട്ട് എന്ന പേരിൽ ഇല്ലാക്കഥ മെനഞ്ഞെടുത്തു അപകീർത്തിപ്പെടുത്താൻ നടത്തിയ നികൃഷ്ട നടപടിയെ അപലപിക്കാൻ ഒരു പരാമർശമെങ്കിലും ഉണ്ടായോ?

പോട്ടെ, പ്രവാസികളുടെ ഉന്നമനത്തിനു വേണ്ടിയുള്ള ചർച്ചകളാണ് അവിടെ നടന്നതെന്ന് അവകാശപ്പെടുമ്പോൾ രണ്ടു വർഷം മുമ്പു നടന്ന ഒന്നാം ലോക കേരള സഭയുടെ ബാക്കിപത്രം ഒന്നു പരിശോധിക്കേണ്ടതില്ലേ? എത്രയോ തീരുമാനങ്ങൾ അക്കമിട്ടു പ്രഖ്യാപിച്ചു. അതിൽ നടപ്പിലാക്കിയതെത്ര? 99 ശതമാനവും നടന്നില്ല എന്നു സാക്ഷ്യപ്പെടുത്തുമ്പോൾ ഉദ്ദേശശുദ്ധിയും വിശ്വാസ്യതയും തകർന്നു സ്വയം പരിഹാസ്യരാവുന്ന ചിത്രമാണു അനാവരണം ചെയ്യപ്പെടുന്നത്. ഇതിനുവേണ്ടിയായിരുന്നോ 2,85,29,482 രൂപ പൊടിപൊടിച്ചു ഒന്നാം ലോക കേരള സഭ ആഘോഷമാക്കിയത്! അതും പോരാഞ്ഞു ഗൾഫ് മേഖലാ സമ്മേളനത്തിനു വേറെ 18,40,670 രൂപ കൂടി.

ആടു ജീവിതം നയിച്ചു നരകിക്കുന്ന ഗൾഫിലെ മലയാളിയുടെ മുന്നിലേക്കാണു ധൂർത്തിന്റെ ഈ മഹാസ്തംഭം പ്രതിഷ്ഠിക്കുന്നത്!

നിത്യനിദാന ചെലവുകൾക്കുപോലും പണമില്ലാതെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടുഴലുകയും മുണ്ടുമുറുക്കി ഉടുക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്യുന്ന സർക്കാരാണ് ഈ കൈവിട്ടകളി നടത്തുന്നത് എന്നതു എല്ലാവരെയും അത്ഭുതപ്പെടുത്തുകയാണ്. രണ്ടു വർഷത്തിലൊരിക്കൽ രണ്ടു ദിവസം മാത്രം ചേരുന്ന ഒരു സമ്മേളനത്തിനാണ് 16.5 കോടി രൂപ മുടക്കി ഹാൾ പുതുക്കിയത്. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാൾ അതിന്റെ ഉത്ഭവത്തിൽതന്നെ പ്രൗഢഗംഭീരമായിരുന്നു. ആദ്യ ലോക കേരള സഭയ്ക്കു 1.85 കോടി രൂപ മുടക്കി അതു നവീകരിച്ചു. ഇപ്പോൾ അതിനും പുറത്താണു ഈ 16.5 കോടി. ഇതു ജനങ്ങളോടുള്ള അവഹേളനമല്ലാതെ മറ്റെന്താണ്?

ക്രിമിനൽ പശ്ചാത്തലമുള്ളവരും ഇതിൽ അംഗങ്ങളായുണ്ട് എന്നത് തുടക്കത്തിൽ തന്നെ ഉയർന്ന പരാതി. തൊഴിലാളികൾക്കു ശമ്പളം കൊടുക്കാതെ മുങ്ങിയവരും ഈ ലോക കേരള സഭയിൽ പങ്കെടുത്തുവെന്നത് ഒടുവിൽ ഉയർന്നു കേട്ട ആവലാതി.

മീഡിയാ സമ്മേളനത്തിനു പല രാജ്യങ്ങളിൽ നിന്നും ആളുകളെ ക്ഷണിച്ചുവരുത്തിയിട്ടു സദസ് ശുഷ്കം. മീഡിയാ അക്കാദമിയിലെ കുട്ടികളാണ് ഒടുവിൽ രക്ഷയ്ക്കെത്തിയത്. പ്രത്യേകിച്ചു ഒരു മാധ്യമസ്ഥാപനവുമായും ബന്ധമില്ലാത്ത ഒരാളെ മാധ്യമ സമ്മേളനത്തിനായി ചെല്ലും ചെലവും കൊടുത്തു കാനഡയിൽ നിന്ന് ഇവിടെ എത്തിച്ചുവെന്നതു തലസ്ഥാന നഗരിയിലെ പരസ്യമായ രഹസ്യം.

ലോക കേരള സഭാ വിശേഷങ്ങൾ ഇങ്ങനെ നീളുന്നു. ഒടുവിൽ റാവിസ് ഗ്രൂപ്പിന്റെ വിശദീകരണം. ഭക്ഷണ ചെലവ് വേണ്ട. വിവാദം സൃഷ്ടിച്ച വീണ്ടുവിചാരം. അതിനു ശേഷമുള്ള വിശദീകരണമാണു വലിയ തമാശ. ബിൽ തുക സ്വീകരിക്കാൻ നേരത്തെ തന്നെ ഉദ്ദേശിച്ചിരുന്നില്ലപോലും. ബിൽ തുക ഇതിലും ഉയർന്നതായിരുന്നുവെന്നും കുറവു വരുത്തിയ ശേഷമാണ് ഉന്നതാധികാര സമിതി ഇതിന് അംഗീകാരം നൽകിയതെന്നുമാണു പുറത്തു വന്ന വിവരം. അപ്പോഴൊന്നും ഉണ്ടാവാത്ത വിചാരം ഇപ്പോഴെങ്ങനെയുണ്ടായി എന്നാണ് എല്ലാവരും അത്ഭുതം കൂറുന്നത്. ഉണ്ടിരുന്നവനു ഉൾവിളി ഉണ്ടായതു പോലെ. അതോ മുഖം നഷ്ടപ്പെടുത്തിയ ധൂർത്തു വിവാദത്തിൽ നിന്നു തലയൂരാനുള്ള തുറുപ്പുഗുലാനോ?

എന്തായാലും ഭാവിയിലേക്കെങ്കിലും ഇതു പാഠമാവുമോ? പ്രവാസി ക്ഷേമം സ്ഥിരം നാടകവേദിയിലെ രംഗദൃശ്യങ്ങളല്ല; മറിച്ചു യഥാർഥ പ്രവാസിയുടെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളുമാണ്. അതിന്മേലുള്ള സമയബന്ധിതമായ നടപടികളാണ്. അതിനു ആഡംബരത്തിന്റെ ആടയാഭരണങ്ങളുടെ അകമ്പടിയല്ല വേണ്ടത്; കേൾക്കാനുള്ള സഹിഷ്ണുതയും നടപ്പാക്കാനുള്ള ഇച്ഛാശക്തിയുമാണ്.

# ദുരിതാശ്വാസ തട്ടിപ്പ്, ആത്മഹത്യ: അന്വേഷണ കമ്മിഷനുമായി സിപിഎം

## കമ്മിഷനിൽ ജില്ലാ സെക്രട്ടറിയേറ്റംഗം അടക്കം രണ്ടുപേർ

സ്വന്തം ലേഖകൻ

കൊച്ചി: സിപിഎം അംഗങ്ങളുൾപ്പെട്ട എറണാകുളത്തെ പ്രളയ ദുരിതാശ്വാസ ഫണ്ട് തട്ടിപ്പും ലോക്കൽ കമ്മറ്റിയംഗത്തിന്റെ ആത്മഹത്യയും അന്വേഷിക്കാൻ സിപിഎം പാർട്ടി കമ്മിഷൻ രൂപീകരിച്ചു. ജില്ലാ സെക്രട്ടറിയേറ്റിലെ മുതിർന്ന അംഗമുൾപ്പെടെ രണ്ടു പേരടങ്ങുന്നതാണു കമ്മിഷൻ. പാർട്ടിക്ക് അകത്തു നിന്നു തന്നെ വിമർശനം ശക്തമായതോടെയാണു കർഷകത്തൊഴിലാളി യൂണിയൻ നേതാവ് പി.എം. ഇസ്മയിൽ, യുവജന വിഭാഗം നേതാവായിരുന്ന പി.ആർ. മുരളി എന്നിവരടങ്ങിയ സംഘത്തെ നിയമിച്ചത്.

പ്രളയ ദുരിതാശ്വാസ നിധിയിൽ നിന്ന് 23 ലക്ഷത്തോളം രൂപ വെട്ടിച്ചതായാണ് ക്രൈംബ്രാഞ്ചിന്റെ ഇതുവരെയുള്ള കണ്ടെത്തൽ. കുറ്റാരോപിതരായ തൃക്കാക്കര ഈസ്റ്റ് ലോക്കൽ കമ്മിറ്റിയംഗം എംഎം. അൻവർ, ഭാര്യ കൗലത്ത് അൻവർ, മറ്റൊരു ലോക്കൽ കമ്മിറ്റിയംഗം നിധിൻ എന്നിവരെ പാർട്ടിയിൽ നിന്ന് ഒരാഴ്ച മുൻപു പുറത്താക്കിയിരുന്നു. ഈ നടപടിയിലൂടെ മുഖം രക്ഷിക്കാമെന്ന പാർട്ടിയുടെ കണക്കു കൂട്ടൽ തെറ്റിയതിനെ തുടർന്നാണ് അന്വേഷണ കമ്മിഷൻ പ്രഖ്യാപനം.

സിപിഎം കളമശേരി ഏരിയ സെക്രട്ടറി വി.എം. സക്കീർ ഹുസൈന് എതിരെ ഉയർന്ന ആരോപണവും തൃക്കാക്കര സെൻട്രൽ ലോക്കൽ കമ്മിറ്റിയംഗം എം.എം. സിയാദിന്റെ ആത്മഹത്യയും പാർട്ടിയെ സമ്മർദത്തിലാക്കിയിട്ടുണ്ട്. തട്ടിപ്പു കേസുകളിൽ പ്രതികളായ അൻവറും നിധിനും കളമശേരി ഏരിയ കമ്മിറ്റിക്ക് കീഴിലുള്ള ലോക്കൽ കമ്മിറ്റിയംഗങ്ങളാണ്. അൻവറിന്റെ ഭാര്യ കൗലത്ത് ഡയറക്റ്റർ ബോർഡ് അംഗമായ സിപിഎം നിയന്ത്രണത്തിലുള്ള അയ്യനാട് സഹകരണ ബാങ്കും ഇതേ ഏരിയ കമ്മിറ്റിയുടെ പരിധിയിൽപ്പെട്ടതാണ്. അയ്യനാട് ബാങ്കിൽ കൗലത്തിന്റെ അക്കൗണ്ട് വഴി അൻവർ ദുരിതാശ്വാസ ഫണ്ടിൽ നിന്നു പണം വകമാറ്റിയെടുത്തതായി ക്രൈംബ്രാഞ്ച് കണ്ടെത്തിയിരുന്നു. ഏരിയ കമ്മിറ്റി സെക്രട്ടറി സക്കീർ ഹുസൈന് തട്ടിപ്പിൽ പങ്കുണ്ടെന്നും അന്വേഷിക്കണമെന്നും ആരോപണം ഉയർന്നതും ഇതേത്തുടർന്നാണ്.

സക്കീർ ഹുസൈന് എതിരായ ആരോപണം രാഷ്ട്രീയ പ്രേരിതമാണെന്നാണു പാർട്ടി കണ്ടത്. ഇതിനിടെയാണ് അയ്യനാട് സർവീസ് സഹകരണ ബാങ്ക് ഡയറക്റ്ററും തൃക്കാക്കര സെൻട്രൽ ലോക്കൽ കമ്മിറ്റിയംഗവുമായ സിയാദ് ജീവനൊടുക്കിയതും അദ്ദേഹത്തിന്റെ ആത്മഹത്യാ കുറിപ്പുമായി ബന്ധുക്കൾ രംഗത്തെത്തിയതും. തന്റെ മരണത്തിന് കാരണക്കാർ സക്കീർ ഹുസൈനും ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ.ആർ. ജയചന്ദ്രൻ, ബ്രാഞ്ച് സെക്രട്ടറി നിസാർ എന്നിവരുമാണെന്ന് ആത്മഹത്യാ കുറിപ്പിൽ പറയുന്നു.

ദുരിതാശ്വാസ തട്ടിപ്പുമായി ബന്ധപ്പെട്ട ചില സമ്മർദ്ദങ്ങൾ ഇവരിൽ നിന്നും സിയാദിനുണ്ടായെന്നു സംശയം ഉയർന്നിട്ടുണ്ട്. അന്വേഷണ കമ്മിഷൻ ഇക്കാര്യങ്ങൾ പരിശോധിക്കുമെന്നാണ് സൂചനയെങ്കിലും ദുരിതാശ്വാസ തട്ടിപ്പുമായി പാർട്ടിക്കു ബന്ധമില്ലെന്ന സിപിഎം നിലപാടിൽ നിന്നു വ്യത്യസ്തമായി അന്വേഷണ കമ്മിഷൻ റിപ്പോർട്ട് നൽകാൻ സാധ്യതയില്ല. വ്യവസായിയെ തട്ടിക്കൊണ്ടു പോയ കേസിൽ നേരത്തേ സക്കീർ ഹുസൈന് നേരെ ആരോപണങ്ങൾ ഉയർന്നപ്പോഴും പാർട്ടി അന്വേഷണ കമ്മിഷനെ നിയമിച്ചിരുന്നു. സക്കീർ ഹുസൈന് അനുകൂലമായ റിപ്പോർട്ടാണ് അന്നുണ്ടായത്. അതേസമയം, ശക്തമായ നടപടികൾ വേണമെന്ന് ആവശ്യപ്പെടുന്ന ഒരു വിഭാഗത്തെ താത്കാലികമായെങ്കിലും നിശബ്ദരാക്കാൻ കമ്മിഷൻ രൂപീകരിച്ചതിലൂടെ സാധിക്കും. സിപിഎം ജില്ലാ നേതൃത്വം ലക്ഷ്യമിടുന്നതും ഇതു തന്നെ.

### സിയാദിന്റെ ആത്മഹത്യാ കുറിപ്പ്: തുടർ നടപടി ശാസ്ത്രീയ പരിശോധനയ്ക്ക് ശേഷം

കൊച്ചി: ജീവനൊടുക്കിയ സിപിഎം തൃക്കാക്കര സെൻട്രൽ ലോക്കൽ കമ്മിറ്റിയംഗം വി.എ. സിയാദിന്റെ ആത്മഹത്യാ കുറിപ്പു ശാസ്ത്രീയ പരിശോധനയ്ക്കു വിധേയമാക്കും. കുറിപ്പിലെ കൈയക്ഷരവും ഒപ്പും സിയാദിന്റേതു തന്നെയാണെന്ന് ഉറപ്പാക്കാൻ ഫൊറൻസിക് വകുപ്പിന്റെയും കൈപ്പട വിദഗ്ധരുടെയും സഹായം തേടും. ഇതിനുള്ള നടപടിക്രമങ്ങൾ ഈയാഴ്ച തന്നെ തുടങ്ങുമെന്നു തൃക്കാക്കര പൊലീസ് അറിയിച്ചു.

കഴിഞ്ഞ ഒൻപതിനു വൈകിട്ടാണു സിയാദിനെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. അന്നു പൊലീസ് നടത്തിയ പരിശോധനയിൽ കിട്ടാതിരുന്ന ആത്മഹത്യാ കുറിപ്പാണ് മൂന്നു ദിവസം കഴിഞ്ഞ് സിയാദിന്റെ സ്കൂട്ടറിൽ നിന്നു ബന്ധുക്കൾ കണ്ടെടുത്തത്.

കളമശേരി ഏരിയ സെക്രട്ടറി സക്കീർ ഹുസൈൻ ഉൾപ്പെടെ സിപിഎം നേതാക്കളാണ് തന്റെ മരണത്തിന് ഉത്തരവാദികളെന്ന് സ്വന്തം കൈപ്പടയിലെഴുതി ഒപ്പിട്ട ആത്മഹത്യാ കുറിപ്പു വ്യാജമാണെന്ന ആരോപണവുമായി സിപിഎം നേതാക്കൾ രംഗത്തെത്തിയ സാഹചര്യത്തിലാണ് ശാസ്ത്രീയ പരിശോധനയ്ക്കു തൃക്കാക്കര പൊലീസ് തീരുമാനിച്ചത്. സിയാദിന്റേതു തന്നെയാണെന്നു സ്ഥിരീകരിച്ചാൽ കത്തിൽ പറഞ്ഞവർക്ക് എതിരെ ആത്മഹത്യാ പ്രേരണാ കുറ്റം ചുമത്തേണ്ടി വരും.

## മദ്യവിൽപ്പന ശാലകൾ അടയ്ക്കണം: സുധീരൻ

തിരുവനന്തപുരം: കൊറോണ ഭീതിയിൽ ബാറുകളും മദ്യവിൽപ്പന ശാലകളും അടച്ചു പൂട്ടണമെന്ന് കെപിസിസി മുൻ അധ്യക്ഷൻ വി.എം സുധീരൻ. മറ്റു മേഖലകളിലെ നിയന്ത്രണങ്ങൾ ഫലപ്രദമാകണമെങ്കിൽ മദ്യവിൽപ്പന മേഖലയിലും നിയന്ത്രണം ആവശ്യമാണ്. ജനാഭിപ്രായത്തോട് എക്സൈസ് മന്ത്രിക്ക് നിഷേധാത്മക നിലപാടാണെന്നും അദ്ദേഹം പറഞ്ഞു.

## വന്യജീവികളെ കാട്ടിലേക്ക് തിരികെ അയയ്ക്കാൻ ആക്ഷൻ തോക്കുകൾ

തിരുവനന്തപുരം: നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് മടക്കി അയയ്ക്കാൻ ഉപകരിക്കുന്ന പമ്പ് ആക്ഷൻ ഗണ്ണുകളുടെ വിതരണോദ്ഘാടനം വനം മന്ത്രി അഡ്വ. കെ. രാജു നിർവഹിച്ചു. അന്താരാഷ്ട്ര വന ദിനാഘോഷത്തിന്റെ ഭാഗമായി വനം ആസ്ഥാനത്ത് നടന്ന ചടങ്ങിൽ അഞ്ച് വനപാലകർ മന്ത്രിയിൽ നിന്നും തോക്കുകൾ ഏറ്റുവാങ്ങി.

ബാക്കിയുള്ള 45 തോക്കുകളുടെ വിതരണം പിന്നീട് നടക്കും. ആകെ 50 ടൈൽവ് ബോർ പമ്പ് ആക്ഷൻ ഗണ്ണുകളാണ് വനംവകുപ്പ് വാങ്ങിച്ചിട്ടുള്ളത്. പ്രത്യേകതരം ക്യാട്രിഡ്ജ് ഉപയോഗിച്ച് വെടി ഉതിർക്കുമ്പോൾ ഇതിൽ നിന്നു ണ്ടാകുന്ന ശബ്ദം കേട്ട് വന്യമൃഗങ്ങൾ കാട്ടിലേക്ക് പിൻവലിയുകയാണ് ചെയ്യുക.

മുഖ്യവനപാലകൻ പി.കെ. കേശവൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്ര കുമാർ, പിസിസിഎഫുമാരായ ബെന്നിച്ചൻ തോമസ്, ഡി.കെ. വർമ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പദ്മ മഹന്തി, എസ്റ്റേറ്റ് ഓഫിസർ ബി.എൻ. നാഗരാജ് തുടങ്ങിയവർ പങ്കെടുത്തു.

## അപകടത്തിൽ മരിച്ച യുവാവിന് കൊറോണയില്ല

ചാലക്കുടി: കൊറോണ നിരീക്ഷണത്തിലിരിക്കെ വാഹനാപകടത്തിൽ മരിച്ച യുവാവിന് കൊറോണയില്ല.

മേച്ചിറ കാര്യാടൻ സുരേഷിന്റെ മകൻ സുജിത് (30) മോട്ടോർ ബൈക്ക് അപകടത്തിൽ പരുക്കേറ്റു ചികിത്സയിലിരിക്കെ തിങ്കളാഴ്ച ഉച്ചയോടെ മരിക്കുകയായിരുന്നു. കൊറോണ നിരീക്ഷണത്തിലായതിനാൽ മൃതദേഹം തൃശൂർ മെഡിക്കൽ കോളെജിലേക്ക് മാറ്റിയിരിക്കുകയായിരുന്നു. പരിശോധനാ ഫലം വരാതെ പോസ്റ്റ്മോർട്ടം നടത്താൻ സാധിക്കാത്ത അവസ്ഥയിലായിരുന്നു.

വിദേശത്തായിരുന്ന സുജിത് പതിനൊന്നാം തിയതിയാണു നാട്ടിലെത്തിയത്. കൊറോണ നിരീക്ഷണത്തിന്റെ ഭാഗമായി പതിനാലു ദിവസം പുറത്തിറങ്ങരുതെന്നും വീട്ടിൽ കഴിയണമെന്നും ആരോഗ്യ വകുപ്പ് അധികൃതർ നിർദ്ദേശിച്ചിരുന്നെങ്കിലും ശനിയാഴ്ച രാത്രിയിൽ സുഹൃത്തുക്കളോടൊപ്പം പുറത്തേക്കു പോവുകയായിരുന്നു.

ചാലക്കുടിയിലേക്കു ബൈക്കിൽ വരുമ്പോഴായിരുന്നു അപകടം. ഇന്ന് പോസ്റ്റ്മോർട്ടത്തിനു ശേഷം മൃതദേഹം ബന്ധുക്കൾക്കു വിട്ടു നൽകും.

## കവളപ്പാറ: അനീഷിന്റെ ഭാര്യയ്ക്കു ജോലി

തിരുവനന്തപുരം: കവളപ്പാറയിൽ രക്ഷാപ്രവർത്തനത്തിനിടെ ജീവൻ നഷ്ടപ്പെട്ട അനീഷിന്റെ ഭാര്യ അശ്വതി സുകുമാരന് സർക്കാർ ജോലി നൽകും. മലപ്പുറം ജില്ലയിൽ ഏതെങ്കിലും വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ നിയമനം നൽകുന്നതിന് മലപ്പുറം ജില്ലാ കലക്റ്ററെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി.

# രജിത് കുമാറിനെ അറസ്റ്റ് ചെയ്തു

കൊച്ചി: കൊവിഡ് 19 ജാഗ്രത നിലനിൽക്കെ നിയന്ത്രണങ്ങൾ ലംഘിച്ച് നെടുമ്പാശേരി വിമാനത്താവളത്തിൽ ടിവി റിയാലിറ്റി ഷോയിൽ നിന്ന് പുറത്താക്കപ്പെട്ടയാൾക്ക് സ്വീകരണം നൽകിയ സംഭവത്തിൽ ഒന്നാം പ്രതി രജിത് കുമാറിനെ അറസ്റ്റ് ചെയ്തു. ഇന്നലെ രാവിലെ ആറ്റിങ്ങലിലെ വീട്ടിൽ നിന്ന് കസ്റ്റഡിയിലെടുത്ത രജിത് കുമാറിനെ വൈകിട്ടോടെയാണ് കൊച്ചിയിലെത്തിച്ചത്. ആലുവ ഈസ്റ്റ് പൊലീസ് സ്റ്റേഷനിൽ എത്തിച്ച ഇയാളെ നെടുമ്പാശേരി സിഐയുടെ നേതൃത്വത്തിൽ ചോദ്യം ചെയ്ത ശേഷം ജാമ്യത്തിൽ വിട്ടയച്ചു.

രജിത് കുമാറിനു പുറമെ 75 പേർക്കെതിരേയാണ് നെടുമ്പാശേരി പൊലീസ് കേസെടുത്തിരിക്കുന്നത്. 16 പേരെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിരുന്നു. വിമാനത്താവളത്തിലെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് രജിതിനെ സ്വീകരിക്കാൻ വരികയും മുദ്രാവാക്യം വിളിക്കുകയും ചെയ്ത മുഴുവൻ ആളുകളെയും തിരിച്ചറിയാനുള്ള ശ്രമം തുടരുകയാണെന്ന് പൊലീസ് പറഞ്ഞു.

രജിത്കുമാർ ഫാൻസ് അസോസിയേഷന്റെ പേരിൽ വിമാനത്താവളത്തിന്റെ പരിസരത്ത് ഞായറാഴ്ച രാത്രിയാണ് സ്വീകരണമൊരുക്കിയത്. നിയമവിരുദ്ധമായ സംഘം ചേരൽ, കലാപശ്രമം, സർക്കാർ ഉത്തരവ് ലംഘനം, പൊതുഗതാഗത സംവിധാനം തടസപ്പെടുത്തി ജനങ്ങൾക്ക് അപകടമുണ്ടാക്കുക തുടങ്ങിയ വകുപ്പുകൾ പ്രകാരമാണ് കേസ്. വിമാനത്താവളത്തിന്റെ 500 മീറ്റർ പരിധിയിൽ സംഘം ചേരരുതെന്ന ഹൈക്കോടതി ഉത്തരവ് മറികടന്നായിരുന്നു സ്വീകരണം. സഹമത്സരാർഥിയുടെ കണ്ണിൽ മുളകു തേച്ചതിനെ തുടർന്നാണ് രജിത്കുമാർ റിയാലിറ്റി ഷോയിൽ നിന്ന് പുറത്തായത്. അതേസമയം നിയന്ത്രണം നിലനിൽക്കെ സ്വീകരണമൊരുക്കിയതിൽ വിമാനത്താവള അധികൃതർക്കും വീഴ്ച സംഭവിച്ചെങ്കിലും ഇതുവരെ ആർക്കെതിരേയും നടപടി സ്വീകരിച്ചിട്ടില്ല. എയർപോർട്ട് സ്റ്റാഫ് അടക്കമുള്ളവർ രജിത്കുമാറിനൊപ്പം സെൽഫി എടുക്കുന്ന ദൃശ്യം നേരത്തെ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ചിരുന്നു.

### 'ആദ്യം വൈറസിനെ ഓടിക്കണം'

തിരുവനന്തപുരം: കൊറോണ വൈറസിനെതിരേ ജാഗ്രതയോടെ മുന്നോട്ടു പോകണമെന്ന് ബിഗ് ബോസ് താരം രജിത് കുമാർ അറസ്റ്റിലാകുന്നതിനു മുൻപ് ആറ്റിങ്ങലിലെ വീട്ടിൽ വച്ചു പറഞ്ഞു. "എന്നെ സ്നേഹിക്കുന്ന മലയാള സഹോദരങ്ങളോട് എനിക്ക് ഒരു അപേക്ഷയേയുള്ളൂ. സ്നേഹം രണ്ടാമതു മതി, ആദ്യം നമുക്ക് ഈ വൈറസിനെ ഓടിക്കണം. വൈറസിനെ ഓടിക്കാനുള്ള സ്നേഹമാണ് എല്ലാവരും ഒത്തൊരുമയോടെ കാണിക്കേണ്ടത്.

അതിന് നമ്മുടെ ഗവൺമെന്റിനെ സ്നേഹിക്കണം, ആരോഗ്യ വകുപ്പിനെ സ്നേഹിക്കണം, പൊലീസിനെയും ഡോക്റ്ററെയും സ്നേഹിക്കണം. കാരണം ഈ വൈറസ് വലിയ വില്ലനാണ്. ഒരു കുഞ്ഞിനുപോലും അസ്വസ്ഥത ഉണ്ടാകരുത്. വളരെ ജാഗ്രതയോടെ പോയാൽ മാത്രമേ ശരിയാകുകയുള്ളൂ. ഞാനല്ല പ്രധാനം. എല്ലാ നന്ദിയും സ്നേഹവും എന്റെ ഉള്ളിലുണ്ട്. നിങ്ങൾക്കറിയാമെന്നെ, ഞാൻ ഓടിയൊളിച്ചു കളയുന്ന ഒരാളല്ല. പക്ഷേ ഇപ്പോഴത്തെ അവസ്ഥ എന്നു പറയുന്നത് ഭീകരമാണ്. വളരെ ശ്രദ്ധയോടെ മുന്നോട്ടു പോകണം. നാട് രോഗത്തിൽ നിന്ന് മുക്തമായതിനു ശേഷം നമുക്കു വീണ്ടും സഹകരിക്കാം, സ്നേഹിക്കാം'- രജിത് കുമാർ പറഞ്ഞു.

# പ്രളയ ഫണ്ട് തട്ടിപ്പ്: പാർട്ടി കമ്മിറ്റിയെ വച്ചത് അപഹാസ്യം- ചെന്നിത്തല

തിരുവനന്തപുരം: എറണാകുളം കലക്റ്ററേറ്റിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് തട്ടിപ്പും ഇതോടനുബന്ധിച്ചുണ്ടായ ലോക്കൽ കമ്മിറ്റി അംഗത്തിന്റെ ആത്മഹത്യയും അന്വേഷിക്കാൻ പാർട്ടി കമ്മിറ്റിയെ നിയോഗിച്ച സിപിഎമ്മിന്റെ നടപടി അപഹാസ്യമാണെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. പാർട്ടി തന്നെ തട്ടിപ്പു നടത്തുകയും പിന്നീട് പാർട്ടി തന്നെ അന്വേഷണ കമ്മിഷനെ വയ്ക്കുകയുമാണ് ചെയ്തത്. ഈ തട്ടിപ്പിൽ പങ്കുള്ള പാർട്ടി നേതാക്കളെ രക്ഷപ്പെടുത്തുന്നതിനും സിപിഎമ്മിന്റെ മുഖം രക്ഷിക്കുന്നതിനും ഉള്ള വിദ്യ മാത്രമാണ് ഈ അന്വേഷണം.

സിപിഎം നേതാക്കൾ വളരെ ആസൂത്രിതമായി നടത്തിയ കൊള്ളയാണിത്. കേവലം രണ്ട് സർക്കാർ ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാൽ ഇത്തരത്തിൽ ലക്ഷങ്ങളുടെ പ്രളയ ഫണ്ട് തട്ടിക്കാൻ സാധിക്കില്ല. ദശാബ്ദങ്ങളായി സിപിഎം ഭരിക്കുന്ന അയ്യനാട് സർവ്വീസ് സഹകരണ സംഘത്തിനും ഈ തട്ടിപ്പിൽ വലിയ പങ്കുണ്ട്. ബാങ്കിന് ഫെഡറൽ ബാങ്ക് ശാഖയിലുള്ള അക്കൗണ്ടിലേക്കാണ് പ്രളയ ഫണ്ടിൽ നിന്നു ലക്ഷങ്ങൾ ഒഴുകിയെത്തിയത്. അവിടെ നിന്ന് ബാങ്ക് സെക്രട്ടറിയുടെയും മറ്റ് ഡയറക്റ്റർ ബോർഡ് അംഗങ്ങളുടെയും സഹായത്തോടെ സിപിഎം നേതാക്കൾ പ്രളയ ദുരിതാശ്വാസ ഫണ്ട് സ്വന്തം പേരിൽ മാറിയെടുക്കുകയായിരുന്നു.

ആത്മഹത്യ ചെയ്ത സിപിഎം നേതാവും ബാങ്ക് ഡയറക്റ്റർ ബോർഡ് മെമ്പറുമായ സിയാദിന്റെ ആത്മഹത്യാക്കുറിപ്പിൽ സിപിഎം കളമശേരി ഏരിയാ സെക്രട്ടറി സക്കീർ ഹുസൈനും മറ്റു സിപിഎം നേതാക്കളുമാണ് തന്റെ മരണത്തിനുത്തരവാദികൾ എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ കേസിന്റെ അന്വേഷണം അട്ടിമറിക്കാനാണ് സിപിഎം ശ്രമിക്കുന്നതെന്ന് ആത്മഹത്യ ചെയ്തയാളുടെ വീട്ടുകാർ ആരോപിക്കുന്നു.

പ്രളയ ദുരിതാശ്വാസ ഫണ്ട് തട്ടിച്ചതിൽ ഉന്നത സിപിഎം നേതാക്കൾക്കു പങ്കുണ്ടെന്ന് സിയാദിനറിയാമായിരുന്നതാണ് അദ്ദേഹത്തിന്റെ ആത്മഹത്യയിലേക്കു നയിച്ചതെന്ന സൂചനയുണ്ട്. പ്രളയ ദുരിതാശ്വാസ ഫണ്ട് തട്ടിച്ചതിൽ പ്രധാന പങ്കുള്ള സിപിഎം നേതാക്കളെ രക്ഷിച്ചെടുക്കുക എന്ന ഉദ്ദേശമേ ഈ തട്ടിക്കൂട്ടിയ പാർട്ടി അന്വേഷണ കമ്മിഷനുള്ളൂവെന്നും ചെന്നിത്തല പറഞ്ഞു.

# രാജുനാരായണ സ്വാമി തിരികെ സർവീസിൽ ഹാജരായി

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: നാളികേര വികസന ബോർഡ് മുൻ ചെയർമാൻ രാജുനാരായണ സ്വാമി സംസ്ഥാന സർവീസിൽ ഇന്നലെ റിപ്പോർട്ട് ചെയ്തു. ചീഫ് സെക്രട്ടറിക്ക് മുമ്പാകെ ഹാജരായാണ് അദ്ദേഹം ഇതിനുള്ള നടപടി സ്വീകരിച്ചത്. അനധികൃതമായി വിട്ടുനിൽക്കുന്ന രാജുനാരായണ സ്വാമിയെ കേന്ദ്ര സിവിൽ സർവീസിൽ നിന്നു പുറത്താക്കണമെന്ന ഫയൽ മുഖ്യമന്ത്രിക്കു മുന്നിൽ കഴിഞ്ഞ ദിവസം ചീഫ് സെക്രട്ടറി സമർപ്പിച്ചതിന് പിന്നാലെയാണ് അദ്ദേഹത്തിന്റെ ഹാജരാകൽ.

കഴിഞ്ഞ വർഷം മാർച്ചിൽ നാളികേര വികസന ബോർഡ് ചെയർമാൻ സ്ഥാനത്ത് നിന്ന് രാജു നാരയണ സ്വാമിയെ കേന്ദ്ര സർക്കാർ മാറ്റിയിരുന്നു. ഡെപ്യൂട്ടേഷൻ കാലാവധി തീർന്നതായും കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു. സർവീസിലിരിക്കെ കൃത്യവിലോപം കാട്ടിയതിനെ തുടർന്നാണ് മാറ്റിയതെന്നാണ് കേന്ദ്രത്തിന്റെ വിശദീകരണം. എന്നാൽ താൻ അഴിമതിക്കെതിരെ പ്രതികരിച്ചതു കാരണമാണ് മാറ്റിയതെന്നാണ് രാജു നാരായണസ്വാമി പറയുന്നത്.

ചെയർമാൻ സ്ഥാനത്തു നിന്ന് നീക്കിയ ശേഷം അദ്ദേഹം സർവീസിൽ തിരികെ കയറിയിട്ടില്ല. തിരിച്ചെത്താൻ ആവശ്യപ്പെട്ട് മുമ്പ് പൊതുഭരണവകുപ്പ് കത്തയച്ചിരുന്നു. കോടതിയിലും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസുള്ളതിനാലാണ് സർവീസിലേക്കു തിരികെ പ്രവേശിക്കാത്തതെന്നാണ് രാജു നാരായണ സ്വാമിയുടെ വാദം. സംസ്ഥാന സർവീസിൽ തിരികെ പ്രവേശിച്ചാൽ ഡെപ്യൂട്ടേഷനെ ബാധിക്കുമെന്നും രാജു നാരായണ സ്വാമി നേരത്തെ വ്യക്തമാക്കിയിരുന്നു.

ഇതിനിടെ, സ്വാമിയെ പുറത്താക്കണമെന്ന ശുപാർശ ചീഫ് സെക്രട്ടറി നേരത്തെ മുഖ്യമന്ത്രിക്ക് സമർപ്പിച്ചെങ്കിലും അദ്ദേഹം അത് സ്വീകരിച്ചില്ല. വിശദീകരണം തേടാനായിരുന്നു മുഖ്യമന്ത്രിയുടെ നിർദ്ദേശം.1991 കേഡറുകാരനായ രാജുനാരായണ സ്വാമി സിവിൽ സർവീസ് ഒന്നാം റാങ്കുകാരനാണ്. എസ്എസ്എൽസി, പ്രീഡിഗ്രി, ചെന്നൈ ഐഐടിയിൽ നിന്ന് ബിടെക് എന്നിവയിലും ഒന്നാം റാങ്കു നേടി.

# ലീഗ് പ്രവർത്തകൻ കുത്തേറ്റു മരിച്ചു, അയൽവാസി അറസ്റ്റിൽ

കുറ്റ്യാടി: തൊട്ടിൽപ്പാലം മുസ്ലിം ലീഗ് ഓഫിസിൽ മധ്യസ്ഥ ചർച്ചയ്ക്കിക്കിടയിൽ ഉണ്ടായ തർക്കത്തിൽ യൂത്ത് ലീഗ് പ്രവർത്തകനായ യുവാവ് കുത്തേറ്റു മരിച്ചു. കാവിലുംപാറ പഞ്ചായത്തിലെ കുണ്ടുതോട് ബെൽമൗണ്ട് സ്വദേശി എടച്ചേരിക്കണ്ടി ആലിയുടെ മകൻ അൻസാർ (29) ആണ് കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയ്ക്കിടെ മരിച്ചത്. ഇയാളെ കുത്തിയ ലീഗ് പ്രവർത്തകനും അയൽവാസിയുമായ അമ്മദ് ഹാജി(60)യെ തൊട്ടിൽപ്പാലം പൊലീസ് അറസ്റ്റ് ചെയ്തു. തിങ്കളാഴ്ച രാത്രി പത്തരയോടെയാണു സംഭവം.

നവമാധ്യമങ്ങളിൽ അഹമ്മദിനും കുടുംബത്തിനുമെതിരേ അപവാദ പ്രചരണം നടത്തിയതായി പരാതിയുണ്ടായിരുന്നു. ഇതിനെത്തുടർന്നാണു പ്രശ്നം പരിഹരിക്കാനായി അഹമ്മദ് മുസ്‌ലിം ലീഗിന്റെ പ്രാദേശിക നേതൃത്വത്തെ സമീപിച്ചത്. മധ്യസ്ഥ ചർച്ചക്കായി ഇരു കൂട്ടരെയും തൊട്ടിൽപ്പാലം ലീഗ് ഓഫിസിലേക്കു വിളിച്ചു വരുത്തുകയായിരുന്നു. മധ്യസ്ഥചർച്ചയിൽ ഇരു കൂട്ടരും രമ്യമായി പിരിഞ്ഞു. എന്നാൽ ഓഫിസിനു പുറത്തെത്തിയതിനു പിന്നാലെ വീണ്ടും തർക്കമുണ്ടായി. അഹമ്മദ് കത്തിയെടുത്ത് അൻസാറിനെ കുത്തുകയായിരുന്നുവെന്നാണു ലീഗ് നേതാക്കൾ പറയുന്നത്.

അറസ്റ്റിലായ അമ്മദ് ഹാജി

അൻസാർ

സ്ഥലത്തുണ്ടായിരുന്ന യൂത്ത് ലീഗ് കാവിലുംപാറ പഞ്ചായത്ത് പ്രസിഡന്റ് ശിഹാബിനും പഞ്ചായത്ത് മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി സി.എച്ച്. സൈദലവിക്കും അൻസാറിന്റെ പിതാവ് ആലിക്കും പരുക്കേറ്റു. യൂത്ത്‌ലീഗ് എസ്റ്റേറ്റ്മുക്ക് ശാഖ സെക്രട്ടറിയും കുറ്റ്യാടിയിലെ ഓട്ടൊ തൊഴിലാളിയുമാണ് അൻസാർ. ഉമ്മ: ജമീല. ഭാര്യ: സൈഫുന്നീസ ഏക മകൾ: ഐസ ഫാത്തിമ, സഹോദരൻ: അൻസിൽ. കോഴിക്കോട് മെഡിക്കൽ കോളെജിൽ പോസ്റ്റ്മോർട്ടം നടത്തിയ മൃതദേഹം കുണ്ടുതോട് എസ്റ്റേറ്റ് പള്ളിയിൽ വൻ ജനാവലിയുടെ സാന്നിധ്യത്തിൽ മയ്യിത്ത് നമ:സ്കാരം നടത്തിയ ശേഷം കുണ്ടുതോട് ജുമ: മസ്ജിദിൽ ഖബറടക്കി.

# ഐഎഎസുകാരുടെ വിദേശയാത്ര മുഖ്യമന്ത്രി വിശദീകരിക്കണം: മുല്ലപ്പള്ളി

തിരുവനന്തപുരം: ഉന്നത ഐഎഎസ് ഉദ്യോഗസ്ഥർക്ക് വിദേശയാത്രയ്ക്ക് അനുമതി നൽകാനുണ്ടായ പ്രത്യേക സാഹചര്യം വിശദീകരിക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ. കേന്ദ്രസർക്കാർ വിലക്കേർപ്പെടുത്തിയ രാജ്യങ്ങളിലേക്കാണ് ഉദ്യോസ്ഥരുടെ യാത്രയെന്നതു കൂടുതൽ ആശങ്ക വർധിപ്പിക്കുന്നു. ഭയമല്ല ജാഗ്രതയാണു വേണ്ടതെന്ന് മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും സർക്കാരും ഒരേ സ്വരത്തിൽ വിളിച്ചു പറയുമ്പോഴാണ് ഒട്ടും ജാഗ്രതയില്ലാത്ത ഈ നടപടിയെന്നും മുല്ലപ്പള്ളി.

കെഎസ്ഡിപി ഡയറക്റ്റർ എം.ജി. രാജമാണിക്യത്തിന് ലണ്ടനിലേക്കും ലേബർ അഡീഷണൽ ചീഫ് സെക്രട്ടറി സത്യജിത് രാജന് തായ്‌ലൻഡിലേക്കും ജലനിധി എക്സിക്യൂട്ടീവ് ഡയറക്റ്റർ ജോഷി ശശാങ്കിന് റഷ്യയിലേക്കും പോകാനാണ് സർക്കാർ അനുമതി. കഴിയുന്നതും അനാവശ്യയാത്രകൾ ഒഴിവാക്കേണ്ട സമയമാണിത്. അടിയന്തര പ്രധാന്യമുള്ള വിഷയങ്ങൾക്കായല്ല ഉദ്യോഗസ്ഥർക്ക് വിദേശയാത്രയ്ക്ക് അനുമതി നൽകിയിരിക്കുന്നത്.

മാർച്ച് മൂന്നു മുതൽ അഞ്ചുവരെ ബ്രിട്ടനിൽ പര്യടനം നടത്തിയ ശേഷം മടങ്ങിയെത്തിയ ഡിജിപി ക്വാറന്റൈൻ ചെയ്യുന്നതിനു പകരം പൊതുപരിപാടികളും മറ്റുമായി കറങ്ങി നടക്കുന്നത് കേരളം കണ്ടതാണ്. വിദേശരാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്നവരിലാണ് കൊവിഡ് 19 വൈറസ് വ്യാപനം വൻതോതിൽ കാണപ്പെടുന്നത്. വിദേശത്ത് നിന്നും മടങ്ങിയെത്തുന്നവർ നിർബന്ധമായും രോഗപ്പകർച്ച തടയാൻ വീട്ടിലോ ആശുപത്രികളിലോ ഐസലേഷൻ വാർഡുകളിലോ ക്വാറന്റൈൻ ചെയ്യണമെന്നും അല്ലെങ്കിൽ മൂന്നു വർഷം തടവിനും പതിനായിരം രൂപ പിഴയ്ക്കും ശിക്ഷിക്കുമെന്നും പറയുമ്പോഴാണ് ഡിജിപിയുടെ അനാസ്ഥ പ്രകടമാക്കുന്ന നടപടി. ഡിജിപിക്കും ആഭ്യന്തര സെക്രട്ടറിക്കുമെതിരേ എന്തുകൊണ്ടാണു നടപടി സ്വീകരിക്കാത്തതെന്നും മുല്ലപ്പള്ളി ചോദിച്ചു. ബിവറേജ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾക്ക് മുന്നിൽ ക്യൂ നിൽക്കുന്ന ആയിരക്കണക്കിന് സാധാരണക്കാരെ കണ്ടില്ലെന്നു നടിക്കുന്നത് പ്രതിഷേധാർഹമാണ്. ആൾക്കൂട്ടം ഉണ്ടാകാനിടയുള്ള അമ്പലങ്ങളും പള്ളികളും ഉൾപ്പടെ നിയന്ത്രണം ഏർപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്ന സർക്കാർ മദ്യശാലകൾ അടക്കില്ലെന്ന നിലപാട് പ്രതിഷേധാർഹമാണ്.

രോഗവ്യാപനം നടക്കാൻ എല്ലാ സാധ്യതയുള്ളപ്പോഴാണ് സർക്കാരിന്റെ ഈ വിരോധാഭാസം. ഇത് അധിക്ഷേപാർഹമാണ്.

അതിനാൽ മദ്യവിൽപ്പന ശാലകൾ അടച്ചിടാൻ സർക്കാർ തയ്യാറാകണമെന്നും മുല്ലപ്പള്ളി ആവശ്യപ്പെട്ടു.

**ആൾക്കൂട്ടം ഉണ്ടാകാനിടയുള്ള അമ്പലങ്ങളും പള്ളികളും ഉൾപ്പടെ നിയന്ത്രണം ഏർപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്ന സർക്കാർ മദ്യശാലകൾ അടക്കില്ലെന്ന നിലപാട് പ്രതിഷേധാർഹമാണ്.**

## ജുഡീഷ്യറിയുടെ വിശ്വാസ്യത തകർക്കുന്ന നടപടി

തിരുവനന്തപുരം: ഇന്ത്യൻ ജുഡീഷ്യറിയുടെ വിശ്വാസ്യതയും അന്തസും പാടെ തകർക്കുന്ന നടപടിയായി മാത്രമേ സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയിയുടെ രാജ്യസഭാ നിയമനത്തെ കാണാൻ കഴിയൂയെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ. തുടരെ തുടരെ ഇന്ത്യൻ ജുഡീഷ്യറിയുടെ മഹത്വം കളങ്കപ്പെടുന്ന നടപടികളാണ് മോദി അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുള്ളത്.

ജുഡീഷ്യറിയെ ഭരണകൂടത്തിന്റെ ഇംഗിതത്തിന് അനുസരിച്ച് ഉപയോഗിക്കുന്ന സ്ഥിതിയുണ്ടായാൽ രാജ്യം അരാജകത്വത്തിലേക്കു നീങ്ങുമെന്നും മുല്ലപ്പള്ളി പറഞ്ഞു.

ഡൽഹിയെ കലാപത്തിലേക്കു നയിച്ച പ്രകോപന പ്രസംഗം നടത്തിയ കേന്ദ്രമന്ത്രി ഉൾപ്പടെയുള്ളവർക്കെതിരേ നടപടി സ്വീകരിക്കാൻ ഉത്തരവിട്ട ഡൽഹി ഹൈക്കോടതി ജഡ്ജി മുരളീധറിനെ ഒറ്റരാത്രി കൊണ്ട് മാറ്റിയതും രാജ്യം കണ്ടതാണ്. ഇന്ത്യൻ ജനതയുടെ അവസാന ആശ്രയമായ ജുഡീഷ്യറിയെ മോദി സർക്കാർ വിലയ്ക്കെടുക്കുന്നത് രാജ്യം ഞെട്ടലോടെയാണു കാണുന്നത്. ജുഡീഷ്യറിയെ എങ്ങനെ അട്ടിമറിക്കുന്നു എന്നതിനു തെളിവാണിത്- മുല്ലപ്പള്ളി ചൂണ്ടിക്കാട്ടി.

# വാളയാർ: പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി

പാലക്കാട്: വാളയാർ അട്ടപ്പള്ളത്ത് പ്രായപൂർത്തിയാവാത്ത സഹോദരിമാർ ദുരൂഹ സാഹചര്യത്തിൽ മരിച്ച കേസിൽ വെറുതെ വിട്ട പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. കേസിലെ ഒന്ന്, രണ്ട്, മൂന്ന് പ്രതികളായ വലിയ മധു, കുട്ടി മധു, പ്രദീപ് കുമാർ എന്നിവരെയാണ് അറസ്റ്റ് ചെയ്ത് ഇന്നലെ ഉച്ചയോടെ പാലക്കാട് പോക്സോ കോടതിയിൽ ഹാജരാക്കിയത്. തുടർന്ന് രണ്ടു പേരുടെ ആൾ ജാമ്യത്തിൽ വിട്ടയച്ചു. ഇതിൽ നാലാം പ്രതി ഷിബു സ്ഥലത്തില്ലാത്തതിനാൽ ഹൈക്കോടതിയിൽ നിന്നയച്ച നോട്ടീസ് പോലും കൈപ്പറ്റിയിട്ടില്ല. ഷിബുവിനായുള്ള അന്വേഷണം ആരംഭിച്ചു.

വിചാരണക്കോടതി വെറുതെ വിട്ട ഇവരെ അറസ്റ്റ് ചെയ്യണമെന്നു കഴിഞ്ഞദിവസം ഹൈക്കോടതി ഉത്തരവിട്ടിരുന്നു. പ്രതികൾ രാജ്യം വിടാൻ പോലും സാധ്യതയുണ്ടെന്നതു പരിഗണിച്ചാണ് ഹൈക്കോടതി പ്രതികളെ അറസ്റ്റ് ചെയ്ത് ജയിലിൽ ഇടുകയോ ജാമ്യത്തിൽ വിടുകയോ വേണമെന്ന് നിർദേശിച്ചത്. വിചാരണ കോടതിയിൽ ഹാജരാക്കിയാൽ പ്രതികൾക്ക് ജാമ്യം അനുവദിക്കണമെന്നും ചീഫ് ജസ്റ്റിസ് അടങ്ങിയ ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടിരുന്നു.

ഇതേ തുടർന്നാണ് പാലക്കാട് ഡിവൈഎസ്പി സാജു കെ. എബ്രഹാമിന്റെ നേതൃത്വത്തിൽ പ്രതികളെ കരുതൽ തടങ്കലിലാക്കിയ ശേഷം ഇന്നലെ കോടതിയിൽ ഹാജരാക്കിയത്. പൊലീസ് സംരക്ഷണത്തിലാണ് പ്രതികളെ കോടതിയിൽ എത്തിച്ചത്.

# വാളയാർ കേസ് അട്ടിമറിച്ചവർക്കെതിരേ നടപടിയെടുക്കണം: കെ. സുരേന്ദ്രൻ

തിരുവനന്തപുരം: വാളയാറിൽ പീഡനത്തിനിരയായ സഹോദരിമാരെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ കേസ് അട്ടിമറിച്ചവർക്കെതിരേ അടിയന്തരമായി നടപടിയെടുക്കണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ. കേസ് അട്ടിമറിച്ച് പ്രതികൾക്കു രക്ഷപ്പെടാനുള്ള സാഹചര്യമൊരുക്കിയവരിൽ പൊലീസുകാരും സർക്കാർ അഭിഭാഷകരുമുണ്ട്. ഇവർ നിയമപരമായി ശിക്ഷിക്കപ്പെടുക തന്നെ വേണം.

വാളയാർ കേസിൽ ഇപ്പോൾ പുനർ വിചാരണയ്ക്കുള്ള സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഹൈക്കോടതിയുടെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ പ്രതികൾ വീണ്ടും അറസ്റ്റിലാകുന്ന സാഹചര്യമുണ്ടായി. സെഷൻസ് കോടതി വിധി ഹൈക്കോടതി അസ്ഥിരപ്പെടുത്തുകയാണുണ്ടായിരിക്കുന്നത്. കേസിന്റെ അന്വേഷണവും കോടതിയിലെ കേസ് നടത്തിപ്പും അട്ടിമറിക്കപ്പെട്ടതായി ഇതോടെ ബോധ്യമായിരിക്കുന്നു. കേസിൽ സർക്കാർ അപ്പീൽ നൽകിയത് സമൂഹത്തിൽ നിന്ന് വളരെയേറെ സമ്മർദ്ദം ഉണ്ടായതിന്റെ അടിസ്ഥാനത്തിലാണ്. പ്രതികൾക്ക് ശിക്ഷ ലഭിക്കണമെന്ന് സർക്കാരിന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ കേസ് അട്ടിമറിക്കാൻ കൂട്ടുനിന്ന ഡിവൈഎസ്പി അടക്കമുള്ളവർക്കെതിരേ നിയമ നടപടിയുണ്ടാകണമെന്നും സുരേന്ദ്രൻ.

# രാജ്യത്ത് മരണസംഖ്യ മൂന്നായി, 137 പേർക്ക് കൊവിഡ് 19

**മഹാരാഷ്ട്രയിൽ മൂന്നു വയസുകാരിക്കും രോഗം**

**15 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും കൊറോണ**

കൊറോണ രോഗം ബാധിച്ച 250 ഇന്ത്യക്കാർ ഇറാനിൽ കുടുങ്ങിയെന്ന് റിപ്പോർട്ട്. എന്നാൽ, ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ലെന്നു വിദേശകാര്യ മന്ത്രാലയം. ഇറാനിലെ ഇന്ത്യൻ എംബസി ഇതേക്കുറിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്ന് വിദേശകാര്യ അഡീഷനൽ സെക്രട്ടറി ദമ്മു രവി.

സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ, ജിമ്മുകൾ തുടങ്ങിയവ അടയ്ക്കും. അവധി അപേക്ഷകളോടു തുറന്ന സമീപനം. സമ്പർക്ക വിലക്ക് ആഗ്രഹിക്കുന്ന ആർക്കും അവധി നൽകണം. അസ്വാസ്ഥ്യം തോന്നിയാൽ ഉദ്യോസ്ഥ മേധാവികളും ഉടൻ ഓഫിസ വിടണം.

സർക്കാർ ഓഫിസ് സമുച്ചയങ്ങളുടെ കവാടങ്ങളിൽ തെർമൽ സ്കാനർ സ്ഥാപിക്കാൻ നിർദേശം. സന്ദർശകർക്കു വിലക്കേർപ്പെടുത്തി. എല്ലാ ഓഫിസുകളിലും സോപ്പും സാനിറ്റൈസറും ഉറപ്പാക്കും. ജീവനക്കാർ അനാവശ്യ യാത്രകള് ഒഴിവാക്കണം. ഫയൽ അയയ്ക്കുന്നതിനു പകരം ഇ മെയ്ൽ സൗകര്യങ്ങൾ ഉപയോഗിക്കുക.

ഹിമാചൽ പ്രദേശിൽ സർക്കാർ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾ അടച്ചു. ഭക്തർക്ക് ഇനി ഓൺലൈൻ ദർശനം. ശക്തി പീഠങ്ങളായ ജ്വാലാമുഖി, ബജ്രേശ്വരി കംഗ്ര, ചാമുണ്ഡ ക്ഷേത്രങ്ങൾ അടച്ചിടുന്നത് അത്യപൂർവം.

കൊറോണ പരിശോധനയിലേക്ക് സ്വകാര്യ ലാബുകളും. നിലവിൽ ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ചിന്റെ 72 ലാബുകളാണ് പരിശോധിക്കുന്നത്. ഇവയ്ക്കൊപ്പം സ്വകാര്യ ലാബുകൾക്കും അനുമതി നൽകും. സൗജന്യമായി പരിശോധന നടത്തണമെന്ന സ്വകാര്യ ലാബുകളോട് ഐസിഎംആർ ഡയറക്റ്റർ ജനറൽ ബൽറാം ഭാർഗവ.

ലഡാഖിൽ മൂന്നു പേർക്കു കൂടി രോഗം. മേഖലയിൽ ആറു പേരായി ആശുപത്രിയിൽ. കാർഗിൽ ജില്ലയിൽ നിരോധനാജ്ഞ. 50 പേരുടെ സാംപ്ലുകൾ പരിശോധനയ്ക്ക് അയച്ചു. 208 പേർ വീടുകളിൽ നിരീക്ഷണത്തിൽ.

## ടോം ഹാങ്ക്സ് ആശുപത്രിവിട്ടു

ബ്രിസ്ബെയ്ൻ: കൊറോണ ബാധിച്ചതിനെത്തുടർന്നു ചികിത്സയിലായിരുന്ന ഹോളിവുഡ് നടൻ ടോം ഹാങ്ക്സും ഭാര്യ റീത്ത വിൽസണും ആശുപത്രി വിട്ടു. ക്വീൻസ്‌ലാൻഡിലെ വാടകവീട്ടിൽ 14 ദിവസം സമ്പർക്ക വിലക്കിലായിരിക്കും ഇനി തങ്ങളെന്ന് ടോം ഹാങ്ക്സ് ട്വീറ്റ് ചെയ്തു. സിനിമ ചിത്രീകരണത്തിന്റെ ഭാഗമായി ഓസ്ട്രേലിയയിലെത്തിയപ്പോഴാണു ടോം ഹാങ്ക്സിനും ഭാര്യയ്ക്കും രോഗം പിടിപെട്ടത്. അസ്വാസ്ഥ്യങ്ങൾ മാറിയെന്നും താനും ഭാര്യയും പൂർണമായും സുഖപ്പെട്ടെന്നം ഹാങ്ക്സ്.

## ആലപ്പുഴ മെഡി. കോളെജ് വിദ്യാർഥികളുടെ മൂന്നാർ വിനോദ യാത്ര: 3 പേർക്ക് പനി ലക്ഷണങ്ങൾ

ആലപ്പുഴ: കൊവിഡ് ഭീതിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനമെങ്ങും അതീവ ജാഗ്രത പാലിക്കുന്നതിനിടെ ആലപ്പുഴ മെഡിക്കൽ കോളെജിലെ അവസാന വർഷ എംബിബിഎസ് വിദ്യാർഥികൾ വിനോദയാത്ര നടത്തിയത് പരിഭ്രാന്തി പരത്തി. കഴിഞ്ഞ ശനിയാഴ്ചയാണ് ഇവിടുത്തെ ഒരു സംഘം ആൺകുട്ടികൾ മൂന്നാറിലേക്കു പോയത്. വിനോദയാത്ര പൂർത്തിയാക്കി ചൊവ്വാഴ്ച മടങ്ങിയെത്തുകയും ചെയ്തിരുന്നു.

എന്നാൽ തിരിച്ചെത്തിയ ഇവരിൽ ചിലർക്കു പനിയും ജലദോഷവും കണ്ടതിനെത്തുടർന്ന് ഇവരും ഇപ്പോൾ നിരീക്ഷണത്തിലാണ്. മൂന്നു പേരിലാണ് പനിയുടെ ലക്ഷണങ്ങൾ കണ്ടത്. തങ്ങൾ അറിയാതെയാണ് ഇവർ വിനോദയാത്ര പോയതെന്ന് മെഡിക്കൽ കോളെജ് അധികൃതർ പറഞ്ഞു. കൊറോണ രോഗബാധയെത്തുടർന്നു രോഗികളെ പ്രവേശിപ്പിച്ച ആലപ്പുഴ മെഡിക്കൽ കോളെജിൽ നിന്നു തന്നെ ഇവർ വിനോദയാത്ര പുറപ്പെട്ടത് അധികൃതർ ഗൗരവത്തിലെടുത്തിട്ടുണ്ട്. കൊറോണ രോഗബാധിതനായ വിദേശി മൂന്നാറിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചതിനെത്തുടർന്ന് മൂന്നാറിൽ കർശന നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

## പള്ളികളിൽ ജാഗ്രത പാലിക്കണമെന്ന് മുസ്‌ലിം നേതാക്കൾ

കോഴിക്കോട്: കൊറോണ വൈറസ് വ്യാപനം തടയാൻ ആരോഗ്യ വകുപ്പ് നൽകുന്ന എല്ലാ നിർദ്ദേശങ്ങളും പൂർണമായും പാലിക്കണമെന്നും ധാരാളം ആളുകൾ ഒത്തുചേരുന്ന പള്ളികളിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തി അതീവ ജാഗ്രത പാലിക്കണമെന്നും മുസ്‌ലിം നേതാക്കളായ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ, കാന്തപുരം എ.പി. അബൂബക്കർ മുസലിയാർ, ടി.പി. അബ്ദുള്ളകോയ മദനി, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, സി.പി. ഉമ്മർ സുല്ലമി, എൻ.എ. അബ്ദുൽ അസീസ്, തൊടിയൂർ മുഹമ്മദ് കുഞ്ഞി മൗലവി, എ. നജീബ് മൗലവി, അയ്യിദ് ഹാഷിം അൽഹദ്ദാദ്, കടക്കൽ അബ്ദുൽ അസീസ് മൗലവി, ഡോ. ഫസൽ ഗഫൂർ, സി.പി. കുഞ്ഞിമുഹമ്മദ് തുടങ്ങിയ നേതാക്കൾ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

പനി, ചുമ, തുമ്മൽ, ജലദോഷം തുടങ്ങിയ രോഗമുള്ളവരും വേഗത്തിൽ രോഗം പടരാൻ സാധ്യതയുള്ള പ്രായമേറിയവരും, കുട്ടികളും പൊതു കൂടിച്ചേരലുകൾ ഒഴിവാക്കണം. വിദേശത്ത് നിന്ന് എത്തിയ ആളുകൾ രണ്ടാഴ്ച പുറത്തിറങ്ങരുതെന്ന ആരോഗ്യ വകുപ്പിന്റെ നിർദ്ദേശം പൂർണമായും പാലിക്കണം.

പള്ളി പരിസരങ്ങളും മറ്റു പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കുകയും ശുചീകരണത്തിന് ഹാൻഡ് വാഷ്, സോപ്പ് തുടങ്ങിയവ ഉപയോഗിക്കുകയും ചെയ്യണം. പൊതു ക്ലാസുകളും പൊതു സദസുകളും സംഘടിപ്പിക്കുന്നത് ഈ കാലയളവിൽ ഒഴിവാക്കണം. പരിശുദ്ധ മക്കയിലും മദീനയിലും ഉൾപ്പെടെ മുസ്‌ലിം രാജ്യങ്ങൾ പള്ളികളിൽ പൂർണമായ നിയന്ത്രണങ്ങളും ക്രമീകരണങ്ങളുമേർപ്പെടുത്തിയിട്ടുണ്ട്. മനുഷ്യന്റെ ആരോഗ്യത്തിനും ജീവനും ഏറെ വിലകൽപ്പിക്കുന്ന പരിശുദ്ധ ഇസ്‌ലാമിന്റെ നിർദ്ദേശങ്ങൾ പാലിച്ച് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തുടരുകയും ആത്മാർത്ഥമായി പ്രാർത്ഥിക്കുകയുമാണ് ചെയ്യേണ്ടതെന്നും നേതാക്കൾ.

## സാമ്പത്തിക രംഗവും ശ്രദ്ധിക്കണം: കെ.വി. തോമസ്

കൊച്ചി: കൊറോണ വൈറസ് ബാധ മൂലം കേരളത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാന സർക്കാർ അതീവ ശ്രദ്ധ പുലർത്തണമെന്നു മുൻ കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസ്.

ലോക വ്യാപകമായി വന്നിട്ടുള്ള സാമ്പത്തികത്തകർച്ചയും തൊഴിലില്ലായ്മയും കേരളത്തേയും രൂക്ഷമായി ബാധിച്ചിട്ടുണ്ട്. മാധ്യമങ്ങൾ, ജനങ്ങൾ, സർക്കാർ സംവിധാനം എന്നിവ ഒന്നിച്ചു പ്രവർത്തിക്കുന്നതിനാൽ രോഗബാധ തടയുന്ന കാര്യത്തിൽ കേരളം മുന്നിട്ടു നിൽക്കുന്നു. നമ്മുടെ സമ്പദ് വ്യവസ്ഥയിൽ നിർണായക സ്വാധീനം ചെലുത്തുന്ന മറുനാടൻ മലയാളി, ടൂറിസം മേഖലകൾ എന്നിവ പ്രതിസന്ധിയിലാണ്. നിർമാണ മേഖല, മത്സ്യമേഖല എന്നിവ ഗുരുതര സ്ഥിതിയിലാണ്.

കൊറോണ രോഗത്തെ നേരിടുന്നതുപോലെ തന്നെ പ്രധാനമാണ് ജനങ്ങളെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷപ്പെടുത്തുന്നതും. പ്രത്യേകിച്ചു ശ്രദ്ധിക്കേണ്ടത് ടൂറിസം മേഖലയെയാണ്. കേരളത്തിന്റെ പ്രധാന സാമ്പത്തിക വളർച്ചാ കേന്ദ്രമായി ഭാവിയിൽ ടൂറിസം മാറേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ശ്രദ്ധ പതിപ്പിച്ച് പ്രയാസം അനുഭവിക്കുന്ന മേഖലകൾക്ക് പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കണം- കെ.വി. തോമസ് ചൂണ്ടിക്കാട്ടി.

## പാക്കിസ്ഥാനിൽ ആദ്യ മരണം

ദുബായ്: കൊറോണ വൈറസ് ബാധിച്ച് പാക്കിസ്ഥാനിലും മരണം. ഇറാനിൽ നിന്നു മടങ്ങിയെത്തിയ പഞ്ചാബ് സ്വദേശിയാണ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ചത്. തിരികെയെത്തുമ്പോൾ തന്നെ അവശനായിരുന്നു ഇദ്ദേഹം. രാജ്യത്ത് കഴിഞ്ഞ രണ്ടു ദിവസത്തിനിടെ കൊറോണ ബാധിതരുടെ എണ്ണം മൂന്നു മടങ്ങായാണു വർധിച്ചത്. 194 പേർക്കാണ് ഇതുവരെ രോഗം ബാധിച്ചത്.

രോഗം ബാധിച്ചതിനെത്തുടർന്നു സമ്പർക്ക വിലക്കിൽ കഴിയുന്നവരുടെ കുടുംബാംഗങ്ങൾക്ക് സൗജന്യമായി ഭക്ഷണം നൽകുമെന്ന് സിന്ധ്- ഖൈബർ പക്തൂൺഖ ഭരണകൂടം അറിയിച്ചു.

*കരുതൽ...!* എപ്പോൾ വേണമെങ്കിലും വൈറസ് കടന്നുപിടിച്ചേക്കാമെന്ന ഭീതിയിലാണു ലോകം. എല്ലാവരും അതീവ കരുതലിൽ. സ്വന്തം കുഞ്ഞിനെ മാസ്ക് ധരിപ്പിച്ച് സുരക്ഷിതമാക്കി മാറോടക്കിപ്പിടിച്ചിരിക്കുന്ന അമ്മയുടെ ദൃശ്യം എറണാകുളം സൗത്ത് റെയ്‌ൽവേ സ്റ്റേഷനിൽ നിന്ന്. - മനു ഷെല്ലി

# കൊറോണ മരണസംഖ്യ 7497

- മരണ സംഖ്യയിൽ ചൈനയെ മറികടന്ന് ലോകരാജ്യങ്ങൾ
- ഇറ്റലിയിൽ മരിച്ചത് 2,158 പേർ.
- രോഗം 182,550 പേരിലേക്കു പടർന്നു
- ജർമനിയും ഇറ്റലിയും അതിർത്തികൾ അടച്ചു.
- സ്പെയ്ൻ, ഇറ്റലി, ബ്രിട്ടൻ രാജ്യങ്ങൾ കടുത്ത നിയന്ത്രണങ്ങളിലേക്ക്.
- സ്പെയ്നിൽ അടിയന്തരാവസ്ഥ
- ബ്രിട്ടൻ യാത്രാ വിലക്ക് ഏർപെടുത്തി

കൊവിഡ് 19 ബാധിച്ചു രണ്ടു പേർ മരിച്ചതോടെ ഈജിപ്റ്റ് 300 കുടുംബങ്ങളുള്ള ഒരു ഗ്രാമത്തെത്തന്നെ സമ്പർക്ക വിലക്കിലാക്കി. കെയ്റോയിൽ നിന്ന് 150 കിലോമീറ്റർ അകലെയുള്ള ദഖാലിയ ഗ്രാമത്തിലെ കുടുംബങ്ങൾക്കാണു നിയന്ത്രണം. ഒരു ഈജിപ്റ്റ് പൗരനും ഒരു ജർമൻ പൗരനുമാണ് ഇവിടെ മരിച്ചത്. 166 പേർ ചികിത്സയിലാണ്.

കൊറോണ സാമ്പത്തകരംഗത്തെ തകർത്തതോടെ വലിയ കമ്പനികളെ ദേശസാത്കരിക്കാൻ ഫ്രാൻസ്. വ്യവസായ രംഗത്തെയും തൊഴിലാളികളെയും സഹായിക്കാൻ 5000 കോടി ഡോളറിന്റെ പാക്കെജ് പ്രഖ്യാപിച്ചു ഫ്രഞ്ച് ധനമന്ത്രി ബ്രൂണോ ലി മെയിർ.

ഇറാനിൽ 20ന് നടക്കാനിരിക്കുന്ന പേർഷ്യൻ പുതുവത്സരാഘോഷങ്ങൾ റദ്ദാക്കി. വെടിക്കെട്ടും തീക്കുണ്ഡത്തിനു മുകളിലൂടെയുള്ള ചാട്ടവുമായാണ് ഇറാനിലെ പുതുവത്സരാഘോഷം. എല്ലാ വർഷവും നിരവധി പേർക്ക് പൊള്ളലേൽക്കാറുണ്ട് ഈ ഉത്സവത്തിൽ. രാജ്യത്ത് കൊറോണ ബാധിച്ച് 853 പേരാണു മരിച്ചത്. പോളണ്ടിൽ മന്ത്രിസഭ തന്നെ സമ്പർക്ക വിലക്കിൽ. മന്ത്രിമാരിൽ ഒരാൾക്കു കൊവിഡ് 19 സ്ഥിരീകരിച്ചതിനെത്തുടർന്നാണിത്. 10നു നടന്ന മന്ത്രിസഭാ യോഗത്തിൽ പങ്കെടുത്ത മുഴുവൻ പേർക്കും പരിശോധന. ഫലം വരുന്നതു വരെ ആരും പുറത്തിറങ്ങില്ല.

ലോകാരോഗ്യ സംഘടനയുടെ ജനീവയിലെ ആസ്ഥാനത്ത് രണ്ടു പേർക്ക കൊവിഡ് 19. ഇരുവരും വീടുകളിലേക്കു മടങ്ങി. സഹപ്രവർത്തകർക്ക് പരിശോധനയും സമ്പർക്കവിലക്കും. അത്യാവശ്യ ജോലികൾ വീട്ടിലിരുന്നു ചെയ്യാൻ നിർദേശം.

പുറത്തിറങ്ങുന്നവരെ സൈന്യത്തെ ഉപയോഗിച്ചു നേരിടാൻ ജോർദാൻ. രണ്ടാഴ്ച മുഴുവൻ സ്ഥാപനങ്ങളും അടച്ചിടും. അടിയന്തരഘട്ടങ്ങളിലല്ലാതെ ആരും പുറത്തിറങ്ങരുത്. പൊതുഗതാഗതം നിർത്തി. സർക്കാർ- സ്വകാര്യ ഓഫിസുകളും അടച്ചു.

വ്യാപാര സ്ഥാപനങ്ങളും വ്യവസായ ശാലകളും ഗതാഗതവും നിലച്ചതോടെ ലോകം സാമ്പത്തിക മാന്ദ്യത്തിലേക്കെന്ന് ധനകാര്യ വിദഗ്ധർ. സമീപകാലത്തെങ്ങും ഇതിൽ നിന്നു മോചനത്തിനു സാധ്യതയില്ല. കൊറോണ യൂറോപ്യൻ വേനൽക്കാലം വരെ ഭീഷണിയായി തുടർന്നേക്കുമെന്നും നിഗമനം. സ്പെയ്നിൽ മരണം 491. 11,178 പേർക്കു രോഗം സ്ഥിരീകരിച്ചു. ഇന്നലെ മാത്രം 1987 പേരിലേക്കു പടർന്നു കൊവിഡ് 19. ഏറ്റവും കൂടുതൽ രോഗികൾ മാഡ്രിഡിൽ.

ബ്രിട്ടിഷ് പാർലമെന്റ് അടച്ചു. ആദ്യഘട്ടത്തിൽ പ്രതീക്ഷിച്ചതിനെക്കാൾ വേഗത്തിലാണു വൈറസ് പടരുന്നതെന്നു ലണ്ടൻ മേയർ സാദിഖ് ഖാൻ. ലണ്ടനിൽ അതിവേഗമാണു രോഗം പടരുന്നത്. അത് ഇവിടത്തെ തിരക്കുമൂലമാണ്. രാജ്യത്തിന്റെ മറ്റു ഭാഗങ്ങൾ ഇതൊരു മുന്നറിയിപ്പായി സ്വീകരിച്ച് നടപടികളെടുക്കണമെന്നും അദ്ദേഹം.യുഎസിൽ രോഗബാധിതരുടെ എണ്ണം 4,407 ആയി. ഇവരിൽ 70 പേർ ചൈനയിൽ നിന്നെത്തിച്ചവരും ജപ്പാനിലെ ഡയമണ്ട് പ്രിൻസസ് കപ്പലിൽ നിന്നെത്തിച്ചവരും. കൂടുതൽ രോഗികൾ വാഷിങ്ടണിലും ന്യൂയോർക്കിലും- 900 വീതം. മരിച്ചത് 87 പേർ. രോഗം റിപ്പോർട്ട് ചെയ്യാത്തത് വെസ്റ്റ് വെർജീനിയയിൽ മാത്രം.

ഹോങ്കോങ്ങിൽ രോഗലക്ഷണങ്ങളുള്ളവർക്ക് കൈത്തണ്ടയിൽ ബാൻഡ് ഏർപ്പെടുത്തി. സമ്പർക്ക വിലക്ക് മറികടക്കുന്നത് ഒഴിവാക്കാനാണിത്. വിദേശത്തു നിന്നു വരുന്ന മുഴുവൻ പേർക്കും റിസ്റ്റ് ബാൻഡ്.

## ചരിത്രം കുറിച്ച് വാക്സിൻ പരീക്ഷണം, സ്വയം സമർപ്പിച്ച് ജെന്നിഫർ

*യുഎസിലെ സിയാറ്റിലിൽ കൊറോണ പ്രതിരോധ മരുന്നിന്റെ ആദ്യ പരീക്ഷണം ആരോഗ്യപ്രവർത്തക ജെന്നിഫർ ഹെല്ലറിൽ നടത്തുന്നു.*

സിയാറ്റിൽ: കൊറോണ വൈറസിനെ തളയ്ക്കാൻ ലോകം കൂട്ടായി ശ്രമിക്കുന്നതിനിടെ മനുഷ്യരിൽ വാക്സിൻ പരീക്ഷിച്ചു യുഎസ്. സിയാറ്റിലിലെ കൈസർ പെർമനന്റെ വാഷിങ്ടൺ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ആരോഗ്യ പ്രവർത്തക ജെന്നിഫർ ഹെല്ലറിലാണ് ആദ്യ ഡോസ് പരീക്ഷിച്ചത്. പിന്നീടു മൈക്രോസോഫ്റ്റ് എൻജിനീയർ നീൽ ബ്രൗണിങ്ങിലും റെബേക്ക എന്ന യുവതിയിലും മരുന്നു കുത്തിവച്ചു. ആകെ 45 വൊളന്റിയർമാർക്ക് ഒരു മാസത്തിനുള്ളിൽ രണ്ടു ഡോസ് മരുന്ന് കുത്തിവയ്ക്കാനാണു തീരുമാനം.

ഇതിനു പാർശ്വഫലങ്ങളുണ്ടോ എന്നു പരിശോധിച്ചശേഷമാകും തുടർ പരീക്ഷണങ്ങൾ. ചൈനയിൽ രോഗം കണ്ടെത്തി അറുപത്തഞ്ചു ദിവസം മാത്രം പിന്നിടുമ്പോഴാണ് യുഎസിൽ ആദ്യ വാക്സിൻ പരീക്ഷണം. റെക്കോഡ് വേഗത്തിലാണു വാക്സിൻ വികസിപ്പിച്ചതെന്ന് നേതൃത്വം നൽകുന്ന ഡോ. ലിസ ജാക്സൺ.

ഞങ്ങൾ ഇപ്പോൾ കൊറോണ വൈറസ് ടീമായി കഴിഞ്ഞു. ഇത്തരമൊരു അടിയന്തര സാഹചര്യത്തിൽ എല്ലാവരും അവരവരുടെ സംഭാവന നൽകാൻ ആഗ്രഹിക്കുകയാണ്. പഠനത്തിന് ഒരു ചെറിയ ടെക് കമ്പനിയുടെ ഓപ്പറേഷൻ മാനെജരിലാണ് വാക്സിൻ ആദ്യമായി കുത്തിവെച്ചത്. മറ്റ് മൂന്നുപേരിൽ കൂടി പരീക്ഷണാർഥം വാക്സിൻ പ്രയോഗിക്കും. - ഡോ. ലിസ ജാക്സൺ പറഞ്ഞു.

ഞങ്ങളെല്ലാം നിസ്സഹായരാണെന്ന തോന്നലിലാണ്. എന്തെങ്കിലും ചെയ്യാനുള്ള ഒരു മികച്ച അവസരമാണിത്. കൗമാരത്തിലെത്തിയ രണ്ടു മക്കളുണ്ട് എനിക്ക്. അവർ കൂടി പിന്തുണച്ചതോടെ പഠനത്തിന്റെ ഭാഗമാകുകയായിരുന്നു-ആദ്യ പരീക്ഷണത്തിനു സ്വയം സമർപ്പിച്ച നാൽപ്പത്തിമൂന്നുകാരി ജെന്നിഫർ പറഞ്ഞു. കുത്തിവയ്പ്പിന് ശേഷം നിറഞ്ഞ ചിരിയോടെയാണ് ജെന്നിഫർ പരിശോധനാ മുറിയിൽ നിന്ന് പുറത്ത് വന്നത്.

കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ തുടക്കമാണിത്. ഇനി വാക്സിൻ സുരക്ഷിതമാണെന്നും നന്നായി പ്രവർത്തിക്കുന്നുവെന്നും തെളിയിക്കേണ്ടതുണ്ട്. ഗവേഷണം ഫലപ്രാപ്തിയിലെത്തിയാലും ഒന്നര വർഷം വരെ വാക്സിൻ വ്യാപകമായി ലഭ്യമാകില്ലെന്ന് യുഎസ് ദേശീയ ആരോഗ്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ആന്റണി ഫൗസി പറഞ്ഞു.

കൊറോണ

### കുറിപ്പടിയില്ലാതെ മരുന്ന് നൽകരുത്: ആരോഗ്യ മന്ത്രി

തിരുവനന്തപുരം: ഡോക്റ്ററുടെ കുറിപ്പടിയില്ലാതെ മരുന്നുകൾ നൽകിയാൽ മെഡിക്കൽ സ്റ്റോറുകൾക്കെതിരേ കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ മന്ത്രി കെ.കെ. ശൈലജ. കൊറോണ വൈറസ് ബാധയെ തുടർന്ന് ആരോഗ്യ രംഗത്ത് സംജാതമായിട്ടുള്ള പ്രതിസന്ധി ഘട്ടത്തിൽ ചില മെഡിക്കൽ സ്റ്റോറുകൾ ഡോക്റ്ററുടെ കുറിപ്പടിയില്ലാതെ പനി, ചുമ, ജലദോഷം, തൊണ്ടവേദന എന്നീ രോഗാവസ്ഥകൾക്ക് മരുന്നുകൾ നൽകി വരുന്നതായി വ്യാപകമായി പരാതി ലഭിച്ചതിനെത്തുടർന്നാണു നടപടി. ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നുള്ളതിനാൽ ഇത്തരം വ്യാപാരികൾക്കെതിരേ കർശന നടപടികൾ സ്വീകരിക്കാൻ ഡ്രഗ്സ് കൺട്രോളർക്ക് നിർദേശം നൽകിയതായി മന്ത്രി അറിയിച്ചു.

## പരിശോധനയ്ക്ക് 'കിറ്റ്' ചെന്നൈയിൽ നിന്ന്

ചെന്നൈ: കൊവിഡ് 19 രോഗ പരിശോധനയ്ക്കുള്ള കിറ്റ് വികസിപ്പിച്ച് ചെന്നൈ കമ്പനി. രാജ്യത്ത് രോഗം കണ്ടെത്താനുള്ള പരിശോധനാ കിറ്റ് വേണ്ടത്ര ലഭ്യമല്ലാത്ത സാഹചര്യത്തിലാണു ചെന്നൈയിലെ ട്രിവിട്രോൺ ഹെൽത്ത് കെയർ ഗ്രൂപ്പിന്റെ ഉദ്യമം. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാൽ മൂന്നാഴ്ചയ്ക്കുള്ളിൽ കിറ്റുകൾ വിപണിയിലെത്തുമെന്നു ട്രിവിട്രോൺ ചെയർമാൻ ജി.എസ്.കെ. വേലു.

ഒരു മാസമായി ഇതിനുള്ള ഗവേഷണത്തിലായിരുന്നു കമ്പനി. ഇതാദ്യമാണ് ഒരു ഇന്ത്യൻ കമ്പനി കൊറോണ പരിശോധനാ കിറ്റ് വികസിപ്പിക്കുന്നത്. കൊറോണ വൈറസിനെ പൂനെ വൈറോളജി ലാബിൽ വേർതിരിച്ചെടുത്തതിനു പിന്നാലെയാണ് പരിശോധനാ കിറ്റ് രംഗത്തും ഇന്ത്യൻ നേട്ടം.

കൊറോണ ബാധിതരുടെയും നിരീക്ഷണത്തിലുള്ളവരുടെയും എണ്ണം ഉയർന്നതോടെ ജർമനിയിൽ നിന്ന് 10 ലക്ഷം കിറ്റുകൾ ഓർഡർ ചെയ്തിരുന്നു കേന്ദ്രം. എന്നാൽ, യൂറോപ്പിൽ നിന്നുള്ള വിമാനങ്ങൾക്കു വിലക്കേർപ്പെടുത്തിയതോടെ ഇവ എത്തിക്കുന്നതും പ്രതിസന്ധിയിലാണ്. ഈ സാഹചര്യത്തിലാണ് ഇവിടെത്തന്നെ കിറ്റുകൾ ലഭ്യമാകുന്നത്. 500-1000 രൂപയ്ക്കു കിറ്റുകൾ വിൽക്കാനാണ് കമ്പനി ആലോചിക്കുന്നതെന്നും വേലു. എന്നാൽ, ഇതു സ്വകാര്യ ആശുപത്രികൾക്കു നൽകുമോ എന്നു വ്യക്തമല്ല.

നിലവിൽ കൊറോണ സംശയിക്കുന്നവരുടെ സാംപ്ളുകൾ പരിശോധിക്കാൻ ദിവസങ്ങൾ വേണ്ടിവരുന്നുണ്ട്. ഇന്ത്യൻ നിർമിത കിറ്റുകളെത്തുന്നതോടെ ഈ പ്രതിസന്ധിക്കു പരിഹാരമാകുമെന്നു കരുതുന്നു.

## മാസ്കിനും മാനദണ്ഡം

ന്യൂഡൽഹി: കൊവിഡ് 19നെ നേരിടാൻ യാത്രാ വിലക്കുകൾ പ്രഖ്യാപിച്ചതിനു പിന്നാലെ കേന്ദ്ര സർക്കാർ പുതിയ മാനദണ്ഡങ്ങൾ പുറത്തിറക്കി. ഇതിലേറ്റവും പ്രധാനം മാസ്ക് ഉപയോഗം സംബന്ധിച്ച്. രോഗപ്രതിരോധത്തിന്റെ ഭാഗമായി മുഴുവൻപേരു മാസ്ക് ധരിക്കണമെന്നില്ലെന്ന് ആരോഗ്യമന്ത്രാലയം വ്യക്തമാക്കി.

**മാസ്ക് വേണ്ടത് ആർക്ക്?**

- നിങ്ങൾക്ക് കൊവിഡ് 19 രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ (ചുമ, പനി, ശ്വാസതടസം)
- നിങ്ങൾ കൊവിഡ് 19 രോഗിയെ/ ലക്ഷണങ്ങളുള്ള ആളെ പരിചരിക്കന്നെങ്കിൽ
- നിങ്ങൾ ശ്വാസതടസമോ പ്രശ്നങ്ങളോ ഉള്ള രോഗികളെ കാണുന്ന ആരോഗ്യപ്രവർത്തകനെങ്കിൽ.

**മാസ്ക് ധരിക്കേണ്ടതെങ്ങനെ**

- മാസ്കിന്റെ മടക്കുകൾ പൂർണമായി നിവർത്തുക, മടക്കുകൾ താഴേക്ക് അഭിമുഖമായി വരണം.
- ഓരോ ആറു മണിക്കൂറിലും, അല്ലെങ്കിൽ നനവു തട്ടുമ്പോൾ മാസ്ക് മാറ്റുക
- മൂക്കും വായയും താടിയും പൂർണമായി മൂടം വിധമാണു ധരിക്കേണ്ടത്.
- ഉപയോഗിച്ച മാസ്ക് അണുനാശിനി ഉപയോഗിച്ചു ശുദ്ധിവരുത്തി അടപ്പുള്ള വെയ്സ്റ്റ്ബിന്നിൽ നിക്ഷേപിക്കണം.
- ധരിക്കുന്ന സമയം മാസ്കിൽ തൊടരുത്.
- മാസ്ക് ഊരിയെടുക്കുമ്പോഴും പുറംഭാഗത്ത് തൊടരുത്.
- കഴുത്തിൽ തൂക്കിയിടരുത്.
- മാസ്ക് നീക്കിയാൽ കൈ സോപ്പുപയോഗിച്ചു കഴുകണം.

## രോഗി സഞ്ചരിച്ചു; യാത്രക്കാരുടെ പട്ടിക കൈമാറി റെയ്‌ൽവേ

ഭുവനേശ്വർ: കൊവിഡ് 19 ബാധിതൻ സഞ്ചരിച്ചതിനെത്തുടർന്ന് കോച്ചിൽ ഒപ്പമുണ്ടായിരുന്ന മുഴുവൻ യാത്രക്കാരുടെയും പട്ടിക ആരോഗ്യവകുപ്പിനു കൈമാറി റെയ്‌ൽവേ. ഡൽഹി- ഭുവനേശ്വർ രാജധാനി എക്സ്പ്രസിലാണ് ഇറ്റലിയിൽ നിന്നെത്തിയ കൊവിഡ് 19 ബാധിതൻ സഞ്ചരിച്ചത്. 12ന് ഭുവനേശ്വറിലെത്തിയ യുവാവിനു പിറ്റേന്ന് രോഗം സ്ഥിരീകരിച്ചു. ഇതേത്തുടർന്ന് ഒഡീശ ആരോഗ്യവകുപ്പ് ഇയാളുടെ ഒപ്പം സഞ്ചരിച്ചവരുടെ വിവരം ആവശ്യപ്പെടുകയായിരുന്നു.

രോഗി സഞ്ചരിച്ച കോച്ച് ട്രെയ്നിൽ നിന്നു നീക്കി അണുവിമുക്തമാക്കി. ഇതിലെ കർട്ടനുകളും വിരികളുമെല്ലാം നീക്കി. രാജ്യത്ത് ഇതു രണ്ടാം തവണയാണ് കൊറോണ വൈറസ് ബാധിതർ ട്രെയ്നിൽ സഞ്ചരിക്കുന്ന സാഹചര്യം.

നേരത്തേ, ബംഗളൂരുവിൽ കൊവിഡ് 19 ബാധിതന്റെ ഭാര്യ സമ്പർക്ക വിലക്ക് ലംഘിച്ചു ഡൽഹിക്കു വിമാനത്തിൽ യാത്ര ചെയ്യുകയും അവിടെ നിന്ന് ആഗ്രയിലെ വീട്ടിലേക്ക് ട്രെയ്നിൽ യാത്ര ചെയ്യുകയും ചെയ്തിരുന്നു. കഴിഞ്ഞ ഒമ്പതിന് ആഗ്രയിലേക്ക് ഗതിമാൻ എക്സ്പ്രസിലായിരുന്നു യാത്ര. ഈ ട്രെയ്നിലെ കോച്ചും മാറ്റിയിട്ടിരിക്കുകയാണ്. അന്നുണ്ടായിരുന്ന യാത്രക്കാർ ആരോഗ്യവകുപ്പിൽ റിപ്പോർട്ട് ചെയ്യണമെന്നും റെയ്‌ൽവേ നിർദേശിച്ചു. അന്ന് ട്രെയ്നിലുണ്ടായിരുന്ന ജീവനക്കാരെ 14 ദിവസം സമ്പർക്ക നിയന്ത്രണത്തിലാക്കിയിട്ടുണ്ട്. ഇവർക്ക് ഇതേവരെ രോഗലക്ഷണങ്ങളില്ലെന്നു റെയ്‌ൽവേ.

കേരളത്തിൽ മുഴുവൻ റെയ്‌ൽവേ സ്റ്റേഷനുകളിലും ആളുകൾക്ക് പനിയുണ്ടോ എന്നു പരിശോധിക്കുന്നുണ്ട്. എന്നാൽ, രാജ്യമൊട്ടാകെ പ്രതിദിനം 2.3 കോടി യാത്രക്കാരെ പരിശോധിക്കുക എന്നതു പ്രായോഗികമല്ലെന്നു റെയ്‌ൽവേ.

മുംബൈയിലും ഡൽഹിയിലും തിരക്കേറിയ സമയങ്ങളിൽ അഞ്ചു ലക്ഷത്തോളം പേരാണു യാത്ര ചെയ്യുന്നത്. എല്ലാവരെയും പരിശോധിക്കാൻ കഴിയില്ല. പലപ്പോഴും ട്രെയ്ൻ സ്റ്റേഷൻ വിടാറാകുമ്പോഴാണ് യാത്രക്കാർ ഓടിയെത്തുന്നത്.

അപ്പോൾ പരിശോധിക്കാൻ ശ്രമിക്കുന്നത് സംഘർഷമുണ്ടാക്കും. പരമാവധി ആളുകളെ ബോധവത്കരിക്കുകയും കോച്ചുകളും വാതിൽപ്പടിയും വാതിലിന്റെ ഹാൻഡിലുകളും ടൊയ്‌ലെറ്റുമൊക്കെ കൂടുതൽ തവണ അണുവിമുക്തമാക്കുകയുമാണു പോംവഴിയെന്നും മുതിർന്ന റെയ്‌ൽവേ ഉദ്യോസ്ഥൻ പറഞ്ഞു.

### പ്ലാറ്റ്ഫോം ടിക്കറ്റിന് 50 രൂപ

ന്യൂഡൽഹി: രാജ്യത്തെ 250 റെയ്‌ൽവേ സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോം ടിക്കറ്റിന് 50 രൂപയാക്കി ഉയർത്തി. പത്തു രൂപയിൽ നിന്നാണ് അഞ്ചു മടങ്ങ് വർധന. കൊവിഡ് 19 പടരുന്ന സാഹചര്യത്തിൽ റെയ്‌ൽവേ സ്റ്റേഷനുകളിലെ തിരക്കു കുറയ്ക്കാനാണു നടപടിയെന്ന് അധികൃതർ.

## കർണാടകയിൽ മരിച്ചയാളെ ചികിത്സിച്ച ഡോക്റ്റർക്കും കൊറോണ

ബംഗളൂരു: കർണാടകയിൽ കൊവിഡ് 19 ബാധിതനെ ചികിത്സിച്ച ഡോക്റ്റർക്കും രോഗം. കൊവിഡ് ബാധിച്ച് മരിച്ച കൽബുർഗി സ്വദേശിയെ ചികിത്സിച്ച 63 കാരനായ ഡോക്റ്ററെയാണ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിലേക്കു മാറ്റിയത്. സൗദിയിൽ നിന്ന് മടങ്ങിയെത്തിയ 76 കാരനാണ് കൽബുർഗിയിൽ മരണമടഞ്ഞത്. ഇദ്ദേഹത്തെ ചികിത്സിച്ച ഡോക്റ്ററും പരിചരിച്ചവരുമെല്ലാം നിരീക്ഷണത്തിലായിരുന്നു. ഡോക്റ്ററുൾപ്പെടെ മൂന്ന് പേർക്കാണ് കർണാടകത്തിൽ ഏറ്റവും ഒടുവിൽ രോഗം സ്ഥിരീകരിച്ചത്. ഇതോടെ സംസ്ഥാനത്ത് രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം പത്തായിട്ടുണ്ട്. ബ്രിട്ടനിൽ നിന്ന് മടങ്ങിയെത്തിയ 20കാരിക്കും രോഗം കണ്ടെത്തി.

മരണമടഞ്ഞയാളുടെ മകൾക്കും ആശുപത്രിയിലുണ്ടായിരുന്ന മെഡിക്കൽ വിദ്യാർഥിക്കും നേരത്തേ രോഗം സ്ഥിരീകരിച്ചിരുന്നു. തൃശൂർ സ്വദേശിയായ വിദ്യാർഥിനി കേരളത്തിൽ തിരിച്ചെത്തിയതോടെയാണ് രോഗം സ്ഥിരീകരിച്ചത്.

## മോദി സർക്കാരിനെ പ്രശംസിച്ച് ലോകാരോഗ്യ സംഘടന

ന്യൂഡൽഹി: കൊവിഡ് 19 പ്രതിരോധത്തിനായി കേന്ദ്ര സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിച്ച് ലോകാരോഗ്യ സംഘടന. ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ചുമായി(ഐസിഎംആർ) നടന്ന ചർച്ചയ്ക്കുശേഷമാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഡബ്ല്യുഎച്ച്ഒയുട ഇന്ത്യൻ പ്രതിനിധി ഹെങ്ക് ബെക്കദാമിന്റെ പ്രശംസ.

'രോഗപ്രതിരോധത്തിനോടുള്ള ഇന്ത്യൻ സർക്കാരിന്റെ പ്രതിജ്ഞാബദ്ധത അങ്ങേയറ്റം പ്രശംസനീയമാണ്. മുകൾത്തട്ടിൽ നിന്നുതന്നെ, പ്രധാനമന്ത്രിയുടെ ഓഫിസിന്റെ ഇടപെടലുകളോടെ നടത്തപ്പെടുന്ന ഈ പ്രവർത്തനങ്ങൾ വളരെ വിപുലവും പ്രശംസ അർഹിക്കുന്നതുമാണ്. ഇന്ത്യ ഈ മേഖലയിൽ വളരെ മികച്ച രീതിയിൽ മുന്നേറുന്നതിന്റെ കാരണങ്ങളിൽ ഒന്ന് ഇതാണ്. രോഗപ്രതിരോധത്തിനായി എല്ലാവരും കർമനിരതരാകുന്നത് മതിപ്പുളവാക്കുന്നു.' ബെക്കദാം പറഞ്ഞു.

ഇന്ത്യയിൽ തങ്ങൾക്ക് വളരെ മികച്ച ഗവേഷണ സൗകര്യങ്ങളാണ് ഇന്ത്യയിലെ ഗവേഷകർ രോഗത്തിന് കാരണമായ വൈറസിനെ ഐസൊലേറ്റ് ചെയ്തുവെന്നും ഇന്ത്യ ഗവേഷണ സമൂഹത്തിന്റെ ഭാഗമായി തുടരുമെന്നും അദ്ദേഹം പറഞ്ഞു.

## ബംഗളൂരുവിൽ 'രോഗി മുങ്ങി', മുംബൈയിൽ രോഗികൾക്ക് 'മുദ്ര'

ബംഗളൂരു: കർണാടകയിലെ ഇന്ദിരനഗറിൽ നിരീക്ഷണത്തിലിരുന്നയാൾ മുങ്ങി. യുഎസിൽ നിന്നു കഴിഞ്ഞദിവസമെത്തിയ ഇയാളെ ബംഗളൂരു വിമാനത്താവളത്തിലെ പരിശോധനയ്ക്കുശേഷം ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഫലം കാത്തിരിക്കവെയാണ് ആശുപത്രി മുറിയിൽ നിന്നു കടന്നത്. ആന്ധ്രപ്രദേശിലെ അനന്തപുർ സ്വദേശിയെന്നാണ് യാത്രാരേഖകളിൽ ഇയാളുടെ വിലാസം. ബസിലോ ട്രെയ്നിലോ ഇയാൾ നാട്ടിലേക്കു പോകുന്നത് മറ്റുള്ളവർക്കും രോഗം പകരാനിടയാക്കുമെന്നതിനാൽ പൊലീസ് പൊതുഗതാഗത സംവിധാനങ്ങളിലടക്കം പരിശോധന തുടരുകയാണ്.അതേസമയം, മുംബൈയിൽ വിദേശത്തു നിന്നു മടങ്ങിയെത്തുന്ന മുഴുവൻ പേരുടെയും കൈയിൽ സമ്പർക്കവിലക്ക് മുദ്ര പതിപ്പിച്ചു തുടങ്ങി. ആളുകൾ വിലക്കു മറികടന്നു പുറത്തിറങ്ങുന്ന പശ്ചാത്തലത്തിലാണു നടപടി.

## മലേഷ്യയിൽ പാസ്റ്റർ മരിച്ചു, പള്ളിയിലെത്തിയവർ നിരീക്ഷണത്തിൽ

ക്വലാലംപുർ: മലേഷ്യയിൽ കൊവിഡ് 19 ബാധിച്ച് ഇമ്മാനുവൽ ബാപ്റ്റിസ്റ്റ് പള്ളിയിലെ 60 കാരനായ പാസ്റ്റർ മരിച്ചു. രാജ്യത്ത് ആദ്യ കൊറോണ മരണമാണിത്. 673 പേർക്ക് രോഗം ബാധിച്ചിട്ടുണ്ട്. പേർക്കാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്.

മരിച്ചയാളുമായി സമ്പർക്കം പുലർത്തിയിരുന്ന 193 പേരെ ആരോഗ്യവകുപ്പ് കണ്ടെത്തി നിരീക്ഷണത്തിലാക്കി. നിരവധി രാജ്യങ്ങളിൽ നിന്നായി 10,000 ലധികം ആളുകൾ പങ്കെടുത്ത ഒരു പള്ളിയിലെ പരിപാടിയിൽ പങ്കെടുത്തവരാണ് രാജ്യത്ത് കൊറോണ സ്ഥിരീകരിച്ചിട്ടുള്ളവരിൽ ഏറെപ്പേരും. സിംഗപ്പൂർ, ബ്രൂണെ എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരും പരിപാടിയിൽ പങ്കെടുത്തിരുന്നു.

## നാവിക സേന ക്വാറന്റൈൻ സൗകര്യമൊരുക്കും

കൊച്ചി: കൊവിഡ് ബാധിത രാജ്യങ്ങളിൽ നിന്നു തിരിച്ചെത്തുന്ന ഇന്ത്യക്കാർക്ക് നാവിക സേന ക്വാറന്റൈൻ സൗകര്യമൊരുക്കും. കൊച്ചിയിലെ ദക്ഷിണ നാവിക സേനാ ആസ്ഥാനത്തെ നേവൽ ബേസിൽ 200 പേരെ ക്വാറന്റൈൻ ചെയ്യാൻ ആവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയതായി പ്രതിരോധ വക്താവ് അറിയിച്ചു. കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരമാണു നടപടി. ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ് എന്നിവയുമായി സഹകരിച്ചു ഹോട്ടലുകൾ, റസ്റ്ററന്റുകൾ എന്നിവിടങ്ങളിൽ ക്വാറന്റൈൻ സൗകര്യം ഒരുക്കുന്നതിനും നാവിക സേന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഏത് അടിയന്തര സാഹചര്യവും നേരിടാൻ നാവിക സേന പൂർണ സജ്ജമാണെന്നും അധികൃതർ അറിയിച്ചു.

## ശ്രീചിത്രയിൽ ഒപി തുടരുന്നതായി അധികൃതർ

തിരുവനന്തപുരം: ശ്രീചിത്ര മെഡിക്കൽ സെന്ററിൽ അടിയന്തര പ്രാധാന്യമുള്ള ശസ്ത്രക്രിയകളും ഒപി സേവനവും മുടക്കമില്ലാതെ നടക്കുന്നുവെന്ന് അധികൃതർ. ഉടനടി ചെയ്യേണ്ടതില്ലാത്ത ചികിത്സകളും രോഗികളെ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതും മാറ്റിവച്ചു. ഇക്കാര്യം രോഗികളെ അറിയിക്കുകയും ചെയ്തു. സന്ദർശകരുടെ എണ്ണം നിയന്ത്രിക്കാനും സുരക്ഷിതമായ അകലം നിലനിർത്താനും ഒപി ഉൾപ്പെടെയുള്ള വിവിധ ഭാഗങ്ങളിലെ തിരക്ക് ഒഴിവാക്കാനുമായി ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

കോവിഡ്19 സ്ഥിരീകരിച്ച ശ്രീചിത്രയിലെ ഡോക്റ്ററുമായി അടുത്തിടപഴകിയവരെ കണ്ടെത്തുകയും അവരെ വീടുകളിൽ നിരീക്ഷണത്തിലാക്കുകയും ചെയ്തു. കോണ്ടാക്റ്റ് പട്ടികയിൽ ഉൾപ്പെടാത്ത ജീവനക്കാർ സാധാരണ നിലയിൽ ജോലി ചെയ്യുന്നു. രോഗബാധിതനായ ഡോക്റ്റർ ജോലി ചെയ്തിരുന്ന ഇടങ്ങളിലും ആശുപത്രിയുടെ മറ്റ് ഭാഗങ്ങളിലും അണുനശീകരണ പ്രവർത്തനങ്ങൾ വീണ്ടും നടത്തി.

വിദേശയാത്ര കഴിഞ്ഞ് മടങ്ങിവരുന്നരുമായി ബന്ധപ്പെട്ട് മാർച്ച് 11ന് സർക്കാർ പുറത്തിറക്കിയ മാർഗനിർദേശങ്ങൾ, യാത്രാവിവരങ്ങൾ, ആരോഗ്യസ്ഥിതിഎന്നിവയുടെ അടിസ്ഥാനത്തിലാണ് രോഗബാധിതനായ ഡോക്റ്ററെ ഹോം ക്വാറന്റൈനിൽ നിന്ന് നേരത്തേ ഒഴിവാക്കിയത്. രോഗലക്ഷണങ്ങൾ ഇല്ലാതിരുന്നിട്ടും അദ്ദേഹത്തെ മാർച്ച് 11 മുതൽ വീട്ടിൽ നിരീക്ഷണത്തിലാക്കി. രോഗലക്ഷണങ്ങൾ ഉള്ളതായി 13 വരെ അദ്ദേഹം അറിയിച്ചിട്ടില്ല.

രോഗികളുടെയും ജീവനക്കാരുടെയും വിദ്യാർഥികളുടെയും ആശങ്കകൾ അകറ്റാനും സംശയങ്ങൾ ദൂരീകരിക്കാനും മാർഗനിർദേശങ്ങൾ നൽകുന്നതിനും ശ്രീചിത്ര ഹെൽപ്പ്ലൈൻ ആരംഭിച്ചു. രോഗികൾക്ക് അടിയന്തര ചികിത്സയും ജീവനക്കാർക്ക് സുരക്ഷിതമായ തൊഴിലിടവും ഉറപ്പാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നു- അധികൃതർ അറിയിച്ചു.

### കേന്ദ്രമന്ത്രി സന്ദർശിച്ചത് അവധി ദിവസം

കേന്ദ്ര മന്ത്രി വി. മുരളീധരൻ 14ന് ഉച്ചയ്ക്കു മുമ്പാണ് ഡയറക്റ്ററുടെ ഓഫിസ് സന്ദർശിച്ചത്. അന്ന് അവധി ദിനമായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ രണ്ട് ഉദ്യോഗസ്ഥരും പൂജപ്പുര ബയോമെഡിക്കൽ ടെക്നോളജി വിഭാഗത്തിലെ രണ്ടുപേരുമാണ് മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. ഇവർക്ക് രോഗബാധിതനായ ഡോക്റ്ററുമായി മാസങ്ങളായി യാതൊരു സമ്പർക്കവും ഉണ്ടായിരുന്നില്ല.

ആശുപത്രി കെട്ടിടത്തിൽ നിന്ന് മാറി മറ്റൊരു കെട്ടിടത്തിലാണ് ഡയറക്റ്റർ ഓഫിസ് പ്രവർത്തിക്കുന്നത്. മന്ത്രി ആശുപത്രി സന്ദർശിച്ചിട്ടുമില്ല. മന്ത്രിയുടെ സന്ദർശനം നടക്കുന്ന സമയത്ത് ഡോക്റ്റർ വീട്ടിൽ നിരീക്ഷണത്തിലായിന്നു. ആദ്യപരിശോധനയിൽ അദ്ദേഹത്തിന് വൈറസ് ബാധ സ്ഥിരീകരിച്ചിരുന്നില്ല. മന്ത്രിയുടെ സന്ദർശസമയത്ത് ഡെപ്യൂട്ടി ഡയറക്റ്ററുടെ ക്വാറന്റൈൻ കാലാവധി അവസാനിച്ചിരുന്നു. അദ്ദേഹത്തിന്റെ ക്വാറന്റൈൻ കാലാവധി 28 ദിവസത്തേക്ക് കൂടി നീട്ടിക്കൊണ്ടുള്ള ഉത്തരവ് 16നാണ് ലഭിക്കുന്നത്. ഈ കാലാവധി അവസാനിക്കുന്നത് വരെ അദ്ദേഹം ഹോം ക്വാറന്റൈനിൽ തുടരും.

## കൊറോണയ്ക്കു പിന്നാലെ സാമ്പത്തികത്തകർച്ച; മുന്നറിയിപ്പുമായി രാഹുൽ

ന്യൂഡൽഹി: കൊറോണ വൈറസിനു പിന്നാലെ വരാനിരിക്കുന്ന സാമ്പത്തികത്തകർച്ചയെ നേരിടാനും രാജ്യം തയാറാകണമെന്നു കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. ഇല്ലെങ്കിൽ ചിന്തിക്കാൻ കഴിയാത്ത വേദനയിലൂടെയാകും ജനത കടന്നുപോകുകയെന്നും അദ്ദേഹം.

'ആൻഡമാൻ നിക്കോബാറിൽ സുനാമി വരുന്നതിന് മുൻപ് കടൽവെള്ളം ഉൾവലിഞ്ഞു. വെള്ളം വലിയ രീതിയിൽ കുറഞ്ഞതോടെ തദ്ദേശവാസികൾ മീൻപിടിക്കാനായി കടലിലേക്കിറങ്ങി. ആ സമയത്താണ് വെള്ളം ക്രമാതീതമായി ഉയർന്നത്. ഞാൻ സർക്കാരിന് മുന്നറിയിപ്പ് നൽകുകയാണ്. അവർ വിഡ്ഢികളെപ്പോലെ ചുറ്റിത്തിരിയുകയാണ്. എന്താണ് ചെയ്യേണ്ടതെന്ന വ്യക്തമായ ധാരണ അവർക്കില്ല. കൊറോണ വൈറസ് എന്ന്പറയുന്നത് സുനാമി പോലെയാണ്', രാഹുൽ പറഞ്ഞു. കൊറോണ വൈറസ് വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ കാര്യക്ഷമമല്ലെന്നും രാഹുൽ കുറ്റപ്പെടുത്തി.

*പാർലമെന്റിൽ രാഹുൽ ഗാന്ധി മാധ്യമങ്ങളോടു സംസാരിക്കുന്നു.*

- ആർ. രവീന്ദ്രൻ

കരുണാകരൻ നായർ

അങ്കമാലി: വടക്കെ കിടങ്ങൂർ അറയ്ക്കമുത്താട്ട് കരുണാകരൻ നായർ (95) അന്തരിച്ചു. നായത്തോട് പാലക്കാട്ടുകാവ് മുൻ വെളിച്ചപ്പാട് ആയിരുന്നു. സംസ്കാരം നടത്തി. മക്കൾ: അശോക് കുമാർ, രാഗേഷ് കുമാർ, സജീവ് കുമാർ. മരുമക്കൾ: ഇന്ദിര, പുഷ്പ (തുറവൂർ പഞ്ചായത്ത് മുൻ അംഗം), ഷീജ.

മറിയം

മഞ്ഞപ്ര: പി ആൻഡ് പി നഗറിൽ കരുമത്തി പരേതനായ ഔസേപ്പിന്റെ ഭാര്യ മറിയം (92) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ത്രേസ്യാമ്മ, പൗലോസ്, ആഗസ്തി, ദേവസിക്കുട്ടി, മേരി, ജോൺസൻ. മരുമക്കൾ: പരേതനായ തെറ്റയിൽ ജോസ് (മേയ്ക്കാട്), അന്നംകുട്ടി, മേരി, ലിസി, പെരിയപ്പാടൻ പോളച്ചൻ (നടുവട്ടം), ലിസി.

പാർത്ഥസാരഥി

പുണിത്തുറ: ഗാന്ധി സ്ക്വയർ കണ്ണോകട വീട്ടിൽ പുഷ്പാലയത്തിൽ പാർത്ഥസാരഥി (69) അന്തരിച്ചു. കസ്റ്റംസ് റിട്ട. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്നു. സംസ്കാരം ഇന്ന് രാവിലെ 11ന് തൃപ്പൂണിത്തുറ ശ്മശാനത്തിൽ. ഭാര്യ: ബാലചന്ദ്രിക. മകൻ: രൂപേഷ്.

കുറുമ്പ

അയ്യമ്പുഴ: അയ്യമ്പുഴ ഉപ്പുകല്ലിൽ കുമ്പളത്ത് വീട്ടിൽ പരേതനായ കെ.എ. പള്ളിയുടെ ഭാര്യ കുറുമ്പ (84) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് മുക്കന്നൂർ ശാന്തിവനം ശ്മശാനത്തിൽ. തുറവൂരിൽ ചിറയ്ക്കൽ കുടുംബാംഗം. മക്കൾ: കുഞ്ഞപ്പൻ, രാജൻ, അശ്വതിചന്ദ്രൻ. മരുമക്കൾ: ഉഷ, ശോഭന, ചന്ദ്രൻ.

ഡെൻസിൽ

വൈപ്പിൻ: എളങ്കുന്നപ്പുഴ ഇല്ലിക്കൽ പരേതനായ ജോസഫ് ഡിക്കൂഞ്ഞയുടെ മകൻ ഡെൻസിൽ (65) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് പെരുമ്പിള്ളി തിരുകുടുംബ ദേവാലയ സെമിത്തേരിയിൽ. ഭാര്യ: ട്രീസ. മക്കൾ: റെക്സൺ, റെമിത, റിൻസൻ. മരുമകൻ: ജെബിൻ ഫ്രാൻസിസ്.

നാരായണൻ

കൂത്താട്ടുകുളം: പാലക്കുഴ നിരപ്പേൽ നാരായണൻ (71) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30ന് വീട്ടുവളപ്പിൽ. ഭാര്യ: തടത്തിൽ അമ്മ. മക്കൾ മിനി, പ്രകാശ്, രാജേഷ്. മരുമക്കൾ: ജോയി, ലത, ഷിജി.

റാഹേൽ

ചെന്നിത്തല: തൃപ്പെരുന്തുറ പടിഞ്ഞാറെവെടികുടുന്നയിൽ യോഹന്നാൻ തങ്കച്ചന്റെ ഭാര്യ റാഹേൽ (75) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് സെന്റ് ജോർജ് ഹോറേബ് യാക്കോബായ മേനി. മക്കൾ: അച്ചൻകുഞ്ഞ്, ലീലാമ്മ, മോനച്ചൻ, ജോളി, പരേതയായ മോനി. മരുമക്കൾ: കുഞ്ഞുമോൾ മാത്യു, മോളമ്മ, കോശി, ഷാജി.

റോസമ്മ

ചേർത്തല: പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പതിനഞ്ചാം വാർഡ് വെട്ടയ്ക്കൽ ചക്കുപറമ്പിൽ (നാനാട്ട്) പരേതനായ കുര്യാക്കോസിന്റെ ഭാര്യ റോസമ്മ (89) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: എബ്രഹാം, റീത്തമ്മ, റെജി. മരുമക്കൾ: ത്രേസ്യാമ്മ, പൊന്നപ്പൻ, കുര്യാക്കോസ്(പാപ്പച്ചൻ).

സുനിൽ

തുറവൂർ: കുത്തിയതോട് പഞ്ചായത്ത് പത്താം വാർഡിൽ കൊല്ലശ്ശേരി വീട്ടിൽ സുനിൽ (40) അന്തരിച്ചു. സംസ്കാരം നടത്തി. അമ്മ: പങ്കജാക്ഷി തങ്കപ്പൻ. ഭാര്യ: മായ. സഹോദരി: ഷൈല.

മറിയാമ്മ തോമസ്

കൊല്ലം: കരവാളൂർ കോയിപ്പുറത്ത് വീട്ടിൽ കെ.പി. തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (93) അന്തരിച്ചു. സംസ്കാരം നാളെ വൈകിട്ട് 4ന് കരവാളൂർ ബഥേൽ മാർത്തോമ പള്ളി സെമിത്തേരിയിൽ. പരേത കുറിയന്നൂർ വടക്കേത്ത് കുടുംബാംഗമാണ്. മക്കൾ: രമണി കോശി തോപ്പിൽ, പരേതനായ അഡ്വ. ഫിലിപ്പ് കെ. തോമസ് (ആർഎസ്പി മുൻ ജില്ലാ സെക്രട്ടറി), ജേക്കബ് കെ. തോമസ് (രഞ്ജൻ, മുൻ മാർത്തോമ സഭ കൗൺസിൽ മെമ്പർ), സതോഷ് തോമസ് (ഇന്ത്യൻ എക്സ്പ്രസ് കോഴിക്കോട് എഡിഷൻ മുൻ ഡെപ്യൂട്ടി). മരുമക്കൾ: കോശി ടി. നൈനാൻ (തോപ്പിൽ, മാവേലിക്കര കുവൈറ്റ് എയർവൈസ്, മുൻ ചീഫ് മെയിന്റനൻസ് എൻജിനീയർ), പരേതയായ കുമാരി ഫിലിപ്പ് (തെക്കുംപുറത്ത് കോതമംഗലം), സുജ ജേക്കബ് (റിട്ട. ഹെഡ്മിസ്ട്രസ് എഎംഎച്ച്എസ് കരവാളൂർ മുളമൂട്ടിൽ ചടയമംഗലം), ആനി തോമസ് (മേടയിൽ കൊല്ലം, എൻഐഇഎസ് മേധാവി, ഇന്ത്യൻ സ്കൂൾ മസ്കറ്റ്).

ലക്ഷ്മി കുട്ടിയമ്മ

വടക്കാഞ്ചേരി: വെങ്ങിലിശ്ശേരി കാവുങ്ങൽ പരേതനായ വിദ്യാസാഗർ പണിക്കരുടെ ഭാര്യ അമ്പലപ്പാട്ട് ലക്ഷ്മി കുട്ടിയമ്മ (84, റിട്ട. ഹെഡ്മിസ്ട്രസ് സെന്റ് തോമസ് യുപി സ്കൂൾ പുലിയന്നൂർ) അന്തരിച്ചു. മക്കൾ: രാഗദാസ്, രതി. മരുമക്കൾ: നളിനി, രാജഗോപാൽ.


എ.ടി. ചാക്കോ

തിരുവല്ല: വള്ളംകുളം അരീക്കര എ.ടി. ചാക്കോ (90) അന്തരിച്ചു. സംസ്കാരം ഇന്ന് വൈകിട്ട് 3ന് വള്ളംകുളം സെന്റ് മേരീസ് ക്നാനായ ബഥേൽ പള്ളി സെമിത്തേരിയിൽ. ഭാര്യ: മേരിക്കുട്ടി, എടത്വ ആഞ്ഞിലിമൂട്ടിൽ കുടുംബാംഗം. മക്കൾ: ഷാജി, ജോസൻ. മരുമക്കൾ: മറിയാമ്മ, ബിനി.

കെ. ശാരദ

മുഹമ്മ: പുന്നപ്ര വയലാർ സമര സേനാനിയും കലവൂർ സഹകരണ ബാങ്ക് പ്രസിഡന്റുമായിരുന്ന കലവൂർ തയ്യിൽ വീട്ടിൽ പരേതനായ ആർ. തങ്കപ്പന്റെ ഭാര്യ കെ. ശാരദ (90) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30ന് വീട്ടുവളപ്പിൽ. മക്കൾ: ആനന്ദമ്മാൾ, വി.ടി. അജയകുമാർ (കലവൂർ സഹകരണ ബാങ്ക് പ്രസിഡന്റ്), ടി.ടി. അജിത്കുമാർ, എസ്. സിന്ധു, എസ്. ബിന്ദു. മരുമക്കൾ: പൊന്നപ്പൻ, സുഗന്ധി, ജൂലി, മനോഹരൻ, രാജേഷ്.

സത്യഭാമ

മുഹമ്മ: മാരാരിക്കുളം വടക്ക് പഞ്ചായത്ത് മൂന്നാം വാർഡ് കാവരത്തി വെളിയിൽ പരേതനായ രാജപ്പന്റെ ഭാര്യ സത്യഭാമ (83) അന്തരിച്ചു. മക്കൾ: വിജയമ്മ, പ്രസന്ന, മായാദേവി, ഷൈലജ, രേണുക, മജീന്ദ്ര, ദിനകരൻ (ഉണ്ണി), സിനിമോൾ, വി.ആർ. ദിനേശ് (സിപിഎം ചെത്തി ലോക്കൽ കമ്മിറ്റി അംഗം, കണിച്ചുകുളങ്ങര സഹകരണ ബാങ്ക് പ്രസിഡന്റ്). മരുമക്കൾ: ഉഷ, വാസു, മോഹനൻ, ഗോപാലകൃഷ്ണൻ, ഹരിദാസ്.

ആമിന

കുന്ദമംഗലം: കാരന്തൂർ പരേതനായ തലാനൂർ മമ്മദ് കോയയുടെ ഭാര്യ ഇടക്കുനി ആമിന (80) അന്തരിച്ചു. മക്കൾ: ടി. അബ്ദുള്ളക്കോയ(സബ് ഇൻസ്പെക്ടർ ഓഫ് പൊലീസ്, എ ആർ ക്യാമ്പ് കോഴിക്കോട്), സി. അബ്ദുൾ ഗഫൂർ (വൈസ് പ്രസിഡന്റ് കുന്ദമംഗലം പഞ്ചായത്ത് മുസ്ലിം ലീഗ് കമ്മിറ്റി), ഫാത്തിമ. മരുമക്കൾ: സുബൈദ, ഷഹർ ബാൻ ഗഫൂർ (മുൻ മെമ്പർ കുന്ദമംഗലം ഗ്രാമപഞ്ചായത്ത്), പരേതനായ അബ്ദുള്ളക്കോയ (പെരുമണ്ണ).

മേരി

കൂത്താട്ടുകുളം: ഇടയാർ തേക്കുംകാട്ടിൽ പരേതനായ ടി.പി. കുര്യാക്കോസിന്റെ ഭാര്യ മേരി (65) അന്തരിച്ചു. ചോരക്കുഴി ചിറപ്പാട്ട് കുടുംബാംഗം. സംസ്കാരം ഇന്ന് വൈകിട്ട് 3ന് ഇടപ്പാൾ സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ. മക്കൾ: ഷാജി (ഗ്രാൻഡ് എന്റർപ്രൈസസ് ചെന്നൈ), സജി (സൂപ്പർ ടോയ്സ്, എറണാകുളം). മരുമക്കൾ: സിമി, ലിഷ.

മുഹമ്മദ് കുഞ്ഞ്

തിരുവനന്തപുരം: കലയപുരം സങ്കേതത്തിലെ അന്തേവാസി മുഹമ്മദ് കുഞ്ഞ് (81) അന്തരിച്ചു. കൊട്ടാരക്കര പൊലീസിന്റെ ശുപാർശപ്രകാരം കൊട്ടാരക്കരയിലും പരിസരപ്രദേശത്തും അലഞ്ഞുനടക്കുകയായിരുന്ന കൊട്ടാരക്കര പൊയ്കയിൽ വീട്ടിൽ മുഹമ്മദ്കുഞ്ഞിനെ 2019 ഫെബ്രുവരിയിൽ എസ്ജി കോളജ് പ്രിൻസിപ്പലും കുട്ടികളും ചേർന്ന് ആശ്രയയിൽ എത്തിക്കുകയായിരുന്നു. മൃതദേഹം താലൂക്ക് ആശുപത്രി മോർച്ചറിയിൽ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക- 9447798963

സി. സുധാകരൻ

മുഹമ്മ: വടക്കനാര്യാട് തകിടി വെളി (എട്ടു കണ്ടത്തിൽ) സി. സുധാകരൻ (82) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് വീട്ടുവളപ്പിൽ. പുന്നപ്ര വയലാർ സമര സേനാനി പരേതനായ ചെല്ലപ്പൻ മൂപ്പന്റെ മകനാണ്. ഭാര്യ: രമണി. മക്കൾ: ബാബു, ഷാജി, മിനി. മരുമക്കൾ: അമ്പിളി, ഷൈനി, കുഞ്ഞുമോൻ.


ഔസേഫ്

കുന്നത്തങ്ങാടി: കോവിൽ റോഡിൽ ചിറയത്ത് ഔസേഫ് (87) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ എൽസി. മക്കൾ: ലിസി, സണ്ണി, ജോൺസൻ, ബാബു. മരുമക്കൾ: തോമസ്, ഷീന, ഷീബ, ടെസി.

അമലോ

കുണ്ടൂർ: പരേതനായ പാറാശ്ശേരി ചിക്കാട്ടിയുടെ ഭാര്യ അമലോ (84) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ഷിലു, ജോസ്, ലോനപ്പൻ, ആനി, മേരി, ജെസി, ലാലി, ഷാജി, സ്റ്റാൻസി. മരുമക്കൾ: ജോൺ, ഷാന്റി, പരേതരായ ജെസി, ഡിക്ലോസ്, മാത്യു, സേവ്യർ, പൗലോസ്, സിന്ധു, സന്ധ്യ.

ശ്രീദേവി

വെള്ളിമാടുകുന്ന് എൻജിഒ ക്വാർട്ടേഴ്സ്: പരേതനായ ഇരിയമ്പറമ്പത്ത് നാരായണൻനായരുടെയും പരേതയായ വടുവത്തേത്ത് മീനാക്ഷി അമ്മയുടെയും മകൾ ശ്രീദേവി (62) അന്തരിച്ചു. ഭർത്താവ്: വേണുഗോപാൽ. സഹോദരങ്ങൾ: പത്മിനി, പരേതനായ രവീന്ദ്രൻ, ബാലചന്ദ്രൻ (ഇന്ത്യൻ കോഫി ഹൗസ്), തങ്കമണി, ഗീത.

യാക്കോബ്

മല്ലശ്ശേരി: പെരുമാടൻ യാക്കോബ് (75) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: റോസമ്മ. മക്കൾ: റോയ്, റിജി. മരുമക്കൾ: സോണിയ, അഭി.


റോസ

വടക്കാഞ്ചേരി: ആറ്റത്ര തലക്കോട്ടൂർ പരേതനായ അന്തോണിയുടെ ഭാര്യ റോസ (86) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ഔസേഫ്, ലിസി, തോമസ്, ജാൻസി. മരുമക്കൾ: ലിസി, ജോണി, ഷൻസി, ജോൺസൺ.

ജോർജ്

ചാലക്കുടി: കാതിക്കുടം തെക്കുംതല പള്ളത്തുകാട്ടിൽ ഔസേപ്പിന്റെ മകൻ ജോർജ് (75) അന്തരിച്ചു. ഭാര്യ: സെലിന. മക്കൾ: ഷൈനി, ഷെറി, ഷിനോ, ഷിജോ. മരുമക്കൾ: അഗസ്റ്റിൻ, ജൂഡി, ജോളി, നിഷ.

പത്മാവതിയമ്മ

നേമം: ഇടയ്ക്കോട് കുണ്ടറക്കാട് വീട്ടിൽ പത്മാവതിയമ്മ (74) അന്തരിച്ചു. മക്കൾ: പി. വിജയകുമാരി, പി. ശ്രീദേവി, പി. ശ്രീകല, എം. സുനിൽകുമാർ. മരുമക്കൾ: ജയചന്ദ്രൻ, ഗോപാലകൃഷ്ണൻ, ദേവകുമാർ, കുമാരി ഷിജ.

ഹിമ

മഞ്ചേരി: പുൽപ്പറ്റ കളത്തുംപടിയിൽ താഴത്തു വീട്ടിൽ മണികണ്ഠൻ (പെരിന്തൽമണ്ണ പോളിടെക്നിക് അധ്യാപകൻ) കെ.ബി. ശ്രീജ (പുല്ലൂർ ജിയുപി സ്കൂൾ അധ്യാപിക) ദമ്പതികളുടെ മകൾ ഹിമ (18) അന്തരിച്ചു. കോട്ടയം പാലായിൽ എൻട്രൻസ് കോച്ചിങ് വിദ്യാർഥിനിയായിരുന്നു. സഹോദരങ്ങൾ: അഭിജിത്ത്, ആദിത്യ കൃഷ്ണൻ.

ജോർജ്

ചാലക്കുടി: നോർത്ത് ചാലക്കുടി കുത്തുപ്പിള്ളി പറമ്പ് മാനുവലിന്റെ മകൻ ജോർജ് (രാജു-62) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30ന് ചാലക്കുടി തിരുകുടുംബ ലത്തീൻ ദേവാലയത്തിൽ. ഭാര്യ: ലിസി. മക്കൾ: സിജി, ജിസി. മരുമക്കൾ: ബാബു, ജോസ്.

ആമിന

കോവൂർ: കോളപ്പുറത്ത് പടിക്കൽ പരേതനായ മൊയതീൻ കോയുടെ ഭാര്യ ആമിന (84) അന്തരിച്ചു. മക്കൾ: പരേതനായ അബൂബക്കർ, അയിശ, സഹിത.


ശങ്കരൻ നാരായണൻ

കുത്താട്ടുകുളം: ഒലിയപ്പുറം മുണ്ടോകണ്ടത്തിൽ ശങ്കരൻ നാരായണൻ (87) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന്. ഭാര്യ: മുളക്കുളം ഇലവനാംപറമ്പിൽ കൗസല്യ. മക്കൾ: ഗോപിദാസ്, ബാബു, സജീവൻ, രാജീവ്, സന്തോഷ്, സുജമോൾ. മരുമക്കൾ: ലത, ഗീത, സിന്ധു, അമ്പിളി, സൈനി, സുശീൽകുമാർ.

കെ. അബൂബക്കർ മൗലവി

കുന്ദമംഗലം: മുസ്ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതി അംഗവും, മുൻ ജില്ലാ കൗൺസിൽ അംഗവുമായ ചാത്തമംഗലം കെ. അബൂബക്കർ മൗലവി (78) അന്തരിച്ചു. പ്രമുഖ പണ്ഡിതൻ പരേതരായ കെ. ഉസ്മാൻ മുസ്ലിയാരുടേയും ഫാത്തിമ്മയുടേയും മകനാണ്. ജില്ലാ മുസ്ലിം ലീഗ് ആക്ടിങ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, കുന്ദമംഗലം നിയോജക മണ്ഡലം മുസ്ലിം ലീഗ് പ്രസിഡന്റ്, എസ്വൈഎസ് മണ്ഡലം പ്രസിഡന്റ്, കെഎടിഎഫ് സംസ്ഥാന കമ്മിറ്റി അംഗം, അധ്യാപക ക്ഷേമനിധി മെമ്പർ, കെഎസ്ആർടിസി ഡയറക്ടർ ബോർഡ് മെമ്പർ, ജില്ലാ പ്ലാനിങ് ബോർഡ് മെമ്പർ, ചാത്തമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജില്ലാ കൗൺസിൽ മെമ്പർ, ജില്ലാ പഞ്ചായത്ത് മെമ്പർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ചാത്തമംഗലം ചെലപ്രം മഹല്ല് ഖാളിയായിരുന്നു. ദീർഘകാലമായി ചാത്തമംഗലം മഹല്ലിന്റെ പ്രസിഡന്റായി പ്രവർത്തിച്ചു വരികയായിരുന്നു. ദീർഘകാലം ചന്ദ്രികയുടെ മെഡിക്കൽ കോളജ്, ചാത്തമംഗലം ലേഖകനായി പ്രവർത്തിച്ചിരുന്നു. ഭാര്യ: നഫീസ ഹജ്ജുമ്മ. മക്കൾ: അഷ്റഫ് (കെഎസ്ഇബി അസിസ്റ്റന്റ് എൻജിനീയർ കക്കയം), ഷരീഫ, പി.കെ. ഷറഫുന്നിസ (അധ്യാപിക, മുക്കം ഓർഫനേജ് സ്കൂൾ അധ്യാപിക, ജില്ലാ പഞ്ചായത്ത് മെമ്പർ), നജ്മുന്നിസ. മരുമക്കൾ: ടി.ടി. മൊയ്തീൻകോയ, ആർ.പി. അഷ്റഫ് (ചെലപ്രം പ്രഭാകരവിലാസം എൽപി സ്കൂൾ അധ്യാപകൻ), അബ്ദുൾ ഗഫൂർ (ഖത്തർ), ഷരീന പറമ്പത്ത്. സഹോദരങ്ങൾ: സൈനബ, ഫാത്തിമ്മ, ആയിശ, ആമിന, നഫീസ, മറിയാബി മായനാട്.

മൊയ്തീൻ മുസ്ലിയാർ

തിരൂരങ്ങാടി: പുകയൂർ പൊറ്റാണിലെ കാവുങ്ങൽ മൊയ്തീൻ മുസ്ലിയാർ (85) അന്തരിച്ചു. നീണ്ട 62 വർഷം പൊറ്റാണിൽ തർബിയ്യത്തുൽ ഔലാദ് മദ്റസയിൽ അധ്യാപകനായിരുന്നു. ഭാര്യ: പാത്തുമ്മ ഹജ്ജുമ്മ. മക്കൾ: മുഹമ്മദലി, അയൂബ് അഹ്സനി, മൊയ്തീൻകുട്ടി, നിസാർ, ആഇശക്കുട്ടി, ഹാജറ, മാശിത, റൈഹാനത്ത്. മരുമക്കൾ: ഹസൻ കുട്ടി പടിക്കൽ, മുഹമ്മദലി ബാഖവി പറമ്പിൽ പീടിക, അബ്ദുൾ അസീസ് മുന്നിയൂർ, ഹബീബ് പുതിയതുപുറായ, ആഇശാബീവി പുകയൂർ, ജുവൈരിയ വെളിമുക്ക്, ഫാത്തിമ, ഹബീബ.

ചന്ദ്രൻ

കാളാണ്ടിത്താഴം: ഗവ. മെഡിക്കൽ കോളജ് റിട്ട. ജൂനിയർ ലാബ് അസിസ്റ്റന്റ് താഴത്തെ കണ്ടിയിൽ ചന്ദ്രൻ (84) അന്തരിച്ചു. ഭാര്യ: പരേതയായ എം. സോജ. മക്കൾ: സുനിൽ കുമാർ (ഓവർസിയർ, ജലസേചന വകുപ്പ്, വെസ്റ്റ്ഹിൽ), സുനിതകുമാരി (ഗുജറാത്ത് വിദ്യാലയം). മരുമക്കൾ: ജിഷി, പരേതനായ ഹരിദാസ്.

മോഹനൻ

വൈപ്പിൻ: ഞാറയ്ക്കൽ പരേതനായ മണപ്പുറത്ത് വേലായുധന്റെ മകൻ മോഹനൻ (74) അന്തരിച്ചു. ഭാര്യ: രാജമ്മ. മക്കൾ: രാജേഷ്, ഷൈലേഷ്. മരുമക്കൾ: നിത, സിൻഡ്രല.

# ഒഴുക്കിൽപ്പെട്ട് യുവാവിനെ കാണാതായി

ഒഴുക്കിൽപ്പെട്ട് കാണാതായ അനീഷ്

കോതമംഗലം: വടാട്ടുപാറ പലവൻ പടി പുഴയിൽ ഒഴുക്കിൽപ്പെട്ട് യുവാവിനെ കാണാതായി. വടാട്ടുപാറ ഗ്രൗണ്ട് ജംക്ഷനിൽ വീടിക്കുന്നേൽ ബാബുവിന്റെ മകൻ അനീഷിനെയാണ് (37 കാണാതായത്.

കുട്ടമ്പുഴ പഞ്ചായത്തിലെ വടാട്ടുപാറ പലവൻ പടി പുഴയിൽ കുളിക്കാൻ ഇറങ്ങിയ അനീഷ് ഒഴുക്കിൽ പ്പെടുകയായിരുന്നു വെന്നാണ് പ്രാഥമിക നിഗമനം.

വനത്തിനോട് ചേർന്ന് ഒഴുകുന്ന ഈ പുഴയിൽ നിരവധി തവണ ആളുകൾ ഒഴുക്കിൽപ്പെട്ടിട്ടുണ്ട്. വനം വകുപ്പ് നിരോധനം ഏർപ്പെടുത്തിയ സ്ഥലമാണിത്. ഇന്നലെ വൈകിട്ട് 4 മണിയോടെ കാണാതായ അനീഷിന് വേണ്ടി ഫയർഫോഴ്സും, നാട്ടുകാരും പുഴയിൽ തിരച്ചിൽ നടത്തി. ശക്തമായ അടിയൊഴുക്ക് ഉള്ളതിനാൽ എത്ര ദൂരം ഒഴുകിപ്പോയെന്ന് കൃത്യമായി കണക്കാക്കാൻ കഴിയില്ല. സന്ധ്യയോടെ തിരച്ചിൽ നിർത്തി.

വെൽഡിങ് തൊഴിലാളിയായ അനീഷ് അവിവാഹിതനാണ്.

# നിയന്ത്രണം വിട്ട മിനിലോറിയിടിച്ച് പത്തുവയസുകാരൻ മരിച്ചു

അമാൻ

കരുനാഗപ്പള്ളി: നിയന്ത്രണം വിട്ട മിനിലോറിയിടിച്ച് വിദ്യാർഥി മരിച്ചു. ശൂരനാട് ബസേലിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ നാലാം ക്ലാസ് വിദ്യാർഥി അമാൻ (10) ആണ് മരിച്ചത്. ഇന്നലെ രാവിലെ 10ഓടെ തൊടിയൂർ സൈക്കിൾ മുക്കിനു സമീപമായിരുന്നു അപകടം. വീടിനു സമീപത്തെ റോഡ് സൈഡിൽ കൂടി നടന്നു പോകുകയായിരുന്ന കുട്ടിയുടെ മേൽ അമിത വേഗതയിലെത്തിയ മിനിലോറി നിയന്ത്രണം വിട്ട് ഇടിക്കുകയായിരുന്നു.

ലോറി എതിർവശത്തെ മതിലിൽ ഇടിച്ചാണ് നിന്നത്. ഉടൻ തന്നെ ഓടിക്കൂടിയ നാട്ടുകാർ കുട്ടിയെ കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ എത്തിച്ചെങ്കിലും മരിക്കുകയായിരുന്നു. ചങ്ങനാശ്ശേരി, പായിപ്പാട്ട് മാറനാട്ടു തെക്കതിൽ നിന്നും തൊടിയൂർ വടക്ക്, മാത്തി നാൽ കിഴക്കതിൽ വാടകയ്ക്ക് താമസിക്കുന്ന അനീഷിന്റെയും റുബീനയുടെയും മൂത്ത മകനാണ് അമാൻ. പിതാവ് നടത്തുന്ന കടയിലേക്ക് നടന്നു പോകുന്നതിനിടയായിരുന്നു അപകടം. പാരിപ്പള്ളി മെഡിക്കൽ കോളെജിൽ പോസ്റ്റുമോർട്ടത്തിനുശേഷം കബറടക്കം നടത്തി. സഹോദരൻ: ഹസ്സാൻ. സംഭവത്തിൽ ലോറി ഡ്രൈവർ പോരുവഴി ചെത്രത്തിൽ പ്രവിണിനെ കരുനാഗപ്പള്ളി പൊലീസ് അറസ്റ്റു ചെയ്തു.

# അപകടത്തിൽ പരുക്കേറ്റ് ചികിത്സയിലായിരുന്ന ആൾ മരിച്ചു

താരാനാഥ്

ചെന്നിത്തല: ബൈക്ക് വൈദ്യുത തൂണിലിടിച്ച് പരിക്കേറ്റ് ചികിത്സയിലായിരുന്നയാൾ മരിച്ചു. ചെന്നിത്തല പഞ്ചായത്ത് തൃപ്പെരുന്തുറ ഒന്നാം വാർഡിൽ ഉമാ മാധവിയിൽ താരാനാഥ് (54) ആണ് മരിച്ചത്. സംസ്കാരം ഇന്ന് വൈകിട്ട് 4.30ന് വീട്ടുവളപ്പിൽ.

സിപിഐ എം വള്ളാംകടവ് ബ്രാഞ്ച് സെക്രട്ടറിയും, ബാലസംഘം മേഖല കൺവീനറും, വിമുക്ത ഭടനുമായിരുന്നു. തിങ്കളാഴ്ചരാത്രി 7.30ഓടെ തൃപ്പെരുന്തുറ ക്ഷേത്ര ജംക്ഷന് വടക്കുവശത്തായിരുന്നു അപകടം. കടയിൽ നിന്നും സാധനങ്ങളുമായി ബൈക്കിൽ വന്ന ഇദ്ദേഹം എതിരെ വന്ന ആംബുലൻസിന് സൈഡ് കൊടുക്കുന്നതിനിടെ തെരുവ് നായ കുറുകെ ചാടുകയും നിയന്ത്രണം വിട്ട ബൈക്ക് സമീപത്തുള്ള വൈദ്യുത തൂണിലിടിക്കുകയുമായിരുന്നു.

അപകടത്തിൽ തലയ്ക്ക് സാരമായി പരുക്കേറ്റ ഇയാളെ നാട്ടുകാരാണ് പരുമല സ്വകാര്യാശുപത്രിയിൽ എത്തിച്ചത്. പ്രാഥമിക ചികിത്സ നൽകിയ ശേഷം പുഷ്പഗിരി സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. ഇന്നലെ വൈകിട്ട് 4 മണിയോടെയായിരുന്നു മരണം. ഭാര്യ: ഉമാ താരാനാഥ് (സിപിഐ എം വള്ളാംകടവ് ബ്രാഞ്ച് അംഗം, ചെന്നിത്തല പഞ്ചായത്തംഗം). മക്കൾ: ജോനാഥ്, ജീനാ താരാനാഥ് (എസ്എഫ്ഐ ജില്ലാ കമ്മിറ്റി അംഗം, ഡിവൈഎഫ്ഐ മാന്നാർ ബ്ലോക്ക് കമ്മിറ്റി ജോയിന്റ് സെക്രട്ടറി).

# ജയിൽ ജീവനക്കാരൻ ജീവനൊടുക്കിയ നിലയിൽ

തിരുവനന്തപുരം: പൂജപ്പുര സെൻട്രൽ ജയിൽ ഡിഐജി ഓഫീസിലെ ജീവനക്കാരനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കൊല്ലം ശാസ്താംകോട്ട സ്വദേശിയും അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് സെക്കൻഡ് ജീവനക്കാരനുമായ എ. സുരേഷ് കുമാറിനെയാണ് ജയിലിനു സമീപത്തെ കഫെറ്റീരിയയോടു ചേർന്നുള്ള ഗാർഡ് റൂമിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ഇന്നലെ രാവിലെ ഡ്യൂട്ടിക്കെത്തിയ ജീവനക്കാരാണ് മൃതദേഹം കണ്ടത്. ശ്രീദേവിയാണു ഭാര്യ. പൂജപ്പുര പൊലീസ് മേൽനടപടികൾ സ്വീകരിച്ചു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിലേക്കു മാറ്റി.

# ബൈക്ക് ഇടിച്ച് വയോധികൻ മരിച്ചു

മാവേലിക്കര: ബൈക്ക് ഇടിച്ച് വയോധികൻ മരിച്ചു. എ ആർ ജംക്ഷൻ റോഡിൽ ടീ ഷോപ്പ് നടത്തുന്ന പുന്നമൂട് ചിറമേൽ വീട്ടിൽ സി.ജി. കുട്ടപ്പൻ (67) ആണ് മരിച്ചത്. ഇന്നലെ രാവിലെ 5.30ന് പുന്നമൂട് ജംക്ഷനിലായിരുന്നു അപകടം. കടയിലേക്ക് നടന്നു വരികയായിരുന്ന കുട്ടപ്പനെ പിന്നിൽ നിന്ന് വന്ന ബൈക്ക് ഇടിക്കുകയായിരുന്നു. പൊലിസ് സ്ഥലത്ത് എത്തി കുട്ടപ്പനെ ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിക്കുകയായിരുന്നു. സംസ്കാരം ഇന്ന് വൈകിട്ട് 4ന് വീട്ടുവളപ്പിൽ. ഭാര്യ: ഇന്ദിര. മക്കൾ: ബിനീഷ്, അനീഷ്.

സി.ജി. കുട്ടപ്പൻ

# മധ്യവയസ്കൻ മുങ്ങിമരിച്ച നിലയിൽ

ഒല്ലൂർ: മധ്യവയസ്കനെ മണലിപ്പുഴയിൽ മുങ്ങി മരിച്ചനിലയിൽ കണ്ടെത്തി. അഞ്ചേരി ആയുർവ്വേദാശുപത്രി സമീപം കുരുതുകുളങ്ങര കുള അന്തോണിയുടെ മകൻ ജെയ്സൻ (53) ആണ് മരിച്ചത്.

ഇന്നലെ രാവിലെ പുഴയിൽ തോണിയിൽ പോകുന്നയാളാണ് മേഖലാക്കര ഭാഗത്ത് വെച്ച് മൃതദേഹം കണ്ടത്. ഉടനെ നാട്ടുകാരെ വിവരം അറിയിച്ച് പുതുക്കാട് പൊലീസും ഫയർഫോഴ്സും എത്തി മൃതദേഹം പുഴത്തെടുത്തു. മൃതദേഹത്തിന് രണ്ട് ദിവസത്തെ പഴക്കമുള്ളതായി പറയുന്നു.

ജെയ്സൻ

അഞ്ചേരിയിൽനിന്നും ബന്ധുക്കൾ എത്തി മൃതദേഹം തിരിച്ചറിഞ്ഞു. സംസ്കാരം ഇന്ന് 10ന് മരിയാപുരം സെന്റ് ജോൺ ബോസ്കോ പള്ളി സെമിത്തേരിയിൽ. അമ്മ: കൊച്ചുത്രേസ്യ. സഹോദരങ്ങൾ: ഓമന, പോൾസൺ.

# വിദ്യാർഥിനിയെ മരിച്ച നിലയിൽ കണ്ടെത്തി

കുന്നംകുളം: എൻജിനീയറിങ് വിദ്യാർഥിനിയെ വീടിനു സമീപത്തെ ഒഴിഞ്ഞ പറമ്പിലെ കിണറ്റിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. പഴുന്നാന കളരിക്കൽ വീട്ടിൽ ആത്മദാസൻ-ഷീല ദമ്പതികളുടെ ഏകമകൾ അക്ഷയ (23) ആണ് മരിച്ചത്.

ആത്മഹത്യയാണെന്നാണ് പ്രാഥമിക നിഗമനം. തിങ്കളാഴ്ച ഏറെ വൈകിയിട്ടും കോളെജിൽ നിന്നും തിരിച്ചെത്താതിരുന്നതോടെ വീട്ടുകാരും നാട്ടുകാരും തിരച്ചിൽ നടത്തുകയായിരുന്നു. ഇതിനിടയിൽ രാത്രി ഒൻപതരയോടെ ആളൊഴിഞ്ഞ പറമ്പിലെ കിണറ്റിലാണ് മൃതദേഹം കണ്ടെത്തിയത്. തിരച്ചിലിൽ ഈ കിണറിനു സമീപം ബാഗും ചെരിപ്പും കണ്ടെത്തുകയായിരുന്നു.

വിവരമറിഞ്ഞെത്തിയ കുന്നംകുളം ഫയർഫോഴ്സ് മൃതദേഹം പുറത്തെടുത്തു. പിന്നീട് താലൂക്ക് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. വെള്ളറക്കാട് തേജസ് എൻജിനീയറിങ് കോളെജ് ബിടെക് വിദ്യാർഥിനിയായിരുന്നു. കുന്നംകുളം പൊലീസ് മേൽനടപടികൾ സ്വീകരിച്ചു. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം വീട്ടിൽ പൊതുദർശനത്തിന് വച്ച ശേഷം ചെറുതുരുത്തിയിൽ സംസ്കരിച്ചു.

# പോത്തിന്റെ കുത്തേറ്റ് ഗൃഹനാഥൻ മരിച്ചു

ഒല്ലൂർ: തൈക്കാട്ടുശ്ശേരിയിൽ പോത്തിന്റെ കുത്തേറ്റ് ഒരാൾ മരിച്ചു. തൈക്കാട്ടുശ്ശേരി വെള്ളത്തേക്ക് മാലതിഅമ്മയുടെയും മാധവന്റെയും മകൻ സുനിൽകുമാർ (45) ആണ് മരിച്ചത്. തിങ്കളാഴ്ച വൈകിട്ട് അഞ്ച് മണിയോടെയായിരുന്നു സംഭവം. തൈക്കാട്ടുശ്ശേരി കള്ള് ഷാപ്പിന് സമീപം പാടത്ത് കെട്ടിയിരുന്ന പോത്താണ് ഇയാളെ കുത്തിയത്. ഉടനെ തൃശൂരിലെ ജൂബിലി മിഷൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിക്കുകയായിരുന്നു. സംസ്കാരം നടത്തി. ഭാര്യ: ജയ. മക്കൾ: ആദിത്യൻ, അഭിറാം. ഏക സഹോദരൻ: സുഗതൻ. പരേതൻ ഇലക്ട്രീഷ്യനായിരുന്നു.

സുനിൽകുമാർ

# പിഎസ്‌സി: 38 തസ്തികകളിൽ വിജ്ഞാപനം പുറപ്പെടുവിക്കും

## പ്രത്യേകമായി നടത്തുന്ന റിക്രൂട്ട്മെന്റ്

1.വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ വനാന്തരങ്ങളിലും വനാതിർത്തികളിലും ഉള്ള സെറ്റിൽമെന്റ് കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ വിഭാഗത്തിലെ യോഗ്യരായ വനിതാ ഉദ്യോഗാർത്ഥികൾക്ക് പൊലീസ് വകുപ്പിൽ വനിതാ പൊലീസ് കോൺസ്റ്റബിൾ.

വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ വനാന്തരങ്ങളിലും വനാതിർത്തികളിലും ഉള്ള സെറ്റിൽമെന്റ് കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് പൊലീസ് വകുപ്പിൽ പൊലീസ് കോൺസ്റ്റബിൾ.

## ജനറൽ സംസ്ഥാനതലം

2.അഗ്രോണമിസ്റ്റ്, മെയിന്റനൻസ് എഞ്ചിനീയർ (ഇലക്ട്രോണിക്സ്), അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, സയന്റിഫിക് ഓഫീസർ (ബയോളജി), സയന്റിഫിക് ഓഫീസർ (ഫിസിക്സ്), സയന്റിഫിക് ഓഫീസർ (കെമിസ്ട്രി), ജൂനിയർ റെക്കോർഡിസ്റ്റ്, മെഡിക്കൽ സോഷ്യൽ വർക്കർ, ജൂനിയർ മാനേജർ (ഇൻഫർമേഷൻ മാനേജ്മെന്റ്), ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2, ടൈപ്പിസ്റ്റ് ഗ്രേഡ് 2 പാർട്ട് 1 (ജനറൽ കാറ്റഗറി), ടൈപ്പിസ്റ്റ് ഗ്രേഡ് 2 പാർട്ട് 1 (സൊസൈറ്റി കാറ്റഗറി), തിയേറ്റർ മെക്കാനിക് ഗ്രേഡ് 2, ലബോറട്ടറി അസിസ്റ്റന്റ്, അസിസ്റ്റന്റ് മാനേജർ (ബോയിലർ ഓപ്പറേഷൻ), ഇലക്ട്രീഷ്യൻ, ടെക്നീഷ്യൻ ഗ്രേഡ് 2 (ബോയിലർ ഓപ്പറേറ്റർ) പാർട്ട് 1 (ജനറൽ കാറ്റഗറി), ടെക്നീഷ്യൻ ഗ്രേഡ് 2 (ബോയിലർ ഓപ്പറേറ്റർ) പാർട്ട് 2 (സൊസൈറ്റി കാറ്റഗറി), അസിസ്റ്റന്റ് ടെസ്റ്റർ കം ഗേജർ.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം

3.അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാത്തമാറ്റിക്സ് (പട്ടികവർഗ്ഗം), അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ (പട്ടികവർഗ്ഗം), അസിസ്റ്റന്റ് പ്രൊഫസർ (മെറ്റീരിയ മെഡിക്ക) (പട്ടികവർഗ്ഗം).

## എൻ.സി.എ റിക്രൂട്ട്മെന്റ് സംസ്ഥാനതലം

4.അസിസ്റ്റന്റ് പ്രൊഫസർ ഇൻ അറബിക് (ഒമ്പതാം എൻ.സി.എ. പട്ടികവർഗ്ഗം), അസിസ്റ്റന്റ് പ്രൊഫസർ ഇൻ അറബിക് (രണ്ടാം എൻ.സി.എ.വിശ്വകർമ്മ), അസിസ്റ്റന്റ് പ്രൊഫസർ ഇൻ അറബിക് (ഏഴാം എൻ.സി.എ.പട്ടികജാതി), വെറ്ററിനറി സർജൻ ഗ്രേഡ് 2 (മൂന്നാം എൻ.സി.എ.പട്ടികവർഗ്ഗം), ലക്ചറർ ഇൻ വീണ (രണ്ടാം എൻ.സി.എ.എൽ.സി./എ.ഐ), അക്കൗണ്ട്സ് ഓഫീസർ പാർട്ട് 1 (ജനറൽ കാറ്റഗറി) (ഒന്നാം എൻ.സി.എ. ഈഴവ/തിയ്യ/ബില്ലവ, പട്ടികജാതി), അക്കൗണ്ട്സ് ഓഫീസർ പാർട്ട് 2 (സൊസൈറ്റി കാറ്റഗറി) (ഒന്നാം എൻ.സി.എ. ഈഴവ/തിയ്യ/ബില്ലവ), മാർക്കറ്റിങ് ഓർഗനൈസർ (ഒന്നാം എൻ.സി.എ.പട്ടികജാതി) പാർട്ട് 2 സൊസൈറ്റി കാറ്റഗറി.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് ജില്ലാതലം

5.വിവിധ ജില്ലകളിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 (പട്ടികജാതി/പട്ടികവർഗ്ഗം, പട്ടികവർഗ്ഗം), വിവിധ ജില്ലകളിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എൽ.ഡി.വി.) (പട്ടികജാതി/പട്ടികവർഗ്ഗം), കൊല്ലം ജില്ലയിൽ സീമാൻ (പട്ടികവർഗ്ഗം).

## എൻ.സി.എ. റിക്രൂട്ട്മെന്റ് ജില്ലാതലം

6.കാസർഗോഡ് ജില്ലയിൽ വർക് സൂപ്രണ്ട് (ഒന്നാം എൻ.സി.എ.ധീവര).

# സുസജ്ജം ദിശ

തിരുവനന്തപുരം: കൊറോണ വൈറസ് പ്രതിരോധിക്കുന്നതിനും ജനങ്ങൾക്കു വേണ്ട സഹായം നൽകുന്നതിനും ആരോഗ്യ വകുപ്പിന്റെ ദിശ ഹെൽപ് ഡെസ്ക് ഏറെ സഹായകമാണ്. ടോൾ ഫ്രീ നമ്പരായ 1056ലും 0471 2552056 എന്ന നമ്പറിലും ദിശയുടെ സേവനം ലഭ്യമാണ്. സംശയങ്ങൾ ദൂരീകരിക്കാൻ 24 മണിക്കൂറും സജ്ജമായി പ്രവർത്തിക്കുന്ന ദിശയിൽ ഇതിനോടകം 16,000ലധികം കോളുകളാണ് വന്നത്.

കൃത്യമായ പരിശീലനം ലഭിച്ച നാഷണൽ ഹെൽത്ത് മിഷന്റെ 16 കൗൺസലർമാരും ഇരുപതോളം എം.എസ്.ഡബ്ല്യു വിദ്യാർഥികളുമാണ് ദിശയുടെ കൊറോണ സെല്ലിൽ പ്രവർത്തിക്കുന്നത്. അവശ്യഘട്ടങ്ങളിൽ ഡോക്ടർമാരുടെ സേവനം, ആംബുലൻസ്, ആരോഗ്യ വകുപ്പിന്റെ സഹായം തുടങ്ങി വിവിധ സേവനങ്ങൾ ദിശയിലൂടെ ലഭ്യമാണ്.

ഐസൊലേഷൻ, ഹോം ക്വാറന്റൈൻ തുടങ്ങി കൊറോണ സംബന്ധിച്ച ആരോഗ്യപരമായ എല്ലാ സംശയങ്ങൾക്കും ദിശയിലൂടെ ഉത്തരം ലഭിക്കും. തുടക്കത്തിൽ ആറ് ഡെസ്കുകളിലായി ആരംഭിച്ച സെല്ലിൽ ഇപ്പോൾ 14 ഡെസ്ക്കുണ്ട്. മാർഗനിർദേശങ്ങളും ഐസൊലേഷനിൽ കഴിയുന്നവർക്കുള്ള മാനസിക പിന്തുണയും ദിശ ഉറപ്പുവരുത്തുന്നു.

# കൊറോണ വിവരങ്ങളറിയാൻ ഒറ്റദിനം നാലുലക്ഷം മിസ്ഡ് കോൾ

തിരുവനന്തപുരം: കൊവിഡ്19 വൈറസ് സംബന്ധിച്ച ആധികാരിക വിവരങ്ങളറിയിക്കാൻ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് തയാറാക്കിയ 'ജിഒകെ ഡയറക്റ്റ്' മൊബൈൽ ആപ്പിലേക്ക് ഒറ്റദിവസമെത്തിയത് നാലുലക്ഷം മിസ്ഡ് കോളുകൾ.

സ്മാർട്ട് ഫോണില്ലാത്തവർക്കു പോലും ഔദ്യോഗിക അറിയിപ്പുകൾ ലഭ്യമാക്കാനാണ് ഈ ആപ്പിൽ 8302201133 എന്ന നമ്പരിലേക്ക് മിസ്ഡ് കോൾ സൗകര്യം ഏർപ്പെടുത്തിയത്. കോൾ ചെയ്ത് ആപ്പിൽ നമ്പർ രജിസ്റ്റർ ചെയ്താൽ ഇന്റർനെറ്റ് കണക്ഷനില്ലെങ്കിലും എസ്എംഎസ് ആയി അറിയിപ്പുകൾ ലഭ്യമാകും. ഈ സൗകര്യം ലഭ്യമാക്കാൻ ഇതിനകം രജിസ്റ്റർ ചെയ്തവരുടെ എണ്ണമാണ് നാലുലക്ഷം കവിഞ്ഞത്.

ആപ്പ് ഇൻസ്റ്റാൾ ചെയ്തവർക്ക് അപ്പപ്പോൾ വിവരങ്ങളും ആധികാരിക വാർത്തകളും അതിലൂടെ വിവിധ ഭാഷകളിൽ ലഭ്യമാക്കുന്നുമുണ്ട്. 12ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ആപ്പ് ഇതിനകം മൂന്നരലക്ഷം പേർ ഡൗൺലോഡ് ചെയ്തു. വിദേശ രാജ്യങ്ങളിൽ നിന്ന് വരുന്നവർ, യാത്ര ചെയ്യുന്നവർ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളിലുള്ളവർക്ക് ആവശ്യമായ വിവരം ആപ്പിൽ ലഭിക്കും. പൊതു അറിയിപ്പുകളുമുണ്ടാവും. ഇതിനായി പ്രത്യേക വിഭാഗങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. സ്ക്രീനിനു താഴെ ആരോഗ്യവകുപ്പിന്റെ ദിശയുടെ ഫോൺ നമ്പർ നൽകിയിട്ടുണ്ട്. അതിൽ നിന്ന് നേരിട്ട് വിളിക്കാനുമാവും.

# ഏപ്രിൽ 14 വരെയുള്ള പരീക്ഷകൾ മാറ്റിവച്ചു

കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഏപ്രിൽ 14 വരെ നിശ്ചയിച്ചിരുന്ന ഓഫ്സെറ്റ് മെഷീൻ ഓപ്പറേറ്റർ (കാറ്റഗറി നമ്പർ 161/16), റീഡർ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 552/17), ജനറൽ ഫിസിയോതെറാപ്പിസ്റ്റ് (കാറ്റഗറി നമ്പർ 236/18), ഫിസിയോതെറാപ്പിസ്റ്റ് (കാറ്റഗറി നമ്പർ 151/2019), ഡയറിഫാം ഇൻസ്ട്രക്ടർ പട്ടികവർഗ്ഗം (കാറ്റഗറി നമ്പർ 153/19), റിസർച്ച് ഓഫീസർ പട്ടികജാതി/പട്ടികവർഗ്ഗം (കാറ്റഗറി നമ്പർ 293/18) എന്നീ തസ്തികകളുടെ ഒ.എം.ആർ/ഓൺലൈൻ/എഴുത്തുപരീക്ഷകൾ പി.എസ്.സി മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

# യൂണിവേഴ്സിറ്റി ന്യൂസ്

## കേരള

### തീയതി നീട്ടി

സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിലേക്ക് (സി.എസ്.എസ്) പി.ജി/എം. ടെക് അഡ്മിഷനു വേണ്ടിയുള്ള പ്രവേശന പരീക്ഷക്ക് ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് 20 വരെ നീട്ടി. വിശദവിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### പുതുക്കിയ പരീക്ഷാ തീയതി

2020 മാർച്ച് 31, ഏപ്രിൽ 2 തീയതികളിൽ ആരംഭിക്കാനിരുന്ന ബി.എ (ആന്വൽ സ്കീം) പാർട്ട് മൂന്ന് രണ്ടും, ഒന്നും വർഷ മെയിൻ പരീക്ഷകൾ യഥാക്രമം ഏപ്രിൽ 2, 7 എന്നീ തീയതികളിൽ നടത്തുന്നതാണ്. 2020 ഏപ്രിൽ ഏഴിലെ സബ്സിഡിയറി പരീക്ഷകൾ ഏപ്രിൽ 27 ന് നടത്തുന്നതാണ്.

### തീയതി മാറ്റി

വിദൂര വിദ്യാഭ്യാസ വിഭാഗം അഞ്ചാം സെമസ്റ്റർ യു.ജി (2017 അഡ്മിഷൻ) അസൈൻമെന്റ്/കേസ് അനാലിസിസ് സമർപ്പിക്കുന്നതിനുള്ള തീയതി മാർച്ച് 11, 12ൽ നിന്നും മാറ്റിയിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പരീക്ഷാകേന്ദ്രം

2020 മാർച്ച്/ഏപ്രിലിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം മേഴ്സി ചാൻസ് പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. ഹാൾടിക്കറ്റുകൾ അതതു പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റി, ജില്ലകളിൽ നിശ്ചയിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം. തിരുവനന്തപുരം ജില്ലയിലെ കോളേജുകൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ എം.ജി കോളേജ്, തിരുവനന്തപുരത്തും, കൊല്ലം,പത്തനംതിട്ട ജില്ലകളിലെ വിദ്യാർത്ഥികൾ ടി.കെ.എം.ആർട്സ് ആന്റ് സയൻസ് കോളേജ്, കൊല്ലത്തും ആലപ്പുഴ ജില്ലയിലെ വിദ്യാർത്ഥികൾ എസ്.ഡി.കോളേജ്, ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 23 വരെ അപേക്ഷിക്കാം.

2019 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ ബിരുദം (2013ന് മുൻപുള്ള സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 മാർച്ച് 21 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### മൂല്യനിർണയ ക്യാംപ്

2020 മാർച്ച് 18ന് ആരംഭിക്കേണ്ടിയിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ഡിസംബർ 2019 പരീക്ഷാ മൂല്യനിർണയ ക്യാംപിൽ ചെയർമാൻ, ഡെപ്യൂട്ടി ചെയർമാൻ, ചീഫ് എക്സാമിനർ ആയി നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർ കോവിഡ് 19 പകർച്ച വ്യാധിയുടെ സാഹചര്യത്തിൽ സർവകലാശാലയിൽ നിന്നും ലഭിക്കുന്ന അറിയിപ്പിന്റെ അടിസ്ഥാനത്തിൽ രണ്ടു സെഷനുകളിലായി ക്യാംപുകളിൽ ഹാജരായാൽ മതി.

### ടൈംടേബിൾ

മേയ് അഞ്ചു മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും മൂന്നും വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ആനുവൽ സ്കീം, സപ്ലിമെന്ററി 2014 അഡ്മിഷൻ, മേഴ്സി ചാൻസ് 2012 അഡ്മിഷൻ വരെ & 2013 അഡ്മിഷൻ (വിദൂര വിദ്യാഭ്യാസ വിഭാഗം) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫീസ്

2020 ഏപ്രിലിൽ നടക്കുന്ന മൂന്നും നാലും അഞ്ചും ആറും സെമസ്റ്റർ ബി.ബി.എ (വിദൂര വിദ്യാഭ്യാസം 2013 & 2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾക്ക് 2020 മാർച്ച് 18 മുതൽ അപേക്ഷിക്കാം. പിഴ കൂടാതെ മാർച്ച് 27 വരെയും 150 രൂപ പിഴയോടെ മാർച്ച് 31 വരെയും 400 രൂപ പിഴയോടെ ഏപ്രിൽ 2 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസായി ഓരോ പേപ്പറിനും 150 രൂപ വീതവും മാർക് ലിസ്റ്റ് ഫീസായി 100 രൂപയും ക്യാമ്പ് ഫീസായി 200 രൂപയും അടയ്ക്കേണ്ടതാണ്. വിശദ വിവരങ്ങൾ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ ലഭ്യമാണ്.

## എം ജി

### പുതുക്കിയ ടൈംടേബിൾ

ബി.എസ്‌സി. ഇലക്ട്രോണിക്സ് മോഡൽ 3, ഇലക്ട്രോണിക്സ് ആന്റ് കമ്പ്യൂട്ടർ മെയിന്റനൻസ് മോഡൽ 3 (നാലാം സെമസ്റ്റർ സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾ മാർച്ച് 23ന് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ/വൈവാവോസി

2020 ഫെബ്രുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2018 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 20ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

2020 ഫെബ്രുവരിയിൽ നടന്ന ഒന്നാം വർഷ ബി.ഫാം (2016ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവാവോസി മാർച്ച് 21 മുതൽ 28 വരെ പുതുപ്പള്ളി സീപാസിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

ആറാം സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്. ആന്റ് സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 28, ഏപ്രിൽ ഒന്ന്, മൂന്ന്, നാല് തീയതികളിലും വൈവാവോസി ഏപ്രിൽ ആറ്, ഏഴ്, എട്ട് തീയതികളിലും അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്. - റഗുലർ/റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2015ന് മുമ്പുള്ള അഡ്മിഷൻ വിദ്യാർഥികൾ ഓൺലൈനായി ഫീസടച്ച ശേഷം നേരിട്ടും 2015 അഡ്മിഷൻ മുതലുള്ളവർ ഓൺലൈനായും മാർച്ച് 26നകം അപേക്ഷ നൽകണം.

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

## കാലിക്കറ്റ്

### പരീക്ഷകൾക്ക് മാറ്റമില്ല

കാലിക്കറ്റ് സർവകലാശാലയുടെ പരീക്ഷകൾ മുൻ നിശ്ചയിച്ച പ്രകാരം നടക്കും. സംസ്ഥാന ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം എല്ലാ പരീക്ഷാ കേന്ദ്രങ്ങളുടെയും പ്രവേശന കവാടത്തിലും കൈ ശുചീകരിക്കുന്നതിന് ആവശ്യമായ പോർട്ടബിൾ വാഷ് ബേസിനുകളും ലിക്വിഡ് സോപ്പും സജ്ജീകരിക്കാനും പരീക്ഷാ ഹാളിലെ ഫർണിച്ചറുകൾ സാനിറ്റൈസ് ചെയ്യുന്നതിനും പ്രിൻസിപ്പൽമാർ നടപടി സ്വീകരിക്കണമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

### സി.എച്ച്.എം.കെ ലൈബ്രറി സമയം

കാലിക്കറ്റ് സർവകലാശാലാ സി.എച്ച്.എം.കെ ലൈബ്രറി പ്രവർത്തന സമയത്തിൽ നിയന്ത്രണം. മാർച്ച് 18 മുതൽ 31 വരെ രാവിലെ പത്ത് മുതൽ വൈകുന്നേരം അഞ്ച് വരെയായിരിക്കും പ്രവർത്തിക്കുക.

### പി.ജി പ്രോഗ്രാമുകളിൽ സംവരണം

കേരളത്തിനു പുറത്തുനിന്നുള്ള വിദ്യാർത്ഥികൾക്ക് കാലിക്കറ്റ് സർവകലാശാലയുടെ പഠന വകുപ്പുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഈ വർഷം മുതൽ 10% സീറ്റ് മാറ്റിവയ്ക്കും. മിനിമം രണ്ടു സീറ്റുകൾ ഭാഷ, ഹ്യുമാനിറ്റീസ്, കൊമേഴ്സ്, സയൻസ് വിഷയങ്ങളിൽ കേരളത്തിനു പുറത്തുനിന്നുള്ളവർക്കു നൽകും. ഓപ്പൺ ഓൾ ഇന്ത്യാ ക്വാട്ടയിൽ സംവരണം ചെയ്തതിനാൽ മറ്റു റിസർവേഷൻ മാനദണ്ഡങ്ങൾക്കു വിധേയമല്ല. എല്ലാ വിഭാഗങ്ങളിലുള്ളവർക്കും അപേക്ഷിക്കാം. എൻട്രൻസ് പരീക്ഷ എഴുതേണ്ടതില്ല. അഡ്മിഷൻ സമയത്ത് യോഗ്യതാ സർട്ടിഫിക്കറ്റുകളും നേറ്റിവിറ്റി സർട്ടിഫിക്കറ്റും ഹാജരാക്കണം.

50 വർഷം പിന്നിട്ട കാലിക്കറ്റ് സർവകലാശാല നാക്കിന്റെ എ ഗ്രേഡ് ലഭിച്ച കേരളത്തിലെ ഏറ്റവും വലിയ സർവകലാശാലയാണ്. എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ രാജ്യത്ത് 73ാം സ്ഥാനത്തുള്ള കാലിക്കറ്റ് സർവകലാശാല മറ്റ് സർവകലാശാലയിൽ ഇല്ലാത്ത വിവിധ പി.ജി പ്രോഗ്രാമുകളും നടത്തുന്നുണ്ട്. എം.എ ഫോക്‌ലോർ, എം.എ റഷ്യൻ ആൻഡ് കംപാരറ്റീവ് ലിറ്ററേച്ചർ, മാസ്റ്റർ ഓഫ് തിയെറ്റർ ആർട്സ്, എം.എസ്.സി റേഡിയേഷൻ ഫിസിക്സ്, എം.എസ്.സി ഫോറൻസിക് സയൻസ്, എം.ടെക് നാനോ സയൻസ് ആൻഡ് ടെക്നോളജി എന്നിവ അവയിൽ ചിലതു മാത്രമാണ്. ദേശീയോദ്ഗ്രഥനം കൂടി ലക്ഷ്യമിട്ടാണ് ഓൾ ഇന്ത്യാ ക്വാട്ട അഡ്മിഷന് സിൻഡിക്കേറ്റ് തീരുമാനമെടുത്തത്. ഈ വർഷത്തെ ഓൾ ഇന്ത്യാ ക്വാട്ട അഡ്മിഷന് അപേക്ഷിക്കേണ്ട അവസാന തിയതി ഏപ്രിൽ രണ്ടാണ്. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### ക്ലാസുകൾ നഷ്ടപ്പെടുന്നതിന് ബദലുമായി ഇ.എം.എം.ആർ.സി

കൊവിഡ് 19 മൂലം നഷ്ടപ്പെടുന്ന ക്ലാസുകൾക്കു പകരം ഓൺലൈൻ ക്ലാസുകളും ഓൺലൈൻ സ്റ്റഡി മെറ്റീരിയലുകളുമായി കാലിക്കറ്റ് സർവകലാശാലാ ഇ.എം.എം.ആർ.സി. ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ജിയോളജി തുടങ്ങി 88 വിഷയങ്ങളിൽ ഇ.എം.എം.ആർ.സിയുടെ ഉന്നത വിദ്യാഭ്യാസ പോർട്ടലിൽ വിഡിയോ ലക്ചറുകൾ ലഭ്യമാണ്. www.emmrccalicut.org എന്ന വെബ്സൈറ്റിൽ ഇത് ലഭ്യമാണ്. അധ്യാപകർ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ക്ലാസുകൾ നൽകുന്നതിന് ഇ.എം.എം.ആർ.സി വഴി ഒരുക്കും. ഇത്തരത്തിൽ ഓൺലൈൻ ക്ലാസുകൾ നേരിട്ട് വിദ്യാർത്ഥികൾക്ക് നൽകാനാഗ്രഹിക്കുന്ന അധ്യാപകർ ഇ.എം.എം.ആർ.സിയുമായി ബന്ധപ്പെടണം. ഓൺലൈൻ ക്ലാസുകൾ ലഭ്യമായ ഡി.ടി.എച്ച് ചാനൽ 8 വിദ്യാർത്ഥികൾക്ക് INYGO IPTV എന്ന മൊബൈൽ ആപ്പ് വഴി പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാമെന്ന് ഇ.എം.എം.ആർ.സി ഡയറക്റ്റർ അറിയിച്ചു. ഫോൺ: 9447459586, 9447626355.

### പരീക്ഷാഫലം

കാലിക്കറ്റ് സർവകലാശാല 2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ ഹിസ്റ്ററി (സി.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

# ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

■ അശ്വതി: ഉദരരോഗം വർധിക്കും. സാമ്പത്തിക അനുഭവം കുറയും. വ്യവസ്ഥകൾ പാലിക്കാൻ സാധിക്കുകയില്ല. യാത്രമാറ്റിവെക്കും.

■ ഭരണി: ആഗ്രഹസാഫല്യമുണ്ടാകും. സന്താനസംരക്ഷണത്താൽ ആശ്വാസമുണ്ടാകും. ചെയ്യാത്ത കുറ്റത്തിന് അപരാധം കേൾക്കും.

■ കാർത്തിക: ആത്മവിശ്വാസം വർധിക്കും. ആഗ്രഹിച്ച വസ്തുവിൽപ്പന സാധിക്കും. ഭരണസംവിധാനത്തിൽ പുതിയ ആശയം പ്രാവർത്തികമാക്കും.

■ രോഹിണി: ആരാധനാലയദർശനത്തോടൊപ്പം ബന്ധുഗൃഹത്തിലേക്ക് വിരുന്നുപോകും. വാഹനം വാങ്ങാൻ ഏർപ്പാട് ചെയ്യും. കാര്യനിർവഹണശക്തി വർധിക്കും.

■ മകയിരം: സാമ്പത്തികസ്ഥിതി മെച്ചപ്പെടും. ഗുരുസ്ഥാനീയനായ ബന്ധുവിന്റെ അകാല വിയോഗത്തിൽ മനോവിഷമം തോന്നും. വർഷങ്ങൾക്കു മുമ്പ് വാങ്ങിയ ഭൂമിയിൽ ഗൃഹസമുച്ചയം പണിയാൻ തീരുമാനിക്കും.

■ തിരുവാതിര: സുരക്ഷിതമായ മേഖയിൽ പണം മുടക്കും. വസ്ത്രാഭരണങ്ങൾ വാങ്ങാൻ പ്രതീക്ഷിച്ചതിലുപരി പണച്ചെലവ് അനുഭവപ്പെടും. മനസന്തോഷവും ഉണ്ടാകും.

■ പുണർതം: അവധിയെടുത്ത് മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. വിദേശബന്ധമുള്ള വ്യാപാര വിപണനങ്ങൾ തുടങ്ങുന്നതിന്റെ പ്രാഥമിക ചർച്ചയിൽ പങ്കെടുക്കും. ഉത്തരവാദിത്വങ്ങൾ വർധിക്കുന്ന വിഭാഗത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും.

■ പൂയ്യം: ദമ്പതികളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടും. സാമ്പത്തിക പുരോഗതി കൈവരിക്കും. സാമ്പത്തിക ലാഭം വർധിക്കും.

■ ആയില്യം: വിദ്യാർത്ഥികൾക്ക് ഉത്സാഹവും ഉന്മേഷവും ഉണ്ടാകും. പ്രവർത്തനമേഖലകളിൽ അനുകൂലസാഹചര്യങ്ങൾ വന്നുചേരും. വിജ്ഞാനപ്രദമായ വിഷയങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്നതിൽ ആത്മാഭിമാനം തോന്നും.

■ മകം: തൊഴിൽ മേഖലകളോട് ബന്ധപ്പെട്ട് തൃപ്തിയായ അന്തരീക്ഷം ഉണ്ടാകുകയില്ല. അത്യാവശ്യത്തിന് കടം വാങ്ങാനിടവരും. ബന്ധുസഹായത്താൽ ഏറ്റെടുത്ത ദൗത്യം വിജയിപ്പിക്കാൻ സാധിക്കും.

■ പൂരം: സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം ലഭിക്കും. ചർച്ചകളും പരീക്ഷണങ്ങളും സന്ധിസംഭാഷണവും വിജയിക്കും. സ്വപ്നസാക്ഷാത്കാരത്താൽ ആത്മനിർവൃതിയുണ്ടാകും.

■ ഉത്രം: ആത്മവിശ്വാസം കുറയും. കീഴ്ജീവനക്കാരുടെ അബദ്ധങ്ങൾ തിരുത്തും. അനുചിതപ്രവൃത്തികളിൽ നിന്നും പിന്മാറും. ആശയങ്ങൾ പ്രകടമാക്കാൻ സാധിക്കുകയില്ല.

■ അത്തം: കഫനീർദ്ദോഷ രോഗങ്ങൾ വർധിക്കും. ആഗ്രഹങ്ങൾ പ്രാവർത്തികമാക്കും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യ സൗഖ്യവും ഉണ്ടാകും.

■ ചിത്തിര: അവ്യക്തമായ പണമിടപാടിൽ നിന്നും പിന്മാറണം. ആത്മവിശ്വാസം കുറയും. സാഹസപ്രവൃത്തികളിൽ നിന്നും പിന്മാറണം. യാത്രാക്ലേശത്താൽ അസ്വാസ്ഥ്യമുണ്ടാകും.

■ ചോതി: വികസനപ്രവർത്തനങ്ങൾക്ക് തടസമുണ്ടാകും. ചർച്ച പരാജയപ്പെടും. കടം കൊടുക്കരുത്, മധ്യസ്ഥതയ്ക്ക് പോകരുത്. അനാവശ്യമായി ആധി വർധിക്കും.

■ വിശാഖം: പ്രതികൂലസാഹചര്യങ്ങൾ അകന്നുപോകും. വിദൂരപഠനത്തിന് അവസരം വന്നുചേരും. വാഹനം മാറ്റി വാങ്ങും. പുതിയ ആശയങ്ങൾ ഉദിക്കും.

■ അനിഴം: പുതിയ തൊഴിലവസരം വന്നുചേരും. പദ്ധതി സമർപ്പിക്കാൻ തയാറാകും. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. ഉത്സാഹം വർധിക്കും.

■ തൃക്കേട്ട: ദേവാലയദർശനത്താൽ ആശ്വാസമുണ്ടാകും. വ്യവസ്ഥകൾ പാലിക്കും. മനോധൈര്യം വർധിക്കും. പുണ്യപ്രവൃത്തികൾക്ക് നേതൃത്വം നൽകും.

■ മൂലം: ദുസൂചനകൾ ലഭിച്ചതിനാൽ കൂട്ടുകച്ചവടത്തിൽ നിന്നും ഒഴിഞ്ഞുമാറും. ആത്മവിശ്വാസം കുറയും. സഹോദരസുഹൃത് സഹായഗുണമുണ്ടാകും.

■ പൂരാടം: സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും. സ്വയംഭരണാധികാരം ലഭിക്കും. വിദേശ ഉദ്യോഗത്തിനു നിയമനാനുമതി ലഭിക്കും. ഉത്സാഹം വർധിക്കും.

■ ഉത്രാടം: അവ്യക്തമായ പണമിടപാടിൽ നിന്നും പിന്മാറും. സുഹൃത്സഹായഗുണത്താൽ ആശ്വാസം തോന്നും. സങ്കൽപ്പത്തിനനുസരിച്ച് ഉയരാനുള്ള സാഹചര്യങ്ങൾ സംജാതമുണ്ടാകും.

■ തിരുവോണം: മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സാധിപ്പിക്കും. ഗൃഹനിർമ്മാണത്തിനു ഭൂമിവാങ്ങും. ക്ലേശകരമായ വിഭാഗത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും.

■ അവിട്ടം: പ്രവർത്തനങ്ങൾക്ക് ഫലമുണ്ടാകും. സമീപനഗുണത്താൽ സർവ്വകാര്യവിജയമുണ്ടാകും. സംതൃപ്തിയുള്ള വിഭാഗത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും.

■ ചതയം: പുത്രപൗത്രാദികളുടെ ആഗമനം മനസമാധാനത്തിനു വഴിയൊരുക്കും. അർഹമായ പൂർവ്വികസ്വത്ത് രേഖാപരമായി ലഭിക്കും. അശ്രാന്തപരിശ്രമത്താലും അത്യധ്വാനത്താലും ഏറ്റെടുത്ത ദൗത്യം വിജയിപ്പിക്കാൻ സാധിക്കും.

■ പൂരോരുട്ടാതി: പ്രതീക്ഷിച്ച ലാഭമുണ്ടാകയാൽ ഭൂമിവിൽക്കാൻ തയാറാകും. ആരാധനാലയദർശനം നടത്തുന്നതുവഴി സമാധാനമുണ്ടാകും. വസ്തുതർക്കം പരിഹരിക്കാൻ സാധിക്കും.

■ ഉത്രട്ടാതി: യാതൊരു കാരണവുമില്ലാതെ ശത്രുക്കൾ വർധിക്കും. വിതരണമേഖലയിൽ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തും. വിപരീത സാഹചര്യങ്ങളെ അതിജീവിക്കാൻ സാധിക്കും.

■ രേവതി: തൊഴിൽമേഖലകളോട് ബന്ധപ്പെട്ട് ചർച്ചകളും യാത്രകളും നിഷ്ഫലമാകും. വീഴ്ചകൾ ഉണ്ടാവാതെ സൂക്ഷിക്കണം. അനുചിത പ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞുമാറാൻ ആത്മപ്രചോദനം ഉണ്ടാകും.

## കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**സ്ത്രീ ശക്തി SS- 201 നറുക്കെടുപ്പ് ഫലം 17/03/2020**

സ്ഥലം: ഗോർഖി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം

**ഒന്നാം സമ്മാനം 75 ലക്ഷം രൂപ** SB 897789 (THRISSUR)

**സമാശ്വാസ സമ്മാനം 8000 രൂപ**

SA 897789 SC 897789 SD 897789 SE 897789 SF 897789 SG 897789 SH 897789 SJ 897789 SK 897789 SL 897789 SM 897789

**2-ാം സമ്മാനം 10 ലക്ഷം രൂപ**

SF 387111 (THIRUVANANTHAPURAM)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**3-ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0567 | 1693 | 1731 | 3961 | 4361 | 5007 | 5409 | 5496 | 5499 | 6293 |
| 6324 | 7243 | 7837 | 7844 | 8634 | 8702 | 8795 | 9325 | | |

**4-ാം സമ്മാനം 2000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0929 | 2011 | 2135 | 4691 | 5455 | 5654 | 6238 | 6828 | 8137 | 8379 |

**5-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0171 | 0516 | 1528 | 2494 | 3023 | 3224 | 3646 | 3811 | 3889 | 4705 |
| 5314 | 5320 | 5855 | 6879 | 7584 | 7658 | 8559 | 9012 | | |

**6-ാം സമ്മാനം 500 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0179 | 0216 | 0297 | 0320 | 0449 | 1362 | 1692 | 1712 | 2074 | 2275 |
| 2761 | 2824 | 2906 | 2983 | 3105 | 3191 | 3724 | 3869 | 3893 | 3896 |
| 3962 | 4004 | 4062 | 4673 | 4694 | 4733 | 4918 | 5156 | 5319 | 5555 |
| 5557 | 5599 | 5853 | 6303 | 6451 | 6888 | 6898 | 7101 | 7589 | 7981 |
| 8000 | 8694 | 8855 | 8880 | 9216 | 9747 | 9832 | 9927 | | |

**7-ാം സമ്മാനം 200 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0111 | 0471 | 1005 | 1081 | 1097 | 1370 | 1578 | 1946 | 2637 | 2836 |
| 2910 | 2932 | 2938 | 3274 | 3891 | 4128 | 4447 | 4726 | 4728 | 4739 |
| 4941 | 5077 | 5186 | 5225 | 5254 | 5376 | 6027 | 6062 | 6249 | 6488 |
| 7077 | 7223 | 7430 | 7717 | 7791 | 7969 | 8315 | 8341 | 8483 | 8530 |
| 8650 | 8793 | 9078 | 9281 | 9933 | | | | | |

**8-ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0177 | 0182 | 0244 | 0253 | 0263 | 0342 | 0495 | 0589 | 0640 | 0867 |
| 1155 | 1235 | 1328 | 1358 | 1440 | 1469 | 1651 | 1777 | 2068 | 2078 |
| 2200 | 2321 | 2322 | 2399 | 2501 | 2615 | 2635 | 2970 | 3062 | 3110 |
| 3129 | 3153 | 3183 | 3237 | 3353 | 3413 | 3837 | 3868 | 3976 | 4024 |
| 4228 | 4239 | 4473 | 4508 | 4555 | 4562 | 4696 | 4711 | 4789 | 4819 |
| 4872 | 4898 | 4906 | 4940 | 5201 | 5236 | 5271 | 5337 | 5408 | 5452 |
| 5471 | 5537 | 5559 | 5688 | 5692 | 5791 | 5793 | 5798 | 5937 | 5966 |
| 6046 | 6134 | 6335 | 6389 | 6408 | 6435 | 6479 | 6502 | 6522 | 6570 |
| 6655 | 6821 | 6840 | 6903 | 7023 | 7063 | 7300 | 7306 | 7339 | 7348 |
| 7399 | 7484 | 7594 | 7660 | 7672 | 7675 | 7678 | 7681 | 7816 | 7896 |
| 7935 | 7998 | 8016 | 8125 | 8235 | 8524 | 8554 | 8928 | 8943 | 9091 |
| 9238 | 9332 | 9437 | 9465 | 9490 | 9538 | 9636 | 9806 | 9845 | 9905 |

(ഒപ്പ്) ഷിബ മാത്യു., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം. വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും കൈരളി, കൗമുദി, ജയ്ഹിന്ദ്, ജീവൻ ചാനലുകളിൽ


# CLASSIFIEDS

Largest collection of Wedding Cards & Printing
**VALAVI & CO.**
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

**സാമ്പത്തികം**
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

**Pest Control**
ചിതൽ നിയന്ത്രണം കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

**FOR SALE**
**ബിൽഡിങ് മെറ്റീരിയൽസ്**
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

**സാരസ്വതാരിഷ്ടം**
സാരസ്വതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

**ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.**
9387590005
8589003187
9020531400
9048854547

## ടി-20 ലോകകപ്പിനു മാറ്റമില്ല

മെൽബൺ: ഈ വർഷം ഓസ്ട്രേലിയയിൽ വെച്ച് നടത്താൻ ഉദ്ദേശിക്കുന്ന ടി20 ക്രിക്കറ്റ് ലോകകപ്പ് നിശ്ചയിച്ച സമയത്ത് തന്നെ നടക്കുമെന്ന് ഓസ്ട്രേലിയൻ ക്രിക്കറ്റ് ബോർഡ്. ലോകത്താകമാനം കൊറോണ വൈറസ് ബാധയെ തുടർന്ന് കായിക മത്സരങ്ങൾ മാറ്റിവെക്കുന്നതിനിടയിലാണ് ഓസ്ട്രേലിയൻ ക്രിക്കറ്റ് ബോർഡ് മേധാവി കെവിൻ റോബെർട്സ് ടി20 ലോകകപ്പ് നിശ്ചയിച്ച പ്രകാരം നടക്കുമെന്ന് അറിയിച്ചത്.

കുറച്ചു മാസങ്ങൾക്കുള്ളിൽ കായിക മത്സരങ്ങൾ എല്ലാം സാധാരണ നിലയിലാവുമെന്നാണ് കരുതുന്നതെന്നും ഒക്ടോബർ - നവംബർ മാസങ്ങളിൽ സാഹചര്യം സാധാരണ നിലയിലാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കെവിൻ റോബെർട്സ് പറഞ്ഞു. ടി20 ലോകകപ്പിന് മുന്നോടിയായി ഒക്ടോബർ 18 മുതൽ 23 വരെ യോഗ്യത മത്സരവും ഒക്ടോബർ 24ന് ടി20 ലോകകപ്പും നടക്കുമെന്നാണ് കരുതപ്പെടുന്നത്. നവംബർ 15ന് മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ടിൽ വെച്ചാണ് ടി20 ലോകകപ്പിന്റെ ഫൈനൽ.

# ഫുട്ബോൾ കോവിഡ് വിഴുങ്ങി

# യൂറോ, കോപ്പ മാറ്റി

## യൂറോ, കോപ്പ ഫുട്ബോൾ പോരാട്ടങ്ങൾ അടുത്ത വർഷം

ലണ്ടൻ: കൊറോണ വിഴുങ്ങാത്ത ഒരു രാജ്യവുമില്ലാതെയായിരിക്കുന്നു. സമസ്തമേഖലകളെയും കൊറോണ ബാധിച്ചപ്പോൾ സ്പോർട്സിനെയും വെറുതെവിട്ടില്ല. ഇപ്പോൾ ഇതാ അതിന്റെ ഏറ്റവും വലിയ പ്രത്യാഘാതമെന്നോണം യൂറോ കപ്പ്, കോപ്പ അമേരിക്ക ഫുട്ബോൾ പോരാട്ടങ്ങൾ നീട്ടിവച്ചിരിക്കുന്നു. ഈ വർഷം ജൂണിൽ നടക്കേണ്ടിയിരുന്ന യൂറോ കപ്പ് ഫുട്ബോൾ ചാംപ്യൻഷിപ്പ് അടുത്ത വർഷം ജൂൺ 11 മുതൽ ജൂലൈ 11 വരെ നടക്കും. 12 യൂറോപ്യൻ രാജ്യങ്ങളിലെ 12 നഗരങ്ങളായായിരുന്നു യൂറോ കപ്പ് നടക്കേണ്ടിയിരുന്നത്. ഇതേ രാജ്യങ്ങളിൽത്തന്നെ അടുത്ത വർഷം നടക്കും. യുവേഫ വീഡിയോ കോൺഫറൻസിനു ശേഷം നോർവീജിയൻ ഫുട്ബോൾ അസോസിയേഷനാണ് യൂറോ കപ്പ് മാറ്റിവച്ച വിവരം പ്രഖ്യാപിച്ചത്.

യുവേഫയിലൂള്ള 55 അംഗരാജ്യങ്ങളിലെ ഫുട്ബോൾ അസോസിയേഷന്റെ പ്രതിനിധികൾ കോൺഫറൻസിൽ പങ്കെടുത്തു. ഭൂരിഭാഗം രാജ്യങ്ങളും യൂറോ കപ്പ് മാറ്റിവയ്ക്കണമെന്ന നിലപാടിലായിരുന്നു. കോവിഡ് 19 ഏറെ ജീവൻ കവർന്ന ഇറ്റാലിയുടെ ഫുട്ബോൾ അസോസിയേഷൻ, യൂറോ കപ്പ് മാറ്റണമെന്ന് ശക്തമായിത്തന്നെ ആവശ്യപ്പെട്ടിരുന്നു. യൂറോകപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണ് യൂറോ കപ്പ് ഫൈനൽ റൗണ്ട് മാറ്റിവയ്ക്കുന്നത്. യൂറോ കപ്പ് നീട്ടവച്ച സാഹചര്യത്തിൽ യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ നീട്ടിവച്ചിരിക്കുന്ന ലീഗുകൾ നടത്തിത്തീർക്കാൻ ക്ലബ്ബുകൾക്ക് സാവകാശം ലഭിക്കും. നിലനിൽ, ലാ ലിഗ, ഇംഗ്ലീഷ് പ്രീമിയർ ലീഗ്, സീരീ എ, ലീഗ് വൺ തുടങ്ങിയ ഫുട്ബോൾ ലീഗുകളെല്ലാം നീട്ടിവച്ചിരിക്കുകയാണ്. അതുപോലെ ചാംപ്യൻസ് ലീഗ്, യൂറോപ്പ ലീഗ് പോരാട്ടങ്ങളും നീട്ടിവച്ചിട്ടുണ്ട്. യുവേഫ സംഘടിപ്പിക്കുന്ന നേഷൻസ് ലീഗും യൂറോപ്യൻ അണ്ടർ 21 ചാംപ്യൻഷിപ്പും അടുത്ത വർഷമാണ് നടക്കുന്നത്. യൂറോപ്യൻ വനിതാ ചാംപ്യൻഷിപ്പും യൂറോ കപ്പിനൊപ്പം നടക്കുന്നുണ്ട്.

### യുവേഫ തീരുമാനങ്ങൾ

- യൂറോ കപ്പ് അടുത്ത വർഷം ജൂൺ 11 മുതൽ ജൂലൈ 11 വരെ നടക്കും
- സൗഹൃദ മത്സരങ്ങളും യൂറോ പ്ലേ ഓഫ് പോരാട്ടങ്ങളും ജൂൺ വരെ നീട്ടി
- 2022 ലോകകപ്പ് യോഗ്യതാ മത്സരങ്ങളും ജൂണിലായിരിക്കും.
- നേഷൻസ് ലീഗ്, യൂറോ വനിതാ ചാംപ്യൻഷിപ്പ് തുടങ്ങിയവ അടുത്ത വർഷം ജൂണിലും ജൂലൈയിലുമായി നടക്കും
- ദേശീയ ടീമിനായി ക്ലബ്ബുകൾ താരങ്ങളെ വിട്ടുകൊടുത്തിരിക്കണം.

കോവിഡ് -19 പടരുന്ന സാഹചര്യത്തിൽ കോപ്പ അമേരിക്ക ടൂർണമെന്റും മാറ്റിവച്ചു. അർജന്റീന, കൊളംബിയ എന്നീ രാജ്യങ്ങളിൽ ജൂൺ 12 മുതലായിരുന്നു കോപ്പ അമേരിക്ക ചാംപ്യൻഷിപ്പ് നടത്താൻ തീരുമാനിച്ചിരുന്നത്. എന്നാൽ, പുതിയ സാഹചര്യത്തിൽ അടുത്ത വർഷം ഇതേ സമയത്ത് ചാംപ്യൻഷിപ്പ് നടത്താമെന്നാണ് സൗത്ത് അമേരിക്കൻ ഫുട്ബോൾ കോൺഫെഡറേഷൻ തീരുമാനിച്ചിരിക്കുന്നത്.

2022ലെ ലോകകപ്പ് യോഗ്യതാ മത്സരങ്ങളും കോൺഫെഡറേഷൻ മാറ്റിവച്ചിരുന്നു. പുതിയ തീയതി പ്രഖ്യാപിച്ചിട്ടില്ല.

### ചാംപ്യൻസ് ലീഗ് ഫൈനൽ ജൂണിൽ

ലണ്ടൻ: കൊറോണ കാരണം മത്സരങ്ങൾ ഒക്കെ മാറ്റിവെക്കേണ്ടി വന്നതിനാൽ ചാമ്പ്യൻസ് ലീഗ്, യൂറോപ്പ ലീഗ് ഫൈനലുകൾ യുവേഫ മാറ്റിവെച്ചു. മെയ് മാസം നടക്കേണ്ടിയിരുന്ന ഫൈനലുകൾ ഇനി ജൂണിൽ ആകും നടക്കുക. യൂറോപ്പ ലീഗ് ഫൈനൽ ജൂൺ 23നും, ചാമ്പ്യൻസ് ലീഗ് ഫൈനൽ ജൂൺ 27നും ആകും നടക്കുക.

ഇന്നലെ നടന്ന യുവേഫയുടെ കോൺഫറൻസിൽ ആണ് ഈ തീരുമാനങ്ങൾ എടുത്തത്.

മെയ് അഞ്ചിന് ചാമ്പ്യൻസ് ലീഗ് മത്സരങ്ങൾ പുനരാരംഭിക്കാൻ ആണ് യുവേഫ ആലോചിക്കുന്നത്. അതിനു മുമ്പായി സ്ഥിതിഗതികൾ നേരെയാകും എന്നും യുവേഫ പ്രതീക്ഷിക്കുന്നു.

യൂറോ കപ്പ് 2021ലേക്ക് മാറ്റിയതിനാൽ ജൂൺ അവസാനം വരെ എല്ലാ ക്ലബുകൾക്കും താരങ്ങളെ ഒപ്പം കിട്ടും. താരങ്ങളുടെ കരാറുകൾ ജൂൺ അവസാനം വരെ ആക്കാനും യുവേഫ നിർദേശം നൽകിയിട്ടുണ്ട്.

ചാംപ്യൻസ് ലീഗ് ഓരോ ലെഗ് വീതമുണ്ട നോക്കൗട്ടാക്കി കുറച്ചാലോ എന്ന് ആലോചനയുണ്ടായിരുന്നു.

## ഗാംഗുലിക്കെതിരേ മമത

കോൽക്കത്ത: സൗരവ് ഗാംഗുലി അധ്യക്ഷനായ ബിസിസിഐക്കെതിരെ കടുത്ത വിമർശനവുമായി ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി. കൊൽക്കത്തയിൽ നടക്കേണ്ട ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിനം റദ്ദാക്കിയത് സർക്കാരിനെ അറിയിച്ചില്ലെന്ന് മമത കുറ്റപ്പെടുത്തി. മത്സരം റദ്ദാക്കുന്നത് കുഴപ്പമില്ല. എന്നാൽ കൊൽക്കത്ത പൊലീസിനെയോ ചീഫ് സെക്രട്ടറിയെയോ അറിയിക്കേണ്ട മാന്യത ബിസിസിഐ കാണിക്കണമായിരുന്നുവെന്ന് മമത കുറ്റപ്പെടുത്തി.

ഗംഗുലിക്കെതിരെ പരോക്ഷ വിമർശനം എങ്കിലും മമത ഉന്നയിക്കുന്നത് ആദ്യമായാണ്. ബിസിസിഐ സെക്രട്ടറിയും അമിത് ഷായുടെ മകനുമായ ജെയ് ഷായോട് അമിത വിധേയത്വം കാണിക്കുന്നുവെന്ന ആക്ഷേപവും അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഗാംഗുലി ബിജെപിയുടെ താരപ്രചാരകനാകുമെന്ന റിപ്പോർട്ടുകളും ശക്തമാകുന്നതിനിടെയാണ് മമതയുടെ പ്രതികരണം.

ജഗ്മോഹൻ ഡാൽമിയ മരണപ്പട്ടപ്പോൾ ഗാംഗുലിയെ ബംഗാൾ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റായി പ്രഖ്യാപിച്ചത് മമത ആയിരുന്നു.

## കോവിഡ് മരണം കായിക ലോകത്തും..!

## പരിശീലകൻ മരിച്ചു

### 21കാരനായ ഫുട്ബോൾ പരിശീലകൻ ഫ്രാൻസിസ്കോ ഗാർഷ്യയാണ് മരിച്ചത്

മാഡ്രിഡ്· കോവിഡ് 19 ഒടുവിൽ കായിക താരത്തിന്റെയും ജീവൻ കവർന്നു. കോവിഡ് 19 ബാധിച്ച് 21കാരനായ യുവ ഫുട്ബോൾ പരിശീലകനും കളിക്കാരനുമായയാൾ മരിച്ചു. സ്പെയിനിലെ അത്‌ലറ്റിക്കോ പോർട്ടാഡ ആൾട്ടാസിന്റെ യൂത്ത് ടീമിന്റെ ചുമതല വഹിച്ചിരുന്ന ഫ്രാൻസിസ്കോ ഗാർഷ്യയാണ് മരിച്ചത്. 2016 മുതൽ ക്ലബ്ബുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയായിരുന്നു ഇദ്ദേഹം. മലാഗ മേഖലയിൽ കോവിഡ് ബാധിച്ച് മരിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് ഗാർഷ്യയെന്ന് വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഗാർഷ്യയുടെ മരണം സ്ഥിരീകരിച്ച് ക്ലബ്ബും പ്രസ്താവന പുറത്തിറക്കി.

ടീമിനൊപ്പമുണ്ടായിരുന്ന ഗാർഷ്യ ശ്വാസതടസ്സത്തെ തുടർന്നാണ് ചികിത്സ തേടിയത്. ഇതിനിടെ കഴിഞ്ഞയാഴ്ച കോവിഡ് 19 സ്ഥിരീകരിച്ചു. അതിനുശേഷം മലാഗയിലെ ആശുപത്രിയിൽ ഐസലേഷനിലായിരുന്നു. വിശദപരിശോധനയിൽ അദ്ദേഹത്തിന് രക്താർബുദവും സ്ഥിരീകരിച്ചിരുന്നു. ഞായറാഴ്ച ഉച്ചയോടെയാണ് ഗാർഷ്യയുടെ മരണം സ്ഥിരീകരിച്ചത്. ആരോഗ്യസ്ഥിതി മെച്ചപ്പെട്ടുവരുന്നതിനിടെ പെട്ടെന്ന് സ്ഥിതി ഗുരുതരമാകുകയായിരുന്നു. യുവപരിശീലകന്റെ മരണത്തിനു പിന്നാലെ വൈകാരികമായൊരു പ്രസ്താവനയും ക്ലബ് പുറത്തിറക്കി.

നിർഭാഗ്യവശാൽ നമ്മെ വിട്ടുപിരിഞ്ഞ പരിശീലകൻ ഫ്രാൻസിസ്കോ ഗാർഷ്യയുടെ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും അത്‌ലറ്റിക്കോ പോർട്ടാഡ ആൾട്ടയുടെ അനുശോചനം. ഇനി നീയില്ലാതെ ഞങ്ങൾ എന്തു ചെയ്യും, ഫ്രാൻസിസ്? പോർട്ടഡയിലും മറ്റെവിടെ ആവശ്യമുണ്ടെങ്കിലും സഹായവുമായി നീ എന്നുമുണ്ടായിരുന്നു. നിന്റെ അസാന്നിധ്യത്തിൽ ഇനി ലീഗിലെ കിലോമീറ്ററുകൾ ഞങ്ങൾ എങ്ങനെ കീഴടക്കും? എങ്ങനെ സാധിക്കുമെന്ന് ഇപ്പോഴും ഞങ്ങൾക്കു വ്യക്തതയില്ല. പക്ഷേ നിനക്കുവേണ്ടി ഞങ്ങളതു ചെയ്യും. മറക്കില്ല ഒരിക്കലും' - ക്ലബ് സ്പാനിഷ് ഭാഷയിൽ പുറത്തിറക്കിയ പ്രസ്താവനയിൽ വ്യക്തമാക്കി. ലാലിഗ രണ്ടാം ഡിവിഷനിൽ കളിക്കുന്ന മലാഗ സിഎഫും ഗാർഷ്യയുടെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തി ട്വീറ്റ് ചെയ്തു.

സ്പെയിനിൽ വൻതോതിൽ കൊറോണ വൈറസ് പടർന്നതോടെ പ്രതിരോധ നടപടികൾ ഊർജിതമാക്കി സർക്കാർ രംഗത്തെത്തിയിരുന്നു. രാജ്യത്ത് പുതുതായി കൂടുതൽ കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്തതോടെ വൈറസ് വ്യാപനത്തിൽ ദക്ഷിണ കൊറിയയ്ക്കും മേലെ ലോകത്ത് നാലാം സ്ഥാനത്താണ് സ്പെയിൻ ഇപ്പോൾ. സ്പെയിനിൽ പുതുതായി 1,440 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഇതുവരെ 342 മരണവും ഇവിടെ റിപ്പോർട്ട് ചെയ്തു. സ്പാനിഷ് ലാലിഗ ഉൾപ്പെടെ കായിക മത്സരങ്ങളെല്ലാം ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ നിർത്തിവച്ചിരിക്കുകയാണ്.

## പാക് വിട്ട ഇംഗ്ലീഷ് താരത്തിന് കോവിഡ് ഉണ്ടായിരുന്നെന്ന് റമീസ് രാജ

*അലക്സ് ഹെയിൽസ്*

കറാച്ചി: പാക്കിസ്ഥാൻ സൂപ്പർ ലീഗിൽ കളിച്ച ഇംഗ്ലീഷ് ഓപ്പണർ അലക്സ് ഹെയിൽസിന് കോവിഡ് 19 രോഗലക്ഷണങ്ങൾ ഉണ്ടായിരുന്നുവെന്ന വെളിപ്പെടുത്തലുമായി മുൻ പാക് താരവും കമന്റേറ്ററുമായ റമീസ് രാജ. പാക്കിസ്ഥാൻ സൂപ്പർ ലീഗ് ഇടക്കുവെച്ച് നിർത്തി ഹെയിൽസ് ഇംഗ്ലണ്ടിലേക്ക് പോയിരുന്നു. സെമിഫൈനൽ മത്സരങ്ങൾക്ക് തൊട്ടുമുമ്പ് കോവിഡ് ആശങ്കയെത്തുടർന്ന് മത്സരങ്ങൾ മാറ്റിവെച്ചതിന് പിന്നാലെയാണ് വെളിപ്പെടുത്തലുമായി റമീസ് രാജ രംഗത്തെത്തിയത്. ലീഗിൽ കറാച്ചി കിംഗ്സിനായാണ് ഹെയിൽസ് കളിച്ചത്.

ഹെയിൽസ് ഇതുവരെ കൊവിഡ് 19 പരിശോധനകൾക്ക് വിധേയനായിട്ടില്ലെന്നാണ് ഞാൻ മനസിലാക്കുന്നത്. പക്ഷെ ടൂർണമെന്റിനിടെ അദ്ദേഹത്തിന് രോഗലക്ഷണങ്ങളുണ്ടായിരുന്നു. ഇത് കൊവിഡിന്റെയാണോ എന്ന് ഞങ്ങൾക്ക് അറിയില്ല. പക്ഷെ വളരെ കരുതലെടുക്കേണ്ട കാര്യമാണിതെന്ന് ഞങ്ങൾക്ക് അറിയാം. സാമാന്യബുദ്ധി ഉപയോഗിച്ച് ഈ സാഹചര്യത്തെ നേരിടുകയായിരുന്നു വേണ്ടിയിരുന്നത്-റമീസ് രാജ പറഞ്ഞു.

കോവിഡ് 19 ആശങ്കയുടെ പശ്ചാത്തലത്തിൽ ടൂർണമെന്റ് മാറ്റിവെച്ചത് ശരിയായ നടപടിയാണെന്നും റമീസ് രാജ പറഞ്ഞു. കാണികളെ പ്രവേശിപ്പിക്കാതെ മത്സരം നടത്താമായിരുന്നെങ്കിലും സാഹചര്യം മാറിയസ്ഥിതിക്ക് ടൂർണമെന്റ് മാറ്റിവെച്ചത് നന്നായെന്നും റമീസ് രാജ വ്യക്തമാക്കി. അതേസമയം, പാക്കിസ്ഥാൻ സൂപ്പർ ലീഗ് മത്സരങ്ങൾ മാറ്റിവെച്ചതിന് പിന്നാലെ കളിക്കാരെയും ബ്രോഡ്കാസ്റ്റേഴ്സിനെയും കോവിഡ് 19 പരിശോധനകൾക്ക് വിധേയരാക്കിയിരുന്നു

## ഇപിഎൽ: ലിവർപൂളിനു കിരീടം നൽകുമോ?

ലണ്ടൻ: കൊവിഡ് 19 ഭീഷണിയായതോടെ ഇംഗ്ലീഷ് പ്രീമിയർ ലീഗ് സീസൺ അവസാനിച്ചേക്കുമെന്നു റിപ്പോർട്ട്. അങ്ങനെവന്നാൽ, പോയിന്റ് നിലയിൽ വളരെ മനുന്നിലുള്ള ലിവർപൂളിന് കിരീടം നൽകിയേക്കും. ലിവർപൂളാണ് ലീഗിൽ ഒന്നാമത്. രണ്ടാം സ്ഥാനത്തുള്ള മാഞ്ചസ്റ്റർ സിറ്റിയേക്കാൾ 25 പോയിന്റ് ലീഡുണ്ട് ലിവർപൂളിന്. എതിരാളികളേക്കാൾ വളരെ മുന്നിലുള്ള ലിവർപൂൾ രണ്ടു വിജയം കൂടി കൈവരിച്ചാൽ കിരീടം ഉറപ്പാക്കാമായിരുന്നു ഈ സാഹചര്യത്തിൽ നിന്നാണ് ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഒരാഴ്ചത്തേക്ക് നിലവിൽ സസ്പെൻഡ് ചെയ്തിരിക്കുന്നത്. എന്നാൽ, ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പൊതുയോഗങ്ങളോ വലിയ കൂട്ടായ്മകളോ ഉണ്ടാകാൻ പാടില്ലെന്ന ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ നിർദേശം വന്നതോടെ ഫലത്തിൽ ബ്രിട്ടനിലെ എല്ലാ കായിക സംഭവങ്ങളും താത്കാലികമായി റദ്ദാക്കിയെന്നതാണ് സത്യം. അടച്ചിട്ട സ്റ്റേഡിയത്തിൽ മത്സരം നടത്താൻ ക്ലബ്ബുകൾ മിക്കതും തയാറല്ലാത്ത സാഹചര്യത്തിൽ ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഈ സീണൺ നിർത്തുമെന്നാണ് വിവരം.

ലീഗ് തുടങ്ങാനായില്ലെങ്കിൽ കൂടുതൽ പോയിന്റുള്ള ലിവർപൂളിനെ ജേതാക്കളാക്കണമെന്നാണ് ആരാധകരുടെയും ആവശ്യം. എന്നാൽ ഇതിനെതിരെ രംഗത്തെത്തിയിരിക്കുകയാണ് മുൻ ഇംഗ്ലീഷ് സ്ട്രൈക്കറായ അലൻ ഷിയറർ. ലീഗ് പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ ലിവർപൂളിന് കിരീടം നൽകരുതെന്നാണണ് ഷിയറർ പറയുന്നത്. അദ്ദേഹം തുടർന്നു... ”സീസൺ പൂർത്തിയാക്കാതെ എങ്ങനെയാണ് ലിവർപൂളിനെ ജേതാക്കളാക്കുക? ലീഗ് നടത്താൻ സാധിക്കുന്നില്ലെങ്കിൽ വിജയികളോ റിലഗേഷനോ ഒന്നും പാടില്ല. ഇതേ ടീമുകളെ വെച്ച് അടുത്ത സീസൺ ആരംഭിക്കണം.” ഷിയറർ പറഞ്ഞുനിർത്തി.

ലീഗിൽ രണ്ട് ജയങ്ങൾ കൂടി നേടിയാൽ ലിവർപൂളിന് കിരീടം ഉറപ്പിക്കാം. 1989-90 സീസണിലാണ് ലിവർപൂൾ അവസാനമായി കിരീടം ഉയർത്തിയത്.

എന്തായാലും ഇക്കാര്യത്തിൽ ഈയാഴ്ച തീരുമാനമുണ്ടായേക്കും.

**SENSEX:** 30,579.09 (−810.98)

**NIFTY:** 8966.70 (-230.70)

## വിനിമയ നിരക്ക്

| | |
|---|---|
| ഡോളർ | 74.29 |
| യൂറോ | 81.71 |
| പൗണ്ട് | 89.94 |
| സ്വിസ്ഫ്രാങ്ക് | 77.52 |
| സിംഗപ്പൂർ ഡോളർ | 52.02 |
| ഓസ്ട്രേലിയൻ | 44.72 |
| കനേഡിയൻ | 52.54 |
| ബഹറിൻ ദിനാർ | 196.26 |
| കുവൈറ്റ് ദിനാർ | 239.77 |
| ഒമാനി റിയാൽ | 192.26 |
| സൗദി റിയാൽ | 19.78 |
| യു എ ഇ ദിർഹം | 20.20 |
| ഖത്തർ | 20.30 |

# ട്രെൽ നിക്ഷേപ സമാഹരണത്തിന് മികച്ച പ്രതികരണം; ആദ്യ നിക്ഷേപം 30 കോടി

**സെകോയ കാപിറ്റൽ ഇന്ത്യയുടെ സർജ്, ഫോസൻ ആർ ഇസഡ് കാപിറ്റൽ, കെടിബി നെറ്റ് വർക്ക് എന്നീ കമ്പനികൾ ചേർന്നാണ് ഈ തുക നിക്ഷേപിക്കുക. ട്രെല്ലിന്റെ നിലവിലുള്ള നിക്ഷേപകരായ ബിനെക്സ്റ്റ്, ഡബ്ല്യു ഇ എച്ച് വെഞ്ച്വർസ്, സ്പ്രൗട്ട് വെഞ്ച്വർസ് തുടങ്ങിയ കമ്പനികളും ആദ്യ റൗണ്ടിൽ പങ്കെടുത്തു.**

കൊച്ചി: വളർന്നു കൊണ്ടിരിക്കുന്ന ലൈഫ് സ്റ്റൈൽ ഇ- കൊമേഴ്സ് പ്ലാറ്റ്ഫോമായ ട്രെല്ലിന്റെ നിക്ഷേപ സമാഹരണത്തിന് മികച്ച തുടക്കം. ആദ്യ റൗണ്ടിൽ 30 കോടി രൂപയുടെ നിക്ഷേപമാണ് ലഭിച്ചത്. സെകോയ കാപിറ്റൽ ഇന്ത്യയുടെ സർജ്, ഫോസൻ ആർ ഇസഡ് കാപിറ്റൽ, കെടിബി നെറ്റ് വർക്ക് എന്നീ കമ്പനികൾ ചേർന്നാണ് ഈ തുക നിക്ഷേപിക്കുക. ട്രെല്ലിന്റെ നിലവിലുള്ള നിക്ഷേപകരായ ബിനെക്സ്റ്റ്, ഡബ്ല്യു ഇ എച്ച് വെഞ്ച്വർസ്, സ്പ്രൗട്ട് വെഞ്ച്വർസ് തുടങ്ങിയ കമ്പനികളും ആദ്യ റൗണ്ടിൽ പങ്കെടുത്തു.

ഏഞ്ചൽ നിക്ഷേപകരിൽ മുൻനിരയിലുള്ള രാജൻ ആനന്ദൻ (മുൻ ഗൂഗിൾ തലവൻ), അനൂപം മിത്തൽ (ശാദി.കോം സ്ഥാപകൻ), ആനന്ദ് ലഡ്സാരിയ (എവറസ്റ്റ് മസാല ഇന്ത്യ ഉടമയും എംഡിയും), അപ്രമേയ രാധാകൃഷ്ണ (ഓല ടാക്സി ഏറ്റെടുത്ത ടാക്സി ഫോർ ഷുവർ കമ്പനി സ്ഥാപകൻ), അമിത് ലഖോട്ടിയ (പെയ്ടിഎം മുൻ വിപി), നിതിൻ ഗുപ്ത (പേ യു മണി സ്ഥാപകൻ), രമാകാന്ത് ശർമ്മ (മിന്ത്ര മുൻ വിപി), ഭാരത് ചദ്ധ (ആമസോൺ ഇന്ത്യ ഡയറക്ടർ), ശാന്തി മോഹൻ (ലെറ്റസ് വെഞ്ച്വർ സഹ സ്ഥാപകൻ) എന്നിവർ ട്രെല്ലിന്റെ നിലവിലുള്ള നിക്ഷേപകരാണ്. ഇപ്പോൾ കിട്ടിയ നിക്ഷേപത്തോടെ ട്രെല്ലിന്റെ ആകെ മൂലധനം 5.5 ദശലക്ഷം അമെരിക്കൻ ഡോളറായി.

ഐഐടി മുംബൈയിലെ പൂർവ വിദ്യാർഥിയായ അരുൺ ലോധി, മൈക്രോ സോഫ്റ്റ് സാംസങ്ങ് കമ്പനികളിലെ മുൻ ഉദ്യോഗസ്ഥനായ പ്രശാന്ത് സജൻ, പുൽകിത് അഗർവാൾ (കുവൽകോം) എൻഐടിഐ പൂർവ വിദ്യാർഥി ബിമൽ കാർണിക് റബ്ബ എന്നിവരാണ് ട്രെല്ലിന്റെ സ്ഥാപകൻ.

1.6 കോടിക്കു മുകളിൽ ഡൗൺലോഡും മാസം അമ്പതു ലക്ഷത്തിനു മുകളിൽ ഉപയോക്താക്കളുമുള്ള ട്രെൽ ആപ്പ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇരുപതു മടങ്ങു വർധനയാണ് കാഴ്ചവച്ചത്. ത്വക്ക്-സൗന്ദര്യ പരിപാലത്തിനുള്ള ടിപ്പുകൾ, നൂതന ഫാഷൻ ആശയങ്ങൾ, പാചകം, ആരോഗ്യ ക്ഷേമം, സിനിമാ വെബ് ഷോ നിരൂപണങ്ങൾ, ഗാർഹിക പരിപാലനം, യാത്ര എന്നിവ സംബന്ധിച്ചു അവരുടെ പരിജ്ഞാനവും ശുപാർശകളും നിരൂപണങ്ങളും പങ്കുവെയ്ക്കുന്നതിനു ഇന്ത്യൻ യുവത വന്നു ചേരുന്ന പ്ലാറ്റ് ഫോം ആയി ഇന്ന് ട്രെൽ മാറി.

ഉപയോക്താക്കൾക്ക് തങ്ങളുടെ സ്വന്തം ഭാഷയിൽ അഞ്ചു മിനിട്ട് നീളുന്ന വീഡിയോകളും (വ്ലോഗുകൾ) ടെക്സ്റ്റ് ബ്ലോഗുകളും പങ്കുവയ്ക്കാൻ ട്രെൽ വഴിയൊരുക്കുന്നു. ജനുവരി മാസത്തിൽ മാത്രമായി അഞ്ചരലക്ഷത്തിനു മുകളിൽ ഉള്ളടക്ക സ്യഷ്ടാക്കൾ പന്ത്രണ്ടു ലക്ഷത്തിനു മുകളിൽ ഉള്ളടക്കങ്ങൾ ട്രെല്ലിൽ സൃഷ്ടിക്കുകയും ഇവയെല്ലാത്തതിനും കൂടി മുപ്പതു കോടിക്ക് മുകളിൽ വ്യൂവർഷിപ്പ് കിട്ടുകയും ചെയ്തു. ട്രെല്ലിന്റെ പ്ലാറ്റ്ഫോമിൽ ഉള്ളടക്കം ഉണ്ടാക്കുന്ന ആയിരത്തോളം ഉപയോക്താക്കളിൽ ഏകദേശം 78 ശതമാനത്തോളം വനിതകളാണ്. വ്ലോഗുകളിൽ പ്രതിപാദിക്കുന്ന ഉത്പന്നങ്ങൾ വാങ്ങുന്നതിനായി ഷോപ്പ് എന്ന ഒരു ഫീച്ചർ ഉണ്ട്.

# ഇന്ത്യയുടെ വളർച്ചാ നിരക്ക് വീണ്ടും കുറച്ച് മൂഡീസ്

ന്യൂഡൽഹി: മൂഡീസ് ഇൻവെസ്റ്റേഴ്സ് സർവീസ് ഇന്ത്യയുടെ ജിഡിപി വളർച്ചാനിരക്ക് വെട്ടിക്കുറച്ചു. 2019-2020 സാത്തിക വർഷത്തിൽ ഇന്ത്യയുടെ ജിഡിപി വളർച്ചാ നിരക്കിൽ രേഖപ്പെടുത്തുക 5.3 ശതമാനമായിരിക്കുമെന്നാണ് റേറ്റിങ് ഏജൻസിയായ മൂഡീസ് ചൂണ്ടിക്കാട്ടുന്നത്. എന്നാൽ ഫെബ്രുവരിയിൽ മൂഡീസ് പ്രവചിച്ച വളർച്ചാ നിരക്ക് 5.4 ശതമാനമായിരുന്നു.



2019 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥ 5.1 ശതമാനം വളർച്ച രേഖപ്പെടുത്തി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 6.3 ശതമാനമായിരുന്നു. 2019-2020 ആദ്യപാദത്തിൽ 5.6 ശതമാനം വളർച്ചാ നിരക്ക് പ്രതീക്ഷിച്ചിരുന്നത് അഞ്ച് ശതമാനമായി കുറച്ചിരുന്നു

കൊറോണ വൈറസ് കൂടുതൽ വ്യാപിച്ചതിനെ തുടർന്ന് കാര്യമായ സാമ്പത്തിക ഇടിവുണ്ടായതായി റേറ്റിങ് ഏജൻസി അഭിപ്രായപ്പെട്ടു. ദുരിതബാധിത രാജ്യങ്ങളിലെ ആഭ്യന്തര ഉപഭോഗ ആവശ്യം കുറയുന്നത് വ്യാപാര മേഖലയിലെ വിതരണത്തിനും ചരക്കുകളുടെയും സേവനങ്ങളുടെയും അതിർത്തി കടന്നുള്ള വ്യാപാരത്തെ തടസപ്പെടുത്തുന്നുവെന്നും മൂഡീസ് ഇൻവസ്റ്റേഴ്സ് സർവീസ് അഭിപ്രായപ്പെട്ടു. എന്നാൽ 2020-2021 സാമ്പത്തിക വർഷത്തിൽ മൂഡിസ് പ്രവചിച്ച വളർച്ചാ നിരക്ക് 5.8 ശതമാനവുമാണ്.

## ഓഹരി വിപണിയിൽ നഷ്ടം

മുംബൈ : ഈ ആഴ്ചയിലെ തുടർച്ചയായ രണ്ടാം ദിവസവും മുംബൈ ഓഹരി വിപണി വ്യാപാരം നഷ്ടത്തിൽ അവസാനിച്ചു. സെൻസെക്സ് 810.98 പോയിന്റ് നഷ്ടത്തിൽ 30.579.09 എന്നി നിലയിലും നിഫ്റ്റ് 230.70 പോയിന്റ് ഇടിഞ്ഞ് 8966.70 എന്ന നിലയിലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

വ്യാപാരം ആരംഭിച്ച് വൈകാതെ തന്നെ സെൻസെക്സ് 32,047.98 പോയിന്റ് വരെ ഉയർന്നിരുന്നു. നിഫ്റ്റിയിൽ 9403.80 വരെ ഉയർച്ചയും ഉണ്ടായിരുന്നു. ഒരു ഘട്ടത്തിൽ സെൻസെക്സ് 30,394.94 പോയിന്റ് വരെയും നിഫ്റ്റി 8915.60 പോയിന്റ് വരെയും താഴ്ന്നിരുന്നു. വിപണിയിൽ ലിസ്റ്റ് ചെയ്ത 2595 കമ്പനികളുടെ ഓഹരികളിൽ 1650 കമ്പനികൾ നഷ്ടത്തിലും 779 കമ്പനികൾ ലാഭത്തിലും 166 കമ്പനികളുടെ ഓഹരികൾ മാറ്റമില്ലാതെയുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

## കഫെ കൊഫീഡേ അന്വേഷണ റിപ്പോർട്ട്: രണ്ടായിരം കോടി കണാനില്ല

ബംഗളൂരു: കഫേ കോഫി ഡേ എന്റർപ്രൈസസ് സ്ഥാപകൻ വിജി സിദ്ധാർത്ഥയുടെ ആത്മഹത്യക്ക് പിന്നാലെ നടന്ന ബോർഡ് അന്വേഷണത്തിൽ 270 മില്യൻ ഡോളറിന്റെ (ഏകദേശം രണ്ടായിരം കോടിയോളം ഇന്ത്യൻ രൂപ)യുടെ കുറവ് കമ്പനി അക്കൗണ്ടിൽ കണ്ടെത്തി. റിപ്പോർട്ട് ഉടൻ പുറത്തിറങ്ങുമെന്നുമാണ് സൂചന. സിഡിഎല്ലിന്റെ ഏഴ് യൂണിറ്റുകളിൽ നിന്ന് ഈ തുക അന്തരിച്ച സ്ഥാപകനായ വി.ജി. സിദ്ധാർത്ഥയുടെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയും സ്വകാര്യ അക്കൗണ്ടുകളിലേക്ക് മാറ്റിയതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കഴിഞ്ഞ വർഷം ജുലൈയിലായിരുന്നു മംഗളൂരുവിന് സമീപം നേത്രാവതി നദിയിയിൽ ചാടി വിജി 59 കാരനായ സിദ്ധാർത്ഥ ആത്മഹത്യ ചെയ്തത്. രാജ്യത്തും വിദേശത്തും 3000 ത്തിലേറെ ശാഖകളുള്ള ബിസിനസ് സംരഭത്തിന്റെ തലവനായി വളർന്ന സിദ്ധാർത്ഥയുടെ ആത്മഹത്യ ഇന്ത്യൻ ബിസിനസ് ലോകത്തെ ഞെട്ടിക്കുന്നതായിരുന്നു. തികച്ചും അപ്രതീക്ഷിതമായി സിദ്ധാർത്ഥ പുഴയിൽ ചാടി ആത്മഹത്യ ചെയ്യുകയായിരുന്നു.

# കരുതലിനായി ഒരു ഫിനാൻഷ്യൽ പ്ലാൻ

**ബിസിനസിൽ നിലവിലെ ചെലവുകളിൽ ഒഴിവാക്കാനാവുന്നവയെല്ലാം ഒഴിവാക്കുക എന്നതിനും ഇപ്പോൾ പ്രസക്തിയേറെയുണ്ട്.**

കൊച്ചി: റിസവ്ബാങ്ക് ഗവർണർ പലിശ കുറയ്ക്കൽ ഉൾപ്പടെയുള്ള കാര്യങ്ങളിൽ നൽകിയ സന്ദേശം സംരഭകർക്ക് ആത്മവിശ്വാസം പകരുന്നതാണെങ്കിലും അടിയന്തരമായി ചെയ്യേണ്ട ചില കാര്യങ്ങൾ ഒരോ വ്യക്തിയും നടപ്പാക്കേണ്ടതുണ്ട്.

കൊവിഡ് 19 ആഘാതത്തിൽ നിന്ന് തിരിച്ചുകയറാൻ ഇത്തരം നടപടികൾ ആവശ്യമാണന്ന് സാമ്പത്തിക മേഖലയിൽ നിന്നുള്ള വിദഗ്ധർ നിർദേശിക്കുന്നുണ്ട്. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ വായ്പകളുമായി ബന്ധപ്പെട്ട് എന്തെങ്കിലും നീക്കങ്ങൾ സർക്കാരോ ബാങ്കുകളോ പ്രഖ്യാപിക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കണം. അവയിൽ നിങ്ങൾക്കു പ്രയോജനപ്പെടുത്താനാവുന്നവ ഉടൻ തന്നെ പ്രയോജനപ്പെടുത്തുകയും വേണം. ബിസിനസിൽ നിലവിലെ ചെലവുകളിൽ ഒഴിവാക്കാനാവുന്നവയെല്ലാം ഒഴിവാക്കുക എന്നതിനും ഇപ്പോൾ പ്രസക്തിയേറെയുണ്ട്.

### പതിവായ പരിശോധന

എല്ലാവരും സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടെന്നു കാര്യം മറക്കരുത്. മറ്റുള്ളവർ നൽകിയ ചെക്കോ അവർ നടത്താമെന്നേറ്റിരുന്ന ട്രാൻസ്ഫറോ എല്ലാം മുടങ്ങാൻ സാധ്യതകൾ ഏറെയാണ്. അതു മൂലം നിങ്ങളുടെ അക്കൗണ്ടിൽ ഉദ്ദേശിക്കുന്ന ബാലൻസ് ഇല്ലാതെയായാൽ പ്രശ്നത്തിലാകും. അതു കൊണ്ടു തന്നെ ചെക്കുകളുടെ ക്ലിയറൻസും ട്രാൻസ്ഫറുമെല്ലാം കൃത്യമായി എത്തിയോ എന്നു പതിവായി പരിശോധിക്കണം.

### വായ്പകളുടെ തിരിച്ചടവ്

ഇപ്പോഴത്തെ സാഹചര്യത്തിൽ ബിസിനസിലേക്കുള്ള പണത്തിന്റെ ഒഴുക്കിൽ കുറച്ചെങ്കിലും പ്രശ്നങ്ങളുണ്ടാകാനും വായ്പാ തിരിച്ചടവിനെ ബാധിക്കാനും സാധ്യതയുണ്ട്. അതു കൊണ്ടു തന്നെ ഈ പ്രതിസന്ധികാലത്തു വരുന്ന ആദ്യ വായ്പാ തിരിച്ചടവ് മുടങ്ങാതിരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. അതിനുവേണ്ട പണം എങ്ങനെയും മാറ്റി വയ്ക്കണം.

### നിലവിലെ വായ്പകൾ

വായ്പകളുടെ പലിശ നിരക്കും പ്രതിമാസ തിരിച്ചടവു തുകയും കുറയ്ക്കാൻ ശ്രമിക്കുന്നതിന് ഇപ്പോഴത്തെ സാഹചര്യത്തിൽ ഏറെ പ്രസക്തിയുണ്ട്. അസംഘടിത മേഖലയിൽ നിന്നുള്ള വായ്പകളും കൈവായ്പകളും ഒഴിവാക്കുക എന്നതാണ് ആദ്യം ചെയ്യേണ്ടത്. നിലവിലുള്ള പേഴ്സണൽ ലോണുകൾ അടച്ചു തീർക്കുക എന്നതാണ് അടുത്ത പടി. സ്വർണ പണയങ്ങളും ഇങ്ങനെ ഒഴിവാക്കണം. ഇവയെല്ലാം ഒഴിവാക്കാൻ വസ്തുവിന്റെ ജാമ്യത്തിലുള്ള വായ്പകൾ (എൽഎപി) ഇതിനൊരു മികച്ച മാർഗമാണ്. ദീർഘകാലത്തേക്കു കൂടുതൽ തുക ലഭിക്കും എന്നതിനാൽ നിങ്ങൾക്ക് അത്യാവശ്യം പണത്തിന്റെ ഒഴുക്കു സാധ്യമാക്കുവാനും പ്രതിമാസ തിരിച്ചടവു തുക നിലവിലേതിൽ നിന്നു ഗണ്യമായി കുറയ്ക്കുവാനും എൽഎപി സഹായിക്കും. വിവിധ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും നൽകുന്ന ബിസിനസ് വായ്പകളും ഇവിടെ പ്രയോജനപ്പെടുത്താം.

ബാങ്ക് അധികൃതരുമായി സംസാരിച്ച് നിലവിലെ വായ്പ പുതുക്കുകയാണ് മാർഗം. വായ്പാ കാലാവധി ദീർഘിപ്പിക്കുകയോ വായ്പാ തുക വർധിപ്പിക്കുകയോ എല്ലാം ഇതിലൂടെ സാധ്യമാകും. ഇപ്പോഴത്തെ ബുദ്ധിമുട്ടുകളെക്കുറിച്ച് സാമ്പത്തിക മേഖലയിലുള്ളവർക്കു കൃത്യമായ അവബോധമുണ്ട്. അതു കൊണ്ടു തന്നെ കാര്യങ്ങൾ കൃത്യമായി ബാങ്ക് അധികൃതരുമായി ചർച്ച ചെയ്യുന്നത് മികച്ചൊരു മാർഗമാണ്. ഒരു ഉപഭോക്താവിനെ പോലും നിഷ്ക്രിയ ആസ്തിക്കാരുടെ പട്ടികയിൽ പെടുത്താൻ ബാങ്കുകൾക്കു താൽപ്പര്യമുണ്ടാകില്ല. അതിനാൽ നിങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ മാർഗം കണ്ടെത്താൻ അവർക്കു നിങ്ങളെ സഹായിക്കാനാവും.

# പത്തു ദിനം നഷ്ടം 200 കോടി

കൊച്ചി: പ്രളയം നിപ്പാ ഭീതിയിൽ നിന്ന് മെല്ലെ കരകയറിയ ടൂറിസം മേഖല ആഗോള തലത്തിലെ തിരിച്ചടിയിൽ പാടെ തകരുന്നു. ആറുമസത്തിനുള്ളിൽ തിരിച്ചുവരവ് പ്രതീക്ഷിക്കണ്ടെന്ന രീതിലാണ് ഈ രംഗത്തുള്ള ഏജൻസികളുടെ പ്രതികരണം.

പത്തുദിവസം കൊണ്ടു തന്നെ സംസ്ഥാന ടൂറിസം മേഖലയ്ക്ക് 200 കോടിയോളം രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്ന് ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) കേരള സ്റ്റേറ്റ് കൗൺസിൽ പറയുന്നത്. സംസ്ഥാനത്തെ വലിയ ഹോട്ടലുകളെല്ലാം ഏതാണ്ട് അടച്ചുപൂട്ടിയ നിലയിലാണ്.

ഹോട്ടൽ, ടൂറിസം മേഖലയിൽ 15 ലക്ഷത്തിലധികംപേരാണ് നേരിട്ട് ജോലി ചെയ്യുന്നത്. അതിൽ 50 ശതമാനം പേരുടെ ജോലി ഇപ്പോൾത്തന്നെ നഷ്ടമായി. പലർക്കും ശമ്പളം കൊടുക്കാൻ പറ്റുന്നില്ല. വിദേശത്തുനിന്നുള്ള ടൂറിസം ബിസിനസ് പഴയനിലയിലേക്ക് വരാൻ ഒന്നുരണ്ടുവർഷമെങ്കിലും എടുക്കും. സ്തംഭനത്തിലായ കേരളത്തിലെ ടൂറിസം മേഖലയെ രക്ഷപ്പെടുത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സഹായ പാക്കെജ് പ്രഖ്യാപിക്കണമെന്ന് ഫിക്കി പറയുന്നു.

അടുത്ത രണ്ടാഴ്ച കേരള ടൂറിസത്തിനും നിർണായകമാണെന്ന്സംസ്ഥാനത്തെ പ്രമുഖ ടൂറിസം വാണിജ്യ മേളയായ കേരള ട്രാവൽ മാർട്ടിന്റെ (കെടിഎം) സംഘാടകരായ കേരള ട്രാവൽ മാർട്ട് സൊസൈറ്റിയുടെ വിലയിരുത്തൽ.

ടൂറിസം മേഖലയ്ക്ക് നേരിട്ടുള്ള ആഘാതമാണുണ്ടായത്. അറേബ്യൻ ട്രാവൽ മാർക്കറ്റുപോലെ അടുത്ത മാസങ്ങളിൽ നടക്കേണ്ട പല അന്താരാഷ്ട്ര ടൂറിസം പരിപാടികളും മാറ്റി. ഒന്നരവർഷത്തെ പരിശ്രമംകൊണ്ടാണ് കഴിഞ്ഞവർഷം 58 രാജ്യങ്ങളെ പങ്കെടുപ്പിച്ച് കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചത്. ഈ വർഷത്തേത് സെപ്റ്റംബറിലാണ് നടക്കേണ്ടത്.

മാർച്ചു മുതൽ സെപ്റ്റംബർവരെ കുറഞ്ഞത് 800 കോടി രൂപയുടെ ബിസിനസ്, ടൂറിസം മേഖലയിൽമാത്രം കുറയുമെന്നാണ് കണക്കാക്കുന്നത്. വലിയ കൺവൻഷനുകൾ മാറ്റിവയ്ക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം ഇതിനു പുറമെയാണ്.

## ടൂറിസം ഇടിഞ്ഞു; വില മങ്ങി കുമരകം കരിമീൻ

കൊച്ചി: കൊറോണ ഭീതിയിൽ വിനോദ സഞ്ചാര മേഖല പ്രതിസന്ധിയിലായതോടെ കരിമീനിന്റെ വിലയിലും ഇടിവ്. ഹോട്ടലുകളും റിസോർട്ടുകളിലുമാണു കരിമീൻ കൂടുതലായി വാങ്ങിയിരുന്നത്. സഞ്ചാരികളുടെ വരവു കുറഞ്ഞതോടെ റിസോർട്ടുകൾ കരിമീൻ വാങ്ങുന്നില്ല. വെസ്റ്റ് ഉൾനാടൻ മത്സ്യ സഹകരണ സംഘത്തിൽ ഇന്നലെ 150 കിലോയിലേറെ കരിമീൻ സ്റ്റോക്കുണ്ട്. നേരത്തെ കരിമീൻ പൂർണമായും വിൽപന നടത്തിയിരുന്നു. കരിമീനിന്റെ വിൽപ്പന കൂടാൻ കിലോയ്ക്ക് 20 രൂപയാണ് സംഘം കുറച്ചത്.

എ പ്ലസ് കരിമീനിനു കിലോയ്ക്ക് 460 രൂപയിൽ നിന്നു 440 രൂപയായും എ വിഭാഗത്തിന് 410 രൂപയിൽ നിന്നു 390, ബി വിഭാഗത്തിനു 330 രൂപയിൽ നിന്നു 310, സി വിഭാഗത്തിനു 230 രൂപയിൽ നിന്നു 210 രൂപയുമാണ് കുറച്ചത്. അതേസമയം കുമരകത്ത് മത്തിക്കു വില കുതിച്ചു. കിലോയ്ക്ക് 200 രൂപയായി.

# ആനന്ദ് മഹീന്ദ്ര പങ്കുവയ്ക്കുന്ന പഞ്ചസൂത്രം

മുംബൈ: മഹീന്ദ്ര ഗ്രൂപ്പ് ചെയർമാൻ ആനന്ദ് മഹീന്ദ്ര. ലോകം കോവിഡ് 19ന്റെ ഭീഷണിയിൽ അകപ്പെടുകയും എല്ലാ മേഖലകളും അപ്രതീക്ഷിതമായ കീഴ്മേൽ മറിക്കലുകൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്യുമ്പോൾ ബിസിനസ് സമൂഹത്തിന്റെ ആത്മവിശ്വാസം ഉണർത്താനുള്ള ആശയങ്ങളുമായി ആനന്ദ് മഹീന്ദ്ര. തന്റെ ടിറ്റർ അക്കൗണ്ടിലൂടെയാണ് ഇക്കാര്യം അദേഹം പങ്കുവച്ചത്.

ഇക്കാലത്ത് ബിസിനസുകാർ ചെയ്യേണ്ട അഞ്ചുകാര്യങ്ങളാണ് അദേഹം പറഞ്ഞുതരുന്നത്.

1. നമുക്കിപ്പോൾ അമൂല്യമായൊരു വിഭവ സമ്പത്ത് ആർജ്ജിതമായിരിക്കുകയാണ്; നമ്മുടെ ചുവടുവെപ്പുകളുടെ പ്രതിഫലനം എന്തെന്ന് വ്യക്തമായി ഇപ്പോൾ അറിയാൻ പറ്റും. അതിന്റെ വെളിച്ചത്തിൽ ബിസിനസ് തന്ത്രങ്ങളും പോർട്ട്ഫോളിയോകളും പുനഃപരിശോധിക്കുക.
2.എല്ലാ തരത്തിലുള്ള ചെലവുകളും ഓവർ ഹെഡ്സും വീണ്ടും വീണ്ടും വിലയിരുത്തുക.
3. ബിസിനസ് പങ്കാളിക്കൾക്ക യഥേഷ്ടം സമയം കിട്ടുന്ന സന്ദർഭമാണിത്. നിങ്ങളുടെ ബിസിനസ് മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ അവരോട് ഈ വേളയിൽ അഭ്യർഥിക്കുക.
4. നിങ്ങളുടെ ഓരോ ഉപഭോക്താവുമായി ആഴത്തിലുള്ള വ്യക്തിബന്ധം ഊട്ടിയുറപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുക.
5. ഇപ്പോഴത്തെ ഈ പ്രതിസന്ധി എത്രകാലം നീണ്ടുനിൽക്കുമെന്ന് യാതൊരു ധാരണയുമില്ല. നിങ്ങളുടെ ബിസിനസിനെ വളരെ സാവധാനത്തിലുള്ളതോ അതോ അപ്രതീക്ഷിതമായി വരുന്ന കുത്തനെയുള്ളതോ ആയ തിരിച്ചുകയറ്റത്തിന്സജ്ജമാക്കി നിർത്തുക.

# ലുലു ഹൈപ്പർമാർക്കറ്റിലെ സാധനങ്ങൾ ഇനി വീട്ടിലിരുന്ന് വാങ്ങാം

**പച്ചക്കറിയും മത്സ്യവും ഇറച്ചിയും 25 കിലോമീറ്റർ ചുറ്റളവിലുള്ളവർക്ക് ഓൺലൈൻ ഡെലിവറി**

കൊച്ചി: വീട്ടിലിരുന്ന് തന്നെ ലുലു ഹൈപ്പർമാർക്കറ്റിലെ സാധനങ്ങൾ പർച്ചേസ് ചെയ്യാൻ ലുലു വെബ്സ്റ്റോർ കൂടുതൽ വിപുലമായ സൗകര്യങ്ങൾ ഒരുക്കി.

ലുലു മാളിന്റെ 25 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവർക്ക് ഇനി മുതൽ ലുലു വെബ്സ്റ്റോറിലൂടെ നിത്യോപയോഗ സാധനങ്ങളും ഗൃഹോപകരണങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളുമെല്ലാം വാങ്ങാനാകും. തെക്ക് പശ്ചിമ കൊച്ചി മുതൽ വടക്ക് നോർത്ത് പറവൂർ വരെയും കിഴക്ക് കിഴക്കമ്പലം മുതൽ പടിഞ്ഞാറ് വൈപ്പിൻ, അങ്കമാലി മുതൽ പെരുമ്പാവൂർ വരെയുമുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വീട്ടിലിരുന്ന് ലുലുവിലെ ഇഷ്ട സാധനങ്ങൾ വാങ്ങാം. സുരക്ഷയും ശുചിത്വവും ഉറപ്പുവരുത്തിയാണ് സാധനങ്ങൾ ഡെലിവർ ചെയ്യുന്നത്.

www.luluwebstore.in എന്ന വെബ്സൈറ്റിൽ കയറിയാൽ വിൽപനക്കുള്ള നൂറുകണക്കിന് സാധനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാകും. തെരഞ്ഞെടുക്കുന്ന സാധനങ്ങൾ ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, നെറ്റ് ബാങ്കിങ്, ഗൂഗിൾ പേ എന്നിവ വഴി പണമടച്ച് ഓർഡർ ചെയ്യാം. ഈ പരിധിക്കു പുറത്തുള്ളവർക്ക് ലുലു കണക്റ്റിലെ ഉത്പന്നങ്ങൾ വെബ് സ്റ്റോറിലൂടെ വാങ്ങാം. ഇഎംഐ സൗകര്യവും ലഭ്യമാണ്.

# എജിആർ കുടിശിക അടച്ചു തുടങ്ങിയെന്ന് വൊഡാഫോൺ-ഐഡിയ

ന്യൂഡൽഹി: എജിആർ കുടിശിക ഇനത്തിൽ 3,354 കോടി രൂപയോളം അടച്ചുതീർത്തതായി വൊഡാഫോൺ-ഐഡിയ വ്യക്തമാക്കി. അതേസമയം കമ്പനിയുടെ ആകെ വരുന്ന അഡ്ജസ്റ്റഡ് ഗ്രോസ് റവന്യൂ (AGR) 6,854 കോടി രൂപയോളമാണെന്നാണ് വൊഡാഫോൺ-ഐഡിയ നിലവിൽ വിലയിരുത്തിയിട്ടുള്ളത്.

ഈ കണക്കുകൾ 2006-07 സാമ്പത്തിക വർഷം മുതൽ 2018-19 വർഷം വരെയുള്ള തങ്ങളുടെ എജിആർ ബാധ്യതയാണ് കമ്പനി ഇപ്പോൾ പുറത്തുവിട്ടത്. എന്നാൽ ഈ കണക്കുകൾ മാർച്ച് 6 ന് ടെലികോം വകുപ്പിന് കമ്പനി സമർപ്പിച്ചിട്ടുണ്ടെന്നാണ് ഔദ്യോഗികമായി ലഭിക്കുന്ന വിവരം.

ഫെബ്രുവരി 17 ന് 2,500 കോടിയും, 20 ന് 1,000 കോടിയും കമ്പനി സർക്കാരിന് കൈമാറിയിരുന്നു. എജിആർ അനുബന്ധമായ ബാധ്യതകൾ സർക്കാരിലേക്ക് അടയ്ക്കുന്നതിനായി സുപ്രീം കോടതി കമ്പനികൾക്ക് നൽകിയ സമയം ഇന്നലെ അവസാനിച്ചു.

## സ്വർണം 29,600

| | | | |
|---|---|---|---|
| വെളിച്ചെണ്ണ : മില്ലിങ് | 16,900 | മുതിര | 4000 |
| വെളിച്ചെണ്ണ | 15,500 | എള്ള് | 14,000- 15,000 |
| കൊപ്ര | 10,390-11,200 | മല്ലി | 7600-19,000 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2400 | പച്ചരി നമ്പർ 2 | 2600-3400 |
| പിണ്ണാക്ക് റോട്ടറി | 3100 | പുഴുക്കലരി (ജയ) | 3400- 3500 |
| കുരുമുളക് അൺഗാർബിൾഡ് | 30,100 | | |
| പുതിയ കുരുമുളക് | 29,100 | ജാതിക്ക തൊണ്ടൻ (കിലോ) | 200-240 |
| കുരുമുളക് ഗാർബിൾഡ് | 32,100 | ജാതിക്ക തൊണ്ടില്ലാത്തത് (കിലോ) | 400-450 |
| ചുക്ക് മീഡിയം | 26,500 | | |
| ചുക്ക് ബെസ്റ്റ് | 27,500 | ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ) | 1100- 1500 |
| മഞ്ഞൾ നാടൻ | ഇല്ല | | |
| സേലം - ഈറോഡ് | 7200-7600 | ഗ്രാമ്പൂ (കിലോ) | 550 |
| കാഞ്ഞിരക്കുരു | 1850 | | |
| അടയ്ക്ക ന്യൂ | 24,000- 25,000 | റബർആർ എസ് എസ് 5 ഗ്രേഡ് | 11,900-12,500 |
| അടയ്ക്ക ഓൾഡ് | 25,000- 26,000 | | |
| പഞ്ചസാര | 3600 | റബർആർ എസ് എസ് 4 ഗ്രേഡ് | 12,900 |
| മുളക് | 15,000-27,000 | ഒട്ടുപാൽ | 8,300 |
| ഉഴുന്ന് | 9,000-10,000 | ലാറ്റക്സ് | 7,900 |
| ചെറുപയർ | 9500-10,500 | സ്വർണം | 29,600 |
| കടല | 5100-6300 | പാം ഓയിൽ | 7300 |

# ഡിജിറ്റൽ ലോക്ക് സ്പെയ്സ്ടെക് പുറത്തിറക്കി

കൊച്ചി: ഗോദ്റെജ് ലോക്ക്സ് പൂർണമായും ഇന്ത്യയിൽ നിർമിച്ച ഡിജിറ്റൽ ലോക്ക് ആയ സ്പെയ്സ് ടെക് പുറത്തിറക്കി. വിരലടയാളം തിരിച്ചറിയൽ, മറ്റുള്ളവരുടെ സാന്നിധ്യത്തിൽ പാസ്വേഡിനു പുറമെ മറ്റ് അക്കങ്ങൾ കൂടി ചേർക്കാൻ സഹായിക്കുന്ന സ്പൈ കോഡ്, പാസ് കോഡ് ഉണ്ടെങ്കിലും പുറത്തു നിന്നു തുറക്കാനാവാത്ത സ്വകാര്യ മോഡ്, ബാറ്ററി ചാർജു കുറയുന്നത് സൂചിപ്പിക്കൽ, ശബ്ദ നിയന്ത്രണം, കവർച്ചാ മുന്നറിയിപ്പ് അലാറം തുടങ്ങിയ നിരവധി സവിശേഷതകളുമായാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്.

2016-ൽ 75.19 ദശലക്ഷം ഡോളറിന്റെ വിപണിയായിരുന്ന രാജ്യത്തെ ഡിജിറ്റൽ ലോക്ക് 2023-ൽ 652.04 ദശലക്ഷം ഡോളറിലേക്ക് ഉയരുമെന്നാണ് കെന്നെത്ത് റിസർച്ച് ചൂണ്ടിക്കാട്ടുന്നത്.

കോർപറേറ്റ് രംഗത്തും അടിസ്ഥാന സൗകര്യ മേഖലയിലും ഉള്ള വളർച്ചയുടെ അടിസ്ഥാനത്തിൽ സ്മാർട്ട് ലോക്കുകൾ ഉപയോഗപ്പെടുത്തുന്നതിൽ വർധനവുണ്ടാകുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഗോദ്റെജ് ലോക്ക്സ് 2015 മുതൽ 2019 വരെയുള്ള കാലത്ത് 13 ശതമാനം സംയോജിത വാർഷിക വളർച്ച കൈവരിച്ചിട്ടുണ്ട്.

43,000 രൂപയാണു വില. അംഗീകൃത ഡീലർമാർ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവിടങ്ങളിൽ പുതിയ ഗോദ്റെജ് ഡിജിറ്റൽ ലോക്ക് ലഭ്യമാണ്.

*ഗോപു നന്തിലത്ത് ജി-മാർട്ട് ബമ്പർ ഓഫറിന്റെ 10 വിജയികൾക്കുള്ള ഡാറ്റ്സൺ റെഡി ഗോ കാറുകളുടെ താക്കോൽദാനം ഹൈബി ഈഡൻ എംപിയും കൊച്ചിൻ മേയർ സൗമിനി ജെയിനും ചേർന്ന് നിർവഹിക്കുന്നു. കൊച്ചിൻ കോർപ്പറേഷൻ കൗൺസിലർ എം.ജി അരിസ്റ്റോട്ടിൽ, കളമശ്ശേരി മുനിസിപ്പൽ കൗൺസിലർ മാർട്ടിൻ തായങ്കേരി, ഗോപു നന്തിലത്ത് ഗ്രൂപ്പ് ചെയർമാൻ ഗോപു നന്തിലത്ത്, എക്സിക്യൂട്ടിവ് ഡയറക്റ്റർ അർജുൻ നന്തിലത്ത്, സിഇഒ സുബൈർ പി.എ, അഡ്മിനിസ്ട്രേറ്റിവ് മാനെജർ ജോയ് എൻ.പി, ഉദയ് കെ. മേനോൻ തുടങ്ങിയവർ സമീപം.*

# ഗോപു നന്തിലത്ത് ജി-മാർട്ട് ബമ്പർ ഓഫർ കാറുകൾ കൈമാറി

കൊച്ചി: ഗോപു നന്തിലത്ത് ജി-മാർട്ട് തങ്ങളുടെ പ്രിയപ്പെട്ട ഉപയോക്താക്കൾക്കായി ഓണം -റംസാൻ- ക്രിസ്തുമസ്- ന്യൂ ഇയർ വിശേഷ സീസണുകൾ കോർത്തിണക്കി അവതരിപ്പിച്ച ജി-മാർട്ട് ബമ്പർ ഓഫറിന്റെ 10 ഡാറ്റ്സൺ റെഡി ഗോ കാറുകളുടെ വിതരണം വിജയികളായ ജയചന്ദ്രൻ (കോഴിക്കോട്, 7582), ബിന്ദു അജി കുമാർ (കട്ടപ്പന, 47357), ഡിനു ദാസ് വി. (കലൂർ, എറണാകുളം, 224543), കെ.വി സുധൻ (ഇടപ്പള്ളി, എറണാകുളം, 223283), ബാബു എൻ (കലൂർ, എറണാകുളം, 216865), അഷറഫ് പി. (കണ്ണൂർ, 97273), മുഹമ്മദ് ഷഫീഖ് കെ (പട്ടാമ്പി, 240685), ബിനീഷ് കുമാർ വി (ആലപ്പുഴ, 133648), സാരംഗ് എൻ (കണ്ണൂർ, 102221), സജീവൻ പി.പി (വാടാനപ്പിള്ളി, 81979) എന്നിവർക്ക് നൽകിക്കൊണ്ട് ഹൈബി ഈഡൻ എംപിയും കൊച്ചിൻ കോർപ്പറേഷൻ മേയർ സൗമിനി ജെയിനും ചേർന്ന് നിർവഹിച്ചു. കൊച്ചിൻ കോർപ്പറേഷൻ കൗൺസിലർ എം.ജി അരിസ്റ്റോട്ടിൽ, കളമശ്ശേരി മുനിസിപ്പൽ കൗൺസിലർ മാർട്ടിൻ തായങ്കേരി, ഗോപു നന്തിലത്ത് ഗ്രൂപ്പ് ചെയർമാൻ ഗോപു നന്തിലത്ത്, എക്സിക്യൂട്ടിവ് ഡയറക്റ്റർ അർജുൻ നന്തിലത്ത്, സിഇഒ സുബൈർ പി.എ, അഡ്മിനിസ്ട്രേറ്റിവ് മാനെജർ ജോയ് എൻ.പി, ഉദയ് കെ. മേനോൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തി

പാലക്കാട്: കൊറോണ രോഗ വ്യാപന പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെത്തുന്ന തൊഴിലന്വേഷകരുടെ എണ്ണം പരിമിതപ്പെടുത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

മുഴുവൻ അന്വേഷണങ്ങളും ടെലിഫോൺ മുഖേന മാത്രം നടത്തണമെന്ന് എംപ്ലോയ്മെഞ്ച് ഓഫീസർ അറിയിച്ചു ഫോൺ നമ്പറുകൾ 0491 2505204 - പാലക്കാട് , 0492 2222309 - ആലത്തൂർ, 0492 224297 - ചിറ്റൂർ, 0492 4222508 - മണ്ണാർക്കാട്, 0466 2960089 - ഷൊർണ്ണൂർ, 9961465569 - ഇ.എ. ഐ.ബി. അട്ടപ്പാടി എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ, പുതുക്കൽ എന്നിവ www.eemployment.kerala.gov.in മുഖേന ഓൺലൈനായി നടത്താം.

സമാർട്ട് ഫോൺ ഉപയോഗിച്ചും ചെയ്യാവുന്നതാണ്. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് ചേർക്കൽ എന്നിവ ഓൺലൈൻ ആയി നടത്തിയതിനുശേഷം പ്രിന്റും അസ്സൽ സർട്ടിഫിക്കറ്റുമായി 90 ദിവസത്തിനുള്ളിൽ എംപ്ലോയ്മെന്റ് ഓഫീസുകളിൽ എത്തിയാൽ മതിയാവും.

## കൊറോണ ജാഗ്രതയിൽ തൃശൂർ

# 50 പേരിൽ കൂടുതൽ ഒരുമിച്ച് കൂടരുത്



തൃശൂർ: പൊതുയിടങ്ങളിലെ ആൾക്കൂട്ടം നിയന്ത്രിക്കുന്നതിനായി തൃശൂർ റവന്യൂ ജില്ലയുടെ പരിധിയിൽ വരുന്ന മുഴുവൻ ഓഡിറ്റോറിയങ്ങൾ, കല്ല്യാണമണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയിൽ ഒരുമിച്ച് കൂടാവുന്ന പരമാവധി ആളുകളുടെ എണ്ണം 50 ആയി നിജപ്പെടുത്തി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കലക്റ്റർ എസ് ഷാനവാസ് ഉത്തരവിട്ടു. ഈ നിയന്ത്രണം ലംഘിച്ച് നിശ്ചിത അൻപതിൽ കൂടുതൽ പേർ ഒരുമിച്ച് കൂടുന്ന പക്ഷം യുക്തമെന്ന് തോന്നുന്ന വിധത്തിൽ ആൾക്കൂട്ടത്തെ പിരിച്ചു വിടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവി തൃശൂർ സിറ്റി / റൂറൽ എന്നിവരെ ചുമതലപ്പെടുത്തി. കൂടാതെ അതത് ജില്ലാ പോലീസ് മേധാവിമാർ ആവശ്യപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥാപനങ്ങളിലെ വൈദ്യുതി കണക്ഷനും ജലവിതരണവും വിച്ഛേദിക്കാൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്, തൃശൂർ, തൃശൂർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി എച്ച് സർക്കിൾ, തൃശൂർ എന്നിവർക്ക് നിർദ്ദേശം നൽകി. തുടർന്നും നിർദ്ദേശങ്ങൾ ലംഘിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് ജില്ലാ പോലീസ് മേധാവിമാർക്കൊ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) -നെ ബോധ്യപ്പെടുന്ന പക്ഷം ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തന ലൈസൻസ് റദ്ദ് ചെയ്യുന്നതിനും അവ പൂട്ടി സീൽ വെക്കാനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനസെക്രട്ടറിമാരെ ചുമതപ്പെടുത്തി.

വിവിധ ആരാധനാലയങ്ങളിലെ ഉത്സവങ്ങൾ, പെരുന്നാളുകൾ എന്നിവയോടനുബന്ധിച്ചുള്ള വിശ്വാസപരമായ ആചാര ചടങ്ങുകൾ നടത്തുന്നതിനാവശ്യമായ വ്യക്തികളെ മാത്രം ഉൾപ്പെടുത്തി അവ നടത്തേണ്ടതാണ്. കൂടാതെ ഘോഷയാത്രകൾ, കൂട്ടപ്രാർത്ഥനകൾ, മരണാനന്തര ചടങ്ങുകൾ മുതലായവയിലും ഇതേ നടപടിക്രമം തന്നെ പാലിക്കണം. മേൽപ്പറഞ്ഞവയിലേതിലും അത്യാവശ്യത്തിലധികം ആൾക്കാർ പങ്കെടുക്കുന്നു എന്നു തോന്നിയാൽ അവരെ പിരിച്ചുവിടാൻ പോലീസ്, ആരോഗ്യവകുപ്പുകൾക്ക് അതത് പ്രദേശത്തെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരുടെ നിർദ്ദേശപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

ജില്ലയിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് അവരവരുടെ മാതൃഭാഷയിൽ ബോധവൽക്കരണ സന്ദേശങ്ങൾ വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴിയും മറ്റും ഉചിതമായ മാർഗ്ഗങ്ങളിലും നൽകാൻ ജില്ലാ ലേബർ ഓഫീസറെ ചുമതലപ്പെടുത്തി.

ഈ ഉത്തരവിന് മാർച്ച് 31 വരെ പ്രാബല്യമുണ്ടായിരിക്കും. ഈ ഉത്തരവ് ലംഘിക്കുന്നവർക്കെതിരെയും ലംഘിക്കാൻ പ്രേരിപ്പിക്കുന്നവർക്കെതിരെയും ബന്ധപ്പെട്ട നിയമങ്ങളിലേതിനു പുറമേ ദുരന്ത നിവാരണ നിയമത്തിലെ സെക്ഷൻ 51, 56 എന്നീ വകുപ്പുകൾ പ്രകാരം കൂടി ശിക്ഷാനടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു.

## ബ്രേക്ക് ദ ചെയിൻ പദ്ധതി ആരംഭിച്ചു

**വടക്കാഞ്ചേരി:** കേരള സർക്കാരും ആരോഗ്യ വകുപ്പും കൊറോണ വൈറസിനെ തടയുന്നതിന് ആവിഷ്കരിച്ച ബ്രേക്ക് ദ ചെയിൻ ആശയം ജനങ്ങളിൽ എത്തിക്കുവാൻ ,വടക്കാഞ്ചേരി സർവീസ് സഹകരണ ബാങ്ക് വാക്കാഞ്ചേരി ബസ്റ്റാൻ ന്റിൽ കൈ വൃത്തിയാക്ക വാൻ വെള്ളവും സോപ്പ് ഹാൻഡ് സാനിറ്റ സർ എന്നീ സൗകര്യങ്ങൾ ഒരുക്കി . ബാങ്ക് പ്രസിഡൻറ് എൻ.ടി. ബേബി ബോർഡ് മെമ്പർ എം.എ. വേലായുധൻ, സെക്രട്ടറി കെ.പി. മദനൻ സി.പി.എം. ഏരിയ സെക്രട്ടറി പി.എൻ. സുരേന്ദ്രൻ പങ്കെടുത്തു.

**മണ്ണുത്തി:** ബ്രേക്ക് ദ ചെയിൻ അകന്നു നിൽക്കാം കൊറോണയെ അകറ്റാം ഗവ: ചീഫ് വിപ്പ് കെ രാജൻ എഐവൈഎഫ് ഒല്ലൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊറോണ വൈറസിനെതിരേ മണ്ണുത്തിയിൽ സംഘടിപ്പിച്ച പരുപാടി ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. എഐവൈഎഫ് ഒല്ലൂർ മണ്ഡലം കമ്മിറ്റി നിർമിച്ച മാസ്ക്ക് മണ്ഡലം സെക്രട്ടറി കനിഷ്കൻ ചീഫ് വിപ്പ് കെ രാജന് നൽകി.

**കൊടുങ്ങല്ലൂർ:** നഗരസഭയിൽ കൊറോണ വ്യാപനം തടയുന്നതിന്റെ ഭാഗമായി ബ്രേക്ക് ദി ചെയിൻ പരിപാടിക്ക് തുടക്കം. നഗരസഭയിലെ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സോപ്പ് ഉപയോഗിച്ച് കൈ കഴുകുന്നതിനുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി നഗരസഭ ഓഫീസിന് മുൻപിലും ചന്തപ്പുര നഗരസഭ ബസ് സ്റ്റാന്റിലും കിഴക്കെ നടയിലും തെക്കെ നടയിൽ കാളീശ്വരി തിയ്യേറ്ററിന് സമീപത്തുള്ള ബസ് സ്റ്റോപ്പിലുൾപ്പെടെ രണ്ട് കേന്ദ്രങ്ങളിലും പടിഞ്ഞാറെ നടയിൽ റസ്റ്റ്ഹൗസിലും വടക്കെ നടയിൽ ബസ് സ്റ്റോപ്പിലും നഗരസഭ ലൈബ്രറി - റീഡിങ്ങ് റൂമിലുമെല്ലാം കൈ കഴുകി വൃത്തിയാക്കുന്നതിന് ആവശ്യമായ സൗകര്യമൊരുക്കിയിട്ടുണ്ട്.

ഹെൽത്ത് സൂപ്പർവൈസർ കെ വി ഗോപാലകൃഷ്ണൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ സലീം, ഐ.വി.രാജീവ് എന്നിവർ നേതൃത്വം നൽകി.

**ചാലക്കുടി:** എൻജിഒ യൂണിയൻ ചാലക്കുടി ഏരിയ കമ്മറ്റിയുടെ നേതൃത്വത്തിൽ ചാലക്കുടിയിലെ വിവിധ സർക്കാർ ആഫീസുകൾക്ക് മുമ്പിൽ ബ്രേക്ക് ദ ചെയിൻ സംവിധാനം ഒരുക്കി. ചാലക്കുടി മിനി സിവിൽ സ്റ്റേഷനു മുമ്പിൽ ജില്ലാ പഞ്ചായത്ത് അംഗം അഡ്വ.കെ.ആർ.സുമേഷ് ഉദ്ഘാടനം ചെയ്തു. യൂണിയൻ ഏരിയ സെക്രട്ടറി സി.എൻ.ദിനേഷ് അധ്യാക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറിയേറ്റ് അംഗം എം.കെ.ബാബു, എസ്.നവീൻ, കെ.ആർ ബാബു എന്നിവർ സംസാരിച്ചു. ചാലക്കുടി ഐ.ടി.ഐ, കെ.എസ്.ഇ.ബി, ലെപ്രസി ആശുപത്രി തുടങ്ങിയ ഇടങ്ങളിലും ബ്രേക്ക് ദ ചെയിൻ കൈ വൃത്തിയാക്കാനുള്ള സംവിധാനം ഒരുക്കിയുട്ടുള്ളത്.

എൻജിഒ യൂണിയൻ ചാലക്കുടി ഏരിയ കമ്മറ്റിയുടെ നേതൃത്വത്തിൽ ബ്രേക്ക് ദ ചെയിൻ സംവിധാനം ചാലക്കുടി മിനി സിവിൽ സ്റ്റേഷനു മുമ്പിൽ ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. കെ.ആർ.സുമേഷ് ഉദ്ഘാടനം ചെയ്യുന്നു

## കൊറോണ വ്യാജ പ്രചരണം: ഒരാൾ അറസ്റ്റിൽ

കൊടുങ്ങല്ലൂർ: കൊറോണ വ്യാജ പ്രചരണം ഒരാൾ അറസ്റ്റിൽ. എറിയാട് കുഞ്ഞുമാക്കൻ അബ്ദുൾ സലാം (64) ആണ് അറസ്റ്റിലായത്.

വിദേശത്ത് നിന്നും വന്ന എറിയാട് സ്വദേശിയായ ആൾക്ക് കൊറോണ ഉണ്ടെന്ന് വ്യാജ പ്രചരണം നടത്തിയ കേസിലാണ് കൊടുങ്ങല്ലൂർ എസ്.ഐ.ഇ.ആർ.ബൈജു ഇയാളെ അറസ്റ്റ് ചെയ്തത്. എറിയാട് പേ ബസാർ പള്ളിയിൽ നമസ്കാരസമയത്താണ്പ്രചരണം നടത്തിയത് എന്നാൽ വിദേശത്ത് നിന്നും വന്നയാൾ ഡോക്ടറുടെ നിർദ്ദേശ പ്രകാരം വീട്ടിൽ തന്നെ നിരീക്ഷണത്തിൽ കഴിയുകയായിരുന്നു.

ഇയാളുടെ ബന്ധുവിന്റെ പരാതിപ്രകാരമാണ് കേ സ് എടുത്തത് . പ്രതിയെ കൊടുങ്ങല്ലൂർ കോടതിയിൽ ഹാജരാക്കി.

## തടവുകാരും കുടുംബശ്രീ പ്രവർത്തകരും മാസ്ക് നിർമാണത്തിൽ സജീവം

പാലക്കാട്: കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ മാസ്കിന്റെ ദൗർലഭ്യം പരിഹരിക്കാൻ ജയിൽ തടവുകാരും കുടുംബശ്രീ പ്രവർത്തകരും മാസ്ക് നിർമാണത്തിൽ സജീവമാകുന്നു. കൊറോണ വൈറസ് വ്യാപനം തടയാൻ സംസ്ഥാന സർക്കാരിന്റെ 'ബ്രേക്ക് ദി ചെയിൻ' ക്യാമ്പയ്നിന്റെ ഭാഗമായാണ് കുടുംബശ്രീ പ്രവർത്തകർ മാസ്ക് നിർമാണം ആരംഭിച്ചത്. കഴുകി വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന തുണി ഉപയോഗിച്ചുള്ള മാസ്കുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി മുപ്പത് യൂണിറ്റുകളിലാണ് നിർമിക്കുന്നത്. ആരോഗ്യവകുപ്പുമായി സഹകരിച്ചും അല്ലാതെയും ഓർഡറുകൾക്കനുസരിച്ച് ആവശ്യക്കാർക്ക് മാസ്ക് എത്തിക്കാനുള്ള യജ്ഞത്തിലാണ് കുടുംബശ്രീ പ്രവർത്തകർ. കൂടുതൽ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാനും ഉത്പാദനം വർധിപ്പിക്കാനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 10, 15 രൂപ വിലയുള്ള മാസ്ക്കുകളാണ് വിപണിയിലെത്തിക്കുന്നത് .

മാസ്ക് നിർമിക്കുന്ന കുടുംബശ്രീ പ്രവർത്തകർ

മലമ്പുഴയിലെ ജില്ലാ ജയിലിൽ രണ്ട് ദിവസത്തിനിടെ നിർമിച്ചത് എഴുന്നൂറോളം മാസ്കുകളാണ്. പാലക്കാട് ജൻശിക്ഷൺ സൻസ്ഥാന്റെ നേതൃത്വത്തിൽ ജില്ലാ ഡയറക്ടർ സിജു മാത്യുവും നാല് ടെയ്ലറിങ് ടീച്ചർമാരും ആദ്യം വനിതാ ബ്ലോക്കിലും പിന്നീട് പുരുഷ ബ്ലോക്കിലുമുള്ള എട്ട് പേർക്ക് മാസ്ക് നിർമ്മാണ പരിശീലനം നൽകി. രണ്ടുദിവസത്തിനുള്ളിൽ എഴുന്നൂറോളം മാസ്കുകൾ നിർമിച്ചു. ഇതിനാവശ്യമായ തുണിയും ഇലാസ്റ്റിക്കും പുറത്ത് നിന്നും വാങ്ങി. ഉപയോഗശേഷം അണുവിമുക്തമാക്കി വീണ്ടും ഉപയോഗിക്കാവുന്ന രീതിയിലുള്ള തുണികൊണ്ടുള്ള മാസ്ക്കുകളാണ് നിർമിക്കുന്നത്. ജയിൽ ജീവനക്കാർക്കും തടവുകാർക്കും മാസ്ക് വിതരണം ചെയ്തു. സാമൂഹ്യനീതി വകുപ്പിന് കൈമാറാൻ അഞ്ഞൂറോളം മാസ്ക്കുകൾ തിരുവനന്തപുരത്ത് ജയിൽ വകുപ്പ് ഹെഡ് കാർട്ടേഴ്സിലേക്ക് അയച്ചിട്ടുണ്ടെന്ന് ജയിൽ സൂപ്രണ്ട് എം. അനിൽ കുമാർ പറഞ്ഞു. മാസ്കിന് പുറമെ കൈ കഴുകുന്നതിനുള്ള സാനിറ്റൈസർ നിർമിക്കാനും തടവുപുള്ളികൾക്ക് പരിശീലനവും നൽകി. മുണ്ടൂർ ഐ ആർ ടി സിയുടെ സഹകരണത്തോടെയാണ് സാനിറ്റൈസർ നിർമാണത്തിൽ പരിശീലനം നൽകുന്നത്.

## കെഎസ്ആർടിസി സർവീസുകൾ വെട്ടിച്ചുരുക്കി

ചാലക്കുടി: കെഎസ്ആർടിസി ചാലക്കുടി ഡിപ്പോയിൽ സർവീസുകൾ വെട്ടി ചുരുക്കി. ലക്ഷങ്ങളുടെ നഷ്ടം. കൊറോണ ഭിതിയെ തുടർന്ന് യാത്രക്കാരില്ലാതെ വന്നതോടെ ചാലക്കുടിയിൽ എട്ട് സർവീസുകൾ റദ്ദ് ചെയ്തു. ശനി, ഞായർ ദിവസങ്ങളിൽ പതിനാല് സർവീസുകൾ നിറുത്തലാക്കിയിരുന്നു. സർവീസ് ഇല്ലാത്താവുന്നതോടെ അത്രയും ജീവനക്കാരുടെ ജോലിയും ഇല്ലാതാവുകയാണ് പ്രതിദിനം രണ്ട് ലക്ഷത്തോളം രൂപയുടെ നഷ്ടമാണ് ഉണ്ടാവുന്നത്. നാല് ഫാസ്റ്റ് സർവീസും, നാല് ഓർഡിനറി സർവീസുമാണ് നിറുത്തലാക്കിയത്. വരും ദിവസങ്ങളിലും നിയന്ത്രണമുണ്ടായിരിക്കുമെന്ന് അധികൃതർ പറഞ്ഞു. സംസ്ഥാനത്ത് അൻപത് ശതമാനത്തോളം സർവീസുകൾ നിറുത്തി വച്ചിരിക്കുകയാണ്. പ്രധാന റൂട്ടുകളിൽ സർവീസ് ക്രമീകരിച്ചാണ് ഇപ്പോൾ സർവീസുകൾ നടത്തി വരുന്നത്.

## ബോധവത്കരണം

ഒല്ലൂർ: ആക്ട്സ് ഒല്ലൂരും ജനമൈത്രി പോലീസും സംയുക്തമായി കോവിഡ് വയറസിനെതിരായ ബോധവൽക്കരണവും പ്രതിരോധ കൃമ്പയിനും സംഘടിപ്പിച്ചു.

പരിപാടി ഒല്ലൂർ സി.ഐ ബെന്നിജെയ്ക്കബ്ബ് ഉദ്ഘാടനം ചെയ്തു. കോർപ്പറേഷനിലെ എട്ട് ഡിവിഷനുകളിലും അവിണിശ്ശേരി നടത്തറ പഞ്ചായത്തുകളിലുമായി 12 മേഖലകളിലും മാസ്ക്കുകളും, ലഘുലേഖകളും വിതരണം ചെയ്തു.

ആക്ടസ് പ്രവത്തകരായ ബിജു എടക്കുളത്തൂർ,ടോമി ഒല്ലൂക്കാരൻ,സി.ആർശേഖരൻ, ജോർജ് പള്ളിത്തറ, ജോഷി പൂളിക്കൻ എന്നിവർ നേതൃത്വം നൽകി.



*കനത്ത ചൂടിൽ തൃശൂർ മൃഗശാലയിലെ ടാങ്കിൽ നിറച്ചിരിക്കുന്ന വെള്ളം കുട്ടമായി എത്തി കുടിക്കുന്ന പക്ഷികൾ - കെ.കെ. നജീബ്*

## ആദിവാസി യുവാവിന്റെ കൊലപാതകം: പ്രതികൾ പിടിയിൽ

മംഗലംഡാം: തളികക്കല്ല് ആദിവാസി യുവാവിന്റെ കൊലപാതകം പ്രതികൾ പിടിയിൽ. ശനിയാഴ്ച വൈകീട്ട് കുഞ്ചിയാർപതി - വട്ടഞ്ചേരിപ്പാറ കാട്ടിനുള്ളിൽ വെച്ചുണ്ടായ ആക്രമണത്തിൽ തളിക കല്ല് കോളനിയിലെ രാജഗോപാലന്റെ മകൻ മോഹനൻ (28) കൊല്ലപ്പെട്ടിരുന്നു.ഞായാറാഴ്ച കാലത്ത് കുഞ്ചിയാർ പതി അയ്യപ്പൻ പാടിയിൽ മൃതദേഹം കിടക്കുന്നത് കണ്ട് തോട്ടം തൊഴിലാളികളാണ് പൊലീസിൽ വിവരമറിയിച്ചത്. കൊല്ലപ്പെട്ട മോഹനന്റെ കൂട്ടാളികളായ പരിക്കുകളോടെ ഓടി രക്ഷപ്പെട്ട ശശീന്ദ്രന്റേയും ഉണ്ണികൃഷ്ണന്റേയും മൊഴിയുടെ അടിസ്ഥാനത്തിലാണ് പ്രതികളെ തിരിച്ചറിഞ്ഞത്. കൃത്യത്തിന് ശേഷം ഉൾവനത്തിലേക്ക് രക്ഷപ്പെട്ട തളികക്കല്ല് കോളനിയിലെ തന്നെ വേലായുധൻ (41) സുദേവൻ (28) വേലായുധന്റെ മക്കളായ ബൈജു (22) സൈജു (20) തുടങ്ങിയ 4 പ്രതികളെ ഉൾക്കാട്ടിൽ നിന്നും സാഹസികമായാണ് എസ്.ഐ നീൽ ഹെക്ടർ ഫെർണാണ്ടസ്, അഡീഷണൽ എസ്.ഐ കെ.എസുന്ദരൻ, എ.എസ്.ഐ രതീഷ്, എച്ച്.സി അബ്ദുനാസർ സി.പി.ഒമാരായ ധനഞ്ജയൻ, ജയൻ തുടങ്ങിയ മംഗലംഡാം പൊലീസ് സംഘം പിടികൂടിയത്.

*അറസ്റ്റിലായ പ്രതികൾ*

ഒരു വർഷം മുമ്പ് ശശീന്ദ്രൻ ഇരുമ്പ് വടി കൊണ്ട് വേലായുധനെ അടിക്കുകയും കൊല്ലപ്പെട്ട മോഹനൻ കൊടുവാൾ കൊണ്ട് വെട്ടി പരിക്കേൽപ്പിക്കുകയും ചെയ്തതിന്റെ വൈരാഗ്യം നിലനിൽക്കുന്നുണ്ട്.കൂടാതെ ആനയെവിരട്ടാൻ എന്ന വ്യാജേന മോഹനനും കൂട്ടരും ഇടക്കിടെ ഗുഡ് പൊട്ടിക്കുന്നതും ഇത് ഇവരുടെ ഉറക്കത്തിന് ശല്യമാകുന്നതും പല പ്രാവശ്യം താക്കീത് ചെയ്തിട്ടും കൂട്ടാക്കാത്തത് വേലായുധനേയും കൂട്ടരേയും പ്രകോപിതരാക്കി എന്നും ശനിയാഴ്ച വൈകുന്നേരവും ഇത്തരത്തിൽ ഗുഡ് പൊട്ടിച്ചതാണ് ആക്രമണത്തിൽ കലാശിച്ചതെന്നും ഡി.വൈ.എസ്.പി കെ.എം. ദേവസ്യ പറഞ്ഞു.

വേലായുധന്റെ വെട്ട് കൊണ്ട് ഗുരുതരമായ പരിക്കേറ്റ മോഹനനേയും ചുമന്ന് മറ്റ് പ്രതികൾ ആശുപത്രിയിലെത്തിക്കാൻ ശ്രമം നടത്തിയെങ്കിലും ജീപ്പ് കിട്ടാതാവുകയും ഇതിനിടെ മോഹനൻ മരിച്ചെന്ന് ഉറപ്പാവുകയും ചെയ്തതോടെ മൃതദേഹം അയ്യപ്പൻ പാടിയിൽ ഉപേക്ഷിച്ച് പോയതാണെന്നും പൊലീസ് പറഞ്ഞു.

ആക്രമണത്തിൽ പരിക്കുകളോടെ രക്ഷപ്പെട്ട ശശീന്ദ്രന്റെ മൊഴിയുടെ അടിസ്ഥാനത്തിലും സാഹചര്യ തെളിവുകളുടെ അടിസ്ഥാനത്തിലും ഡി.വൈ.എസ്.പി കെ.എം ദേവസ്യയുടെ നിർദ്ദേശപ്രകാരം നടത്തിയ പഴുതടച്ച അന്വേഷണത്തിലാണ് പ്രതികളെ പിടികൂടാനായത്. തെളിവെടുപ്പിന് ശേഷം ഇന്ന് പ്രതികളെ കോടതിയിൽ ഹാജരാക്കും.

## പുനരുപയോഗിക്കാവുന്ന മാസ്ക് പുറത്തിറക്കി

ഇരിങ്ങാലക്കുട: കോവിഡ് 19 നെ പ്രതിരോധിക്കാൻ പൊതു വിപണിയിൽ മാസ്കുകൾക്ക് ക്ഷാമവും ഉയർന്ന വിലയും അനുഭവപ്പെടുന്ന സാഹചര്യത്തിൽ പുനരുപയോഗിക്കാവുന്ന തുണികൾ കൊണ്ടുള്ള മാസ്കുകൾ പുറത്തിറക്കി ഇരിങ്ങാലക്കുട സോഷ്യൽ വെൽഫെയർസൊസൈറ്റി. ഇന്റർനെറ്റിൽ നിന്നും ലഭ്യമായ വിവരങ്ങൾ വെച്ച് സൊസൈറ്റിയുടെ സ്റ്റിച്ചിങ്ങ് സെന്ററിൽ തയ്യാറാക്കിയ മാസ്കുകൾ ആയുർവേദാശുപത്രിയിൽ സൗജന്യമായി വിതരണം ചെയ്തു. സൊസൈറ്റി പ്രസിഡന്റ് അഡ്വ എം എസ് അനിൽകുമാർ വിതരണോദ്ഘാടനം നടത്തി. നഗരസഭ ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ എ. അബ്ദുൾ ബഷീർ അധ്യക്ഷനായിരുന്നു. വാർഡ് കൗൺസിലർ ശ്രീജ സുരേഷ്, ഡോ. നേത്രദാസ്, സൊസൈറ്റി സെക്രട്ടറി കെ. ജി. പ്രദീപ് എന്നിവർ ആശംസകൾ നേർന്നു. സീനിയർ മെഡിക്കൽ ഓഫീസർ ഡോ.പ്രീതി ജോസ് സ്വാഗതവും ഡോ. ബിജു ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു. ചൂടുവെള്ളത്തിൽ കഴുകി പുനരുപയോഗിക്കാവുന്ന മാസ്കുകൾ 10 രൂപയ്ക്ക് ആവശ്യക്കാർക്ക് നൽകിവരുന്നുണ്ടെന്നും സൊസൈറ്റി അധികൃതർ അറിയിച്ചു.

*ഇരിങ്ങാലക്കുട സോഷ്യൽ വെൽഫെയർ സൊസൈറ്റി പുറത്തിറക്കിയ മാസ്കിന്റെ ഉദ്ഘാടനം അഡ്വ.എം.എസ്.അനിൽകുമാർ നിർവഹിക്കുന്നു.*

## മാസ്ക് നിർമിച്ചു നൽകി

കൊടുങ്ങല്ലൂർ: എടവിലങ്ങ് ഗ്രാമവേദി പ്രവർത്തകർ നിർമിച്ച തുണി മാസ്ക് കൈമാറി. താലൂക്കാശുപത്രിയിൽ വി.ആർ.സുനിൽകുമാർ എം.എൽ.എ.ആശുപത്രി സൂപ്രണ്ട് ഡോ: ടി.വി.റോഷിന് നൽകി ഉദ്ഘാടനം നിർവഹിച്ചു. എടവിലങ്ങ് ഗ്രാമവേദിയുടെ മുൻകാല പ്രവർത്തകരായ ബേബി റാം, എം.എസ്.ജോഷി, അജയൻ തറയിൽ, എം.എസ്. സജിത്ത് എന്നിവർ നേതൃത്വം നല്കി.

## കൊറോണ - 'ബ്രേക്ക് ദ ചെയിൻ' എക്സൈസ് ഓഫീസുകളിൽ സജ്ജീകരണം

പാലക്കാട്: കൊറോണയെ പ്രതിരോധിക്കാൻ പ്രതിരോധം തീർക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച 'ബ്രേക്ക് ദ ചെയിൻ'- കാമ്പയിന്റെ ഭാഗമായി എക്സൈസ് ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലും ഉദ്യോഗസ്ഥർക്കും ,സന്ദർശകർക്കും കൈ കഴുകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് കേരള സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ പാലക്കാട് ജില്ല കമ്മിറ്റി നേതൃത്വം വഹിക്കും. സൗകര്യമുള്ള ഓഫീസുകളിൽ കൈ കഴുകുന്നതിനുള്ള സൗകര്യവും അല്ലാത്തിടത്ത് സാനിറ്റൈസറും ഏർപ്പെടുത്തും. 'ബ്രേക്ക് ദ ചെയിൻ' പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം പാലക്കാട് എക്സൈസ് ടവറിൽ ബി.വേണുപോല കുറിപ്പ് നിർവഹിച്ചു. എക്സൈസ് ടാസ്ക് ഫോഴ്സിനുള്ള മാസ്കുകൾ എക്സൈസ് സർക്കിൾ ഇൻസ്പെക്റ്റർ പി.അനിൽകുമാർ നിർവഹിച്ചു. എക്സൈസ് സ്റ്റാഫ് അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് എൻ.സന്തോഷ് അധ്യക്ഷനായി സെക്രട്ടറി എം.എൻ. സുരേഷ് ബാബു സ്വാഗതവും, വി.ആർ.സുനിൽകുമാർ നന്ദിയും പറഞ്ഞു.

'ബ്രേക്ക് ദ ചെയിൻ' പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം പാലക്കാട് എക്സൈസ് ടവറിൽ നിർവ്വഹിച്ചപ്പോൾ

## തദ്ദേശസ്ഥാപനങ്ങൾ ശുചിത്വ കമ്മിറ്റി രൂപീകരിക്കണം

തൃശൂർ: കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ സാനിറ്ററി / ശുചിത്വ ബോധവൽക്കരണത്തിനായി പ്രത്യേക കമ്മിറ്റി രൂപീകരിക്കാൻ ജില്ലാ കലക്റ്റർ എസ് ഷാനവാസ് നിർദ്ദേശിച്ചു. കോവിഡ് 19 രോഗത്തെ സംബന്ധിച്ചും രോഗപ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ചും രോഗലക്ഷണമുള്ളവർ പാലിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും അനാവശ്യ ഭീതികൾ ഒഴിവാക്കേണ്ടതിലേക്കായും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനു വേണ്ട ലഘുലേഖകൾ വിതരണം ചെയ്യണം.

പ്രായാധിക്യം മൂലം അവശതയനുഭവിക്കുന്നവർ, മാനസികവെല്ലുവിളി നേരിടുന്നവർ എന്നിങ്ങനെ നിർദ്ദേശങ്ങൾ പാലിക്കാൻ പ്രാപ്തരല്ലാത്ത വ്യക്തികളെ പ്രത്യേകം നിരീക്ഷിക്കുന്നതിനും അവർക്കാവശ്യമായ മരുന്ന്, ഭക്ഷണം മുതലായ കാര്യങ്ങൾ ആവശ്യമെങ്കിൽ എത്തിച്ചു കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. കൂടാതെ അതത് പഞ്ചായത്ത് തലത്തിൽ അധിവസിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളിൽ ഭാഷാപരമായി ആശയവിനിമയം പരിമിതമായിട്ടുള്ള സാഹചര്യത്തിൽ ഭാഷപരിജ്ഞാനം ഉള്ളവരെ കൂടി ഉൾപ്പെടുത്തി ബോധവൽക്കരണം നടത്തണം. ഇടവേളകളിൽ സ്വദേശത്തുപോയി മടങ്ങിവരുന്നവരുടെ ആരോഗ്യസ്ഥിതി സമഗ്രമായ നിരീക്ഷണത്തിന് / പരിശോധനയ്ക്ക് വിധേയമാക്കണം. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലങ്ങളിൽ റിലീജ്യസ് കമ്മിറ്റികൾ രൂപവൽക്കരിച്ച് ഉത്സവങ്ങൾ ആചാരങ്ങളായി പരിമിതപ്പെടുത്തി നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. ഇതിലേക്കായി അതത് തദ്ദേശസ്വയംഭരണ പരിധിയിൽ വരാനിരിക്കുന്ന ഉത്സവങ്ങൾ സംബന്ധിച്ച് കലണ്ടർ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സെക്രട്ടറിമാർ ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് അറിയിച്ചു.